# സ്നേഹത്തിന്റെ രോദനം

## പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
**ഫീലിയോ ബുക്ക്സ്**
കോലഞ്ചേരി – 682 311

# സ്നേഹത്തിന്റെ രോദനം

**പ്രൊഫ. എം.വൈ. യോഹന്നാൻ**

റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 682311, കേരളം.
ഫോൺ: (0484) 2689489, 2689889

E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**

●

Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി - 682 311**

●

Cover Design
Lijo Puthusseril

●

Printed at
Viani Printings, Kochi - 682 018

●

Price: ` 80

●

All rights reserved with the publisher

# ആമുഖം

ഇത് എന്റെ 103-ാമത്തെ പുസ്തകമാണ്. ഇത് എഴുതിത്തീർക്കുവാൻ കഴിഞ്ഞത് ഒരത്ഭുതമാണ്. 2016 മുഴുവനും എന്റെ ജീവിതത്തിൽ രോഗത്തിന്റെയും ദുരിതത്തിന്റെയും ബാധയിൽപ്പെട്ട് ഞാൻ അഴലുകയായിരുന്നു. ബൈപ്പാസ് സർജറിയെത്തുടർന്ന് മരണക്കിടക്കയിൽനിന്ന് എന്നെ എഴുന്നേൽപ്പിച്ച എന്റെ സർവ്വസ്വമായ യേശുക്രിസ്തുവിന് നന്ദി അർപ്പിച്ചുകൊണ്ട് ഞാൻ ഇത് എഴുതുകയാണ്.

എൺപതാമത്തെ വയസ്സിൽ കാലൂന്നി നിന്നുകൊണ്ട്, ഈ ഗ്രന്ഥം എഴുതി പൂർത്തീകരിക്കുവാൻ എനിക്ക് ആയുസ്സ് നീട്ടിത്തന്ന എന്റെ കർത്താവായ യേശുവിനെ ഞാൻ നന്ദിയോടെ സ്തുതിക്കുന്നു. നിത്യ രാജാധിരാജനായ കർത്താവായ യേശുക്രിസ്തു ഇന്ന് നമ്മെ ഓരോരുത്തരെയും നോക്കി കരയുന്നു എന്ന വസ്തുത ഒരു പുതിയ ദിശാബോധം നമുക്കു തരുന്നു. നമ്മെ ഓരോരുത്തരേയും നരകത്തിന്റെ ഘോരാഗ്നിയിൽ നിന്നും വീണ്ടെടുക്കുവാൻ തന്റെ സ്വന്തജീവരക്തം ഒഴുക്കിയ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ വേദന ആഴമായി അനുഭവിക്കുവാൻ കഴിയുമ്പോഴാണ് നമ്മുടെ നാവിൽ സ്തുതി ഉയരുന്നത്. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വേദനയോട് താദാത്മ്യം പ്രാപിച്ച് ആത്മാക്കളെ നേടുവാൻ സർവ്വാത്മനാ പരിശ്രമിക്കുന്നതാണ് സുവിശേഷവേല.

നിരീശ്വരനായ വോൾട്ടയർ പറഞ്ഞു: “It took twelve fishermen to build Christianity; I will show the world how one

Frenchman can destroy it.'’ (പന്ത്രണ്ട് മുക്കുവത്തൊഴിലാളികൾ ക്രിസ്തീയത്വം പടുത്തുയർത്തി എന്നാൽ ഒരൊറ്റ ഫ്രഞ്ചുകാരന് അത് നശിപ്പിക്കാൻ കഴിയുമെന്ന് ഞാൻ ലോകത്തിന് കാണിച്ചുകൊടുക്കും.) വോൾട്ടയർ മരിച്ചതിന് ശേഷം അദ്ദേഹം വസിച്ചിരുന്ന ഭവനം യൂറോപ്പിലെ പ്രശസ്തമായ ബൈബിൾ വിതരണകേന്ദ്രവും ബൈബിൾ സൊസൈറ്റിയുടെ ആസ്ഥാനവുമായി മാറി. വോൾട്ടയർ മരിച്ചു. കർത്താവായ യേശുക്രിസ്തു എന്നന്നേക്കും ജീവിക്കുന്നു.

വോൾട്ടയറിനെ, ‘നിരീശ്വരനായ വിഡ്ഢി’ (The atheist fool) എന്ന് ചിന്തകന്മാർ വിളിക്കുന്നു. ലൂക്കോസ് പന്ത്രണ്ടാം അദ്ധ്യായത്തിൽ കാണുന്ന ധനവാനായ മനുഷ്യനെ ‘അത്യാഗ്രഹിയായ വിഡ്ഢി’ എന്നും (Ambitious fool) - ‘മഹത്വവാഞ്ഛയുള്ള വിഡ്ഢി’ എന്നും പഴയനിയമത്തിലെ അബ്നേറിനെ ‘പരമ വിഡ്ഢി’ (The Absolute fool) എന്നും ആണ് ചിന്തകന്മാർ സമീക്ഷിക്കുന്നത്.

ക്രിസ്തു ചരിത്രത്തിന്റെ നെറുകയിൽ ഉയർന്ന് നിൽക്കുന്ന രജതതാരമാണ്. ക്ലോറോഫോം കണ്ടുപിടിച്ച ശാസ്ത്രജ്ഞനായ സിംസൺ ഒരിക്കൽ പറഞ്ഞു: “മനുഷ്യനെ മയക്കുന്ന ക്ലോറോഫോം കണ്ടുപിടിച്ചതല്ല, എന്നെ മയക്കിയ ക്രിസ്തുവിനെ കണ്ടെത്തിയതാണ് എന്റെ ഏറ്റവും വലിയ കണ്ടുപിടുത്തം.” സുപ്രസിദ്ധ ശാസ്ത്രജ്ഞനായ മൈക്കിൾ ഫാരഡേ മരണാസന്നനായി കിടക്കുമ്പോൾ തന്റെ സ്നേഹിതന്മാരോട് പറഞ്ഞു: “ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് ഞാൻ അറിയുന്നു. അവൻ എന്റെ ഉപനിധി ആ ദിവസം വരെ സൂക്ഷിപ്പാൻ ശക്തനെന്ന് ഞാൻ അറിഞ്ഞിരിക്കുന്നു.” Paradise Lost, Paradise Regain എന്നീ ഇതിഹാസങ്ങൾ രചിച്ച ജോൺ മിൽട്ടൺ ഒരു തികഞ്ഞ ക്രിസ്തുഭക്തനായിരുന്നു.

Less Miserables ( La Mirable  പാവങ്ങൾ) എന്ന വിശ്രുത

ഗ്രന്ഥമെഴുതിയ വിക്ടർ യൂഗോ സാഹിത്യരചനയിലൂടെ ക്രിസ്തു മാർഗ്ഗം എന്തെന്ന് വ്യാഖ്യാനിച്ച മഹാനായിരുന്നു.

അലക്സാണ്ടർ പോപ്പ് ഒരു തികഞ്ഞ ക്രിസ്തുവിശ്വാസിയായിരുന്നു. അദ്ദേഹം ഒരു കവിതയിൽ എഴുതി

“In poets as true Genius  is but rare,
True Taste as seldom is the Critic's share;
Both must alike from heaven derive their light”

സുപ്രസിദ്ധ റഷ്യൻ നോവലിസ്റ്റായ ടോൾസ്റ്റോയി ദൈവഭക്തനായ വിശ്വാസിയായിരുന്നു. അദ്ദേഹത്തിന്റെ യുദ്ധവും സമാധാനവും, അന്ന കരിനീന എന്നീ നോവലുകൾ ഗ്രന്ഥകാരന്റെ ദൈവഭക്തി വ്യക്തമാക്കുന്നുണ്ട്.

കുറ്റവും ശിക്ഷയും (Crime & Punishment), കരമസോവ് സഹോദരന്മാർ തുടങ്ങിയ പുസ്തകങ്ങളെഴുതിയ ഡോസ്റ്റോവ്സ്കി ക്രിസ്തു വിശ്വാസിയായിരുന്നു.

ആവിയന്ത്രം കണ്ടുപിടിക്കാൻ ഇരുപത് വർഷം അദ്ധ്വാനിച്ച ജെയിംസ് വാട്ട് ദൈവഭക്തനായിരുന്നു.

ഭക്തി പ്രചുരിമ ഒന്നുകൊണ്ട് മാത്രമാണ് മനുഷ്യശരീരത്തിൽ രക്തചംക്രമണം നടക്കുന്നതിനെ തെളിയിക്കുവാൻ എട്ട് വർഷം അദ്ധ്വാനിക്കുന്നതിന് വിലേം ഹാർവിക്ക് സാധിച്ചത്. മറ്റൊരു ഇരുപത്തഞ്ച് വർഷം വേണ്ടിവന്നു ആരോഗ്യശാസ്ത്രത്തെ ഇതു ബോധ്യപ്പെടുത്തുവാൻ.

MACY'S ഡിപ്പാർട്ട്മെന്റ് സ്റ്റോർ സ്ഥാപിച്ച R.H. Max ഒട്ടനേകം പരാജയങ്ങൾക്ക് ശേഷമാണ് വിജയമകുടം ചൂടിയത്. അതിന് കാരണമോ ദൈവഭക്തി ഒന്നു മാത്രം.

ഭക്തി മാർഗ്ഗത്തിലേക്ക് അനേകമനേകം പേരെ തിരിക്കുവാൻ യേശുക്രിസ്തു എത്ര ത്യാഗം സഹിച്ചു, കഷ്ടതയേറ്റു, ദുരിതം പേറി.

മതഭക്തിയും പള്ളിഭക്തിയും ദൈവഭക്തിയാണെന്നുള്ള മിഥ്യാധാരണയിൽ ദൂഷകനും നിഷ്ഠൂരനുമായിരുന്ന ശൗലിനെ സെന്റ് പോൾ ആക്കി മാറ്റിയ യേശുക്രിസ്തുവിന്റെ കരയുന്ന വാക്കുകളാണ് ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്ന തെന്ത്?

ഇന്നും മനുഷ്യരാശിയെ നോക്കി, മനുഷ്യന് വരുന്ന ഭീകര ദുരിതം ഒഴിവാക്കുവാൻ മനംതിരിയണം എന്ന് ക്രിസ്തു നിരന്തരം കരഞ്ഞുകൊണ്ട് പറയുന്നു. ആ പ്രലപനത്തിന്റെ അനുരണനമാണ് വിശുദ്ധ ബൈബിളിലെ ഓരോ വാക്യവും വിളിച്ചറിയിക്കുന്നത്. ക്രിസ്തുവിന്റെ ആ കരച്ചിലാണ് എന്റെ നിരാശ മാറ്റിയത്. എന്റെ അപകർഷതാബോധം നീക്കിയത്. കേവലം ഗ്രാമീണനായ എനിക്ക് ഉൾവെളിവ് തന്നത്.

ക്രൂശിലെ സ്നേഹത്തിന്റെ കരച്ചിൽ എനിക്ക് മാനസാന്തരം തന്നു. മൂകതയും മ്ലാനതയും തളം കെട്ടിയ എന്റെ ജീവിതത്തിൽ പ്രകാശവും സമാധാനവും നിതാന്തശാന്തിയും പകർന്നു തന്നു. ഈ ഭാഗ്യാനുഭവം അനേകർക്ക് ലഭിക്കണമെന്ന ഒരേ ഒരു ഉദ്ദേശത്തോടെയാണ് ഈ പുസ്തകം ഞാൻ രചിച്ചത്.

ഇത് പ്രകാശം കാണുന്നതിന് ഇതിന്റെ പിന്നിൽ അദ്ധ്വാനിച്ച എന്റെ അനേകം സഹോദരങ്ങളുണ്ട്. അമൃതധാര ഗായകസംഘത്തിലെ ഗായക ദമ്പതികളായ സാജുവും സാലിയും (Directors, Dentcare Muvattupuzha), കവർ ചിത്രം രൂപകല്പന ചെയ്ത ശ്രീ. ലിജോ പുതുശ്ശേരി, D.T.P. Printing എന്നിവയ്ക്ക് സഹായിച്ച ബിജു മാത്യു (Dentcare), ജിജി N. ജോർജ്ജ് മുളന്തുരുത്തി മുതലായവരോടെല്ലാം എന്റെ ഹൃദയത്തിൽ നിസ്സീമമായ നന്ദിയുണ്ട്. പ്രൂഫ് റീഡിംഗ് നടത്തി വേണ്ട തിരുത്തലുകൾ നൽകിയ മിസ്സിസ്സ് മേരി എൽസൺ (Post Graduate Teacher, Govt. Higher Secondary School,

Perumbavoor), മിസ്സിസ്സ് ലാലു സ്കറിയക്കുട്ടി, മിസ്സിസ്സ് ഷിബി ബിജു (Post Graduate Teacher, Govt. Higher Secondary School, Pampakuda) എന്നിവരേയും എന്റെ ഹൃദയംഗമമായ കൃതജ്ഞതയോടെ ഞാൻ അനുസ്മരിക്കുന്നു.

ഈ ഗ്രന്ഥം അനുശീലനം ചെയ്യുന്ന എന്റെ അനുവാചകർ ഏവർക്കും എല്ലാ നന്മയും നേർന്നുകൊണ്ട്,

നിങ്ങളുടെ സ്വന്തം,

**എം.വൈ. യോഹന്നാൻ**

# ഒന്ന്

കർത്താവായ യേശുക്രിസ്തുവിന്റെ തിരുഅവതാരം ഒരത്ഭുതമാണ്. കർത്താവായ യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയും ഒരത്ഭുതമാണ്. കർത്താവായ യേശുവിനെ ക്രൂശിക്കാൻ കൊണ്ടുപോയതും, നിത്യനായ ദൈവം, സർവ്വസ്രഷ്ടാവായ ദൈവം സൃഷ്ടിയുടെ കൈയാൽ മർദ്ദിക്കപ്പെടുകയും ക്രൂശിക്കപ്പെടുകയും ചെയ്തതും അത്ഭുതമാണ്.

യേശുക്രിസ്തു ക്രൂശിൽ മൂന്നാണികളിൽ തൂങ്ങിക്കിടന്നു. ആരും ഒരിക്കലും വിസ്തരിക്കപ്പെടാത്തതുപോലെ വിസ്തരിക്കപ്പെട്ടു. ആരും ഒരിക്കലും വിധിക്കപ്പെടാത്തതുപോലെ വിധിക്കപ്പെട്ടു. ആരും ഒരിക്കലും ക്രൂശിക്കപ്പെട്ടിട്ടില്ലാത്തതുപോലെ ക്രൂശിക്കപ്പെട്ടു. ആരും ഒരിക്കലും കിടന്നിട്ടില്ലാത്ത കല്ലറയിൽ അടക്കപ്പെട്ടു. ആരും നിനച്ചിരിയ്ക്കാത്ത നേരത്തിൽ അവൻ മടങ്ങിവരികയും ചെയ്യും.

ഓശാനദിവസം, ആരും ഒരിക്കലും കയറിയിട്ടില്ലാത്ത കഴുതക്കുട്ടിമേൽ കയറി വരുന്ന തേജോമയനായ യേശുവിനെയാണ് നാം കാണുന്നത്. ആരാധ്യപുരുഷനായ യേശു! മഹോന്നതനായ ദൈവപുത്രൻ! അവിടുന്ന് കഴുതമേൽ വാഹനമേറി. അതിന് 550 കൊല്ലംമുമ്പ് സെഖര്യാപ്രവാചകൻ എഴുതി:

*"സീയോൻ പുത്രിയേ, ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്ക; യെരൂശലേംപുത്രിയേ, ആർപ്പിടുക! ഇതാ, നിന്റെ രാജാവ് നിന്റെ അടുക്കൽ വരുന്നു; അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനും ആയി കഴുതപ്പുറത്തും പെൺകഴുതയുടെ കുട്ടി*

*യായ ചെറുകഴുതപ്പുറത്തും കയറി വരുന്നു.”*

*സെഖര്യാവ് 9 : 9*

സൗമ്യനായി, നീതിമാനായി കർത്താവായ യേശു ക്രിസ്തു യെരൂശലേം ദൈവാലയത്തിലേയ്ക്ക് രാജാധിരാജനെപ്പോലെ വാഹനമൃഗത്തിന്മേൽ എഴുന്നള്ളി വരുന്നു.

യെരൂശലേം ദൈവാലയത്തിലേയ്ക്കു വരുമ്പോൾ കർത്താവിനു വാഹനമേറാൻ ഒരു മൃഗത്തെ വേണമായിരുന്നു. ഹീനമൃഗമായ, ഏറ്റവും ബുദ്ധിയില്ലാത്ത കഴുതയെ കർത്താവ് തിരഞ്ഞെടുത്തു. ചുമടു ചുമക്കാൻ മാത്രം അറിയുന്ന, ചുമടുചുമന്ന് വലഞ്ഞിരുന്ന കഴുത ഇപ്പോഴിതാ രാജാധിരാജനെ വഹിയ്ക്കുന്നു!

ഇന്ന് നിങ്ങളിൽ അനേകംപേർ ചുമട് ചുമക്കുന്നവരാണ്. ബാല്യം മുതലേ ചുമടു ചുമക്കുന്നവരുണ്ട്. അപ്പനില്ല, അമ്മയില്ല അല്ലെങ്കിൽ അപ്പനുമമ്മയുമില്ല. ഭർത്താവ് നേരത്തെ മരിച്ചുപോയി. മക്കളില്ല. ഉള്ള മക്കൾ താന്തോന്നികളായിപ്പോയി. മക്കളെയോർത്ത് ഏങ്ങലടിച്ചു കരയുന്നവർ! മക്കൾ ആത്മീയകാര്യങ്ങളിൽ ശുഷ്ക്കാന്തിയില്ലാത്തവരായിപ്പോയല്ലോ, പാപത്തിനടിമകളായിപ്പോയല്ലോ എന്നോർത്ത് വേദനിച്ചു കഴിയുന്നവർ! കടഭാരത്താൽ തല കുനിഞ്ഞുപോയവർ! ഇങ്ങനെ അനേകമനേകം ചുമടുചുമന്നു വലയുന്നവരാണ് നാം ഓരോരുത്തരും.

എന്നാൽ ഇന്നിതാ, നിങ്ങളുടെ ചുമടെല്ലാം ഏറ്റെടുത്ത് നിങ്ങളെ സ്വതന്ത്രരാക്കുവാൻ കർത്താവ് നിങ്ങളുടെ അടുക്കലേക്ക് വന്നിരിക്കുന്നു.

പതിനേഴാമത്തെ വയസ്സിൽ യേശു എന്റെ ചുമട് ഏറ്റെടുത്തു. അന്നുമുതൽ എനിക്ക് സമാധാനം കിട്ടി. ഇന്ന് നിങ്ങൾക്കു പറയാം: യേശുവേ, എന്റെ ഹൃദയത്തിലേയ്ക്ക് എഴുന്നള്ളി വരണമേ. എന്റെ രോഗഗ്രസ്തമായ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ. കടം കൊണ്ടുവലഞ്ഞുപോയ

എന്റെ ഹൃദയത്തിലേയ്ക്ക് എഴുന്നള്ളി വരണമേ. എന്റെ ചുമടെല്ലാം നീ ഏറ്റെടുത്തു എന്ന് ഞാൻ വിശ്വസിക്കുന്നു. പാപത്തിന്റെ ഭാണ്ഡക്കെട്ടുകളെല്ലാം ഞാനിതാ നിന്റെ ചുമലിലേയ്ക്ക് ഏല്പിച്ചു തരുന്നു.

കർത്താവ് നിങ്ങളുടെ ചുമടുകളെല്ലാം ഏറ്റെടുക്കും. ആ കഴുതക്കുട്ടിയെപ്പോലെ നാമും കെട്ടപ്പെട്ടു കിടന്നവരാണ്. ഏതെല്ലാം കെട്ടുകളായിരുന്നു! എന്തെല്ലാം ബന്ധനങ്ങളായിരുന്നു! എന്തെല്ലാം ശാപങ്ങളായിരുന്നു! യേശുക്രിസ്തു വന്നാൽ കെട്ടുകളെല്ലാം അഴിയും. യേശുക്രിസ്തു വന്നാൽ ശാപങ്ങളെല്ലാം മാറും. യേശുക്രിസ്തു വന്നാൽ മാനസാന്തരമുണ്ടാകും.

കർത്താവ് ശിഷ്യന്മാരോടു പറഞ്ഞു: "ഈ കഴുതക്കുട്ടിയെ അഴിക്കുന്നത് എന്തിന് എന്ന് ആരെങ്കിലും നിങ്ങളോടു ചോദിച്ചാൽ ഞങ്ങളുടെ കർത്താവിന് ഇതിനെക്കൊണ്ട് ആവശ്യമുണ്ട് എന്ന് പറയുവിൻ."

നിന്നെ അഴിച്ചു വിടുന്നത് യേശുവിന് ആവശ്യമുള്ളതുകൊണ്ടാണ്. നിന്റെ മേലുള്ള ബാധകൾ മാറ്റുന്നത് യേശുവിന് നിന്നെ ഉപയോഗിക്കാനാണ്, നിന്നിൽ വാഹനമേറാനാണ്.

അന്നത്തെ യെരൂശലേം ദേവാലയത്തിലേയ്ക്ക് കഴുതയാണ് യേശുവിനെ വഹിച്ചുകൊണ്ടുപോയത്. അരക്കാശിന് മുതലില്ലാത്തവൻ, തല ചായ്ക്കാൻ ഇടമില്ലാത്തവൻ രാജകുമാരനെപ്പോലെ കഴുതമേൽ എഴുന്നള്ളി വരുന്നു.

മോനെ, നിനക്കു പാപം വന്നെങ്കിലും നിന്നെയും കൂട്ടിക്കൊണ്ട് ചില ദേവാലയങ്ങളിലേക്കു പോകാനാണ് യേശു വന്നിരിക്കുന്നത്.

ദേവാലയമെന്നാണ് പേര്; പക്ഷേ ദേവാലയമല്ല. കർത്താവു പറഞ്ഞു: "എന്റെ ആലയം പ്രാർത്ഥനാലയം എന്ന് വിളിക്കപ്പെടും. നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർത്തിരിക്കുന്നു."

ഇന്ന് അനേകം സഭകൾ കള്ളന്മാരുടെ ഗുഹയാണ്. അനേകം പള്ളികൾ കള്ളന്മാരുടെ ഗുഹയാണ്. തൊഴുത്തിൽക്കുത്ത്, വാശി, വൈരാഗ്യം, പിണക്കം, ശണ്ഠ, കലഹം, കത്തിക്കുത്ത്, കൊലപാതകം - എല്ലാം പള്ളികളെ കേന്ദ്രീകരിച്ചുള്ള മതത്തിന്റെ പേരിൽ!

പണ്ട് ചങ്ങമ്പുഴ കൃഷ്ണപിള്ള പാടി:

“മതത്തിൻ പേരും പറഞ്ഞയ്യയ്യോ പടിഞ്ഞാറ്
മനുഷ്യൻ മനുഷ്യനെ കൊന്നുകൊന്നൊടുക്കുമ്പോൾ
ഭാരതത്തിലെ നീണ്ട താടിക്കാർ, കാട്ടാളന്മാർ,
പോരെങ്കിൽ പരിഷ്ക്കാര ശൂന്യന്മാർ, കറമ്പന്മാർ,
നേരിന്റെ നാടും തേടി സ്നേഹത്തിൻ പാട്ടും പാടി
ചാരുവാം ഐക്യത്തിന്റെ പൂന്തോപ്പിൽ ഊഞ്ഞാലാടി
പീരങ്കിയാൽ പശ്ചിമമലറാൻ ആശിച്ചപ്പോൾ
ഭാരതമിരുന്നൊരു കൊച്ചോടക്കുഴലൂതി”

മതത്തിന്റെ പേരിൽ പടിഞ്ഞാറൻ നാടുകളിൽ കുരിശുയുദ്ധങ്ങൾ നടന്നു. ഇന്ന് നമ്മുടെ ഒക്കെ പള്ളികളിലാണ് യുദ്ധങ്ങൾ. കൈക്കാരനും അച്ചനും തമ്മിൽ യുദ്ധം. കമ്മിറ്റിയും അച്ചനും തമ്മിൽ യുദ്ധം. ഒരു കക്ഷിയിൽത്തന്നെ അച്ചനും കപ്യാരും ഒരു പക്ഷത്ത്. ഇടവകക്കാരെല്ലാം മറുപക്ഷത്ത്. ഇന്ന് എല്ലായിടത്തും യുദ്ധമാണ്.

നിങ്ങളുടെ വീട് യുദ്ധഭൂമിയല്ലേ? അനേക കുടുംബങ്ങളും ഇന്ന് യുദ്ധഭൂമിയാണ്. ഭാര്യയും ഭർത്താവും തമ്മിൽ യുദ്ധം. വാക്കുകൊണ്ടുള്ള യുദ്ധം. രണ്ടുപേരും തോറ്റുകൊടുക്കില്ല. പലരുടേയും കിടപ്പറ കോടതിമുറിയാണ്; അവസാനവാക്ക് എന്റേതായിരിക്കും; ഇങ്ങനെ പോകുന്നു പല കുടുംബങ്ങളും.

എന്നാൽ യേശുക്രിസ്തു കരുണ തോന്നി ഇന്ന് നമ്മുടെ മേൽ വാഹനമേറാൻ വരികയാണ്. ജീവിതത്തിന്റെ പാപഭാരക്കെട്ടുകൾ എല്ലാം മാറ്റുവാൻ, തിന്മ മാറ്റുവാൻ, നമ്മിൽ വാഹനമേറുവാൻ കർത്താവിതാ വരുന്നു. യേശുവിനെ നിങ്ങൾ

സ്വീകരിക്കുക.

ഓശാനപ്പെരുന്നാൾ, പീഡാനുഭവവാരം, ദു:ഖവെള്ളിയാഴ്ച, ഉയിർപ്പു ഞായറാഴ്ച എല്ലാം നമുക്ക് നല്ല നല്ല അനുഭവങ്ങൾ പ്രദാനം ചെയ്യുന്നു.

*"അവൻ നഗരത്തിന്നു സമീപിച്ചപ്പോൾ അതിനെ കണ്ടു അതിനെക്കുറിച്ചു കരഞ്ഞു: ഈ നാളിൽ നിന്റെ സമാധാനത്തിനുള്ളതു നീയും അറിഞ്ഞു എങ്കിൽ കൊള്ളായിരുന്നു. ഇപ്പോഴോ അതു നിന്റെ കണ്ണിന്നു മറഞ്ഞിരിക്കുന്നു. നിന്റെ സന്ദർശന കാലം നീ അറിയാഞ്ഞതുകൊണ്ട് നിന്റെ ശത്രുക്കൾ നിനക്കു ചുറ്റും വാടകോരി നിന്നെ വളഞ്ഞു നാലു പുറത്തും ഞെരുക്കി നിന്നെയും നിന്നിലുള്ള നിന്റെ മക്കളെയും നിലത്തു തള്ളിയിട്ടു, നിങ്കൽ കല്ലിന്മേൽ കല്ലു ശേഷിപ്പിക്കാതിരിക്കുന്ന കാലം നിനക്കു വരും. പിന്നെ അവൻ ദൈവാലയത്തിൽ ചെന്നു വിൽക്കുന്നവരെ പുറത്താക്കിത്തുടങ്ങി. എന്റെ ആലയം പ്രാർത്ഥനാലയം ആകും എന്നു എഴുതിയിരിക്കുന്നു; നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹ ആക്കിത്തീർത്തു എന്ന് അവരോടു പറഞ്ഞു." ലൂക്കോസ് 19 : 41 – 46*

എന്റെ ആലയം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും, നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർത്തു എന്ന് യാതൊരു കൂസലുമില്ലാതെയാണ് യേശു പറഞ്ഞത്. നിങ്ങൾ ഇതിനെ വാണിഭശാലയാക്കരുത്. കള്ളക്കച്ചവടകേന്ദ്രമാക്കരുത്. കർത്താവ് തർജ്ജനം ചെയ്തു പറഞ്ഞു.

ഇന്ന് യേശുക്രിസ്തുവിന്റെ ആത്മാവിനാൽ നിറഞ്ഞ് അങ്ങനെ പറയാൻ ആരുണ്ട്? നിന്ദയേൽക്കാൻ, ത്യാഗം സഹിക്കാൻ ആരുണ്ട്? കൂട്ടായ്മയ്ക്കു പോയാൽ നിങ്ങളുടെ ആവശ്യങ്ങൾ നടത്തിത്തരില്ല എന്നു പറഞ്ഞാൽ മതി, പേടിച്ചുപോകും. പേടിക്കാതിരിക്കണമെങ്കിൽ ത്യാഗോജ്ജ്വലമായ ജീവിത

ത്തിന്റെ വീക്ഷണം വേണം. യേശുക്രിസ്തു സഹിച്ച പീഢയുടെ മഹത്വം തിരിച്ചറിയണം. ക്രിസ്തു ത്യാഗം സഹിച്ചു. കൊല്ലുന്നെങ്കിൽ കൊല്ലട്ടെ, യേശു യെരൂശലേം ദേവാലയത്തിലേക്ക് പോയി.

യെരൂശലേമിനോട് അടുത്തപ്പോൾ കർത്താവ് കരയാൻ തുടങ്ങി.

*"അവൻ നഗരത്തിനു സമീപിച്ചപ്പോൾ അതിനെ കണ്ടു അതിനെക്കുറിച്ച് കരഞ്ഞു."*

*ലൂക്കോസ് 19 : 41*

എന്റെ സഹോദരങ്ങളേ, നിങ്ങളെ നോക്കി യേശുക്രിസ്തു കരയുകയാണോ? നിങ്ങളുടെ ഭവനത്തെ നോക്കി, നിങ്ങളുടെ ജീവിതം നോക്കി കർത്താവ് കരയുകയാണോ?

*"ഈ നാളിൽ നിന്റെ സമാധാനത്തിന്നുള്ളത് നീയും അറിഞ്ഞു എങ്കിൽ കൊള്ളായിരുന്നു."*

*ലൂക്കോസ് 19 : 42*

സമാധാനത്തിനുള്ളത് അറിയണം. സന്ദർശനകാലം നിനക്കു തന്നിരിക്കയാണ്. ഇന്ന് ദൈവം നിന്നെ സന്ദർശിക്കുന്ന കാലമാണ്. നാളത്തെ ദിവസം നമുക്കുള്ളതല്ല. ഇന്ന് എന്നൊരു ദിവസം നമുക്കു കിട്ടിയിട്ടുണ്ട്. നാളെ നാം ഈ ഭൂമിയിൽ ഉണ്ടോ, ആർക്കറിയാം? ഏതൊരു നിമിഷവും നിങ്ങൾക്കു മരണത്തെ പ്രതീക്ഷിക്കാം. അതൊരു negative thinking അല്ല. നിഷേധാത്മക ചിന്തയല്ല. ഏതു നിമിഷവും ഈ ഭൂമിയിൽ നിന്നു കടന്നുപോകാൻ നാം ഒരുങ്ങിയിരിക്കണം. ഏതു മനുഷ്യനും ഉറച്ചു നിന്നാലും ഒരു ശ്വാസമത്രേ ആകുന്നു.

*"യഹോവേ, എന്റെ അവസാനത്തെയും എന്റെ ആയുസ്സ് എത്ര എന്നതിനെയും എന്നെ അറിയിക്കേണമേ; ഞാൻ എത്ര ക്ഷണികൻ എന്നു ഞാൻ അറിയുമാറാകട്ടെ. ഇതാ, നീ എന്റെ നാളുകളെ നാലുവിരൽ നീളമാക്കിയിരിക്കുന്നു; എന്റെ*

*ആയുസ്സ് നിന്റെ മുമ്പാകെ ഏതുമില്ലാത്തതുപോലെയിരിക്കുന്നു; ഏതു മനുഷ്യനും ഉറച്ചു നിന്നാലും ഒരു ശ്വാസമത്രേ. മനുഷ്യരൊക്കെയും വെറും നിഴലായി നടക്കുന്നു നിശ്ചയം; അവർ വ്യർത്ഥമായി പരിശ്രമിക്കുന്നു നിശ്ചയം; അവൻ ധനം സമ്പാദിക്കുന്നു; ആർ അനുഭവിക്കും എന്നറിയുന്നില്ല."*

*സങ്കീർത്തനങ്ങൾ 39 : 4 – 6*

ഈ ലോകം വിട്ട്, ഇവിടെയുള്ളതെല്ലാം വിട്ടു നാം പോകും. ഇതിനേക്കാൾ എത്രയോ സുന്ദരമായ സ്വർഗ്ഗനഗരത്തിലേയ്ക്കാണ് നാം പറന്നു ചെല്ലാൻ പോകുന്നത്! ഈ ഉറപ്പ് നിങ്ങൾ പ്രാപിക്കണം. ദൈവം നിങ്ങളെ സന്ദർശിക്കുന്ന കാലം! ഇതുപോലൊരു കാലം ഇനി കിട്ടുമോ എന്നറിയില്ല. ഇന്നലെ കഴിഞ്ഞുപോയി. ഇന്നിതാ തീരുന്നു. നാളെ വരുന്നു. Yesterday is a history; Today is a gift; and Tomorrow is a mystery.

എത്ര കരഞ്ഞാലും എത്ര ശപിച്ചാലും
പിൻതിരിഞ്ഞെത്തില്ല പോയ കാലം
ഇന്നാണു നിൻ സുഖം, ഇന്നാണു നിൻ ജയം,
ഇന്നിനെത്തന്നെ നീ ആശ്രയിക്കൂ

എന്നാണ് കവി പാടിയിരിക്കുന്നത്. ഇന്ന് എന്നൊരു ദിവസം കൈയിൽ കിട്ടിയിട്ടുണ്ട്. നാളെ ഞാൻ സൂര്യപ്രകാശം കാണുമോ? അറിയില്ല. പക്ഷേ, ഒരുറപ്പു വേണം ഇവിടെ എന്റെ കണ്ണടഞ്ഞാലും, നീതിസൂര്യനായ യേശുക്രിസ്തുവിന്റെ നാട്ടിൽ ഞാൻ കണ്ണുതുറക്കും! ആ വലിയ സൗഭാഗ്യത്തിനായി നമ്മെ ഒരുക്കുവാൻ യേശു ഇന്ന് നമ്മെ സന്ദർശിക്കുകയാണ്.

സ്വർഗ്ഗം ഭൂമിയെ സന്ദർശിക്കുന്ന കാലം! ഭൂമിയും സ്വർഗ്ഗവും തമ്മിൽ എതിരേൽക്കുന്ന സമയം! നീതിയും സമാധാനവും തമ്മിൽ ചുംബിക്കുന്ന സമയം! യേശു എനിക്ക് സന്ദർശനകാലം തന്നിരിക്കുന്നു. മോനേ, നിന്റെ ഹൃദയത്തിൽ ഞാൻ വസിക്കാം. നീ അനാഥയായിപ്പോകണ്ട. എനിക്ക് അപ്പനില്ല എന്നു പറയണ്ട. എന്റെ ഭർത്താവ് മരിച്ചുപോയി എന്നു

പറയണ്ട. എനിക്ക് ആരുമില്ലല്ലോ എന്നു പറഞ്ഞു നീ കരയേണ്ട, നിനക്കൊരുടമസ്ഥനുണ്ട്. നിന്നെ സ്നേഹിക്കാൻ ഞാനുണ്ട്. ഇത് നിന്റെ സന്ദർശനകാലമാണ്.

> *"യെരൂശലേമേ, യെരൂശലേമേ, പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളേ, കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർക്കുംപോലെ നിന്റെ മക്കളെ ചേർത്തുകൊൾവാൻ എനിക്ക് എത്രവട്ടം മനസ്സായിരുന്നു; നിങ്ങൾക്കോ മനസ്സായില്ല. നിങ്ങളുടെ ഭവനം ശൂന്യമായിത്തീരും. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ എന്ന് നിങ്ങൾ പറയുവോളം നിങ്ങൾ ഇനി എന്നെ കാണുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു." മത്തായി 23 : 37 – 39*

ഇനി നിങ്ങൾ എന്നെ കാണണമെങ്കിൽ കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ എന്നു പറയുന്നകാലം വരണം.

യെരൂശലേമേ, യെരൂശലേമേ, നിങ്ങൾ ദൈവമക്കളെ കൊന്നില്ലേ? ഇവിടെ വന്ന ദൈവത്തിന്റെ വിശുദ്ധന്മാരെ നിങ്ങൾ കൊന്നില്ലേ? അനേകരെ കല്ലെറിഞ്ഞു കൊന്നില്ലേ? യോഹന്നാൻ സ്നാപകനെ കഴുത്തു വെട്ടിക്കൊന്നില്ലേ? ദൈവത്തിന്റെ മക്കളെ വേദനിപ്പിച്ചില്ലേ? ദൈവത്തിന്റെ വേലക്കാരെ പരിഹസിച്ചില്ലേ? ദൈവത്തിന്റെ വേലക്കാരെക്കുറിച്ച് ഇല്ലാത്തതെല്ലാം ചിന്തിച്ചുകൂട്ടിയില്ലേ? അപവാദം പറഞ്ഞു പരത്തിയില്ലേ? ദൈവവേലയെ നിങ്ങൾ തടുത്തില്ലേ? ദൈവവേലക്കാരെ കളിയാക്കിയില്ലേ?

നിന്നെ ചേർക്കാനാണു ഞാൻ വന്നത്. പക്ഷേ, നീ എന്നെ കൈക്കൊണ്ടില്ല. സന്ദർശനകാലം, നിനക്കുവേണ്ടി ഒരുക്കിയ നല്ലകാലം നീ അറിഞ്ഞില്ല. ദൈവം തന്ന കാലമാണെന്നറിഞ്ഞില്ല. നിനക്കിന്നുള്ള ആരോഗ്യം ദൈവം തന്നതാ

ണ്. നിനക്കുള്ള വിദ്യാഭ്യാസം ദൈവം തന്നതാണ്. അത് ദൈവത്തിനുവേണ്ടി നീ ഉപയോഗിച്ചില്ല.

ചിലരോടു സംസാരിക്കാനുള്ള കൃപ ദൈവം നിനക്കു തന്നു. നന്നായി കുടുംബം ഭരിക്കാനുള്ള കൃപ തന്നു. ഭർത്താവിനെ ശുശ്രൂഷിക്കുവാനുള്ള കൃപ തന്നു. നല്ല ആഹാരമുണ്ടാക്കുവാനുള്ള കൃപ തന്നു. എല്ലാം വിദഗ്ദ്ധമായി കൈകാര്യം ചെയ്യുവാനുള്ള കൃപ തന്നു. എന്നാൽ നീ അത് പ്രയോജനപ്പെടുത്തിയില്ല.

നിനക്കു തന്നത് നീ ദൈവത്തിനുവേണ്ടി ഉപയോഗിച്ചില്ല. നിനക്കു ചില താലന്തുക്കൾ തന്നതാണ്. നീ എന്തുകൊണ്ട് അതെല്ലാം മൂടി വെച്ചു? ഏറ്റവും അവിശ്വസ്തതയോടെ നീ നിന്നതെന്താണ്? ദുഷ്ടനും മടിയനുമായ ദാസനായി പോയതെന്താണ്? സമയം വെറുതെ കളഞ്ഞതെന്താണ്?

നിന്റെ ഭവനം ശൂന്യമായിത്തീരും. കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ എന്ന് ഇനി നിങ്ങൾ പറയുന്ന കാലം വരെ നിങ്ങൾ എന്റെ മുഖം കാണുകയില്ല.

ഇന്ന് നിത്യനായ യേശുക്രിസ്തു നിന്നെത്തേടി, കഴുതക്കുട്ടിമേൽ വാഹനമേറി വന്നിരിക്കുന്നു. തന്റെ പ്രവാചകന്മാരുടെമേൽ വാഹനമേറി വന്നിരിക്കുന്നു.

യേശുവിനോട് നിങ്ങൾക്കു പറയാം: എന്റെ കർത്താവേ, കഴുതമേൽ വാഹനമേറി വന്നവനേ, ഇതാ എന്റെ ആയുസ്സ് നിനക്ക് കൈമാറുന്നു. എന്റെ ഭാവി ഞാൻ നിന്നെ ഏല്പിക്കുന്നു. എനിക്കു തന്ന വിദ്യാഭ്യാസം, എനിക്കു തന്ന കുടുംബം, എനിക്കു തന്ന പണം എല്ലാമെല്ലാം നിന്റെ കരങ്ങളിലേയ്ക്ക് കൈമാറുന്നു. എന്നെ അനുഗ്രഹിക്കണമേ. ഇന്നുമുതൽ ഞാൻ നിന്റെ അടിമ.

## രണ്ട്

*"അവൻ നഗരത്തിന്നു സമീപിച്ചപ്പോൾ അതിനെ കണ്ടു അതിനെക്കുറിച്ചു കരഞ്ഞു: ഈ നാളിൽ നിന്റെ സമാധാനത്തിന്നുള്ളതു നീയും അറിഞ്ഞു എങ്കിൽ കൊള്ളായിരുന്നു. ഇപ്പോഴോ അതു നിന്റെ കണ്ണിന്നു മറഞ്ഞിരിക്കുന്നു. നിന്റെ സന്ദർശന കാലം നീ അറിയാഞ്ഞതുകൊണ്ട് നിന്റെ ശത്രു ക്കൾ നിനക്കു ചുറ്റും വാടകോരി നിന്നെ വളഞ്ഞു നാലു പുറത്തും ഞെരുക്കി നിന്നെയും നിന്നി ലുള്ള നിന്റെ മക്കളെയും നിലത്തു തള്ളിയിട്ട്, നിങ്കൽ കല്ലിന്മേൽ കല്ലു ശേഷിപ്പിക്കാതിരിക്കുന്ന കാലം നിനക്കു വരും."* *ലൂക്കോസ് 19 : 41 – 44*

കർത്താവ് ഓശാനപ്പെരുന്നാൾ ദിവസം കഴുതക്കുട്ടി മേൽ വാഹനമേറി യെരൂശലേം ദേവാലയത്തിലേയ്ക്ക് പോവുകയായിരുന്നു. കുട്ടികൾ ആർത്തു വിളിക്കുന്നു. വഴി യിൽ വസ്ത്രം വിരിച്ചിരിക്കുന്നു. സൈത്തിൻകൊമ്പുകൾ ഉയർത്തിപ്പിടിച്ചുകൊണ്ട്, ചില്ലകൾ താഴെ ഇട്ടുകൊണ്ട് ജനം ആർപ്പോടെ കർത്താവിനെ അനുഗമിക്കുന്നു. കർത്താവിന്റെ ശിഷ്യന്മാർ അത്ഭുതത്തോടെ കൂടെ സഞ്ചരിക്കുന്നു.

പക്ഷേ, കർത്താവ് യെരൂശലേം നഗരത്തോടു സമീപിച്ച പ്പോൾ അതിനെക്കുറിച്ചു കരഞ്ഞുകൊണ്ട് നഗരത്തോടായി പറഞ്ഞു: നിന്റെ സന്ദർശനകാലം നീ അറിയാഞ്ഞതുകൊണ്ട് നിന്റെ ശത്രുക്കൾ നിനക്കു ചുറ്റും വാടകോരി നിന്നെ വളഞ്ഞു നാലുപുറത്തും ഞെരുക്കി നിന്നെയും നിന്നിലുള്ള നിന്റെ മക്ക ളേയും നിലത്തു തള്ളിയിട്ട് നിങ്കൽ കല്ലിന്മേൽ കല്ലു ശേഷിപ്പി

ക്കാതിരിക്കുന്ന കാലം നിനക്കു വരും. യരൂശലേമിന് വരുവാനിരിക്കുന്ന നാശമോർത്ത് കർത്താവ് കരഞ്ഞു. Looking ahead!

വളരെ മർമ്മഭേദകമായ കാര്യങ്ങളാണ് നാം വായിക്കുന്നത്. കർത്താവ് കരയുന്നു! ഇതു സന്ദർശനകാലമാണ്. സ്വർഗ്ഗീയനാഥൻ, രാജാധിരാജനായ യേശു, മനുഷ്യരുടെ ഇടയിലൂടെ സഞ്ചരിച്ച് അവരുടെ വേദനകൾ മാറ്റുന്ന കാലം! സന്തോഷവും സമാധാനവും നൽകുന്ന നല്ലകാലം!

ഇത് ദൈവം നിന്നെ സന്ദർശിക്കുന്ന കാലമാണെന്ന് നീ അറിയുന്നില്ല. ഈ കാലത്തിന്റെ സന്തോഷവും സമാധാനവും സവിശേഷതകളും നീ അറിയുന്നില്ല. മനോഹരമായ ഒരു കാലം ലഭിച്ചിരിക്കുന്നത് നീ അറിയുന്നില്ല.

യെരൂശലേം ദേവാലയം അതറിയുന്നില്ല. മഹാപുരോഹിതന്മാർ അറിയുന്നില്ല. ശാസ്ത്രിമാരും പരീശന്മാരും അറിയുന്നില്ല. സദൂക്യർ അറിയുന്നില്ല. എരിവുകാർ അറിയുന്നില്ല. ആ സമൂഹത്തിന് അജ്ഞാതമായിരിക്കുന്ന ഒരു കാര്യം, സന്ദർശനകാലം!

ഇന്ന് ആ സന്ദർശനകാലം നമ്മെ എതിരേൽക്കുകയാണ്. നീതിയും സമാധാനവും നമ്മെ എതിരേൽക്കുന്നു. കർത്താവായ യേശുക്രിസ്തു നമ്മുടെ ഇടയിലൂടെ സഞ്ചരിക്കുന്നു. ഏറ്റവും അനുഗൃഹീതമായ ഒരു കാലം! നമുക്കു വരാൻ പോകുന്ന നാശത്തിൽനിന്ന്, ശിക്ഷാവിധിയിൽ നിന്ന് മോചനം പ്രാപിക്കാനുള്ള ഏറ്റവും നല്ല കാലം! നമ്മുടെ പാപങ്ങളൊക്കെയും ക്ഷമിച്ചു തരുന്ന, ജീവിതത്തിലെ ബാധകൾ മാറ്റുന്ന, കുടുംബത്തിൽ സമാധാനം തരുന്ന കാലം! ഈ സന്ദർശനകാലം അനേകർ അറിയാതിരിക്കുന്നു.

നമ്മുടെ സമൂഹത്തിൽ എത്രയോ കുടുംബങ്ങളാണ് കൊടിയ ദുരിതത്തിൽ കഴിഞ്ഞുകൂടുന്നത്! എന്നും ദു:ഖവും ദുരിതവും യാതനയും വേദനയും മാത്രമായ എത്രയോ കുടുംബങ്ങൾ! പരസ്പരം സ്നേഹമില്ലാതെ ശണ്ഠയിലും കലഹത്തിലും കഴിയുന്ന കുടുംബങ്ങൾ!

ഭാര്യയും ഭർത്താവും ഒരു വീട്ടിൽ പരസ്പരം മിണ്ടാട്ടമില്ലാതെ, സ്നേഹമില്ലാതെ മുഖം കനപ്പിച്ചു കഴിഞ്ഞുകൂടുന്നു. അനേകം കുടുംബങ്ങൾ ഇന്ന് എരിപൊരികൊള്ളുകയാണ്. സമാധാനമില്ല. ആവശ്യത്തിനു പൈസയില്ല. രോഗത്തിനു ചികിത്സിക്കാൻ മാർഗ്ഗമില്ല. രോഗത്തിന്റെ ഭയാനകമായ ആക്രമണം കൊണ്ട് വലയുന്നു. കുടുംബങ്ങൾ നീറിപ്പുകയുന്നു!

ഇതെല്ലാം മാറി സമാധാനം തരുന്ന ഒരു കാലം കർത്താവ് ദാനമായി തന്നിരിക്കയാണ്. പക്ഷേ, അനേകർക്ക് മനസ്സിലാകുന്നില്ല. എന്താണ് വചനത്തിന്റെ ശക്തി, വചനംമൂലം ലഭിക്കുന്ന അനുഗ്രഹം എന്ന് പലർക്കും മനസ്സിലാകുന്നില്ല. ഏതോ ചില സ്ഥാപിത താത്പര്യത്തിനുവേണ്ടി കൂട്ടായ്മ നടത്തുന്നു എന്നാണ് പലരുടേയും ധാരണ. പണമുണ്ടാക്കുവാനാണ് കൂട്ടായ്മ നടത്തുന്നത് എന്ന് ചിന്തിക്കുന്നവരുമുണ്ട്.

എന്നാൽ എന്താണ് നടക്കുന്നത്? ഇത് സന്ദർശനകാലമാണ്. എത്രയോ കുടുംബങ്ങളാണ് സത്യവചനം കേട്ട് മാനസാന്തരപ്പെട്ട് സമാധാനമനുഭവിക്കുന്നത്! മദ്യാസക്തിയിൽ ജീവിതം തകർത്തുകൊണ്ടിരുന്ന എത്രയോപേരാണ് മദ്യത്തിൽ നിന്ന് മോചനം പ്രാപിച്ചത്! കുടുംബം നശിപ്പിച്ചുകൊണ്ടിരുന്ന എത്രയോപേരാണ് ഇന്നു സമാധാനമനുഭവിക്കുന്നത്!

പഠിയ്ക്കാൻ ബുദ്ധിയില്ലാതെ പരീക്ഷയിൽ തോറ്റു വിഷമിച്ച് ഭാവിയെല്ലാം തകർന്നല്ലോ എന്നോർത്ത് കടുത്ത നിരാശയിൽ ജീവിച്ചിരുന്ന എത്രയോ പേരാണ് ഇന്ന് നല്ല ബുദ്ധിയുള്ളവരായി, പഠിച്ചു പഠിച്ചുയരുന്നത്! അവരുടെ ബുദ്ധി തെളിയുന്നു.

മാതാപിതാക്കളുടെ മുമ്പിൽ ക്ഷമ ചോദിക്കുന്ന മക്കൾ! അദ്ധ്യാപകരുടെ മുമ്പിൽ മാപ്പു ചോദിക്കുന്ന വിദ്യാർത്ഥീ-വിദ്യാർത്ഥിനികൾ! പരസ്പരം മാപ്പു ചോദിക്കുന്നവർ! പ്രണയത്തിന്റെ പേരിൽ ജീവിതം തുലച്ചുകൊണ്ടിരുന്നവർ അതെല്ലാം വിട്ട് സമാധാനത്തിന്റേയും വിശുദ്ധിയുടേയും പാതയി

ലേയ്ക്ക് തിരിയുന്നു!

ഇന്റർനെറ്റിൽക്കൂടിയുള്ള കളികളിൽ രസിക്കുന്ന കുട്ടികളുണ്ട്. കുഴപ്പമില്ല എന്നു തോന്നും. പക്ഷേ, കുട്ടികളിൽ അക്രമവാസന പെരുകുന്നു. ശത്രുവിനെ നിഗ്രഹിക്കുന്നതിനു വേണ്ടിയുള്ള യത്നമാണ് അതിലുള്ള പല കളികളും. അനേകം കൊച്ചുകുട്ടികൾ വീഡിയോഗെയിം കളിക്കുന്നതിൽ സമയം ചെലവഴിക്കുകയാണ്. ഭാവി നശിക്കുകയാണെന്ന് അവരറിയുന്നില്ല. ബുദ്ധി മങ്ങിപ്പോവുകയാണ്.

എന്നാൽ ഇത് സന്ദർശനകാലമാണ്. രക്ഷപ്പെടാൻ പറ്റിയ കാലമാണ്. മനം തിരിയാൻ പറ്റിയ കാലമാണ്. കർത്താവിനെ സ്വീകരിക്കാനും കർത്താവിനെ സ്നേഹിക്കാനും കർത്താവിനെ ആരാധിക്കാനും ശോഭനമായ ഭാവിയിലേയ്ക്ക് കുതിച്ചുയർന്നു വരുവാനും അനുയോജ്യമായ നല്ല കാലം! അതിനു വേണ്ടി നാം നമ്മുടെ ജീവിതം വേർതിരിച്ചു കൊടുക്കണം.

കുട്ടികൾ വീഡിയോഗെയിം കളിച്ച് സമയം കളയുന്നുണ്ടോ എന്ന് മാതാപിതാക്കൾ നോക്കണം. ഇന്റർനെറ്റിൽ കയറി അവർ കാണുന്ന ചിത്രങ്ങൾ ഏതെല്ലാമാണെന്ന് നിങ്ങൾ പരിശോധിക്കണം. അതിൽക്കൂടി അശുദ്ധിയും വ്യഭിചാരാസക്തിയുമെല്ലാം വളരെ ചെറുപ്പത്തിൽ തന്നെ കുട്ടികളിൽ കടന്നുകൂടുകയാണ്. എന്തെല്ലാം അപകടങ്ങൾ! മാതാപിതാക്കൾക്ക് ഇതൊന്നും നോക്കാൻ നേരമില്ല. മക്കളെക്കുറിച്ച് ചിന്തിക്കുവാൻ നേരമില്ല. മക്കളുടെ ഭാവി നശിക്കുന്നത് അവർക്ക് ചിന്താവിഷയമല്ല. അവർ പഠിച്ചുപഠിച്ച് പോയ്ക്കൊള്ളുമെന്ന് വിചാരിച്ച് മക്കൾ നശിക്കുന്നത് കാണാതിരിക്കുന്നു.

മാതാപിതാക്കൾക്കില്ലാത്ത ആത്മീയം കുട്ടികൾക്ക് കൊടുക്കാൻ പറ്റുകയില്ല. അപ്പനും അമ്മയും പ്രാർത്ഥിക്കുന്നവരായിരിക്കണം. കുട്ടികൾക്ക് വരാൻ സാദ്ധ്യതയുള്ള അപകടങ്ങളെക്കുറിച്ച് മുൻകൂട്ടി ധാരണയുള്ളവരായിരിക്കണം. മക്കളെ ആ രീതിയിൽ ബുദ്ധിപൂർവ്വം വഴി നടത്തേണ്ടവരാണ് മാതാപിതാക്കൾ.

അദ്ധ്യാപകർക്കും ഒരു പങ്കുണ്ട്. ഇന്ന് കമ്പ്യൂട്ടറിന്റെ സഹായം കൂടാതെ വിദ്യാഭ്യാസം മുമ്പോട്ടു കൊണ്ടുപോകാൻ കഴിയാത്ത സ്ഥിതിയാണ്. പക്ഷേ, അത് അരുതാത്തതിന് ഉപയോഗിച്ചുപോകരുത്. അത്യാവശ്യത്തിന് ഉപയോഗിക്കാം. അല്ലാതെ നിങ്ങളുടെ വിലയേറിയ സമയം പാഴാക്കരുത്.

ജീവിതത്തിൽ ചില ചിട്ടകൾ നിങ്ങൾ പാലിക്കണം. വ്യക്തമായ അടുക്കും ചിട്ടയും പാലിച്ചെങ്കിൽ മാത്രമേ നിങ്ങൾക്കു വളരാൻ സാധിക്കുകയുള്ളൂ. നിങ്ങൾ നിങ്ങൾക്ക് ഉപകാരപ്പെടണം. നിങ്ങളുടെ അദ്ധ്യാപകർക്ക് ഉപകാരപ്പെടണം. നിങ്ങളുടെ സമൂഹത്തിന് ഉപകാരപ്പെടണം. നിങ്ങൾമൂലം സമൂഹം ആനന്ദിക്കുകയും അഭിമാനിക്കുകയും ചെയ്യണം.

ഒരു സന്ദർശനകാലം ദൈവം നമുക്കുവേണ്ടി ഒരുക്കിവെച്ചിരിക്കുന്നു. നമുക്ക് വേണമെങ്കിൽ തിരിയാം, മാനസാന്തരപ്പെടാം. ഇന്ന് സുപ്രസാദകാലം! ഇന്ന് രക്ഷാദിവസം!

നോഹയുടെ കാലത്ത് സുപ്രസാദകാലം ലഭിച്ചു. രക്ഷാദിവസം ലഭിച്ചു. ദൈവത്തിന്റെ കല്പനപ്രകാരംതന്നെ പെട്ടകം പണിതു. ആർക്കും വന്നു കയറാം. പക്ഷേ, നിർഭാഗ്യവശാൽ മനുഷ്യർ കയറാൻ കൂട്ടാക്കിയില്ല. വൃദ്ധനായ ഒരു മനുഷ്യൻ നിന്നു പറയുന്നു: മഴ വരുന്നു, വലിയ പ്രളയം വരുന്നു, രക്ഷപ്പെടുവിൻ. ആരു കേൾക്കാൻ?

അതുവരെ കണ്ടിട്ടില്ലാത്ത മഴയെക്കുറിച്ച് പറഞ്ഞപ്പോൾ ആരും ശ്രദ്ധിച്ചില്ല. നോഹ പറഞ്ഞുകൊണ്ടേയിരുന്നു. ഇന്നും വചനം തന്നുകൊണ്ടേയിരിക്കുകയാണ്. എന്നും വചനം കിട്ടുകയാണ്. പെട്ടകം ഒരുക്കിവച്ചിരിക്കുന്നു. കൂട്ടായ്മയല്ല പെട്ടകം. പെട്ടകം കർത്താവായ യേശുക്രിസ്തുവാണ്. യേശുക്രിസ്തുവിന്റെ തിരുവിലാവു തുറന്നിരിക്കുന്നു. ആർക്കും ഓടിവന്നു കയറാം. ആർക്കും രക്ഷപ്പെടാം. കൂട്ടായ്മയിൽ സംബന്ധിച്ചു എന്നുള്ളതുകൊണ്ട് രക്ഷപ്പെടണമെന്നില്ല. എന്നാൽ നിങ്ങൾ ക്രിസ്തുവാകുന്ന പെട്ടകത്തിനുള്ളിൽ കയറണം.

നോഹ പണിത പെട്ടകത്തിന്റെ നടുവിലത്തെ തട്ടിൽ ഒരു വാതിലുണ്ടായിരുന്നു. അത് പുത്രൻ തമ്പുരാനെ കാണിക്കുന്നു. മൂന്നു തട്ടുകൾ ഉള്ള ആ പെട്ടകം, ത്രിയേക ദൈവത്തിന്റെ ഒരു മാതൃകയാണ്; പ്രതിരൂപമാണ്; പ്രതീകമാണ്.

"ഞാൻ വാതിലാകുന്നു; എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടും" എന്നാണ് യേശു പറഞ്ഞത്. യേശുക്രിസ്തുവിന്റെ തിരുവിലാവിൽക്കൂടി നമുക്ക് ദൈവസ്നേഹത്തിൽ പ്രവേശിക്കാം. ആ ദൈവസ്നേഹത്തിൽ നിങ്ങൾ പ്രവേശിച്ചിട്ടുണ്ടോ? പരിശുദ്ധാത്മാവിന്റെ കൃപയാൽ നിങ്ങൾ പൊതിയപ്പെട്ടിട്ടുണ്ടോ? കർത്താവിന്റെ കൃപ നിങ്ങളെ ആവരണം ചെയ്തിട്ടുണ്ടോ? പെട്ടകത്തിനുള്ളിലേയ്ക്ക് പ്രവേശിക്കുക. അതിനുള്ളിൽ കടന്നാൽ എല്ലാം സുരക്ഷിതമാണ്. അവിടെ എല്ലാം ഭദ്രമാണ്.

പെട്ടകത്തിന് പുറത്താണെങ്കിൽ ചെന്നായും പുള്ളിപ്പുലിയും കുഞ്ഞാടും പരസ്പരം കടിച്ചുകീറും. ചെന്നായ് കുഞ്ഞാടിനെ ഓടിക്കും; കൊന്നുതിന്നും. പുലി, മാനിനെ തിന്നും. പെട്ടകത്തിനു പുറത്ത് സ്ഥാപിത താത്പര്യങ്ങളുണ്ട്; വർഗ്ഗീയ ചേരിതിരിവുകളുണ്ട്.

പെട്ടകത്തിനകത്തുകടന്നാലോ, അവിടെ ഒരു വഴക്കുമില്ല. ക്രിസ്തുവിന്റെ സ്നേഹത്തിന്റെ അത്യത്ഭുതമായ മണ്ഡലത്തിൽ പ്രവേശിച്ചാൽ പിന്നെ അവിടെ കക്ഷിതിരിവുകളില്ല; ചേരിതിരിവുകളില്ല; വർഗ്ഗവൈരുദ്ധ്യമില്ല; മതസ്പർദ്ധയില്ല. അവിടെ എല്ലാവരും ഒന്ന്. എല്ലാവരും ഒരപ്പന്റെ മക്കൾ.

നോഹ വിളിച്ചുപറഞ്ഞുകൊണ്ടേയിരുന്നു. മൃഗങ്ങൾ വന്നു പെട്ടകത്തിൽ കയറി. മനുഷ്യർ കയറാൻ മടിച്ചു നിന്നു. മനുഷ്യരെല്ലാം നോഹയെ പരിഹസിച്ചു. ഈ വയസ്സന് കിറുക്കു പിടിച്ചിരിക്കുകയാണെന്ന് ആളുകൾ പറഞ്ഞു. നോഹയെ കളിയാക്കി. പക്ഷേ, നോഹ അതൊന്നും ഗൗനിച്ചില്ല. കളിയാക്കുന്നവരെ നോക്കിയില്ല. തന്റെ ഹൃദയത്തിൽ തീ കത്തുകയായിരുന്നു. നോഹയുടെ ഉള്ളിൽ സ്നേഹ

ത്തിന്റെ അഗ്നി കത്തുകയായിരുന്നു. നഷ്ടപ്പെട്ടു പോകുന്ന വർക്കുവേണ്ടിയുള്ള സ്നേഹത്തിന്റെ ദാഹം, അനേകർ നശി ക്കുന്നല്ലോ എന്ന വേദന കത്തിക്കൊണ്ടിരിക്കയായിരുന്നു. ആ വേദനയിൽ നോഹ വിളിച്ചു പറഞ്ഞുകൊണ്ടേയിരുന്നു.

എല്ലാ ജീവജാലങ്ങളും ഈരണ്ടീരണ്ടായി പെട്ടകത്തിൽ കയറി. അവസാനം നോഹയുടെ കുടുംബവും കയറി. പെട്ടക ത്തിന്റെ വാതിൽ ദൈവം അടച്ചു. മനുഷ്യന്റെ കൈയല്ല വാതിൽ അടയ്ക്കുന്നത്. ഇന്ന് കൃപയുടെ കാലമാണ്. ആർക്കും ഓടിവന്ന് രക്ഷപ്പെടാം. ആർക്കും രക്ഷാസങ്കേത ത്തിൽ, ഈ സങ്കേതനഗരത്തിൽ പ്രവേശിക്കാം.

> *"അവൻ നഗരത്തിന്നു സമീപിച്ചപ്പോൾ അതിനെക ണ്ടു അതിനെക്കുറിച്ച് കരഞ്ഞു: ഈ നാളിൽ നിന്റെ സമാധാനത്തിന്നുള്ളതു നീയും അറിഞ്ഞു എങ്കിൽ കൊള്ളായിരുന്നു. ഇപ്പോഴോ അത് നിന്റെ കണ്ണിന്നു മറഞ്ഞിരിക്കുന്നു."*
>
> *ലൂക്കൊസ് 19 : 41, 42*

നഗരത്തിന്നു സമീപിച്ചപ്പോൾ യരൂശലേം നഗരത്തെ കണ്ട് യേശു കരഞ്ഞു: അല്ലയോ യരൂശലേമേ, നിന്റെ സമാധാ നത്തിന്നുള്ളതു തരാനാണ് ഞാൻ വന്നത്. നിനക്ക് ശാശ്വത ശാന്തിതരാൻ, ഈ യെരൂശലേം, ദൈവത്തിന്റെ നഗരമാക്കി മാറ്റി പുത്തനാം യെരൂശലേമിന്റെ സൗന്ദര്യവും സൗഭാഗ്യവും മുഴുവനായി നൽകി, നിന്നെ അനുഗ്രഹിക്കാനാണ് ഞാൻ വന്ന ത്.

അയ്യോ! ഈ നാളിൽ നിന്റെ സമാധാനത്തിനുള്ളത് നീയും അറിഞ്ഞിരുന്നെങ്കിൽ കൊള്ളാമായിരുന്നു! സമാധാന ത്തിന്റെ സാക്ഷാൽ ഉടയവൻ നിന്റെ അടുക്കലേക്ക് വന്നിരി ക്കുന്നത് നീ അറിയുന്നില്ല. നിന്റെ തെറ്റ് ചൂണ്ടിക്കാണിക്കുന്നത് എന്തിനാണ്? നിന്നെ സമാധാനത്തിലേക്ക് നയിക്കുവാനാണ്. നിന്റെ കുറവുകൾ ചൂണ്ടിക്കാണിക്കുന്നത്, നിന്റെ ജീവിത ത്തിലെ പാകപ്പിഴകൾ കാണിച്ചുതരുന്നത് നിന്നെ സാക്ഷാ

ത്തായ നിത്യശാന്തിയിലേക്ക് കൊണ്ടുവരാനാണ്.

കർത്താവു പ്രവചനം പറയുകയാണ്: നിങ്ങൾ ഈ സന്ദർശനകാലം അറിയാത്തതുകൊണ്ട് മഹാനാശം വരുന്നു.

> *"യെരൂശലേമേ, യെരൂശലേമേ, പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറികയും ചെയ്യുന്നവളേ, കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർക്കുംപോലെ നിന്റെ മക്കളെ ചേർത്തുകൊൾവാൻ എനിക്ക് എത്രവട്ടം മനസ്സായിരുന്നു; നിങ്ങൾക്കോ മനസ്സായില്ല. നിങ്ങളുടെ ഭവനം ശൂന്യമായിത്തീരും."* *മത്തായി 23 : 37*

മുൻപോട്ടുനോക്കിയാൽ, ഭാവികാലത്തേക്കു നോക്കിയാൽ രക്ഷാനായകനെ ക്രൂശിച്ച യെരൂശലേമിന്റെമേൽ ന്യായവിധി വരാൻ പോകുന്നു.

യഹൂദന്മാരേ, നിങ്ങൾക്കു ഹാ കഷ്ടം! എന്ന് ദുഃഖവെള്ളിയാഴ്ച നാം പ്രാർത്ഥിക്കും. പക്ഷേ, നമുക്കാണ് ഹാ കഷ്ടം! യഹൂദന്മാർക്ക് മനസ്സിലായില്ല എന്നത് കഷ്ടം തന്നെ, സംശയമില്ല. പക്ഷേ, ഇന്നു ജീവിക്കുന്ന നമ്മോടു കർത്താവിനു പറയാനുള്ളതും ഇതാണ്. നിങ്ങൾക്ക് ഹാ കഷ്ടം! സഹോദരങ്ങളേ, നമ്മുടെ അവസ്ഥ എന്താണ്? കല്ലിന്മേൽ കല്ല് ശേഷിക്കയില്ല. വലിയ നാശം വരാൻ പോകുന്നു. നിന്നെയും നിന്റെ മക്കളേയും നിലത്തു തള്ളിയിടും.

തലമുറ തലമുറയായി നാശത്തിലേക്ക് പോകുന്നു. അന്ന് ജനസമൂഹം അത് തിരിച്ചറിഞ്ഞില്ല. ഇന്നും അറിയുന്നില്ല. മഹാന്യായവിധി, വലിയ ശിക്ഷാവിധി വരാൻ പോകുന്നു. ഈ ഭൂമിയിൽ വച്ചുതന്നെ ശാപങ്ങൾ നിങ്ങളെ വേട്ടയാടി പിടിക്കാൻ പോകുന്നു. ദുരിതങ്ങൾ നിങ്ങളുടെമേൽ വരാൻ പോകുന്നു. ലഭിക്കുന്ന വചനത്തിനനുസരിച്ച് നിങ്ങൾ ജീവിക്കുന്നില്ലെങ്കിൽ ഈ വചനം നിങ്ങളെ ന്യായംവിധിക്കും. ഈ വചനം നിങ്ങൾക്കെതിരായി സാക്ഷിക്കും.

നിങ്ങൾക്ക് ലഭിക്കുന്ന വചനം നിത്യനായ ദൈവത്തിന്റെ വചനമാണ്. ഈ വചനത്തെ നിങ്ങൾ തുച്ഛീകരിച്ചു തള്ളിയാൽ, ഈ വചനത്തെ നിങ്ങൾ ഗണ്യമാക്കാതെ പോയാൽ നിങ്ങളുടെമേൽ ശിക്ഷാവിധി വരും. ദൈവം നമുക്ക് വചനം ധാരാളമായി തന്നുകൊണ്ടിരിക്കുന്നു. അധികം ലഭിച്ചവനോട് അധികം ചോദിക്കും. ഞാൻ ഭയപ്പെടുന്ന കാര്യം അതാണ്. വചനം അധികം ലഭിച്ച ഒരു കൂട്ടായ്മയാണ് ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പ്. നിർമ്മലസത്യം ധാരാളം ലഭിച്ചു. വേറെ ഒന്നും നമുക്ക് പറയാനുമില്ല, കേൾക്കാനുമില്ല.

പാപിയായ മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടി നിത്യനായ ക്രിസ്തു ഭൂമിയിലേക്കിറങ്ങിവന്നു. അവിടുന്ന് ക്രൂശിൽ മരിച്ചു. അവിടുത്തെ രക്തം, സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. നമുക്ക് വിശുദ്ധരായി ജീവിക്കാം. ഇതേ പറയുന്നുള്ളൂ. ഇവിടെ അത്ഭുതരോഗശാന്തിയില്ല. ഇവിടെ അടയാളങ്ങളില്ല, അത്ഭുതങ്ങളില്ല, തള്ളിവീഴിക്കലില്ല. ആകെ നിർമ്മല വചനം, മനുഷ്യൻ രക്ഷപ്പെടാനുള്ള വചനം മാത്രം.

വർഷങ്ങളായി ഇത് കേട്ടുകൊണ്ടിരിക്കുകയാണ്. നിരന്തരം മഴപെയ്യുന്നു. പലപ്പോഴും പെയ്യുന്ന മഴകുടിച്ചിട്ടും ഭൂമി കൃഷിചെയ്യുന്നവർക്ക് ഹിതകരമായ സസ്യാദികളെ മുളപ്പിക്കുന്നില്ല എങ്കിൽ ചുട്ടുകളകയത്രെ അതിന്റെ അവസാനം.

> *"പലപ്പോഴും പെയ്ത മഴ കുടിച്ചിട്ട് ഭൂമി കൃഷി ചെയ്യുന്നവർക്ക് ഹിതമായ സസ്യാദികളെ വിളയിക്കുന്നു എങ്കിൽ ദൈവത്തിന്റെ അനുഗ്രഹം പ്രാപിക്കുന്നു. മുള്ളും ഞെരിഞ്ഞിലും മുളപ്പിച്ചാലോ അതു കൊള്ളരുതാത്തതും ശാപത്തിന്നു അടുത്തതും ആകുന്നു; ചുട്ടുകളക അത്രേ അതിന്റെ അവസാനം."* *എബ്രായർ 6 : 7, 8*

ധാരാളം മഴപെയ്തു. മഴകുടിച്ചു. പക്ഷേ, മുള്ളും പറക്കാരയും മുളപ്പിച്ചാൽ ചുട്ടുകളയും. അതുകൊണ്ടാണ് പിതാക്കന്മാർ പ്രാർത്ഥിച്ചത്: പാപികളോട് കരുണചെയ്യുന്നവനായ

കർത്താവേ, നിന്റെ ന്യായവിസ്താരദിവസത്തിൽ പാപികളായ ഞങ്ങളോട് കരുണ ചെയ്യണമേ.

ഒരു ന്യായവിസ്താര ദിവസമുണ്ട്. ഒരു ന്യായവിധിയുണ്ട്. സംശയിക്കേണ്ട.

"നീതിയിൽ വിധിചെയ്യും-ന്യായാധിപതേ നീ
യേറ്ററുതേ വിധിയിൽ-കടമോർത്തീടരുതേ
ബലഹീനത നീക്കി-തുണചെയ്യുക നാഥാ!
രാപ്പകലടിയങ്ങൾ-ക്കാശ്രയമങ്ങല്ലോ"

നീതിയോടെ വിധിയ്ക്കും. മുഖപക്ഷമില്ലാതെ ന്യായവിധി നടത്തും.

*"മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കു തക്കവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ പിതാവ് എന്നു വിളിക്കുന്നു എങ്കിൽ നിങ്ങളുടെ പ്രവാസകാലം ഭയത്തോടെ കഴിപ്പിൻ."*

*1 പത്രൊസ് 1 : 17*

ഇത് പ്രവാസകാലമാണ്. ഇത് പരദേശവാസകാലമാണ്. ഈ ഭൂമിയിലെ ജീവിതകാലം ഭയത്തോടെ കഴിക്കുവിൻ. അലസരായി, തോന്നിയതുപോലെ ജീവിക്കരുത്. മാതാപിതാക്കളോട് ആദരവില്ലാതെ സംസാരിക്കരുത്. മാതാപിതാക്കളെ ആദരിച്ചുകൊള്ളണം. സ്നേഹിച്ചുകൊള്ളണം. മാതാപിതാക്കൾക്ക് കീഴടങ്ങിയിരുന്നുകൊള്ളണം.

*"നിനക്ക് നന്മയുണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നത് വാഗ്ദത്തത്തോടു കൂടിയ ആദ്യകല്പന ആകുന്നു."*

*എഫെസ്യർ 6 : 2, 3*

അപ്പനേയും അമ്മയേയും ബഹുമാനിക്കണം. ഒരു പക്ഷേ, അവർക്കു കുറവുണ്ടായിരിക്കും. കുറവു നീ നോക്കണ്ട. അപ്പനും അമ്മയ്ക്കും നിന്റെ അത്രയും വിദ്യാഭ്യാസമില്ലായിരി

ക്കും, സാരമില്ല. നിന്റെ അപ്പനും അമ്മയും ആണോ? നീ ആദരിച്ചുകൊള്ളണം. ബഹുമാനിച്ചു കൊള്ളണം. ഇല്ലെങ്കിൽ പാപമാണ്.

ഭാര്യ ഭർത്താവിനെ അനുസരിച്ചുകൊള്ളണം. ഭാര്യ ഭർത്താവിനു കീഴ്പ്പെട്ടു കൊള്ളണം. ഭാര്യ ഭർത്താവിനെ ഭയപ്പെട്ടുകൊള്ളണം. ഭർത്താവ് ഭാര്യയെ സ്നേഹിച്ചു കൊള്ളണം. ഭർത്താവ് ഭാര്യയെ കരുതിക്കൊള്ളണം. ഭർത്താവു ഭാര്യയെ ബഹുമാനിച്ചുകൊള്ളണം. ഇത് വചനമാണ്.

ബഹുമാനിക്കുന്ന ആളെ തല്ലുമോ? ബഹുമാനിക്കുന്ന ആളുടെ തലമുടി പിടിച്ച് വലിച്ചുകൊണ്ടു നടക്കുമോ? മദ്യപിച്ചു വന്നിട്ടു ചെയ്യുന്ന വിക്രിയകളാണിതെല്ലാം. നിങ്ങളുടെ പലരുടേയും കുടുംബങ്ങൾ അങ്ങനെയല്ലായിരുന്നോ? ഭാഗ്യവശാൽ ഇന്ന് അങ്ങനെയല്ല, നല്ലത്.

പ്രിയപ്പെട്ടവരേ, ഓർക്കൂ. ന്യായവിധിയുണ്ട്. അനീതി ചെയ്യരുത്. അനീതിക്കു കൂട്ടുനിൽക്കരുത്. ആരുടേയും ഹൃദയത്തിന് നൊമ്പരം വരുത്തരുത്. ആരെയും വേദനിപ്പിക്കരുത്.

ഒരുകുട്ടി ടെസ്റ്റ് എഴുതിയിട്ടു വന്നു. നന്നായിട്ട് എഴുതാൻ പറ്റിയില്ല. അപ്പൻ വഴക്കു തുടങ്ങി. പാവം കുട്ടി കരയുന്നു. പരീക്ഷ നന്നായിട്ട് എഴുതാൻ പറ്റിയില്ല എന്ന സങ്കടമുണ്ട്. കൂട്ടത്തിൽ അപ്പന്റെ വഴക്കും. അത് തെറ്റാണ്.

പരീക്ഷ നന്നായി എഴുതിയില്ല എന്നു മനസ്സിലാകുമ്പോൾ മോനേ, സാരമില്ല, അടുത്തപ്രാവശ്യം ശരിയാക്കാം; വിഷമിക്കേണ്ട, നമുക്കു പ്രാർത്ഥിക്കാം, നമ്മുടെ കർത്താവിനോടു പറയാം. കർത്താവ് നിനക്കു വിജയം തരും. അതാണു ശരിയായ വഴി. അതാണു ദൈവമക്കൾ ചെയ്യേണ്ടത്. ഭയങ്കരമായ കുറ്റാരോപണങ്ങളും തർജ്ജനങ്ങളും കോപാക്രാന്തമായ ആക്രോശങ്ങളും പല വീടുകളിലും കാണാം. എല്ലാം പാപമാണ്. ഈ പാപങ്ങളെല്ലാം എന്നു കഴുകിത്തീരും? എത്രനാൾ കണ്ണീരൊഴുക്കിയാൽ മതിയാകും?

ഒരു ന്യായവിധിയുണ്ട്. ഒരു ശിക്ഷാവിധിയുണ്ട്. തലമുറകൾ മുടിഞ്ഞുപോകും. കുട്ടി നന്നായി വരണം, നന്നായി പഠിക്കണം എന്നേ ലക്ഷ്യമുള്ളൂ. ലക്ഷ്യം ശരിയാണ്. പക്ഷേ, മാർഗ്ഗം തെറ്റിപ്പോയി. ലക്ഷ്യവും മാർഗ്ഗവും ശരിയായിരിക്കണം.

ദൈവം എല്ലാം കാണുന്നു. ദൈവം എല്ലാം അറിയുന്നു. എന്റെ രഹസ്യവും പരസ്യവും കാണുന്ന ദൈവം! രാത്രിയും പകലും എന്നെ കാണുന്ന ദൈവം! ഞാൻ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും അറിയുന്ന ദൈവം! എന്റെ നടപ്പുകളൊക്കെയും ശോധന ചെയ്യുന്ന ദൈവം! എന്റെ വാക്കുകളൊക്കെയും കേൾക്കുന്ന ദൈവം! എന്റെ ഹൃദയത്തിലെ നിരൂപണങ്ങൾ എല്ലാം വായിച്ചറിയുന്ന ദൈവം! എല്ലാം കാണുന്ന ദൈവം! ഈ ഒരു ദൈവഭയമുണ്ടെങ്കിൽ രക്ഷപ്പെട്ടു. ദൈവത്തെ മറയ്ക്കാൻ സാധ്യമല്ല.

ഓർക്കേണ്ടത് കർത്താവായ യേശുക്രിസ്തുവിനെ മാത്രം. യേശുക്രിസ്തുവിനെ ആദരിക്കുക. യേശുക്രിസ്തുവിനെ ഭയപ്പെടുക.

> *"നിന്റെ ശത്രുക്കൾ നിനക്കുചുറ്റും വാടകോരി നിന്നെ വളഞ്ഞു നാലുപുറത്തും ഞെരുക്കി നിന്നെയും നിന്നിലുള്ള നിന്റെ മക്കളെയും നിലത്തുതള്ളിയിട്ട്, നിങ്കൽ കല്ലിന്മേൽ കല്ല് ശേഷിപ്പിക്കാതിരിക്കുന്ന കാലം നിനക്കു വരും."*
>
> *ലൂക്കോസ് 19 : 43, 44*

AD 72-ാം ആണ്ടിൽ വലിയൊരു സൈന്യവ്യൂഹം വന്ന് യെരൂശലേമിനെ ആക്രമിച്ചു. ഭയങ്കരമായ ആക്രമണമായിരുന്നു. യെരൂശലേം നഗരം തകർന്നു. യെരൂശലേം നഗരത്തിലെ ദൈവാലയം തകർന്നു. അവിടെയുള്ള പള്ളിപ്രമാണിമാർ പരിപാവനം എന്നു വിചാരിച്ചിരുന്നതെല്ലാം തകർന്നു. കർത്താവു പറഞ്ഞത് അക്ഷരപ്രകാരം നടന്നു. കല്ലിന്മേൽ കല്ല് ശേഷിക്കയില്ല എന്ന് പറഞ്ഞു. അത് അതുപോലെ നടന്നു. എല്ലാം

ഇടിച്ചു നിരത്തിക്കളഞ്ഞു.

കർത്താവിന്റെ വചനത്തിനു മാറ്റം വരികയില്ല. എന്റെ കർത്താവേ, ശിക്ഷ എന്റെമേൽ വരുന്നതിനുമുമ്പ്, ന്യായവിധി എന്റെമേൽ വരുന്നതിനുമുമ്പ്, ന്യായവിസ്താരത്തിലേക്ക് ഞാൻ ചെല്ലുന്നതിനുമുമ്പ് എന്റെ വഴികൾ നേരെയാക്കണമല്ലോ. എനിക്ക് ഒരു മാനസാന്തരം വേണമല്ലോ. എന്റെ ആത്മക്കണ്ണ് തുറക്കണമല്ലോ.

ഇന്ന് ഗോഗുൽത്തായിലെ ക്രൂശിലേയ്ക്ക് നാം നോക്കുമ്പോൾ തിരുവിലാവു തുറന്ന് ക്രിസ്തു പിടയുന്നതു കാണാം. എനിക്കുവേണ്ടി കരയുന്നു. നിങ്ങൾക്കുവേണ്ടി കരയുന്നു. നമ്മുടെ പാപസ്വഭാവം കണ്ടു കരയുന്നു. നമ്മുടെ സ്വാർത്ഥത കണ്ടു കരയുന്നു. എന്റെ ദ്രവ്യാഗ്രഹം കണ്ടു കരയുന്നു. എന്റെ സ്വയപ്രശംസ കണ്ടു കരയുന്നു. ഇന്നും എന്റെ ഈഗോ പോയിട്ടില്ലല്ലോ എന്നോർത്തു കരയുന്നു. എന്റെ സ്വയം മരിച്ചിട്ടില്ലല്ലോ എന്നോർത്തു കരയുന്നു.

ഇന്ന് നിങ്ങളുടെ ഹൃദയം നിങ്ങൾ താഴ്ത്തുമോ? യേശുവിന്റെ കരങ്ങളിലേയ്ക്ക് ജീവിതം കൊടുക്കുമോ? യേശുവേ, ഇത്രയുംകാലം നഷ്ടപ്പെടുത്തിക്കളഞ്ഞു. കർത്താവേ, ഇന്ന് ഞാൻ തിരുമുമ്പാകെ വരുന്നു. നിന്റെ വേല ചെയ്യാൻ, നിനക്കുവേണ്ടി സംസാരിക്കാൻ, നിന്റെ ഒരു പ്രതിനിധിയായി നിൽപ്പാൻ ഞാനിതാ വരുന്നു. തിരുരക്തത്താൽ എന്നെ പൊതിയണമേ. തിരുരക്തത്താൽ എന്നെ ആവരണം ചെയ്യണമേ. തിരുരക്തത്താൽ എന്നെ ശുദ്ധീകരിക്കണമേ. എന്റെ പേരും ജീവന്റെ പുസ്തകത്തിൽ എഴുതിച്ചേർക്കണമേ.

## മൂന്ന്

യെരൂശലേമിനെ നോക്കി കരഞ്ഞപ്പോൾ കർത്താവ് അതിന്റെ പഴയകാലത്തിലേക്ക് നോക്കുകയാണ്. Looking back! യെരൂശലേം നഗരം പഴയകാലത്ത് ദൈവത്തിന്റെ അനേകമനേകം അനുഗ്രഹങ്ങൾ നഷ്ടമാക്കിക്കളഞ്ഞു. അനുഗ്രഹവുമായി ദൈവം വന്നതാണ്. ജനത്തെ അനുഗ്രഹിക്കാൻ കർത്താവാഗ്രഹിച്ചതാണ്. പക്ഷേ, അനുഗ്രഹത്തിന്റെ കാലങ്ങൾ നഷ്ടമാക്കിക്കളഞ്ഞു.

യെരൂശലേമിന് ദൈവത്തിന്റെ അനുഗ്രഹങ്ങൾ സമൃദ്ധിയായി ലഭിച്ച കാലങ്ങളുണ്ട്. ന്യായപ്രമാണകല്പനകളുണ്ട്, തിരുവചനമുണ്ട്, മഹത്തായ യാഗങ്ങളുണ്ട്, വഴിപാടുകളുണ്ട്, പണ്ഡിതന്മാരായ ശാസ്ത്രിമാരുണ്ട്, ദൈവജ്ഞരായ പുരോഹിതന്മാരുണ്ട്, മഹാപുരോഹിതന്മാരുണ്ട്, ആത്മീയ തീക്ഷ്ണതയുള്ള പരീശന്മാരുണ്ട്, ഒന്നിനും കുറവില്ല. എല്ലാം തികഞ്ഞ ഒരു നഗരം; അനുഗ്രഹസമൃദ്ധിയുള്ള നഗരം. അതെല്ലാം സുവർണ്ണാവസരങ്ങളായിരുന്നു; പ്രയോജനപ്പെടുത്താമായിരുന്നു. പക്ഷേ, അവസരങ്ങൾ നഷ്ടപ്പെടുത്തിക്കളഞ്ഞു.

നാമും അങ്ങനെതന്നെയാണ്. നമുക്ക് എത്ര നല്ലനല്ല അവസരങ്ങൾ കിട്ടിയതാണ്. ആത്മാവു ശക്തിയായി നമ്മുടെ മദ്ധ്യത്തിൽ പ്രവർത്തിച്ചത് നമുക്ക് അനുഭവമാണ്. ശക്തിയായി ദൈവത്തിന്റെ വചനം നമ്മുടെ മദ്ധ്യത്തിൽ ഇറങ്ങിവന്നതും അസാദ്ധ്യമെന്ന് കരുതിയിരുന്ന പല പാപങ്ങളും നമ്മിൽനിന്ന് മാറിപ്പോയതും നമുക്കറിയാം. ചില ദുഃസ്വഭാവ

ങ്ങൾ എത്ര പെട്ടെന്നാണ് നമ്മിൽനിന്നു മാറിപ്പോയത്! കോപം വരുന്നില്ല. അശുദ്ധചിന്തകൾ വരുന്നില്ല. ഒരു വിശുദ്ധമായ, സംതൃപ്തമായ അനുഭവം നമുക്ക് ലഭിച്ചതായിരുന്നു.

അനുഗൃഹീതമായ വചനശുശ്രൂഷകൾ, ദൈവത്തിങ്കലേക്കു തിരിയുവാനുള്ള അവസരങ്ങൾ, ആദ്ധ്യാത്മികമായ നല്ല ദർശനങ്ങൾ, നല്ല ആത്മീയ കാഴ്ചപ്പാടുകൾ - എല്ലാം ഉണ്ടായിരുന്നു.

എന്തെല്ലാം കൃപാവരങ്ങളാണ് നമുക്കു കിട്ടിയത്. എന്തു പറഞ്ഞാലും അതു ചെയ്യാൻ തയ്യാറുള്ള, കർത്താവിനുവേണ്ടി എന്തു ത്യാഗവും സഹിക്കാൻ തയ്യാറുള്ള ദൈവമക്കൾ! കർത്താവിനുവേണ്ടി പൈസ ചെലവഴിക്കാൻ മടിയില്ലാത്ത ദൈവമക്കൾ! അങ്ങനെ എല്ലാ സാഹചര്യങ്ങളും ഇണങ്ങിവന്നു. പക്ഷേ, നാമോ നിഷ്ക്രിയരായിപ്പോയി; അലസരായിപ്പോയി; ചീർത്തുപോയി. നമ്മിൽത്തന്നെ അഹങ്കരിച്ചുപോയി.

പുറമെയുള്ള ചട്ടക്കെട്ടുകളിൽ, പുറമെയുള്ള ആചാരങ്ങളിൽ, പുറമെയുള്ള വചനശുശ്രൂഷകളിൽ, നാം ആശ്രയിച്ചു. കാണേണ്ടവനെ കണ്ടില്ല. സാക്ഷാൽ ക്രിസ്തുവിനെ ആശ്രയിച്ച് നാം മുന്നോട്ടു പോകേണ്ടവരായിരുന്നു. ക്രിസ്തുവിനെ കാണേണ്ടതിന്നു പകരം ദൈവമക്കളെ കണ്ടു. ചില വീരാരാധനയിൽ മുങ്ങിപ്പോയി. അതെല്ലാം മണ്ടത്തരമായിപ്പോയി.

പാപത്തിന്മേൽ ജയം കിട്ടിയ കാലമുണ്ടായിരുന്നില്ലേ? കോപം വരാനുള്ള സാഹചര്യം വന്നു പക്ഷേ, കോപിക്കുന്നില്ല. ഒരു അത്ഭുതകൃപ നമ്മെ വലയം ചെയ്തിരുന്നു. എന്റെ കർത്താവേ, എന്നു വിളിക്കുമ്പോൾ കർത്താവ് ഓടിവരുന്ന അനുഭവങ്ങൾ. കർത്താവേ, എന്റെ ഹൃദയത്തിന്റെ ദുഃഖം നീ കാണണമേ എന്നു പറയുമ്പോഴേക്കും കർത്താവ് കണ്ണീരുതുടയ്ക്കുന്ന അനുഭവം. ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ അതെല്ലാം ഓർമ്മകളായി പോയല്ലോ?

എന്തെല്ലാം നേടാമായിരുന്നു! എത്രയോ ആത്മാക്കളെ നേടാമായിരുന്നു! സുപ്രസാദകാലങ്ങൾ നഷ്ടപ്പെടുത്തി. പെട്ട കത്തിന്റെ വാതിൽ തുറന്നുവച്ചിരുന്ന കാലങ്ങൾ നഷ്ടപ്പെടു ത്തി. ഇന്ന് ജാഗരിച്ചിട്ടും ആത്മാവിനെ കിട്ടുന്നില്ല. പാപത്തെയോർത്ത് കരയാൻ ആഗ്രഹിക്കുന്നുണ്ട്; പക്ഷേ, ഹൃദയം കല്ലിച്ചിരിക്കുന്നു.

അന്ന് ഹൃദയം തകർന്നിരുന്നു. പ്രാർത്ഥന ഒരു ഹരമായി രുന്നു. എത്ര സമയം പ്രാർത്ഥിച്ചാലും പോരാ, പോരാ എന്നു തോന്നുന്ന കാലം. പ്രാർത്ഥനാമുറിയിൽനിന്ന് എഴുന്നേൽക്കാൻ തോന്നുന്നില്ല. പ്രാർത്ഥനയിൽ ഒരു വലിയ സന്തോഷം കണ്ടെത്തിയിരുന്നു. സ്തുതിക്കുമ്പോൾ സ്തുതി ഉയരത്തി ലേക്ക് പൊങ്ങുന്നത് അറിഞ്ഞിരുന്നു. സ്തുതിക്കുമ്പോൾ രാജാധിരാജൻ അത്ഭുതകരമായി എഴുന്നള്ളിവരുന്നത് അറി ഞ്ഞിരുന്നു. എത്ര നല്ലനല്ല കാലങ്ങൾ! എല്ലാം പാഴാക്കിക്കള ഞ്ഞു.

ആത്മാവിൽ സ്വാതന്ത്ര്യം ലഭിച്ചകാലത്തു കിട്ടിയ അനു ഗ്രഹങ്ങൾ നിങ്ങൾക്കോർമ്മയില്ലേ? പാപത്തിന്റെ ബന്ധന മഴിഞ്ഞ് യഥാർത്ഥമായ സ്വാതന്ത്ര്യം കിട്ടിയപ്പോൾ നിങ്ങൾ പറഞ്ഞ സാക്ഷ്യത്തിൽ തീ ഇറങ്ങിയത് നിങ്ങൾക്കോർമ്മയി ല്ലേ? ഇന്ന് സാക്ഷ്യങ്ങളിൽ തീ ഉണ്ടോ? സാക്ഷ്യം പറയുന്നുണ്ട്, വചനം പറയുന്നുണ്ട്, പക്ഷേ, തീ ഇല്ല. എല്ലാം ചടങ്ങുകളായിട്ട് നടക്കുന്നു. പിറകിലേക്കു നോക്കുമ്പോൾ അനേക കാര്യങ്ങ ളിൽ നഷ്ടം വന്നുപോയി. കാലങ്ങൾ തീരാൻ പോവുകയാണ്.

അന്ന് എല്ലാം മറന്ന്, എല്ലാവരേയും മറന്ന് നിന്നെ മാത്രം ഓർത്തുകൊണ്ട് തിരുമുമ്പാകെ ഇരുന്നിരുന്നെങ്കിൽ എത്ര പണ്ടേ എനിക്ക് ആത്മാവിൽ ജ്വലിക്കാമായിരുന്നു! എത്രയോ ആത്മാക്കളെ നേടാമായിരുന്നു! വലിയ വലിയ വേലകൾ ചെയ്യാമായിരുന്നു. എല്ലാം മുടങ്ങിപ്പോയി. വേലസ്ഥലങ്ങൾ ശൂന്യമായിപ്പോയി. ഇന്ന് വയലുകൾ ശൂന്യമായി, ഉണങ്ങിവ

രണ്ടു കിടക്കുന്നു. സ്വർഗ്ഗത്തിൽനിന്ന് കൃപ വർഷിക്കുന്നില്ല. ആത്മാവിന്റെ മഴയില്ലാത്തകാലം! ആത്മാവിൽ വരൾച്ചയുള്ള കാലം! ആത്മാവു വരണ്ടുണങ്ങിയിരിക്കുന്നു. കല്ലിച്ച ഹൃദയങ്ങൾ!

എന്നാൽ ഇന്ന് കർത്താവ് നിങ്ങളോടു പറയുന്നു: മക്കളേ, ഇന്നു ഞാൻ നിങ്ങളെ നോക്കി കരയുന്നു എങ്കിലും നിങ്ങളെ നോക്കി പ്രസാദിക്കത്തക്കവണ്ണം നിങ്ങളുടെ ജീവിതത്തിൽ മാറ്റം വരുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ സ്വഭാവം മാറുവാൻ, നിങ്ങൾ തകർന്നു കരയുന്നവരാകാൻ, നിങ്ങൾ കുറ്റബോധമുള്ളവരായിത്തീരാൻ, അനുതപിക്കുന്നവരായിത്തീരാൻ ഞാൻ ആഗ്രഹിക്കുന്നു. നഷ്ടപ്പെട്ടുപോയ കാലങ്ങളെ ഓർത്ത് നിങ്ങൾ കരയൂ.

അനേകരുടെ ഹൃദയം തഴമ്പിച്ചുപോയിരിക്കുന്നു. ഒന്നും ഏശുന്നില്ല. അഥവാ മുറിഞ്ഞാൽപോലും വേദന വരുന്നില്ല. കാരണം, അവിടെ കുഷ്ഠരോഗം ബാധിച്ചിരിക്കുകയാണ്. കുഷ്ഠരോഗം ബാധിച്ച ശരീരത്തിൽ കത്തികൊണ്ട് മുറിഞ്ഞാൽ പോലും വേദനയില്ല. കാരണം, അവിടെയുള്ള സെൻസേഷൻ നഷ്ടമായിരിക്കുന്നു. എന്തെല്ലാമോ പറയുന്നു, കേൾക്കുന്നു, ഒന്നും ഉള്ളിൽ കടക്കുന്നില്ല. ഉള്ളു കീറുന്നില്ല. ഉള്ളു മുറിയുന്നില്ല.

വചനം കേൾക്കുമ്പോൾ ഉള്ളു മുറിഞ്ഞ അവസരങ്ങൾ ഉണ്ടായിരുന്നില്ലേ? വചനം കേൾക്കുമ്പോൾ പരിസരം മറന്നു കരഞ്ഞ കാലങ്ങൾ! കർത്താവിന്റെ വചനം കേൾക്കാൻ ആർത്തിപൂണ്ട് ഓടിയ കാലങ്ങൾ!

ഇത്രയുംകാലം നിങ്ങൾ നഷ്ടപ്പെടുത്തി എങ്കിലും നിങ്ങൾക്കിന്ന് സത്യം ഗ്രഹിക്കാം. കർത്താവേ, എനിക്ക് ആത്മാവിന്റെ വെളിവു തരണമേ. ആത്മാവിന്റെ പ്രകാശം തരണമേ. തകർന്ന ഹൃദയം തരണമേ. നുറുങ്ങിയ മനസ്സു തരണമേ. തകർന്നതും നുറുങ്ങിയതുമായ ഹൃദയത്തെ ദൈവമേ

നീ നിരസിക്കുന്നില്ലല്ലോ. സത്യമായ അനുതാപം, സത്യമായ പശ്ചാത്താപം തരണമേ, നഷ്ടപ്പെട്ട കാലങ്ങളെയോർത്ത് അനുതപിക്കാനുള്ള കൃപ തരണമേ എന്നു നിങ്ങൾ പ്രാർത്ഥിക്കൂ.

മുന്നോട്ടു നോക്കുമ്പോൾ യെരൂശലേം നഗരത്തിന് വരാൻ പോകുന്ന ശിക്ഷാവിധി കർത്താവു കണ്ടു. അതുകണ്ട് യേശു കരഞ്ഞു. പിന്നിലേക്കു നോക്കുമ്പോൾ യെരൂശലേമിനു ലഭിച്ച നല്ലനല്ല അവസരങ്ങളെ അവർ ഉപയോഗപ്പെടുത്താതെ നഷ്ടപ്പെടുത്തിയല്ലോ എന്നോർത്തു കർത്താവു കരഞ്ഞു. കഴിഞ്ഞ കാലങ്ങളിലേക്ക് നോക്കുമ്പോൾ നഷ്ടപ്പെട്ടുപോയ നല്ല നല്ല അവസരങ്ങൾ! മുന്നിലേക്ക് നോക്കുമ്പോൾ വരാൻ പോകുന്ന മഹാനാശം! ഭയങ്കരമായ ന്യായവിധി!

കർത്താവ്, യെരൂശലേമിന്റെ ഉള്ളിലുള്ള കാര്യങ്ങളിലേക്ക് നോക്കി. അകത്ത് ആത്മീയമായ അജ്ഞത! അറിവുണ്ട് പക്ഷേ, അജ്ഞരാണ്. പ്രാർത്ഥനകൾ അറിയാം. സുന്ദരമായി പ്രാർത്ഥന ഉരുവിടാൻ അറിയാം. യാഗങ്ങൾ കഴിക്കാൻ അറിയാം. പെരുന്നാളുകൾ അറിയാം. യഹോവയുടെ ഉത്സവങ്ങൾ അറിയാം. പക്ഷേ, ആത്മീയമായി അന്ധരാണ്!

Spiritual Ignorance and Blindness!

ആത്മീയമായ അജ്ഞതയും ആത്മീയമായ അന്ധതയും! അക്ഷരത്തിൽ എല്ലാമുണ്ട്. മനോഹരമായ, ആശയസമൃദ്ധമായ ഗീതങ്ങൾ! പൂർവ്വപിതാക്കന്മാർ തന്ന അനുഗൃഹീത പ്രാർത്ഥനകളും സെദറാകളും പ്രെമിയോനുകളുമെല്ലാം അതിമനോഹരമാണ്. എന്തു സുന്ദരമായ ആരാധന! എന്തുമനോഹരമായ ആരാധനാരീതികൾ! പക്ഷേ, ആത്മീയമായ അജ്ഞതയും അന്ധതയും!

*"കാണാത്തവർ കാണ്മാനും കാണുന്നവർ കുരുടർ ആകുവാനും ഇങ്ങനെ ന്യായവിധിക്കായി ഞാൻ*

*ഇഹലോകത്തിൽ വന്നു എന്ന് യേശു പറഞ്ഞു. അവനോടുകൂടെയുള്ള ചില പരീശന്മാർ ഇതു കേട്ടിട്ട് ഞങ്ങളും കുരുടരോ എന്നു ചോദിച്ചു."*

*യോഹന്നാൻ 9 : 39, 40*

ആത്മാവിന്റെ വഴി എന്താണ്? ആത്മാവിന്റെ അവസ്ഥ എന്താണ്? പോകുന്നത് എങ്ങോട്ടാണ്? ഗ്രഹിക്കുന്നില്ല. നരകത്തിലേക്ക് ദ്രുതഗതിയിൽ ഒഴുകിക്കൊണ്ടിരിക്കുന്നത്, നരക ഭീകരതയിലേക്ക് പിശാച് വലിച്ചുകൊണ്ടുപോകുന്നത് അറിയുന്നില്ല.

പ്രിയപ്പെട്ടവരേ, കാര്യം ഗൗരവമാണ്. നല്ല ജ്ഞാനമുണ്ട്. തിയോളജിക്കൽ പാരമ്പര്യമുണ്ട്; തിയോളജിക്കൽ ഡോക്ടറേറ്റ് ഉണ്ട്. ക്രിസ്റ്റോളജി അറിയാം. എന്തിനാണ് കുറവ്? പക്ഷേ, ജ്ഞാനമില്ല. ആത്മീയമായ അന്ധതയിലാണ്.

ഇന്നത്തെ സഭകൾ എങ്ങോട്ടുപോകുന്നു? എല്ലാ സഭകളുടേയും ആരാധനാസമ്പ്രദായം നല്ലതാണ്. എല്ലാ സഭകളുടേയും ആശയം ക്രിസ്തുവിലുള്ള വിശ്വാസമാണ്. "ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക. അതാകുന്നു എന്റെ സുവിശേഷം." എല്ലാ സഭകളുടേയും അടിസ്ഥാനം യേശുക്രിസ്തുവാണ്. പക്ഷേ, ഇന്ന് ക്രിസ്തുവിൽനിന്ന് എത്രയോ ദൂരെയാണ് സഭകൾ നിൽക്കുന്നത്!

ഏതെല്ലാം തരത്തിൽ മനുഷ്യൻ ഇന്ന് അധഃപതിച്ചുപോയിരിക്കുന്നു! പള്ളിയുടെ പേരിലാണ് എല്ലാം നടക്കുന്നത്. സുവിശേഷം പറയുന്നവർപോലും ഇന്ന് അജ്ഞരും അന്ധരുമായിത്തീർന്നിരിക്കുന്നു. ബാഹ്യമായ ചില കാര്യങ്ങളിൽ മാത്രം അവർ തങ്ങിനിൽക്കുന്നു. ആത്മാവിന്റെ ആഴങ്ങളിലേക്ക് പോകുന്നില്ല. മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടിയുള്ളതൊന്നും ചെയ്യുന്നില്ല. മനുഷ്യന്റെ നിത്യരക്ഷയെക്കുറിച്ച് ചിന്തിക്കുന്നില്ല.

നിത്യരക്ഷകനായ ക്രിസ്തുവിനെക്കുറിച്ചോ ക്രിസ്തുതരുന്ന രക്ഷയെക്കുറിച്ചോ ക്രിസ്തുതരുന്ന സ്വർഗ്ഗത്തെക്കുറിച്ചോ പാപംവിട്ടുള്ള ജീവിതത്തെക്കുറിച്ചോ - അത് ചിന്താവിഷയം പോലുമല്ല.

ആകെ, രോഗം മാറുന്നു, അത്ഭുതം നടക്കുന്നു, അത്രയുമേയുള്ളൂ. ചില കാര്യങ്ങൾ ആഗ്രഹിച്ചു. അതിനുവേണ്ടി പ്രാർത്ഥിച്ചു. ഒരു പരിശുദ്ധനോട് പ്രാർത്ഥിച്ചു. ആ പരിശുദ്ധന്റെ ഫോട്ടോ പത്രത്തിൽ ഇടാമെന്ന് പറഞ്ഞു. ഫോട്ടോ പത്രത്തിൽ വന്നു, സന്തോഷമായി. ഉദ്ദിഷ്ടകാര്യലബ്ധിക്ക് ഉപകാരസ്മരണ!

എത്ര താണനിലവാരം! എന്നാൽ മനുഷ്യൻ എങ്ങോട്ടു പോകുന്നു? മനുഷ്യൻ സ്വർഗ്ഗരാജ്യത്തിൽ എത്താൻ എന്താണു ചെയ്യേണ്ടത്? ഒരു ദിവസം മരിക്കുമല്ലോ! അന്ന് ഈ ഭൂമിയിൽനിന്നു കടന്നുപോകണ്ടേ? ഒരുദിവസം നിത്യതയിലേക്ക് ചെല്ലണ്ടേ? നിത്യത നിത്യനരകമായിപ്പോയാൽ എന്തുചെയ്യും? നഷ്ടമല്ലേ? അതൊന്നും ആരും ചിന്തിക്കുന്നില്ല.

> *“അപ്പോൾ അവൻ അരുളിച്ചെയ്തത്: നീ ചെന്ന്, ഈ ജനത്തോടു പറയേണ്ടത്: നിങ്ങൾ കേട്ടു കൊണ്ടിട്ടും തിരിച്ചറികയില്ല; നിങ്ങൾ കണ്ടു കൊണ്ടിട്ടും ഗ്രഹിക്കയുമില്ല. ഈ ജനം കണ്ണു കൊണ്ടു കാണുകയോ ചെവികൊണ്ട് കേൾക്കയോ ഹൃദയംകൊണ്ട് ഗ്രഹിക്കയോ മനസ്സുതിരിഞ്ഞ് സൗഖ്യം പ്രാപിക്കയോ ചെയ്യാതെ ഇരിക്കേണ്ടതിന്ന് നീ അവരുടെ ഹൃദയം തടിപ്പിക്കയും അവരുടെ ചെവി മന്ദമാക്കുകയും അവരുടെ കണ്ണ് അടച്ചുകളകയും ചെയ്ക.”* *യെശയ്യാവ് 6 : 9, 10*

യെശയ്യാ പ്രവാചകന് ദൈവത്തിന്റെ പരിശുദ്ധാത്മാവ് അരുളപ്പാടു കൊടുക്കുകയാണ്. യെശയ്യാവ് ദൈവത്തോടു പറഞ്ഞു: “കർത്താവേ, ഞാൻ പാപിയായ മനുഷ്യൻ. ഞാൻ

ശുദ്ധിയില്ലാത്ത അധരങ്ങളുള്ള മനുഷ്യൻ. ശുദ്ധിയില്ലാത്ത അധരങ്ങളുള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു." ഈ അനുതാപം വന്നപ്പോൾ സ്വർഗ്ഗത്തിലെ മാലാഖ കൊടിൽ കൊണ്ട് ഒരു തീക്കനൽ എടുത്ത് യെശയ്യാവിന്റെ അധരത്തെ തൊട്ടു. "ഇത് നിന്റെ അധരങ്ങളെ തൊട്ടതിനാൽ നിന്റെ അകൃത്യം നീങ്ങി നിന്റെ പാപത്തിന്നു പരിഹാരം വന്നിരിക്കുന്നു" എന്നു പറഞ്ഞു.

തുടർന്ന് ഒരു ശബ്ദം കേൾക്കാം: "ഞാൻ ആരെ അയയ്ക്കേണ്ടു? ആർ നമുക്കുവേണ്ടി പോകും?" യെശയ്യാവു പറഞ്ഞു: "അടിയൻ ഇതാ, അടിയനെ അയയ്ക്കേണമേ." കർത്താവേ, ഞാൻ പോകാം. യെശയ്യാവു സമർപ്പിച്ചു.

കർത്താവു പറയുകയാണ്: നീ സമർപ്പിച്ചു, ശരിയാണ്. നീ എങ്ങോട്ടാണു പോകുന്നത്? തടിപ്പിച്ച ഹൃദയമുള്ള മനുഷ്യരുടെ ഇടയിലേക്ക്; അജ്ഞരായവരുടെ അടുക്കലേക്ക്; അന്ധരായവരുടെ അടുക്കലേക്ക്. സൂക്ഷിച്ചു കൊള്ളണം, നീ പോകുന്നത് വിശ്വാസികളുടെ അടുക്കലേയ്ക്കല്ല. നീ ചെന്നു പറയുന്നുണ്ട്; പക്ഷേ, മനം തിരിയുന്നില്ല. വചനം ധാരാളം കേൾക്കുന്നുണ്ട്; പക്ഷേ, ഹൃദയം തഴമ്പിച്ചിരിക്കുന്നു.

പ്രിയമുള്ളവരേ, ഇതു വായിക്കുമ്പോൾ, എനിക്ക് ചിലതെല്ലാം മാറ്റം വരേണ്ടതുണ്ടല്ലോ എന്നു തന്നത്താൻ മനസ്സിലാക്കുക. എനിക്കുവേണ്ടി സ്ഥലം ഒരുക്കുവാൻ അവൻ പോയിട്ടുണ്ട്. എന്നാൽ ഇന്നത്തെ എന്റെ മനോഭാവം മാറിയിട്ടില്ലെങ്കിൽ ഞാൻ അവിടെ എത്തുകയില്ല. കർത്താവ് എനിക്കുവേണ്ടി ഒരുക്കിയിരിക്കുന്ന ഭവനം അവിടെ ഒഴിഞ്ഞുകിടക്കും. ഇതു സത്യമായ കാര്യമാണ്.

ഇന്നത്തെ ഈ അവസ്ഥയിൽ നിങ്ങൾ ജീവിച്ചാൽ, രോഗം സൗഖ്യമായി എന്നുവരും. ജോലി കിട്ടി എന്നുവരും. വിവാഹം നടന്നു എന്നുവരും. കുഞ്ഞുങ്ങൾ ഉണ്ടായി എന്നുവരും. നല്ല വീടുപണിതു എന്നുവരും. നല്ലനല്ല കാര്യങ്ങൾ

ഭൗതികമായി സാധിച്ചു എന്നു വരും. പക്ഷേ, സ്വഭാവം മാറിയി ല്ലെങ്കിൽ, മനം തിരിയുന്നില്ലെങ്കിൽ നീ ദൈവരാജ്യത്തിൽ എത്തുകയില്ല.

> *"നിങ്ങൾ ചെവികൊണ്ടു കേട്ടിട്ടും ഗ്രഹിക്കാതിരി ക്കും; കണ്ണുകൊണ്ട് കണ്ടിട്ടും കാണാതിരിക്കും; കണ്ണുകൊണ്ടു കാണാതെയും ചെവികൊണ്ടു കേൾക്കാതെയും ഹൃദയംകൊണ്ടു ഗ്രഹിച്ചു മനംതിരിയാതെയും ഞാൻ അവരെ സൗഖ്യമാ ക്കാതെയും ഇരിക്കേണ്ടതിന്ന് ഈ ജനത്തിന്റെ ഹൃദയം തടിച്ചിരിക്കുന്നു. അവരുടെ ചെവി കേൾപ്പാൻ മന്ദമായിരിക്കുന്നു; അവരുടെ കണ്ണ് അടച്ചിരിക്കുന്നു എന്ന് ഈ ജനത്തിന്റെ അടുക്കൽ പോയി പറക." അപ്പൊ. പ്രവൃത്തികൾ 28 : 26, 27*

പ്രിയപ്പെട്ടവരേ, നിങ്ങൾ ചിന്തിക്കുക: എന്റെ അവസ്ഥ എന്താണ്? ഞാൻ ആത്മീയമായി അജ്ഞതയിലാണോ? എനിക്ക് ഒരു സത്യവെളിവ് കിട്ടിയിട്ടുണ്ടോ? എന്റെ ഉള്ള ത്തിൽ സാക്ഷാലുള്ള വെളിച്ചം വന്നുവോ? ക്രിസ്തുവിന്റെ പ്രകാശം എന്റെ ഹൃദയത്തിൽ ഉദിച്ചുവോ? എന്റെ സ്വഭാവ ത്തിൽ ഇനിയും മാറ്റം വരേണ്ടത് എന്തെല്ലാമെന്ന് ഞാൻ കണ്ടു പിടിച്ച് അതിനു മാറ്റം വരുത്താൻ ഞാൻ പദ്ധതി തുടങ്ങിയോ? ഒരു സത്യമായ മനം തിരിവിലേക്ക്, ഒരു മാനസാന്തരത്തി ലേക്ക് ഞാൻ വന്നുവോ?

പ്രിയപ്പെട്ടവരേ, നിങ്ങളുടെ ജീവിതത്തിലെ സത്യമായ അവസ്ഥ കാണാൻ നിങ്ങളുടെ കണ്ണു തുറന്നുകിട്ടട്ടെ. ഇല്ലെ ങ്കിലോ നിങ്ങൾ നാശത്തിലേക്കു പോകുന്നു.

യെരൂശലേമിനെ നോക്കി യേശു കരയുകയാണ്. നിന്നെ എന്റെ പക്കൽ ചേർത്തുകൊള്ളുവാൻ എത്രവട്ടം മനസ്സായിരു ന്നു. നിങ്ങളെ ചേർക്കുവാൻ എനിക്ക് ആഗ്രഹമായിരുന്നു. നിങ്ങളെ സ്വീകരിപ്പാൻ എനിക്കു മനസ്സായിരുന്നു. അതിനു

വേണ്ടിയാണല്ലോ ഞാൻ വന്നത്.

സഹോദരങ്ങളേ, കർത്താവായ യേശു തിരുരക്തം ചിന്തിയത് നമ്മെ നരകത്തിൽനിന്ന് വീണ്ടെടുത്ത് സ്വർഗ്ഗത്തിലാക്കുവാനാണ്. പാപത്തിന്റെ ശിക്ഷ നമ്മിൽ നിന്ന് ഒഴിവാക്കി കർത്താവായ യേശുവിന്റെ രാജ്യത്തിൽ നമുക്ക് അവകാശം തരുവാനാണ്. കർത്താവ് കുരിശിലൊഴുക്കിയ രക്തം പാപക്കറ കഴുകാൻ മതിയായതാണ്. ഇന്നുവരെയും ഏതെല്ലാം തരത്തിലുള്ള അനീതികളിലാണ്, അഴിമതികളിലാണ് കുടുങ്ങിപ്പോയത്?

കൈക്കൂലി വാങ്ങിപ്പോയി. അഴിമതിക്കു കൂട്ടുനിന്നുപോയി. കള്ളത്തരം ചെയ്തുപോയി. നമുക്കവകാശപ്പെടാത്ത പൈസ കൈവശം വച്ചുപോയി. അർഹതയില്ലാത്തത് ദൈവം ആഗ്രഹിക്കാത്തരീതിയിൽ ചെലവഴിച്ചുപോയി. ഈ ശരീരം അശുദ്ധിക്ക് വിട്ടുകൊടുത്തുപോയി; ദുരാത്മാക്കൾക്ക് വിട്ടുകൊടുത്തുപോയി. ഓരോ അവയവത്തിലും ദുരാത്മാക്കൾ വാസം ചെയ്യുന്നു. എന്തുകൊണ്ട്? പാപം മൂലം.

ഇത് വായിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ വേണമെങ്കിൽ നിങ്ങൾക്ക് അന്ധത മാറിക്കിട്ടും. അജ്ഞത മാറിക്കിട്ടും. നീതിസൂര്യൻ നിങ്ങളുടെ ഹൃദയത്തിൽ ഉദിക്കും. യേശു നിങ്ങളുടെ അരികത്തുകൂടെ മന്ദം മന്ദം വരുന്നുണ്ട്. അവൻ നിങ്ങളുടെ ഹൃദയത്തിലേക്ക് ഉറ്റു നോക്കുന്നുണ്ട്.

നിങ്ങൾക്ക് സൗഖ്യം പ്രാപിപ്പാൻ, അനുഗ്രഹം പ്രാപിപ്പാൻ വിശ്വാസമുണ്ടോ എന്നു കർത്താവ് നോക്കുന്നു. നിന്റെ ജീവിതത്തിൽ മനംതിരിവ് വരുന്നുണ്ടോ, നീ എളിമപ്പെട്ടു വരുന്നുണ്ടോ, ഹൃദയം തകരുന്നുണ്ടോ എന്ന് കർത്താവു നോക്കുന്നു. അജ്ഞതമാറി വിജ്ഞാനം ലഭിക്കുവാൻ, അന്ധകാരം മാറി പ്രകാശം വരുവാൻ കർത്താവ് നിന്നെക്കുറിച്ചാഗ്രഹിക്കുന്നു.

നിങ്ങൾ പ്രാർത്ഥിക്കുക: കർത്താവേ, ഇത്രയും കാലം അന്ധവിശ്വാസങ്ങൾക്ക് അടിമപ്പെട്ട് ഞാൻ ജീവിച്ചുപോയി. നല്ലനല്ലകാലങ്ങൾ നഷ്ടപ്പെടുത്തിക്കളഞ്ഞു. ഇന്ന് ഞാനിതാ മനംതിരിഞ്ഞ് നിന്റെ സന്നിധിയിലേക്ക് വരുന്നു. എന്നെ നീ കൈക്കൊള്ളണമേ. എന്നെ സ്വീകരിക്കണമേ. എന്റെ പാപങ്ങൾ ക്ഷമിക്കണമേ. യേശുവേ, നിന്റെ തിരുവിലാവിൽ നിന്നൊഴുകിയ തിരുരക്തത്താൽ എന്നെ കഴുകണമേ. നിന്റെ തിരുരക്തത്താൽ എന്നെ വിശുദ്ധീകരിക്കണമേ.

## നാല്

*"യെഹൂദന്മാരുടെ പെസഹ സമീപം ആകകൊണ്ടു യേശു യെരൂശലേമിലേക്കു പോയി. ദൈവാലയത്തിൽ കാള, ആട്, പ്രാവ് എന്നിവയെ വില്ക്കുന്നവരെയും അവിടെ ഇരിക്കുന്ന പൊൻവാണിഭക്കാരെയും കണ്ടിട്ട് കയറുകൊണ്ട് ഒരു ചമ്മട്ടി ഉണ്ടാക്കി ആടുമാടുകളോടും കൂടെ എല്ലാവരെയും ദൈവാലയത്തിൽനിന്നു പുറത്താക്കി. പൊൻ വാണിഭക്കാരുടെ നാണ്യം തൂകിക്കളഞ്ഞു മേശകളെ മറിച്ചിട്ടു; പ്രാവുകളെ വിൽക്കുന്നവരോട്: ഇത് ഇവിടെനിന്നു കൊണ്ടുപോകുവിൻ; എന്റെ പിതാവിന്റെ ആലയത്തെ വാണിഭശാല ആക്കരുത് എന്നുപറഞ്ഞു."*

*യോഹന്നാൻ 2 : 13 – 16*

ആത്മീയം കച്ചവടമാക്കാനുള്ളതല്ല. ഇത് വാണിഭശാലയാക്കരുത്. എന്റെ പിതാവിന്റെ ആലയം കള്ളന്മാരുടെ ഗുഹയാക്കിത്തീർത്തിരിക്കുന്നല്ലോ. കർത്താവു സങ്കടത്തോടെ പറഞ്ഞു. ആട്, കാള, പ്രാവ് എന്നിവയെ കൊണ്ടുവന്നിരിക്കുന്നത് യാഗത്തിനു വരുന്ന ആളുകൾക്കു കൊടുക്കാനാണ്. ജനം പൈസകൊടുത്ത് ആടുകളെ വാങ്ങും. ആടിനെകണ്ടിട്ട് 'ഊനമില്ലാത്തത്' എന്ന് പുരോഹിതന്റെ സർട്ടിഫിക്കറ്റില്ലെങ്കിൽ ആ യാഗം ദൈവം പ്രസാദിക്കയില്ല എന്നാണ് ജനത്തെ ധരിപ്പിച്ചു വച്ചിരിക്കുന്നത്.

ഉദാഹരണത്തിന് 500 രൂപയുടെ ഒരു ആടിനെയുംകൊണ്ട്

ഒരാൾ പുരോഹിതന്റെ അടുക്കൽ ചെല്ലുന്നു. പുരോഹിതൻ പറയുന്നു: “ഈ ആടിന് ഊനമുണ്ട്. ഊനമില്ലാത്ത ആടിനെ കൊണ്ടുവരൂ. ഈ പള്ളിപ്പറമ്പിൽ തന്നെ നല്ലതുണ്ടല്ലോ.” ഈ പാവം മനുഷ്യൻ 500 രൂപയുടെ ആടിനെ കടയിൽ കൊണ്ടു പോയി കൊടുക്കുന്നു. ഊനമുള്ളതല്ലേ, അൻപതോ നൂറോ കിട്ടിയാൽ ആയി.

എന്നിട്ട് 1000 രൂപയുടെ ആടിനെ വാങ്ങിക്കുന്നു. അതിനെ പുരോഹിതനെ കാണിക്കുന്നു. സർട്ടിഫിക്കറ്റ് കൊടുക്കുന്നതിന് ആ 1000 രൂപയുടെ ഒരു അംശം പുരോഹിത നാണ്. അതൊരു ഒത്തുകച്ചവടമാണ്. ദൈവത്തിന്റെ ആലയ ത്തിലാണ് ഇതെല്ലാം നടക്കുന്നത്. ഇത് കർത്താവിനറിയാം. ദൈവത്തിന്റെ വിശുദ്ധമായ ആലയത്തിൽ അന്യായം നടക്കു ന്നു. കർത്താവു കരഞ്ഞു. ചുറ്റും നോക്കിയപ്പോൾ എല്ലാ ആത്മീയ പ്രസ്ഥാനങ്ങളും ഉണ്ട്. പക്ഷേ, എല്ലാം കള്ളന്മാരുടെ ഗുഹയായിത്തീർന്നിരിക്കുന്നു.

നാണയം കൈമാറ്റം ചെയ്യുന്നവരുണ്ട്. റോമൻ നാണയ മാണ് അവിടെ സ്വീകാര്യം. പക്ഷേ, അവർക്കു യഹൂദന്മാരുടെ നാണയമുണ്ട്. ഈ നാണയം കൈമാറ്റം ചെയ്യുന്നതിനും ഉണ്ട് പുരോഹിതന് ഒരു ഓഹരി. റോമൻ നാണയവും യഹൂദന്മാ രുടെ നാണയവും തമ്മിൽ exchange ചെയ്യുന്നു. അതിൽക്കൂടി വലിയ ലാഭമുണ്ടാക്കുന്നു. കർത്താവ് ഒരു ചാട്ടവാർ എടുത്തു കൊണ്ട് ജനത്തിന്റെ ഇടയിലേക്ക് ചെന്നു.

> *“പിന്നെ അവൻ ദൈവാലയത്തിൽ ചെന്നു വില്ക്കുന്നവരെ പുറത്താക്കിത്തുടങ്ങി: എന്റെ ആലയം പ്രാർത്ഥനാലയം ആകും എന്നു എഴുതി യിരിക്കുന്നു; നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹ ആക്കിത്തീർത്തു എന്നു അവരോടു പറഞ്ഞു.”*
>
> *ലൂക്കോസ് 19 : 45, 46*

കർത്താവ് നാണയം കൈമാറ്റം ചെയ്യുന്നവരുടെ പീഠ

ങ്ങൾ മറിച്ചുകളഞ്ഞു. ആടുകളെ എല്ലാം വടിചുഴറ്റി പേടിപ്പിക്കയല്ലാതെ അവയെ അടിച്ചില്ല. നിങ്ങൾ പ്രാവുകളെ ഇവിടെനിന്നു കൊണ്ടുപോകുവിൻ എന്നു പറഞ്ഞതേയുള്ളൂ, കർത്താവ് ആർക്കും നഷ്ടം വരുത്തിയില്ല.

ജീവനുള്ള ദൈവം യെരൂശലേമിനെ നോക്കി കരഞ്ഞു. കാരണം, അവിടെ നടക്കുന്ന അഴിമതികൾ കർത്താവ് കണ്ടു. കർത്താവിനു സഹിക്കുമായിരുന്നില്ല. അസഹ്യമായ വേദനയോടെ കർത്താവ് അതിനെ ശാസിച്ചു. ഇവയെല്ലാം ഇവിടെ നിന്നു കൊണ്ടുപോകുവിൻ എന്നുപറഞ്ഞ് എല്ലാം പുറത്താക്കിക്കളഞ്ഞു. ദൈവാലയത്തെ വിശുദ്ധീകരിച്ചു.

ഈ ദൈവാലയം ഏതാണ്? നിങ്ങളുടെ ഹൃദയമാണ്. പരിശുദ്ധാത്മാവിന്റെ കുടിയിരിപ്പുഭവനമാണ് നമ്മുടെ ശരീരവും ഹൃദയവും. ഈ ഹൃദയത്തിൽ പരിശുദ്ധാത്മാവ് കുടിയിരിക്കുന്നു. പരിശുദ്ധാന്മാവ് അധിവസിക്കുന്നു.

ഈ ഹൃദയത്തെ അശുദ്ധമാക്കരുത്. ഇവിടെ അഴിമതി നടക്കാൻ പാടില്ല. ഇവിടെ അശുദ്ധി പറ്റാൻ പാടില്ല. ഇവിടെ തിന്മ വരാൻ പാടില്ല. ദ്രവ്യാഗ്രഹം വരാൻ പാടില്ല. അഹങ്കാരം വരാൻ പാടില്ല. സ്വയമഹത്വം വരാൻ പാടില്ല. താഴ്മയാണ് വരേണ്ടത്. എളിമയാണു വരേണ്ടത്. എപ്പോഴും വിശുദ്ധിയാണു വരേണ്ടത്. ഇവിടെ സ്നേഹമാണ് കത്തിജ്ജ്വലിക്കേണ്ടത്.

ഇന്ന് നമ്മുടെ ഹൃദയം ശുദ്ധമാണോ എന്നു നോക്കുക. കൺവൻഷനുകളുണ്ട്. പ്രസംഗങ്ങളുണ്ട്. പ്രാർത്ഥനകളുണ്ട്. ഒന്നിനും കുറവില്ല. പക്ഷേ, അകം നോക്കിയാൽ ചീഞ്ഞിരിക്കുന്നു. അകം മുഴുൻ തിന്മയായിരിക്കുന്നു. അശുദ്ധി നടമാടുന്നു. നമ്മുടെ ഹൃദയത്തെ വിശുദ്ധമാക്കുക. നമ്മുടെ ജീവിതത്തെ വിശുദ്ധമാക്കുക.

കർത്താവേ, എന്റെ ഹൃദയം അശുദ്ധമാണ്. എന്റെ ഹൃദയത്തിൽ നിർമ്മല സ്നേഹമില്ല. എന്റെ ഹൃദയത്തിൽ

സ്വാർത്ഥതയുണ്ട്, ദ്രവ്യാഗ്രഹമുണ്ട്, അഹങ്കാരമുണ്ട്. എനിക്കു നന്മ എന്നു പറയാൻ ഒന്നുമില്ല. അത് നിങ്ങൾ തന്നെത്താൻ കണ്ടെത്തണം. ഞാൻ നന്മ പറയുമ്പോഴും എന്റെ ഹൃദയ ത്തിൽ തിന്മയുണ്ട് എന്ന് ഞാൻ തന്നെ കണ്ടുപിടിക്കണം. ഇതാണ് എന്റെ അവസ്ഥ എന്ന് കർത്താവിനോടു പറയുക.

കർത്താവേ, അവിടുത്തെ തിരുവിലാവിലെ രക്തത്താൽ എന്റെ ഹൃദയത്തെ നീ കഴുകണമേ. കർത്താവേ, ഒരു വാക്കു ഞാൻ നിന്നോടു പറയുന്നു. ഇനിമേൽ പാപം എന്നെ തൊടുക യില്ല, അക്കാര്യം ഉറപ്പാണ്. അപ്പോൾ കർത്താവിന്റെ തിരു രക്തം നമ്മെ ശുദ്ധീകരിക്കും.

യെരൂശലേം ദൈവാലയത്തിനകത്ത് അഴിമതി നടക്കു ന്നു. അകത്ത് കൊള്ളകൾ നടക്കുന്നു. തിന്മ നടമാടുന്നു. പക്ഷേ, പുറമെ അതൊന്നും കാണാനില്ല.

> *"ആറാം ആണ്ട് ആറാം മാസം അഞ്ചാം തീയ്യതി, ഞാൻ വീട്ടിൽ ഇരിക്കയും യെഹൂദാമൂപ്പന്മാർ എന്റെ മുമ്പിൽ ഇരിക്കയും ചെയ്തപ്പോൾ അവിടെ യഹോവയായ കർത്താവിന്റെ കൈ എന്റെമേൽ വന്നു. അപ്പോൾ ഞാൻ മനുഷ്യസാദൃശ്യത്തിൽ ഒരു രൂപം കണ്ടു; അവന്റെ അരമുതൽ കീഴോട്ടു തീപോലെയും അരമുതൽ മേലോട്ടു ശുക്ലസ്വർണ്ണ ത്തിന്റെ പ്രഭപോലെയും ആയിരുന്നു. അവൻ കൈപോലെ ഒന്നുനീട്ടി എന്നെ തലമുടിക്കു പിടി ച്ചു; ആത്മാവ് എന്നെ ഭൂമിയുടെയും ആകാശ ത്തിന്റെയും മദ്ധ്യേ ഉയർത്തി ദിവ്യദർശനങ്ങളിൽ യെരൂശലേമിൽ വടക്കോട്ടുള്ള അകത്തെ വാതിൽക്കൽ കൊണ്ടുചെന്നു; അവിടെ തീക്ഷ്ണത ജനിപ്പിക്കുന്ന തീക്ഷ്ണതാ ബിംബത്തിന്റെ ഇരി പ്പിടം ഉണ്ടായിരുന്നു." യെഹെസ്ക്കേൽ 8 : 1 – 3*

പ്രവാചകനായ യെഹസ്ക്കേലിനെ ദൈവത്തിന്റെ

ആത്മാവ് തലമുടിക്കുപിടിച്ച് ഉയർത്തിക്കൊണ്ടുപോയി. യെരൂശലേം ദൈവാലയത്തിന്റെ അകത്തു നടക്കുന്ന കാര്യങ്ങൾ എന്താണെന്ന് കാണിച്ചുകൊടുത്തു. ദൈവാലയം മനോഹരമാണ്. പക്ഷേ, ഉള്ളിൽ നടക്കുന്ന കാര്യങ്ങൾ കാണുമ്പോൾ പ്രവാചകൻ അമ്പരക്കുകയാണ്.

അവിടെ തീക്ഷ്ണതാബിംബത്തിന്റെ ഇരിപ്പിടമുണ്ടായിരുന്നു. അവിടെ വിഗ്രഹാരാധന നടക്കുകയാണ്. പുറമെ നോക്കുമ്പോൾ വലിയ തീക്ഷ്ണതയാണ്. ദൈവവേലയിൽ ഉത്സാഹമാണ്. പക്ഷേ, അകത്ത് ഒന്നുമില്ല. അകത്ത് സ്നേഹമില്ല. പുറമെ തന്നെത്തന്നെ കാണിക്കാനുള്ള തീക്ഷ്ണതയാണ്. മനുഷ്യരുടെ മുമ്പിൽ വിളങ്ങാനുള്ള, ആളുകളുടെ ബഹുമതി കിട്ടാനുള്ള തീക്ഷ്ണതയാണ്. അതിനപ്പുറം ദൈവനാമം മഹത്വപ്പെടണം എന്ന തീക്ഷ്ണതയില്ല.

ചില ബിംബങ്ങളിൽ, ചില ആരാധനാവിഷയങ്ങളിൽ തീക്ഷ്ണതയുണ്ട്. ഇന്ന് വിശുദ്ധകുർബ്ബാനയേക്കാൾ വലുതായി കാണുന്നത് മദ്ധ്യസ്ഥപ്രാർത്ഥനയെയാണ്. മെഴുകുതിരി കത്തിച്ചുപിടിച്ചുകൊണ്ടു നിന്നു പ്രാർത്ഥിക്കുക. അത് വലിയ കാര്യമായിട്ടാണ് ആളുകൾ കാണുന്നത്. വിശുദ്ധകുർബ്ബാന, കൂദാശകളിൽ ഒന്നാണ്. എന്നാൽ മദ്ധ്യസ്ഥപ്രാർത്ഥന അങ്ങനെയല്ല.

ബഹുമാനപ്പെട്ട അച്ചന്മാർക്ക് വരുമാനമില്ലാതിരുന്ന കാലത്ത്, കോതമംഗലം ഇട്ടിയവിര മല്പാനച്ചൻ എഴുതിയുണ്ടാക്കിയതാണ് മദ്ധ്യസ്ഥ പ്രാർത്ഥന. ഇന്ന് ഇതൊരു വിഗ്രഹസേവപോലെ ആയിക്കഴിഞ്ഞിരിക്കുന്നു.

യേശുക്രിസ്തുവിനെയാണ് ആരാധിക്കേണ്ടത്. യേശുക്രിസ്തുവിനെയാണ് ഭജിക്കേണ്ടത്. ആരാധ്യപുരുഷൻ യേശുക്രിസ്തു മാത്രമാണ്. എന്നാൽ ഇന്ന് മദ്ധ്യസ്ഥപ്രാർത്ഥന എന്നു പറയുന്ന ചടങ്ങുമൂലം മനുഷ്യരെ വേറെ വഴിയിലേക്ക്, അരുതാത്ത വഴികളിലേക്ക് നയിച്ചുകൊണ്ടു പോകുന്നു.

സഭയിൽ ഇല്ലാതിരുന്ന നോമ്പാണ് എട്ടുനോമ്പ്. അടുത്ത കാലത്ത് എട്ടുനോമ്പ് ഏറ്റവും പ്രധാനപ്പെട്ട നോമ്പായി മാറിയിരിക്കുന്നു. വിഗ്രഹാരാധനയിലേക്ക് ജനങ്ങളെ വഴിനടത്തിക്കൊണ്ടു പോകുകയാണ്. അതിന്റെ പിന്നിൽ ഒരു സ്വാർത്ഥലാഭമുണ്ട്. ബഹുമാനപ്പെട്ട പട്ടക്കാർക്കു പൈസകിട്ടുന്ന ലാഭം. എല്ലാദിവസവും വലിയ ആഘോഷമാണ്. ചില പള്ളികളിൽ എട്ടുനോമ്പിന് വലിയ പ്രാധാന്യമാണ്. ആ പള്ളിയിൽ പോയി എട്ടുനോമ്പെടുത്താൽ എല്ലാം സാധിച്ചുകിട്ടും എന്നാണ് വിശ്വാസം. ഉദ്ദിഷ്ടകാര്യം സാധിക്കും!

പ്രിയപ്പെട്ടവരേ, ഏതെല്ലാം തരത്തിൽ പാവങ്ങളെ വശീകരിക്കുന്ന കാര്യങ്ങളാണ് നടക്കുന്നത്. പ്രാർത്ഥനാലയമാണെങ്കിലും അകത്ത് കള്ളന്മാരുടെ ഗുഹയായിത്തീർന്നിരിക്കുന്നു. വിഗ്രഹാരാധന നടക്കുന്നു.

> *"അവൻ എന്നെ യഹോവയുടെ ആലയത്തിൽ വടക്കോട്ടുള്ള വാതിലിന്റെ പ്രവേശനത്തിങ്കൽ കൊണ്ടുപോയി; അവിടെ സ്ത്രീകൾ തമ്മൂസിനെക്കുറിച്ചു കരഞ്ഞുംകൊണ്ട് ഇരിക്കുന്നത് ഞാൻ കണ്ടു."* *യെഹസ്കേൽ 8 : 14*

തമ്മൂസിനെക്കുറിച്ച് കരഞ്ഞുകൊണ്ടിരിക്കുന്നു. തമ്മൂസ് immorality -യുടെ, അസാന്മാർഗ്ഗികത്വത്തിന്റെ ദേവനാണ്. വ്യഭിചാരജീവിതത്തിന്റെ ദേവനാണ്. അതിനെക്കുറിച്ച് സ്ത്രീകൾ കരയുന്നു. എത്ര അധഃപതിച്ചു പോയിരിക്കുന്നു! പള്ളിയുടെ അകത്തു നടക്കുന്ന കാര്യങ്ങളാണ്.

പുറമെ നോക്കിയാൽ കാണുകയില്ല. പള്ളിമേടയിലാണ് അസാന്മാർഗ്ഗികത്വം. പള്ളിമേടയിൽ തിന്മകൾ നടമാടുന്നു. കള്ളത്തരങ്ങൾ നടമാടുന്നു. കൊള്ളകൾ നടക്കുന്നു. മറ്റുള്ളവരെക്കുറിച്ചുള്ള കുറ്റപ്പെടുത്തലുകൾ നടക്കുന്നു. നിർമ്മല സുവിശേഷത്തെ, നിത്യനായ ദൈവത്തിന്റെ കാര്യപരിപാടിയെ എതിർക്കുകയും അതിനെ പരിഹസിക്കുകയും കുറ്റപ്പെ

ടുത്തുകയും ചെയ്യുന്നു. അതിനെതിരെ കല്പനകൾ പുറപ്പെടുവിക്കാൻ മടിയില്ല. എല്ലാം ദൈവവചനത്തിൽ മുൻകൂട്ടി എഴുതിയിട്ടുണ്ട്.

> *"അവൻ എല്ലാറ്റിന്നും മേലായി തന്നത്താൻ മഹത്വീകരിക്കയാൽ തന്റെ പിതാക്കന്മാരുടെ ദേവന്മാരെയും സ്ത്രീകളുടെ ഇഷ്ടദേവനെയും യാതൊരു ദേവനെയും കൂട്ടാക്കുകയില്ല."*
> *ദാനീയേൽ 11 : 37*

സ്ത്രീകളുടെ ഇഷ്ടദേവൻ. സ്ത്രീകൾക്ക് ഇഷ്ടദേവനായിട്ട് തമ്മൂസുണ്ട്. ആ കാലത്ത് സ്ത്രീകൾ ഈ ദേവനെ ഭജിച്ചാണ് മക്കളുണ്ടാകുന്നത്. ഈ ദേവനെ ഭജിച്ചാണ് വിവാഹം നടക്കുന്നത്. പാവപ്പെട്ടവരെ കബളിപ്പിക്കാനുള്ള തന്ത്രങ്ങളാണിതെല്ലാം. സാധുക്കൾ ചെന്ന് നേർച്ചയിടും. വഴിപാടു കഴിക്കും. അങ്ങനെ പള്ളിയിലേക്ക് സമ്പത്തു വർദ്ധിക്കും. കൊണ്ടുവാ, കൊണ്ടുവാ എന്നേ പറയുന്നുള്ളൂ. കൊടുക്കുക കൊടുക്കുക എന്ന് പറയുന്നില്ല. എല്ലാ ഞായറാഴ്ചയും പിരിവുകളാണ്.

> *"അങ്ങനെ ഞാൻ അകത്തു ചെന്നു: വെറുപ്പായുള്ള ഓരോ തരം ഇഴജാതികളെയും മൃഗങ്ങളെയും യിസ്രായേൽഗൃഹത്തിന്റെ സകല വിഗ്രഹങ്ങളെയും ചുറ്റും ചുവരിന്മേൽ വരച്ചിരിക്കുന്നതു കണ്ടു."* *യെഹെസ്ക്കേൽ 8 : 10*

വിഗ്രഹങ്ങളെ ചുവരിന്മേൽ വരച്ചിരിക്കുന്നു. ദൈവത്തെയല്ല സേവിക്കുന്നത്, വിഗ്രഹങ്ങളെയാണ്. എല്ലാ ചുവരുകളിലും വിഗ്രഹങ്ങൾ സ്ഥാപിച്ചിരിക്കുന്നു. സത്യദൈവത്തെയല്ല അവർ ആരാധിക്കുന്നത്.

ഇന്ന് മിഥ്യയായ ആരാധനകളിലേക്ക് പാവപ്പെട്ട മനുഷ്യർ വശീകരിക്കപ്പെടുന്നു. ചുറ്റും നോക്കുമ്പോൾ നടക്കുന്നത് അഴിമതിയാണ്. യെരൂശലേമിനെ നോക്കി കർത്താവു കര

ഞ്ഞു.

ഇന്ന് കർത്താവായ യേശു നമ്മെ നോക്കി കരയുന്നുണ്ടോ? എന്നെ നോക്കി കരയുന്നുണ്ടോ? എന്റെ അല്പവിശ്വാസം കണ്ട് കരയുന്നുണ്ടോ? എന്റെ അവിശ്വാസം കണ്ട് കരയുന്നുണ്ടോ? സത്യവിശ്വാസം നഷ്ടപ്പെട്ട് അന്ധവിശ്വാസത്തിലും അബദ്ധാചാരങ്ങളിലും ഞാൻ കുടുങ്ങിപ്പോയതുകണ്ട് കർത്താവ് കരയുന്നുണ്ടോ?

പള്ളിക്ക് മുത്തുക്കുട കൊടുത്താൽ എല്ലാം സാധിച്ചു കിട്ടും എന്നു വിചാരിക്കുന്ന ആളുകളുണ്ട്. പള്ളിക്കുചുറ്റും മുട്ടുകുത്തി നടന്നാൽ എല്ലാ അനുഗ്രഹങ്ങളും കിട്ടും എന്നു വിചാരിക്കുന്ന ആളുകളുണ്ട്. കബറിടത്തിനുചുറ്റും മുട്ടുകുത്തി നടന്നാൽ, കബറിടത്തിൽ മെഴുകുതിരി കത്തിച്ചാൽ അനുഗ്രഹം കിട്ടും എന്നു വിചാരിക്കുന്ന ആളുകളുണ്ട്!

പ്രിയമുള്ളവരേ, മെഴുകുതിരി കത്തിച്ചാൽ ഉണ്ടാകുന്ന വെളിച്ചമല്ല സാക്ഷാൽ വെളിച്ചം. ന്യൂഹെബ്രിഡ്സ് എന്ന ഒരു ദ്വീപുണ്ട്. അവിടെ പീറ്റർ മിൽനെ എന്നു പറയുന്ന മിഷനറി കടന്നു ചെന്നു. പീറ്റർ മിൽനെ അവിടെ ചെല്ലുമ്പോൾ ആ നാട്ടിൽ മുഴുവൻ അന്ധവിശ്വാസം കൊടുമ്പിരിക്കൊണ്ടിരിക്കയാണ്. അന്ധവിശ്വാസത്തെക്കുറിച്ചും അബദ്ധാചാരങ്ങളെക്കുറിച്ചും മനസ്സിലാക്കിക്കൊടുത്തുകൊണ്ട് അദ്ദേഹം അവിടെ സുവിശേഷവേല ചെയ്തു. അദ്ദേഹം മരിച്ചപ്പോൾ ശവകുടീരത്തിന്മേൽ അവർ എഴുതിവച്ചു: “When he came, there was no light; When he died, there was no darkness.”

“അദ്ദേഹം വന്നപ്പോൾ ആ ദേശത്ത് വെളിച്ചമുണ്ടായിരുന്നില്ല. അദ്ദേഹം മരിച്ചപ്പോൾ ആ ദേശത്ത് ഇരുൾ ഉണ്ടായിരുന്നില്ല.”

നിർമ്മല സുവിശേഷം ഒരിടത്തു വ്യാപിച്ചാൽ ഇരുട്ട് പോകും. എന്താണ് സുവിശേഷം? സുവിശേഷം ക്രിസ്തുവാണ്. യേശുക്രിസ്തു ജനിച്ചു, യേശുക്രിസ്തു ക്രൂശിൽ മരിച്ചു,

യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റു, യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തു, യേശുക്രിസ്തു വീണ്ടും വരും. ഇതാണ് സുവിശേഷം.

ക്രിസ്തു ജീവിക്കുന്നു! എന്റെ വേദന കാണാൻ, നിന്റെ വേദന കാണാൻ ക്രിസ്തു ജീവിക്കുന്നു. മകളേ, നിന്റെ ഹൃദയത്തിലെ ദുഃഖം കാണാൻ ക്രിസ്തു ജീവിക്കുന്നു. ക്രിസ്തു ഒരു വ്യക്തിയാണ്. വെറുമൊരു ഊഹമല്ല. ക്രിസ്തു ഒരു തോന്നലല്ല. ക്രിസ്തു ഒരു രൂപമല്ല. ക്രിസ്തു വാസ്തവമായും ഒരു വ്യക്തിയാണ്. He is a person! യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു!

പ്രതിസന്ധികൾ വരുമ്പോൾ കർത്താവിങ്കലേക്കുനോക്കുക. കർത്താവേ, എനിക്കൊരു സമാധാനം തരണമേ. ക്രൂശിൽ മരിച്ച ക്രിസ്തു മന്ദം മന്ദം നിങ്ങളുടെ അരികിലേക്കു വരുന്നത് നിങ്ങൾക്കനുഭവിക്കാം. നിങ്ങളുടെ കുഞ്ഞിനു രോഗമായി വിഷമിച്ചുകഴിയുന്ന സമയത്ത് നിങ്ങൾ കരഞ്ഞു പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ കർത്താവു നിങ്ങളുടെ അരികത്തുവന്നു നിങ്ങളോടു പറയുന്നു: “മോളേ, നിന്റെ കുഞ്ഞിന്റെമേൽ ഞാൻ തൊട്ടിരിക്കുന്നു.” കർത്താവ് ആശ്വസിപ്പിക്കുന്നത് നിങ്ങൾ അനുഭവിക്കുന്നു. അല്പം കഴിയുമ്പോൾ കുഞ്ഞിന്റെ പനി മാറുന്നു. ഇതാണ് യേശു പ്രവർത്തിക്കുന്നു എന്നു പറയുന്നത്. ഇതെല്ലാം സത്യമാണ്. നിങ്ങൾ വിശുദ്ധരായി നിന്നാൽ ചോദിക്കുന്നതെല്ലാം കർത്താവ് തരും.

> *“യഹോവയിൽ ആശ്രയിച്ചു നന്മചെയ്ക; ദേശത്തു പാർത്തു വിശ്വസ്തത ആചരിക്ക; യഹോവയിൽതന്നേ രസിച്ചുകൊൾക; അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കുതരും. നിന്റെ വഴി യഹോവയെ ഭരമേല്പിക്ക; അവനിൽതന്നേ ആശ്രയിക്ക; അവൻ അതു നിർവ്വഹിക്കും.”*
>
> *സങ്കീർത്തനങ്ങൾ 37 : 3 – 5*

കർത്താവേ, ഇത്രയും കാലം ഞാൻ നന്മചെയ്തില്ല. തിന്മയാണ് ചെയ്തുപോയത്. ഞാൻ നുണപറഞ്ഞിട്ടുണ്ട്. മറ്റുള്ളവരെ വിധിച്ചിട്ടുണ്ട്. മറ്റുള്ളവരോട് വൈരാഗ്യം പുലർത്തിയിട്ടുണ്ട്. അസൂയയും കോപവും വന്നിട്ടുണ്ട്. തെറ്റുകൾ പറ്റിപ്പോയിട്ടുണ്ട്. കർത്താവേ, ഇനി ഞാൻ നന്മചെയ്തുകൊള്ളാം. ഇനി തിന്മ വരികയില്ല. എന്റെ ദേശത്ത് ഞാൻ യഹോവയിൽ ആശ്രയിച്ചുനിൽക്കും. സത്യദൈവത്തിൽ ആശ്രയിച്ചു ജീവിക്കും. ഞാൻ ഇന്നുമുതൽ ഒരു പുതിയ മനുഷ്യനായി ജീവിക്കും.

കർത്താവേ, ഇതുവരെയും വിശ്വസ്തനായിരുന്നില്ല. ഞാൻ നിന്നോടു പറഞ്ഞ വാക്കു പാലിച്ചില്ല. സത്യസന്ധനായിരുന്നില്ല. എന്നാൽ, ഇപ്പോൾ ഞാനിതാ എളിമയോടെ തിരുമുമ്പിൽ വരുന്നു. വീണ്ടും വാക്കുപറയുന്നു. നാഥാ! ഇനിമേൽ നിന്നോടു പറഞ്ഞ വാക്ക് ഞാൻ പാലിക്കും. ഇനി മുതൽ നിന്റെ അടിമയായി ജീവിക്കും. എനിക്ക് സ്വന്തമായി അഭിപ്രായം ഉണ്ടായിരിക്കയില്ല. എന്റേതെല്ലാം നിനക്ക് ഞാനിതാ കൈമാറുന്നു. നീ എന്നെ അനുഗ്രഹിക്കണമേ.

# അഞ്ച്

യേശു കരഞ്ഞു. നിത്യനായ ദൈവം, മനുഷ്യജാതിയെ നോക്കി കരയുന്നു. വേദപുസ്തകത്തിൽ യേശു കരഞ്ഞു എന്നു വായിക്കുന്ന അനേകം സന്ദർഭങ്ങൾ കാണാം.

*"യേശു കണ്ണുനീർ വാർത്തു." യോഹന്നാൻ 11 : 35*

ബേഥാന്യയിലെ ചെറുഭവനത്തിലേയ്ക്ക് കർത്താവായ യേശു വന്നു. ശിഷ്യന്മാർ കൂടെയുണ്ട്. ആകെ കനംതൂങ്ങിയ അന്തരീക്ഷം. മ്ലാനമായ മുഖങ്ങൾ. എല്ലാവരും വിതുമ്പിക്കരഞ്ഞുകൊണ്ടിരിക്കുന്നു. ഏങ്ങലടികൾ ഉയരുന്നു. ബേഥാന്യയിലെ ആ ഭവനത്തിൽ ആണും തൂണുമായുണ്ടായിരുന്ന ലാസർ മരിച്ചുപോയി. ലാസറിനെ അടക്കി നാലുദിവസമായപ്പോഴാണ് യേശു വരുന്നത്. യേശു പലപ്പോഴും വരാറുള്ള, സന്ദർശിക്കാറുള്ള ഒരു ഭവനമാണ്. യേശു സന്ദർശിക്കാറുള്ള ഭവനത്തിൽ മരണമോ!

ആ കനം തൂങ്ങിയ അന്തരീക്ഷത്തിലേയ്ക്ക് യേശു കടന്നുവന്നു. വന്നപാടെ മാർത്ത ഓടിച്ചെന്ന് കാൽക്കൽ വീണു: "എന്റെ കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ ഞങ്ങളുടെ സഹോദരൻ മരിക്കയില്ലായിരുന്നു." ഏങ്ങലടികളോടെയാണ് ആ വാക്കുകൾ പറഞ്ഞത്. അത് വേദനിപ്പിക്കുന്ന, ഉള്ളം തകർക്കുന്ന വാക്കുകളായിരുന്നു.

കർത്താവ് പറഞ്ഞു: അവൻ ജീവിക്കും. ഞാൻ പുനരുത്ഥാനവും ജീവനുമാകുന്നു. അവൻ ഉയിർത്തെഴുന്നേൽക്കും. മാർത്തയ്ക്കു മനസ്സിലായില്ല. ഒടുക്കത്തെ നാളിലെ ഉയിർത്തെ

ഴുന്നേല്പിന്റെ കാര്യമാണ് പറയുന്നത് എന്നാണ് മാർത്ത ധരിച്ചത്. മാർത്തയ്ക്ക് അത്രയേ അറിയാവൂ. ആത്മീയമായ കാര്യങ്ങളിൽ വലിയ പരിജ്ഞാനമൊന്നുമില്ല.

അപ്പോഴും മറിയ അങ്ങോട്ടു വരുന്നില്ല. മാർത്തയുടെ സഹോദരി മറിയ അവിടെ കരഞ്ഞുകൊണ്ടിരിക്കുകയാണ്. ഉള്ളിൽ സങ്കടം തിങ്ങിനിൽക്കുന്നു. മാർത്തയെപ്പോലെ ഓടി ഇറങ്ങാൻ മറിയയ്ക്കു തോന്നിയില്ല. യേശു വന്നപ്പോൾ ഓടി ച്ചെന്ന് എതിരേൽക്കാൻ തോന്നിയില്ല. പോകേണ്ടതായിരുന്നു. പക്ഷേ, ഉള്ളിൽ പരിഭവമുള്ളതുകൊണ്ടാണോ, മനോവേദനയുടെ ആധിക്യംകൊണ്ടാണോ, എന്തുകൊണ്ടോ മറിയ എഴുന്നേറ്റു പോയില്ല.

പക്ഷേ, മാർത്ത ഓടി തിരിച്ചുവന്നു മറിയയോടു പറഞ്ഞു: “ഗുരു വന്നിട്ടുണ്ട്. നിന്നെ വിളിക്കുന്നു.” ആ വാക്കു കേട്ടപ്പോൾ മറിയയും ഓടിച്ചെന്നു. ചെന്നപാടെ പറഞ്ഞു: കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ ഞങ്ങളുടെ സഹോദരൻ മരിക്കയില്ലായിരുന്നു. മാർത്ത പറഞ്ഞ അതേ വാക്കുകൾ. വേദനപുരണ്ട വാക്കുകൾ. മാർത്ത കരയുന്നു. മറിയ കരയുന്നു. ബന്ധപ്പെട്ടവർ കരയുന്നു. യഹൂദന്മാർ കരയുന്നു. ആകെ കരച്ചിലിന്റെ അന്തരീക്ഷം.

കർത്താവ് ഉള്ളം നൊന്തു കലങ്ങി. യേശു കണ്ണുനീർ വാർത്തു. കരയുന്നവരോടുകൂടെ കരയുന്നവനാണ് കർത്താവായ യേശുക്രിസ്തു. നിങ്ങൾ ഏങ്ങലടിക്കുമ്പോൾ നിങ്ങളുടെ അരികത്തു വന്നുനിന്ന് നിങ്ങളുടെ പുറം തടവിത്തരുന്നവനാണ് കർത്താവായ യേശുക്രിസ്തു. നിങ്ങളുടെ കണ്ണുനീരു തുടയ്ക്കുന്നവനാണ് കർത്താവായ യേശുക്രിസ്തു. നിങ്ങൾക്ക് അനുഭവങ്ങളില്ലേ? ഈ അനുഭവങ്ങളുടെ പിൻബലമാണ് നമ്മെ നയിക്കുന്നത്. അനേകംപേർ ക്രിസ്തുവിനെ ആശ്രയിക്കാൻ കാരണം തീക്ഷ്ണമായ അനുഭവങ്ങളാണ്.

എവിടെ ദു:ഖമുണ്ടോ അവിടെ യേശു ഓടി അണയും. എവിടെ ദുരിതമുണ്ടോ അവിടെ യേശു വരും. വേദപുസ്തകം പറയുന്നു:

*"സ്തുത്യനായ യഹോവയെ ഞാൻ വിളിച്ചപേക്ഷിക്കയും എന്റെ ശത്രുക്കളുടെ കൈയിൽനിന്ന് രക്ഷപ്രാപിക്കയും ചെയ്യും."*

*സങ്കീർത്തനങ്ങൾ 18 : 3*

*"അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ചപേക്ഷിക്കുന്നു; എനിക്കുവേണ്ടി സകലവും നിർവ്വഹിക്കുന്ന ദൈവത്തെ തന്നേ."*

*സങ്കീർത്തനങ്ങൾ 57 : 2*

വിളിച്ചപേക്ഷിക്കുമ്പോൾ എല്ലാം നിർവ്വഹിച്ചു തരും. അതൊരു പരമാർത്ഥമാണ്. നിങ്ങൾക്കു സാധിക്കാത്ത കാര്യങ്ങൾ സാധിപ്പിച്ചു തരുന്നവനാണ് കർത്താവായ യേശുക്രിസ്തു. ഏതെല്ലാം ആവശ്യഭാരങ്ങളിൽ കുടുങ്ങിയാണ് നിങ്ങളിൽ പലരുമിരിക്കുന്നത്? ഏതെല്ലാം ആകുലങ്ങളിൽപ്പെട്ട് നട്ടം തിരിഞ്ഞാണ് പലരും ജീവിക്കുന്നത്? ഏതെല്ലാം ദു:ഖവിഷയങ്ങളാണ് നിങ്ങളെ അലട്ടിക്കൊണ്ടിരിക്കുന്നത്? എന്നാൽ നിങ്ങൾ വിശ്വസിക്കൂ. നിങ്ങളുടെ അരികത്തു ചേർന്നുനിന്നുകൊണ്ട്, നിങ്ങളുടെ കരത്തിൽ മുറുകെ പിടിച്ചുകൊണ്ട് കർത്താവായ യേശുക്രിസ്തു നിങ്ങളെ നയിക്കും.

*"ഇപ്പോഴോ യാക്കോബേ, നിന്നെ സൃഷ്ടിച്ചവനും, യിസ്രായേലേ, നിന്നെ നിർമ്മിച്ചവനുമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഭയപ്പെടേണ്ടാ, ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു; ഞാൻ നിന്നെ പേർചൊല്ലി വിളിച്ചിരിക്കുന്നു; നീ എനിക്കുള്ളവൻ തന്നേ. നീ വെള്ളത്തിൽക്കൂടി കടക്കുമ്പോൾ ഞാൻ നിന്നോടുകൂടി ഇരിക്കും; നീ*

*നദികളിൽക്കൂടി കടക്കുമ്പോൾ അവ നിന്റെ മീതെ കവികയില്ല; നീ തീയിൽക്കൂടി നടന്നാൽ വെന്തു പോകയില്ല; അഗ്നിജ്വാല നിന്നെ ദഹിപ്പിക്കയുമില്ല. നിന്റെ ദൈവവും യിസ്രായേലിന്റെ പരിശുദ്ധനുമായ യഹോവ എന്ന ഞാൻ നിന്റെ രക്ഷകൻ; നിന്റെ മറുവിലയായി ഞാൻ മിസ്രയീമിനെയും നിനക്കു പകരമായി കൂശിനെയും സെബയെയും കൊടുത്തിരിക്കുന്നു. നീ എനിക്കു വില ഏറിയവനും മാന്യനുമായി ഞാൻ നിന്നെ സ്നേഹിച്ചിരിക്കയാൽ ഞാൻ നിനക്കു പകരം മനുഷ്യരേയും നിന്റെ ജീവന്നു പകരം ജാതികളെയും കൊടുക്കുന്നു. ഭയപ്പെടേണ്ടാ; ഞാൻ നിന്നോടുകൂടെ ഉണ്ട്."*

*യെശയ്യാവ് 43 : 1 – 5*

മോനേ, ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു. നീ എനിക്കു വിലയേറിയവനാണ്. നീ എനിക്കു മാന്യനാണ്. യാതൊരു മാന്യതയുമില്ലാത്ത നമ്മെ മാന്യരായി ദൈവം എണ്ണി. ഒരു വിലയുമില്ലാത്ത നമ്മെ ദൈവം വിലയേറിയവരായി എണ്ണി. മനുഷ്യരുടെ മുമ്പിൽ നിങ്ങൾ വിലകെട്ടവരാണ്. ഒരുപക്ഷേ വീട്ടിൽപോലും വിലയില്ല. പക്ഷേ, നീ ദൈവത്തിനു വിലയേറിയവനാണ്. ആർക്കും നിന്നെ വേണ്ട എങ്കിലും യേശുവിനു നിന്നെ വേണം.

*"ഞാൻ അവരോട് ചെയ്തിരിക്കുന്ന നിയമമോ ഇതാകുന്നു എന്ന് യഹോവ അരുളിച്ചെയ്യുന്നു: നിന്റെമേലുള്ള എന്റെ ആത്മാവും നിന്റെ വായിൽ ഞാൻ തന്ന എന്റെ വചനങ്ങളും നിന്റെ വായിൽനിന്നും നിന്റെ സന്തതിയുടെ വായിൽ നിന്നും നിന്റെ സന്തതിയുടെ സന്തതിയുടെ വായിൽ നിന്നും ഇന്നു മുതൽ ഒരുനാളും വിട്ടുപോകയില്ല എന്ന് യഹോവ അരുളിച്ചെയ്യുന്നു."*

*യെശയ്യാവ് 59 : 21*

ദൈവം നമ്മോട് നിയമം ചെയ്യുകയാണ്. വ്യക്തമായി സംസാരിക്കുകയാണ്. ദൈവം നമുക്കു വാഗ്ദത്തം തരികയാണ്. ഞാൻ നിന്നെ വിലയേറിയവനായി കാണുന്നു. ഇന്നു നിനക്ക് മാനം കിട്ടുന്നില്ല. ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നെ തഴയുകയാണ്. നിന്നെ മാറ്റി നിർത്തുകയാണ്. നിനക്ക് ഒരു സ്ഥാനം തരുന്നില്ല; മാന്യത തരുന്നില്ല. നിനക്ക് വില തരുന്നില്ല. പലരും നിന്നെ പുച്ഛിക്കുകയാണ്. പലരും നിന്നെ കളിയാക്കുകയാണ്. എന്നാൽ നിന്നെ മാനിക്കുന്ന ഒരു ദിവസമുണ്ട്. നിനക്ക് ആദരവ് തരുന്ന ഒരു ദിവസമുണ്ട്. നിന്നെ ഉയർത്തുന്ന ഒരു ദിവസമുണ്ട്.

കാട്ടുപോത്തിൻ കൊമ്പുപോലെ നിന്നെ ഉയർത്തും. ദൈവം നിന്നെ അനുഗ്രഹിക്കും. യഹോവയുടെ മഹത്വം നിന്റെ പിൻപടയായിരിക്കും. യഹോവ നിനക്കു മുമ്പായി നടക്കും. പക്ഷി യെരൂശലേമിനെ ചുറ്റി പരിപാലിക്കുന്നതു പോലെ പറന്നുനിന്ന് നിന്നെ പരിപാലിക്കും. കീഴെ ശാശ്വതഭുജങ്ങൾ നിന്നെ താങ്ങും. ഈ വലിയൊരു സംരക്ഷണത്തിന്റെ അതിർത്തിക്കുള്ളിൽ നിൽക്കുവാൻ നിനക്ക് താല്പര്യമുണ്ടോ? ഇപ്പോൾ ഇതു വായിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ നിനക്ക് ഈ അനുഗ്രഹം പ്രാപിക്കാം.

യേശു കണ്ണുനീർ വാർത്തുകൊണ്ട് മന്ദം മന്ദം നടന്നു. അവനെ വച്ചതെവിടെ എന്നു ചോദിച്ചുകൊണ്ടാണ് നടക്കുന്നത്. മാർത്ത മുമ്പേ നടക്കുന്നു. മറിയ പിന്നാലെ നടക്കുന്നു. അവർക്കുപിന്നിൽ യേശു നടക്കുന്നു. ശിഷ്യന്മാർ, എല്ലാവർക്കും പിന്നിലായി നടക്കുന്നു. യഹൂദന്മാർ കൂടെ നടക്കുന്നു. അങ്ങനെ ഒരു ഘോഷയാത്രപോലെ കല്ലറയിലേയ്ക്ക് പോകുകയാണ്.

നാലുദിവസം മുമ്പ് മൃതദേഹവും വഹിച്ചുകൊണ്ടു പോയ അതേ വഴിയിൽക്കൂടി നാലു ദിവസത്തിനുശേഷം വീണ്ടും നടക്കുന്നു. അന്ന് യേശു കൂടെയുണ്ടായിരുന്നില്ല. ഇന്ന്

യേശു കൂടെയുണ്ട്..

യേശുവിന്റെ കൂടെ നടക്കാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? യേശു നിങ്ങളുടെ കൂടെ നടക്കാൻ നിങ്ങൾക്കു താൽപര്യമുണ്ടോ?

കർത്താവ് കല്ലറയ്ക്കൽ എത്തി. കല്ലറയുടെ വാതിൽക്കൽ വലിയൊരു കല്ല് ഉരുട്ടിവച്ചിരിക്കുന്നു. അങ്ങനെയാണ് യഹൂദന്മാരുടെ ഇടയിലുള്ള സമ്പ്രദായം. കല്ലറ ഒരു വലിയ ഗുഹയാണ്. അതിന്റെ വാതിൽക്കൽ ഒരു കല്ലുരുട്ടിവച്ചിരിക്കുന്നു. ഒരാൾക്കു തന്നെ മാറ്റാൻ സാധിക്കയില്ല. കർത്താവ് പറഞ്ഞു: "കല്ലുനീക്കുവിൻ." അതു മനുഷ്യർ ചെയ്യേണ്ട കാര്യമാണ്. നാം ഓരോരുത്തരും ചെയ്യേണ്ട കാര്യമാണ്.

തടസ്സം നാം മാറ്റിയേ പറ്റൂ. യേശുവിന് അകത്തേയ്ക്കു തല നീട്ടുന്നതിനു തടസ്സമുണ്ട്. ആ കല്ലു മാറ്റണം. യേശു നമ്മോടു പറയുന്നു, കല്ലു നീക്കുവിൻ എന്ന്. എന്റെ ജീവൻ പ്രവേശിക്കാൻ ചില തടസ്സങ്ങളുണ്ടല്ലോ. എന്റെ അത്ഭുതകൃപ വ്യാപരിക്കാൻ ചില തടസ്സങ്ങളുല്ലോ. തടസ്സം മാറ്റുവിൻ. നിന്റെ ജീവിതത്തിലെ പാപങ്ങൾ മാറ്റുവിൻ. ദുശ്ശീലങ്ങൾ മാറ്റുവിൻ. ദുർനടപടികൾ മാറ്റുവിൻ. തിന്മകൾ മാറ്റുവിൻ. നിന്റെ അഹങ്കാരം മാറ്റുവിൻ. സ്വാർത്ഥത മാറ്റുവിൻ. സ്ഥാനമോഹം മാറ്റുവിൻ. എല്ലാ തിന്മയും മാറ്റിയിട്ട് യേശുവിന് പ്രവർത്തിക്കാൻ വഴി ഒരുക്കുവിൻ. യേശുവിന് പാത നിരപ്പാക്കുവിൻ.

അവർ കല്ലു നീക്കാൻ തുടങ്ങുന്നതിനുമുമ്പ് മാർത്ത പറഞ്ഞു: നാറ്റം വച്ചു തുടങ്ങിക്കാണും, നാലു ദിവസമായല്ലോ. മാർത്തയോടു കർത്താവ് പറഞ്ഞു: "വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും."

"കർത്താവേ, ഞാൻ വിശ്വസിക്കുന്നു." മാർത്ത പറഞ്ഞു. യേശു കല്ലറയ്ക്കുള്ളിലേയ്ക്കു തല നീട്ടി ഉച്ചത്തിൽ വിളിച്ചു: "ലാസറേ, പുറത്തുവരിക." പാതാളത്തിൽ ഉറങ്ങുന്ന ലാസ

റിനെ ദൈവം വിളിച്ചു. ആ ശരീരത്തിലേയ്ക്ക് ജീവൻ വന്നു. കൈയും കാലും കെട്ടപ്പെട്ടവനായി, മുഖം റൂമാൽകൊണ്ട് മൂടപ്പെട്ടവനായി, ആസകലം ശീലകൊണ്ട് പൊതിഞ്ഞവനായി ലാസർ വന്നു നിൽക്കുന്നു.

എല്ലാവരും അത്ഭുതപ്പെട്ടു. ഇതാര്? നാലുദിവസം മുമ്പ് നാം വച്ചുകെട്ടിയ തുണി അതുപോലെ ഇരിക്കുന്നു. കർത്താവ് പറഞ്ഞു: “അവന്റെ കെട്ടഴിപ്പിൻ. അവൻ പോകട്ടെ.” അവർ കെട്ടഴിച്ചു. ഇപ്പോഴിതാ ലാസർ പുഞ്ചിരിയോടെ നിൽക്കുന്നു.

ഞാൻ ചിന്തിക്കുകയാണ്. ആ കല്ലറയുടെ മുമ്പിൽ ഒരു ആരവം ഉയർന്നു. ആ കല്ലറയുടെ മുമ്പിൽ സ്തുതി ഉയർന്നു. മാലാഖമാർ ഉറ്റുനോക്കി. സ്വർഗ്ഗീയ സേനകൾ ഭൂമിയിലേയ്ക്കു നോക്കി. നിത്യനായ രക്ഷകൻ ചെയ്യുന്ന അത്ഭുതം കണ്ടുകൊണ്ട് മാലാഖമാർ അത്ഭുതംകൂറി നോക്കി നിന്നു. അപ്പോൾ സ്വർഗ്ഗത്തിന്റെ പുഷ്പവൃഷ്ടി അവിടെ നടക്കുകയാണ്. സ്തുതിയുടെ പൂക്കൾ മുകളിലേയ്ക്കുയരുകയാണ്. എല്ലാവരും അത്ഭുതാദരവുകളോടെ സ്തുതിക്കുന്നു.

മാർത്തയും മറിയയും ലാസറും യേശുവിനോടു ചേർന്ന് മന്ദം മന്ദം നടക്കുന്നു. നാലുദിവസം മുമ്പ് എടുത്തുകൊണ്ടുപോയ ലാസർ ഇപ്പോഴിതാ നടന്നു വീട്ടിലേയ്ക്കു പോകുന്നു.

യേശു കണ്ണുനീർ വാർത്തതു വൃഥാവായില്ല. മകനേ, യേശു കണ്ണുനീർ വാർക്കുന്നത് മരിച്ച നിന്നെ ഉയിർപ്പിക്കാനാണ്. മോനേ, നിന്റെ ആത്മാവു മരിച്ചിരിക്കുന്നു. മോളേ, നിന്റെ ആത്മാവ് പാപം മൂലം മരിച്ചിരിക്കുന്നു. പാപത്തിന്റെ ശമ്പളമായ മരണം നിന്നിൽ വാഴുന്നു. യേശു കണ്ണുനീർ വാർത്തത് നിനക്ക് ജീവൻ പകരാനാണ്.

ഇപ്പോൾ നീ വിനയപ്പെടുമോ? കർത്താവേ, ഞാൻ പാപിയായ, അശുദ്ധനായ ഒരു മനുഷ്യൻ. അത്യാഗ്രഹിയായ, ദുരാഗ്രഹിയായ, സ്വാർത്ഥലാഭമോഹിയായ മനുഷ്യൻ. നാഥാ!

എണ്ണിയാൽ തീരാത്ത പാപങ്ങളുമായി ഞാനിതാ നിൽക്കുന്നു. നിന്റെ ആണിപ്പാടുള്ള കരം എന്റെ തലമേൽ വയ്ക്കണമേ. നൂറ്റാണ്ടുകൾക്കു മുമ്പ് ലാസറിനെ ഉയിർത്തെഴുന്നേല്പിച്ച യേശുവേ, ആത്മാവു മരിച്ചിരിക്കുന്ന എനിക്ക് ജീവൻ തരണമേ. എന്റെ പേര് ജീവന്റെ പുസ്തകത്തിൽ എഴുതിച്ചേർക്കണമേ. യേശുവേ, എന്നോടു മനസ്സലിയണമേ.

## ആറ്

1. യേശു യരൂശലേം നഗരത്തെ നോക്കിക്കരഞ്ഞു.
2. യേശു ലാസറിന്റെ വിയോഗത്തിൽ മനം നൊന്തിരിക്കുന്ന സഹോദരിമാരെ നോക്കികരഞ്ഞു.
3. യേശു കപടഭക്തിക്കാരായ ശാസ്ത്രിമാരെയും പരീശന്മാരെയും നോക്കി കരഞ്ഞു.

*"കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്ക് ഹാ കഷ്ടം; നിങ്ങൾ മനുഷ്യർക്ക് സ്വർഗ്ഗരാജ്യം അടച്ചുകളയുന്നു; നിങ്ങൾ കടക്കുന്നില്ല, കടക്കുന്നവരെ കടപ്പാൻ സമ്മതിക്കുന്നതുമില്ല. (കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്ക് ഹാ കഷ്ടം; നിങ്ങൾ വിധവമാരുടെ വീടുകളെ വിഴുങ്ങുകയും ഉപായരൂപേണ ദീർഘമായി പ്രാർത്ഥിക്കയും ചെയ്യുന്നു; ഇതു ഹേതുവായി നിങ്ങൾക്ക് കടുമയേറിയ ശിക്ഷാവിധിവരും;) കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്ക് ഹാ കഷ്ടം; നിങ്ങൾ ഒരുത്തനെ മതത്തിൽ ചേർക്കുവാൻ കടലും കരയും ചുറ്റി നടക്കുന്നു; ചേർന്നശേഷം അവനെ നിങ്ങളെക്കാൾ ഇരട്ടിച്ച നരകയോഗ്യൻ ആക്കുന്നു."* *മത്തായി 23 : 13 – 15*

*"കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്ക് ഹാ! കഷ്ടം;*

*നിങ്ങൾ തുളസി, ചതകുപ്പ, ജീരകം ഇവയിൽ പതാരം കൊടുക്കയും ന്യായം, കരുണ, വിശ്വസ്തത ഇങ്ങനെ ന്യായപ്രമാണത്തിൽ ഘനമേറിയവ ത്യജിച്ചുകളകയും ചെയ്യുന്നു. അതു ചെയ്കയും ഇതു ത്യജിക്കാതിരിക്കയും വേണം. കുരുടന്മാരായ വഴികാട്ടികളേ, നിങ്ങൾ കൊതുകിനെ അരിച്ചെടുക്കയും ഒട്ടകത്തെ വിഴുങ്ങിക്കളകയും ചെയ്യുന്നു. കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്ക് ഹാ കഷ്ടം; നിങ്ങൾ കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കുന്നു; അകത്തോ കവർച്ചയും അതിക്രമവും നിറഞ്ഞിരിക്കുന്നു. കുരുടനായ പരീശനേ, കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കേണ്ടതിന്നു മുമ്പെ അവയുടെ അകം വെടിപ്പാക്കുക."*

*മത്തായി 23 : 23 – 26*

കപടഭക്തിക്കാരായ ശാസ്ത്രിമാരെയും പരീശന്മാരെയും നോക്കി കർത്താവ് കരഞ്ഞു. അവർ പുറമെ ഭക്തിയുള്ളവരാണ്. പുറമെ പള്ളിയാരാധനയുള്ളവരാണ്. പുരോഹിതന്മാരുള്ളവരാണ്. അവർക്കു ന്യായപ്രമാണകല്പനകളുണ്ട്. ബാഹ്യമായ നന്മകളുണ്ട്. പ്രമാണങ്ങളുണ്ട്. നിയമാവലിയുണ്ട്. ചടങ്ങുകളും ആചാരങ്ങളുമെല്ലാമുണ്ട്. എന്നാൽ അവരുടെ അകം എന്തെന്ന് അവർ കാണുന്നില്ല.

യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ മർമ്മം, നമ്മുടെ അകം ശുദ്ധീകരിക്കുക എന്നുള്ളതാണ്. പുറമെയുള്ള ശുദ്ധീകരണം വേണ്ട എന്നല്ല, പക്ഷേ അകം ശുദ്ധീകരിക്കാതെ പുറമെ എന്തെല്ലാം ചെയ്താലും പ്രയോജനമില്ല. ഹൃദയം വിശുദ്ധമാക്കുക. നമ്മുടെ ഹൃദയത്തിൽ അഴുക്കുണ്ട്, അശുദ്ധിയുണ്ട്, വൈരാഗ്യമുണ്ട്, പകയുണ്ട്, വിദ്വേഷമുണ്ട്. ഹൃദയത്തിൽ നീരസവും കയ്പ്പും ഉണ്ട്. ഹൃദയത്തിൽ ദ്രവ്യാഗ്രഹമുണ്ട്.

നാം പലപ്പോഴും അങ്ങനെയൊരു പാപം നമുക്കുണ്ട്

എന്നുപോലും അറിയുന്നില്ല. ഒരു സ്വയം നമ്മെ നയിച്ചു കൊണ്ടിരിക്കുകയാണ്. Ego എന്നിൽ വാഴുന്നുണ്ട്. ഞാൻ ഒരു self ന്റെ അടിമയാണ്. ഇന്നും ഒരു 'ഞാൻ' ഉണ്ട്. എനിക്ക്, എന്റെ, എന്നോട്, അങ്ങനെ എന്നിൽ മാത്രം കേന്ദ്രീകരിച്ചിരിക്കുന്ന ഒരു ജീവിതം. മറ്റുള്ളവരുടെ കാര്യം എനിക്കൊരു വിഷയമല്ല. സ്വയകേന്ദ്രീകൃതമായ ജീവിതം.

ഞാൻ സ്വാർത്ഥമതിയാണ്. പുറമെ വിനയം ഭാവിക്കും. പുറമെ വിനയത്തിന്റെ വാക്കുകൾ വരും. പക്ഷേ ഞാൻ ഒരഹങ്കാരിയാണ്. ഇങ്ങനെ അവനവനെത്തന്നെ കണ്ടുപിടിക്കുന്നതാണ് വാസ്തവത്തിലുള്ള സുവിശേഷത്തിന്റെ മർമ്മം നമ്മിൽ പ്രവർത്തിക്കുന്നതിന്റെ തെളിവ്.

ഹൃദയത്തിന്റെ മതമാണ് ക്രിസ്തുമതം. ക്രിസ്തുവിശ്വാസം മതപരമായ ആചാരങ്ങളിലോ ബാഹ്യമായ ചടങ്ങുകളിലോ ഒതുങ്ങിനിൽക്കുന്നതല്ല. അതിലെല്ലാം ഉപരിയായി അകത്തെ മനുഷ്യന്റെ രൂപാന്തരത്തെയാണ് യേശുക്രിസ്തുവിന്റെ സുവിശേഷം ലക്ഷ്യമാക്കുന്നത്.

> *"അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെടാതെ ഞങ്ങളുടെ പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചുപോകുന്നു എങ്കിലും ഞങ്ങളുടെ അകമെയുള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു."*
>
> *2 കൊരിന്ത്യർ 4 : 16*

നമ്മുടെ ജീവിതത്തിൽ പുറമെയുള്ള ക്രമീകരണങ്ങൾകൊണ്ടായില്ല. പുറമെയുള്ള മനുഷ്യൻ ക്ഷയിച്ചുകൊണ്ടിരിക്കും. ഈ ശരീരം മെലിഞ്ഞുകൊണ്ടിരിക്കും. ഈ ശരീരം ജരാനരകൾ ബാധിക്കും. ഈ ശരീരത്തിനു പോരായ്മകളുണ്ട്. ശരീരത്തിന് ബലം കുറയും. കണ്ണിനു കാഴ്ച കുറയും, ചെവിക്കു കേൾവി കുറയും. ശബ്ദം കുറയും അങ്ങനെ ശരീരത്തിന് വ്യത്യാസങ്ങൾ വന്നുകൊണ്ടിരിക്കും. പുറമെയുള്ളവൻ ക്ഷയിച്ചുപോകുന്നു. പക്ഷേ, അകമെ ഉള്ളവൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു. അകമെയുള്ള പുതുക്കത്തിന്റെ

താത്വികമായ വശമാണ് സുവിശേഷം ലക്ഷ്യമാക്കുന്നത്.

നാം ചിന്തിക്കണം. എന്റെ അകമെ ഒരു പുതുക്കമുണ്ടോ? എന്റെ അകം മാറുന്നുണ്ടോ? അതോ പണ്ടത്തെപ്പോലെ ഞാൻ കോപിച്ചു സംസാരിക്കുന്നുണ്ടോ? എന്റെ മാതാപിതാക്കളോട് ധിക്കാരമായോ അഹങ്കാരമായോ സംസാരിക്കുകയോ പെരുമാറുകയോ ചെയ്യുന്നുണ്ടോ?

ഒരുമനസ്സുണ്ടോ? അകമെ ചില കിറുകിറുപ്പുകൾ. അകമെ ചില അസംതൃപ്തികൾ. ഭാര്യയെക്കുറിച്ചാകാം. ഭർത്താവിനെക്കുറിച്ചാകാം. മാതാപിതാക്കളെക്കുറിച്ചാകാം. മക്കളെക്കുറിച്ചാകാം. നമ്മുടെ ജോലിയെക്കുറിച്ചാകാം. വരുമാനത്തെക്കുറിച്ചാകാം. ഇങ്ങനെ ചില അസംതൃപ്തികൾ നമ്മെ വലയം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം മാറണമെങ്കിൽ അകമെയുള്ള മനുഷ്യൻ മാറണം.

ക്രിസ്തുവിന്റെ ആത്മാവ് നമ്മിൽ അധിവസിക്കുന്നു എങ്കിൽ കോപം വരികയില്ല. കോപിക്കേണ്ട സന്ദർഭങ്ങൾ വരും പക്ഷേ, കോപിക്കയില്ല. അവയവങ്ങളുടെമേൽ നമുക്ക് ജയം വേണം. ഇന്ദ്രിയജയം വേണം. “എന്റെ അവയവങ്ങളെ എന്റെ സ്വന്തം ഇച്ഛാശക്തികൊണ്ട് ഞാൻ ഭരിക്കും. പരിശുദ്ധാത്മാവ് എനിക്ക് അതിനുള്ള കൃപതരും.” ഇങ്ങനെ നാം നമ്മിൽത്തന്നെയുള്ള പോരായ്മകൾ കണ്ട് തിരുത്തുന്നതാണ് ആത്മീയം.

നാമാരും തികഞ്ഞവരായില്ല; എന്നാൽ തികഞ്ഞവരായിത്തീരുവാൻ കർത്താവ് നമ്മെ വിളിച്ചിരിക്കുന്നു, അതിനുവേണ്ടി കർത്താവ് നമ്മെ നയിച്ചുകൊണ്ടുപോകുന്നു എന്ന് ഗ്രഹിക്കുമ്പോഴാണ് വാസ്തവത്തിൽ നാം ക്രിസ്തുവിന്റെ അനുയായികളായി മാറുന്നത്. ഇല്ലെങ്കിൽ പേരിനു മാത്രം ക്രിസ്ത്യാനികളാണ്. നാമധേയ ക്രിസ്ത്യാനികൾ!

ഇന്ന് അനേകം ആളുകളും നാമധേയക്രിസ്ത്യാനികളാണ്. ക്രിസ്തീയ വിശ്വാസത്തിന്റെ എതിരാളികൾ ക്രിസ്തു

മതവിശ്വാസികൾ തന്നെയാണ്. സുവിശേഷത്തിന്റെ എതിരാളികൾ സുവിശേഷകരാണ്. സുവിശേഷവേലയെക്കുറിച്ച് തെറ്റായ അഭിപ്രായം ഉണ്ടാക്കുന്നവർ സുവിശേഷകരാണ്. സുവിശേഷകന്മാർ അഹങ്കാരികളാകുന്നു. പൈസ മോഹിക്കുന്നു. പൈസയ്ക്കുവേണ്ടി ദൈവവേല ചെയ്യുന്നു. ഭൗതികമായ ലാഭമുണ്ടാക്കാൻ നോക്കുന്നു.

> *"എന്റെ പരിക്കുനിമിത്തം എനിക്ക് അയ്യോ കഷ്ടം! എന്റെ മുറിവു വ്യസനകരമാകുന്നു; എങ്കിലും ഞാൻ: അത് എന്റെ ദീനം! ഞാൻ അതു സഹിച്ചേമതിയാവു എന്നു പറഞ്ഞു. എന്റെ കൂടാരം കവർച്ചയായ് പോയിരിക്കുന്നു; എന്റെ കയറ് ഒക്കെയും അറ്റിരിക്കുന്നു; എന്റെ മക്കൾ എന്ന വിട്ടുപോയി; അവർ ഇല്ലാതായിരിക്കുന്നു; ഇനി എന്റെ കൂടാരം അടിപ്പാനും തിരശ്ശീല നിവിർക്കുവാനും ആരുമില്ല. ഇടയന്മാർ മൃഗപ്രായരായ്ത്തീർന്നു; യഹോവയെ അന്വേഷിക്കുന്നില്ല; അതുകൊണ്ട് അവർ കൃതാർത്ഥരായില്ല; അവരുടെ ആട്ടിൻകൂട്ടം ഒക്കെയും ചിതറിപ്പോയി."      യിരമ്യാവ് 10 : 19 – 21*

ദൈവം ഇടയന്മാരെ നോക്കി കരയുകയാണ്. എന്റെ കൂടാരം കവർച്ചയായിപ്പോയി. എന്റെ കൂടാരം അന്യന്റെ കൈവശമായിപ്പോയി. ശത്രു വന്ന് അപഹരിച്ചുകൊണ്ടുപോയി. എനിക്ക് എന്റെ പരിക്കു നിമിത്തം അയ്യോ കഷ്ടം! എനിക്കു മുറിവേറ്റിരിക്കുന്നു. എന്റെ മുറിവ് വ്യസനകരമാകുന്നു. അത് ഞാൻ സഹിച്ചേ മതിയാകൂ. അത് എന്റെ ദീനമാണ്.

അനേകരുടെ ഹൃദയത്തിൽ കർത്താവ് കൂടാരമടിച്ചു. അനേകരുടെ ഹൃദയത്തിൽ കർത്താവു ജനിച്ചു. ആത്മാവിൽ വീണ്ടുംജനനം പ്രാപിച്ചു. ആത്മാവിൽ വിടുതൽ കിട്ടി. പാപത്തിന് മോചനം കിട്ടി. വൻകാര്യമാണു നടന്നത്. പക്ഷേ, ആ കൂടാരങ്ങളെല്ലാം കവർച്ചയായിപ്പോയി.

എന്റെ കയറൊക്കെയും അറ്റിരിക്കുന്നു. എന്റെ മക്ക

ളുടെമേൽ എനിക്ക് ഒരു നിയന്ത്രണമുണ്ടായിരുന്നു. "യാഗപ്പശുവിനെ യാഗപീഠത്തിന്റെ കൊമ്പിൽ കെട്ടിയിരുന്ന" ഒരു സമയമുണ്ടായിരുന്നു. എന്റെ മക്കൾ എന്റെ വരുതി വിട്ടുപോകാതിരുന്ന ഒരു നല്ലകാലമുണ്ടായിരുന്നു. എന്റെ പ്രിയജനം എന്റെ വരുതിവിട്ടുപോയി.

അവർ എന്റെ സ്നേഹത്തോട് ബന്ധിക്കപ്പെട്ടവരായിരുന്നു. കുരിശിനോട് ചേർത്തണയ്ക്കപ്പെട്ടവരായിരുന്നു. പക്ഷേ, അവരുടെ കയററ്റുപോയി. അവർ സ്വതന്ത്രരായിത്തീർന്നു. ദൈവിക നിയന്ത്രണത്തിൽ സ്വയം നിയന്ത്രിക്കുകയും അവയവങ്ങളുടെമേൽ നിയന്ത്രണം ഉണ്ടായിരിക്കുകയും ചെയ്ത ഒരു നല്ലകാലമുണ്ടായിരുന്നു. എന്നാൽ ഇന്ന് പഴയതിനേക്കാൾ കഷ്ടമായി. "നിങ്ങളിലുള്ള വെളിച്ചം ഇരുട്ടായാൽ ഇരുട്ട് എത്ര വലിയത്!" ഇന്നു സംഭവിച്ചിരിക്കുന്നത് അതാണ്. മഹാവലിയ വിപത്തു വന്നിരിക്കുന്നു.

എന്റെ മക്കൾ എന്നെ വിട്ടുപോയി. കർത്താവു സങ്കടപ്പെടുകയാണ്. ജീവനുള്ള ദൈവം നമ്മെ നോക്കി കരയുന്നുണ്ടോ ഇന്ന്? ഞാൻ ദൈവത്തിന്റെ നിയന്ത്രണത്തിലാണോ? ദൈവത്തിന്റെ വചനമാണോ എന്നെ നിയന്ത്രിക്കുന്നത്? ദൈവവചനത്തിന്റെ പരിധിക്കുള്ളിലാണോ ഞാൻ നിൽക്കുന്നത്? അതോ ഞാൻ അതിരുവിട്ടു പോകുന്നുണ്ടോ?

പാപം എന്നതിന്റെ ഗ്രീക്കിലെ മൂലപദം 'ഹമാർട്ടിയ' എന്നാണ്. 'ഹമാർട്ടിയ' എന്നാൽ അതിരുവിട്ടുപോകുക എന്നർത്ഥം. ഞാൻ ഇന്ന് അതിരു ലംഘിക്കുന്നുണ്ടോ? ദൈവം നമുക്ക് ഒരു അതിരു വച്ചിട്ടുണ്ട്. ആ അതിർത്തിയ്ക്കപ്പുറത്തേക്ക് നാം വഴിതെറ്റിപ്പോകുന്നുണ്ടോ?

ദൈവമക്കളെ പുച്ഛിക്കരുത്. ദൈവമക്കളെ തുച്ഛീകരിക്കരുത്, പരിഹസിക്കരുത്. "ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻ കരുതിക്കൊൾവിൻ." ദൈവമക്കളെ പരിഹസിച്ചാൽ ദൈവം വേദനിക്കും. ദൈവത്തിന്റെ കോപം നമ്മുടെമേൽ വരും.

ഓരോരുത്തനും മറ്റുള്ളവരെ തന്നേക്കാൾ ശ്രേഷ്ഠരായി കണ്ടുകൊള്ളണം. ഇല്ലെങ്കിൽ ക്രിസ്തുവിൽ വസിക്കാൻ സാധിക്കുകയില്ല. "ഓരോരുത്തരും അവരവരുടെ ഗുണമല്ല മറ്റുള്ളവരുടെ ഗുണം അന്വേഷിക്കട്ടെ." ഓരോരുത്തൻ തന്നേക്കാൾ അധികം മറ്റുള്ളവരെ സ്നേഹിക്കട്ടെ. ഇവയെല്ലാം ദൈവം വച്ചിരിക്കുന്ന അതിരുകളാണ്. ഈ അതിരുകൾ ലംഘിക്കുമ്പോഴാണ് ദൈവസ്നേഹം മുറിവേൽക്കുന്നത്.

ഞാൻ ഒരു വിശ്വാസിയാണെങ്കിൽ, യഥാർത്ഥ ക്രിസ്ത്യാനിയാണെങ്കിൽ എന്നെക്കാൾ മറ്റുള്ളവരെ സ്നേഹിക്കും. ഇല്ലെങ്കിൽ എന്നിൽ ക്രിസ്തുവിനു വസിക്കാൻ കഴിയുകയില്ല.

നമ്മെ കുരിശിനോടു ചേർത്ത് ബന്ധിച്ചിരിക്കുന്ന ഒരു സ്നേഹത്തിന്റെ ചരടുണ്ട്. പക്ഷേ, ബലം പ്രയോഗിച്ചാൽ ഈ ചരടു മുറിഞ്ഞുപോകും. പിശാചിന് ഈ ചരടു മുറിച്ചുകളയാൻ കഴിയുകയില്ല. യേശുവിന്റെ കൈയിൽനിന്ന് അവയെ ആരും പിടിച്ചുപറിച്ചുകൊണ്ടുപോകയില്ല. ഒരു മന്ത്രവാദിക്കും ഒരു കൈവിഷക്കാരനും ഒന്നും ചെയ്യാൻ സാധിക്കുകയില്ല.

യേശുക്രിസ്തുവിന്റെ ജയമുള്ള സ്ലീബായുടെ അടയാളമുള്ള, തിരുരക്തത്തിന്റെ മുദ്രയുള്ള ദൈവപൈതലിനെ ആർക്കും തൊടാൻ സാധിക്കയില്ല. അതിരുവിട്ടുപോകരുത്; പാപം വരരുത്.

ചിന്തിക്കൂ. ദൈവസ്നേഹത്തിന്റെ അതിരുവിട്ടു പോയിട്ടുണ്ടോ? ദൈവം ദുഃഖിക്കുന്നു. ദൈവം കരയുന്നു.

> *"എന്റെ മക്കൾ എന്നെ വിട്ടുപോയി; അവർ ഇല്ലാതായിരിക്കുന്നു; ഇനി എന്റെ കൂടാരം അടിപ്പാനും തിരശ്ശീല നിവിർക്കുവാനും ആരുമില്ല. ഇടയന്മാർ മൃഗപ്രായരായ്ത്തീർന്നു; യഹോവയെ അന്വേഷിക്കുന്നില്ല; അതുകൊണ്ട് അവർ കൃതാർത്ഥരായില്ല; അവരുടെ ആട്ടിൻകൂട്ടം ഒക്കെയും ചിതറിപ്പോയി."*
>
> *യിരമ്യാവ് 10 : 20, 21*

സ്വർഗ്ഗത്തിലെ നിത്യനായ ദൈവത്തിന്റെ ഒരു വിലാപമാണ് ഈ വാക്കുകൾ. യുഗങ്ങളുടെ മദ്ധ്യത്തിൽ ഇന്നും ലയിച്ചുനിൽക്കുന്ന സ്വർഗ്ഗീയവിലാപം! നിത്യനായ ദൈവത്തിന്റെ കരച്ചിൽ! എന്റെ മക്കൾ എന്നെ വിട്ടുപോയി. ഇനി എന്റെ കൂടാരം അടിപ്പാനും തിരശ്ശീല നിവിർക്കാനും എനിക്കാരുമില്ല.

ഞാൻ എന്റെ ജനത്തെ നയിക്കാൻ വച്ചിരുന്ന ആത്മീയ ഇടയന്മാരുണ്ട്. അവർ മൃഗങ്ങളെപ്പോലെ ആയി. മൃഗത്തിന് അമ്മയെന്നോ പെങ്ങളെന്നോ വ്യത്യാസമുണ്ടോ? വിശുദ്ധിയില്ല, സ്നേഹമില്ല. അത്യാഗ്രഹം, ദുർമ്മോഹം, അവിവേകം എന്നിവയിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ഇടയന്മാർ ദൈവത്തെ അന്വേഷിക്കുന്നില്ല. ജനങ്ങൾ എന്തെങ്കിലും കൊണ്ടുവരുന്നുണ്ടോ എന്നാണ് അവർ നോക്കുന്നത്. അവർ പുറമെ കൈനീട്ടുന്നില്ലെങ്കിലും അകമെ വാഞ്ഛിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ ആട്ടിൻകൂട്ടം ഒക്കെയും ചിതറിപ്പോയി.

ഇന്ന് ജനങ്ങൾ ചിതറിപ്പോവുകയല്ലേ? ജീവനുള്ള ദൈവം നമ്മെ നോക്കി ദുഃഖിക്കുന്നു. കർത്താവായ യേശുക്രിസ്തു നഗരത്തെക്കണ്ട് കരഞ്ഞു. ലാസറിന്റെ കല്ലറയ്ക്കൽ കരഞ്ഞു. പരീശന്മാരെ നോക്കി കരഞ്ഞു. തന്റെ ജനത്തെയും ഇടയന്മാരെയും നോക്കി കരഞ്ഞു.

ആട്ടിൻകൂട്ടത്തെക്കുറിച്ച് കരുതലുള്ള നല്ല ഇടയന്റെ വിലാപമാണത്. ആട്ടിൻകൂട്ടം ചിതറിപ്പോയിരിക്കുന്നു. കാട്ടിലെ ചെന്നായ്ക്കൾ വന്ന് ആട്ടിൻകൂട്ടത്തെ കവർന്നുകൊണ്ടുപോകും. ചെന്നായ്ക്കൾ കടിച്ചുകീറും. ആട്ടിൻകൂട്ടത്തെ ചെന്നായ്ക്കൾ കടിച്ചുകീറുന്നതിനുമുമ്പ് വേഗം ഇടയന്മാരേ, നിങ്ങൾ ഓടിവന്ന് ആട്ടിൻകൂട്ടത്തെ തെരഞ്ഞുകൊൾവിൻ. ആട്ടിൻകൂട്ടം ഇന്ന് കവർച്ചയായിപ്പോയിരിക്കയാണ്. ആട്ടിൻകൂട്ടം ഇന്ന് ചിതറിപ്പോയിരിക്കയാണ്.

ഇന്ന് വിശ്വാസമുണ്ടോ? സഭകളുണ്ട്. മനോഹരമായ ദേവാലയങ്ങളുണ്ട്. വളരെ ഇമ്പകരമായ ഗീതങ്ങളുണ്ട്. പക്ഷേ,

ആടുകൾ ചിതറിപ്പോയിരിക്കുന്നു. ഓരോരുത്തൻ താന്താന്റെ വഴിക്കു തിരിഞ്ഞിരിക്കുന്നു. ദൈവത്തെ അന്വേഷിക്കുന്നില്ല. ദൈവം ഒരു വിഷയമല്ല.

ഏതെല്ലാം കാര്യങ്ങളിലാണ് ഞാൻ ദൈവത്തിൽനിന്നും മാറിപ്പോയത്? പരിപാവനമായ ലക്ഷ്യത്തിൽനിന്ന് ഞാൻ വ്യതിചലിച്ചുപോയത് എവിടെയെല്ലാമാണ്? യേശുവിന്റെ സ്വഭാവത്തിനു വിരുദ്ധമായി എന്തെല്ലാമാണ് എന്നിൽ വന്നു പോയത്? എന്നിൽ പറ്റിപ്പിടിച്ചുനിൽക്കുന്ന പാപങ്ങൾ എന്തെല്ലാമാണ്? പുറമെ ഭാഗ്യവശാൽ പാപങ്ങൾ ഒന്നും വരുന്നില്ലെങ്കിലും എന്റെ അകത്ത് എന്തെല്ലാം പാപങ്ങളാണ് കുടികൊള്ളുന്നത്?

ഇന്ന് കരുണയുള്ള കർത്താവ് നമ്മെ നോക്കി വ്യസനിക്കുന്നു. ആട്ടിൻകൂട്ടത്തെ നടത്താൻ ആളില്ല. ജനത്തിന് സത്യവചനം കൊടുത്തു നടത്താൻ ആളില്ല.

> *"പട്ടണത്തിലേക്കുപോകുന്ന വഴി അറിയാത്ത മൂഢന്മാർ തങ്ങളുടെ പ്രയത്നത്താൽ ക്ഷീണിച്ചു പോകുന്നു."* *സഭാപ്രസംഗി 10 : 15*

പട്ടണത്തിൽ എത്തണമെന്നുണ്ട്; രക്ഷപ്പെടണമെന്നുണ്ട്; ശരിയായവഴിക്ക് പോകണമെന്നുണ്ട്. പക്ഷേ വഴി അറിഞ്ഞുകൂടാ. പാവപ്പെട്ട ജനത്തിന് എന്തും ചെയ്യാൻ മനസ്സാണ്. പക്ഷേ, ഏതാണു വഴി എന്നു കാണിച്ചു കൊടുക്കാൻ ആളില്ല.

വഴി യേശുക്രിസ്തു മാത്രമാണ്. ക്രിസ്തുവാകുന്ന വഴിയിലൂടെ ജനത്തെ നയിക്കാൻ ഇന്ന് ആളില്ല. പലവഴികളിലൂടെ നയിക്കുന്ന ആളുകളുണ്ട്. എന്നാൽ സുവിശേഷം പറയാൻ ആളില്ല. നിർമ്മലവചനം പറയാൻ ആളില്ല. യേശുക്രിസ്തുവിന്റെ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും വഴികാണിച്ചു കൊടുക്കുന്നില്ല.

യേശുക്രിസ്തുവിന്റെ വഴി കുരിശിന്റെ വഴിയാണ്. ത്യാഗത്തിന്റെ വഴിയാണ്. കഷ്ടതയുടെ വഴിയാണ്. അത് സക

ലരും വെറുക്കുന്ന വഴിയാണ്. എല്ലാവരും പുച്ഛിക്കുന്ന വഴിയാണ്. എല്ലാവരും പരിഹസിക്കുന്ന വഴിയാണ്. ഈ വഴിയേ പോകാൻ മനസ്സില്ല. ആളുകളെ നയിക്കാനും മനസ്സില്ല.

ഇന്ന് ഇടയന്മാർ മൃഗപ്രായരായിത്തീർന്നിരിക്കുന്നു. കർത്താവ്, എന്റെ കൂടാരം കവർച്ചയായിപ്പോയി എന്നു പറഞ്ഞു കരയുകയാണ്.

> *"പിന്നെ അവൻ തന്റെ വീര്യപ്രവൃത്തികൾ മിക്കതും നടന്ന പട്ടണങ്ങൾ മാനസാന്തരപ്പെടായ്കയാൽ അവയെ ശാസിച്ചുതുടങ്ങി: കോരസീനേ, നിനക്കു ഹാ കഷ്ടം; ബേത്ത്സയിദേ, നിനക്കു ഹാ കഷ്ടം; നിങ്ങളിൽ നടന്ന വീര്യപ്രവൃത്തികൾ സോരിലും സീദോനിലും നടന്നിരുന്നു എങ്കിൽ അവർ പണ്ടുതന്നേ രട്ടിലും വെണ്ണീറിലും മാനസാന്തരപ്പെടുമായിരുന്നു. എന്നാൽ ന്യായവിധി ദിവസത്തിൽ നിങ്ങളെക്കാൾ സോരിന്നും സീദോന്നും സഹിക്കാവതാകും എന്നു ഞാൻ നിങ്ങളോട് പറയുന്നു. നീയോ കഫർന്നഹൂമേ, സ്വർഗ്ഗത്തോളം ഉയർന്നിരിക്കുമോ? നീ പാതാളംവരെ താണുപോകും; നിന്നിൽ നടന്ന വീര്യപ്രവൃത്തികൾ സോദോമിൽ നടന്നിരുന്നു എങ്കിൽ അത് ഇന്നുവരെ നില്ക്കുമായിരുന്നു. എന്നാൽ ന്യായവിധിദിവസത്തിൽ നിന്നെക്കാൾ സോദോമ്യരുടെ നാട്ടിന്നു സഹിക്കാവതാകും എന്നു ഞാൻ നിങ്ങളോട് പറയുന്നു."* *മത്തായി 11 : 20 – 24*

ന്യായവിധി ദിവസത്തിൽ സോദോമ്യർക്കു വരുന്നതിനേക്കാൾ വലിയ ശിക്ഷാവിധിയാണ് നിങ്ങൾക്കു വരാൻ പോകുന്നത്. കാരണം, "അധികം ലഭിച്ചവനോട് അധികം ചോദിക്കും. അധികം ഏറ്റുവാങ്ങിയവരോട് അധികം പ്രതീക്ഷിക്കും."

അന്ന് യേശുതമ്പുരാൻ പ്രവർത്തിച്ചപ്പോൾ യേശുക്രിസ്തുവിനെക്കുറിച്ച് അവർ പറഞ്ഞത് ഇവന് ബെയത്സബൂൽ

ഉണ്ട് അല്ലെങ്കിൽ ഈ വീര്യപ്രവൃത്തികൾ ചെയ്യാൻ സാധിക്കയില്ല എന്നാണ്. പിശാചുക്കളുടെ തലവനെക്കൊണ്ടാണ് യേശു വീര്യപ്രവൃത്തികൾ ചെയ്യുന്നത് എന്ന് അന്നത്തെ പണ്ഡിതന്മാരായ ശാസ്ത്രിമാർ അഭിപ്രായപ്പെട്ടു. യേശുവിനെ പിടിച്ചു കെട്ടണം, യേശുവിന് ഭ്രാന്തുണ്ട് എന്ന് പരീശന്മാർ പറഞ്ഞു. അത്ഭുതങ്ങൾ നടന്നതുകണ്ടിട്ട് അവർ മാനസാന്തരപ്പെടുകയല്ല, ഹൃദയം കടുപ്പിക്കയാണ് ചെയ്തത്.

നിങ്ങളുടെ ഹൃദയം എങ്ങനെയുണ്ട്? കഠിനപ്പെട്ടിരിക്കയാണോ? ഇത്രയെല്ലാം കേട്ടിട്ടും ഹൃദയം തകരുന്നുണ്ടോ? എന്റെ കർത്താവേ, എന്റെ പാപത്തെ ഓർത്ത് ഞാൻ കരഞ്ഞില്ലല്ലോ. മറ്റുള്ളവരുടെ കുറ്റം ഞാൻ കണ്ടു പക്ഷേ, എന്റെ കുറ്റം ഞാൻ കണ്ടില്ലല്ലോ. മറ്റുള്ളവരെ തിരുത്താൻ എനിക്കറിയാം. പക്ഷേ, എന്നെ തിരുത്താൻ എനിക്കു തോന്നിയില്ലല്ലോ. എനിക്കു കിട്ടിയ ഉപദേശങ്ങളെ സ്വീകരിക്കാൻ എനിക്കു മനസ്സു വന്നില്ലല്ലോ. എനിക്കു കിട്ടിയ ഉപദേശങ്ങൾ ഞാൻ തള്ളിക്കളഞ്ഞല്ലോ. ഇങ്ങനെ നാം ദൈവസന്നിധിയിൽ കരയുന്നുണ്ടോ?

കർത്താവ് കഫർന്നഹൂമിനെ നോക്കി കരഞ്ഞു. ബേത്സയിദയേയും കോരസീനേയും നോക്കി കരഞ്ഞു. “നിന്നിൽ നടന്ന വീര്യപ്രവൃത്തികൾ സോദോമിൽ നടന്നിരുന്നു എങ്കിൽ അതിന്നുവരെ നില്ക്കുമായിരുന്നു. എന്നാൽ ന്യായവിധി ദിവസത്തിൽ സോദോമ്യരുടെ നാടിന്ന് നിന്നേക്കാൾ സഹിക്കാവതാകും” എന്നു ഞാൻ നിന്നോടു പറയുന്നു.

ന്യായവിധി ദിവസമുണ്ട്. ഒരു ദിവസം എല്ലാം വെളിപ്പെടും. ഒന്നും മറഞ്ഞിരിക്കയില്ല. നീ ചെയ്ത കുത്സിതപ്രവൃത്തികളെല്ലാം വെളിപ്പെട്ടുവരും. നിന്റെ അശുദ്ധജീവിതം വെളിപ്പെട്ടുവരും. ആബാലവൃദ്ധം - ബാലൻ മുതൽ വൃദ്ധൻ വരെ - ചേർന്നു നിൽക്കുന്ന സദസ്സിൽ എല്ലാം തുറന്നു വായിച്ചു കേൾപ്പിക്കും. “പോകുവിൻ, ഞാൻ നിന്നെ അറിയുന്നില്ല” എന്ന കഠോരശബ്ദം കേൾക്കേണ്ടിവരും.

ആ ന്യായവിധിദിവസത്തിൽ നാം വെന്തുപോകാതിരിക്കണമെങ്കിൽ ഇന്നു നാം ദൈവത്തിങ്കലേക്ക് തിരിയണം. നാം അനുതപിക്കണം. ഇന്ന് നമുക്ക് കർത്താവ് അവസരം തന്നിരിക്കയാണ്. ഇതു സുപ്രസാദകാലമാണ്. ഇത് രക്ഷാദിവസമാണ്.

“നീയോ കഫർന്നഹൂമേ, നീ സ്വർഗ്ഗത്തോളം ഉയർന്നിരിക്കുമോ?” അതാണ് പറ്റിയ അപകടം. കഫർന്നഹൂമിൽ അഹങ്കാരം വർദ്ധിച്ചു. യേശു ആ നാട്ടിൽക്കൂടി നടന്ന് വലിയ വീര്യപ്രവൃത്തികൾ ചെയ്തു. കഫർന്നഹൂമിലെ ജനം ആത്മീയസമ്പന്നരെപ്പോലെ, ആത്മീയമായി എല്ലാം ഉള്ളവരായി ജീവിച്ചു. അവർക്ക് യെരൂശലേം ദൈവാലയത്തിൽ സ്ഥാനമാനങ്ങളുണ്ട്. അവർക്ക് പരീശന്മാരുണ്ട്, ശാസ്ത്രിമാരുണ്ട്, പുരോഹിതശ്രേഷ്ഠന്മാരുണ്ട്, എല്ലാം ഉണ്ട്. അവർ ഉയർന്നിരിക്കയാണ്. അഹങ്കാരം!

ഇന്ന് അനേകം വിശ്വാസികൾക്കും അഹങ്കാരം വന്നിരിക്കയാണ്. ആരോഗ്യത്തിൽ, വിദ്യാഭ്യാസത്തിൽ, വരുമാനത്തിൽ, ആത്മീയകൃപാവരങ്ങളിൽ, ആത്മീയശുശ്രൂഷയിൽ ഇങ്ങനെ പലതിലും അഹങ്കരിക്കുന്നവരുണ്ട്.

എല്ലാം അപകടമാണ്. നീ പാതാളംവരെ താണുപോകും. കർത്താവ് നോക്കി കരഞ്ഞു. കർത്താവ് പരീശന്മാരെ നോക്കി കരഞ്ഞു. “അവർ കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കുന്നു. അകമെയോ കവർച്ച നിറഞ്ഞിരിക്കുന്നു.” അകം അശുദ്ധമാണ്.

അകം പരിശോധിക്കുക. അകം എങ്ങനെയുണ്ട്? നിങ്ങൾ പലരേയും വിധിച്ചിട്ടില്ലേ? മറ്റുള്ളവരുടെ കുറ്റം കണ്ടിട്ടില്ലേ? വിധിക്കുന്ന സ്വഭാവമില്ലേ? ആരേയും വിധിക്കരുത്. മറ്റുള്ളവരെ വിധിച്ചാൽ നാമും വിധിക്കപ്പെടും. ആരേയും വിധിക്കാൻ നമുക്കവകാശമില്ല. എത്ര നീചജീവിതം നയിക്കുന്നു എന്നു നിങ്ങൾക്കു തോന്നിയാൽപ്പോലും നിങ്ങളുടെ ഹൃദയത്തിൽ ആ ആളുടെ നന്മവശം കണ്ട് ആ ആളെ ബഹുമാനി

ക്കണം. എല്ലാവരേയും ശ്രേഷ്ഠരായിട്ട് എണ്ണണം.

എളിയവരോടു ചേർന്നുകൊള്ളണം. സമൂഹത്തിൽ സ്ഥാനമാനങ്ങൾ ഇല്ലാത്തവരോട്, ആരും വിലമതിക്കാത്തവ രോട് ചേർന്നുകൊള്ളണം. അവരാണ് നിങ്ങളുടെ ഉപകാരി കൾ. ഇതാണ് ആത്മീയജീവിതം. ആത്മീയജീവിതത്തിൽ മുന്നേറാനാണ് കർത്താവ് നമ്മെ വിളിച്ചിരിക്കുന്നത്. ഇന്ന് നിങ്ങൾക്ക് മനം തിരിയാം. ക്രിസ്തുവിനെ സ്വീകരിക്കാം. എളി മയുള്ളവരായിത്തീരാം.

നിത്യനായ രക്ഷകൻ ഭൂമിയിലേക്കിറങ്ങി വന്നപ്പോൾ ആരുടെ കൂടെയാണ് കൂടിയത്? പാവപ്പെട്ട മുക്കുവത്തൊഴിലാ ളികൾ! അവരിൽ പണ്ഡിതന്മാർ ഉണ്ടായിരുന്നോ? ധനവാ ന്മാർ ഉണ്ടായിരുന്നോ? സമൂഹത്തിലെ ശ്രേഷ്ഠന്മാർ ഉണ്ടായി രുന്നോ? യെരൂശലേം ദൈവാലയത്തിലെ പ്രമാണിമാർ ഉണ്ടാ യിരുന്നോ?

യേശു കൂടെകൂട്ടിയത് സാധുക്കളെയായിരുന്നു. അപ രിഷ്കൃതരായ മുക്കുവത്തൊഴിലാളികളെ. ഭൂമിയിൽ ആർക്കും വേണ്ടാത്ത, സകലരും വെറുക്കുന്ന ചുങ്കക്കാരെ. എപ്പോഴും സംശയാലുക്കളായവരെ. തീരെ പാവപ്പെട്ടവരെക്കൊണ്ട് കർത്താവ് ഒരു വലിയ വേല തുടങ്ങുകയായിരുന്നു.

നിങ്ങൾക്ക് ആത്മീയജീവിതത്തിൽ മുന്നേറണമോ, താണവരോടു ചേർന്നുകൊൾവിൻ. ആത്മീയജീവിതത്തിൽ വളരണമോ? താഴ്മയുള്ളവർ, അവരാണ് നിങ്ങളുടെ സ്നേഹി തന്മാർ. അവരാണു നിങ്ങളെ താങ്ങുന്നവർ. അവരാണ് നിങ്ങൾക്കുവേണ്ടി കരയുന്നവർ. അവരാണ് നിങ്ങളെ സഹാ യിക്കുന്നവർ.

ദേശത്തിലെ ഉന്നതന്മാർ നിങ്ങളെ സഹായിച്ചു എന്നു വരികയില്ല. അവർക്കു സ്വയം ഔന്നത്യമുണ്ട്. സ്വയം ഉന്നത ന്മാരാണ്. എന്നാൽ നിങ്ങളെ താങ്ങുന്നത് പാവപ്പെട്ടവരാണ്. ലോകത്തിൽ തള്ളപ്പെട്ടവരാണ്. നിങ്ങൾ എപ്പോഴും എളിയവ

രോട് ചേർന്നുകൊൾവിൻ.

യേശുക്രിസ്തു സ്നേഹം മാത്രമാണ്. യേശുക്രിസ്തു കരയുന്നു. നിങ്ങളെക്കുറിച്ച് ഉന്നതമായ പ്രതീക്ഷ അവനുള്ളതുകൊണ്ടാണ് കരയുന്നത്. നിങ്ങളെ ഉയർന്ന തലങ്ങളിലേക്ക് ഉയർത്തിക്കൊണ്ടുപോകുവാൻ അവനു പരിപാടിയുണ്ട്, എന്നാൽ നിങ്ങൾ ചേർന്നുനിൽക്കുന്നില്ല എന്നുള്ളതുകൊണ്ടാണ് അവൻ കരയുന്നത്.

കർത്താവേ, എന്റെ ജീവിതത്തിൽ ഇത്രയുംകാലം ഞാൻ ദൈവത്തെ അറിയാതെ ജീവിച്ചുപോയി. ഇത്രയും കാലം എളിയവരെ മാനിക്കാതെ ജീവിച്ചുപോയി. ഇത്രയും കാലം മറ്റുള്ളവരെ തരംതാഴ്ത്തി ജീവിച്ചുപോയി. മറ്റുള്ളവരെ ചെറുതായിക്കണ്ട് ജീവിച്ചുപോയി. കർത്താവേ, ഞാനിതാ എളിയവരുടെ കൂട്ടാളിയായി മാറുന്നു.

ഞാൻ ഇന്ന് നിന്റെ മുമ്പാകെ ഒരു സമർപ്പണം പറയുകയാണ്: നാഥാ, ഈ നിമിഷം മുതൽ ഞാൻ നിന്നെ ആശ്വസിപ്പിക്കുന്നവനായിരിക്കും. നിന്നെ സ്നേഹിക്കുന്നവനായിരിക്കും. നിന്റെ വേലചെയ്യുന്നവനായിരിക്കും. ഇന്നുമുതൽ നിന്റെ മക്കളെ ആരേയും ഞാൻ തുച്ഛീകരിക്കയില്ല. ആരേയും ഞാൻ ചെറുതായി കാണുകയില്ല. എല്ലാവരേയും സ്നേഹിച്ച് എല്ലാവരേയും മാനിച്ച് ഇന്നുമുതൽ ഞാൻ നിന്റെ ഒരു ദാസനായി, ദാസിയായി ജീവിക്കും. കർത്താവേ, മനസ്സലിഞ്ഞ് നിന്റെ തിരുവിലാവിൽ നിന്നൊഴുകിയ തിരുരക്തം എന്റെമേൽ തളിക്കണമേ. ആ തിരുരക്തത്താൽ എന്നെ കഴുകണമേ.

# ഏഴ്

കർത്താവ് ജനത്തെ നോക്കി കരയുന്നു.

*“ആകാശമേ, കേൾക്ക; ഭൂമിയേ, ചെവിതരിക; യഹോവ അരുളിച്ചെയ്യുന്നു: ഞാൻ മക്കളെ പോറ്റി വളർത്തി; അവരോ എന്നോടു മത്സരിച്ചിരിക്കുന്നു. കാള തന്റെ ഉടയവനെയും കഴുത തന്റെ യജമാനന്റെ പുൽത്തൊട്ടിയെയും അറിയുന്നു; യിസ്രായേലോ അറിയുന്നില്ല; എന്റെ ജനം ഗ്രഹിക്കുന്നതുമില്ല. അയ്യോ പാപമുള്ള ജാതി! അകൃത്യഭാരം ചുമക്കുന്ന ജനം! ദുഷ്പ്രവൃത്തിക്കാരുടെ സന്തതി! വഷളായി നടക്കുന്ന മക്കൾ! അവർ യഹോവയെ ഉപേക്ഷിച്ചു യിസ്രായേലിന്റെ പരിശുദ്ധനെ നിരസിച്ചു പുറകോട്ട് മാറിക്കളഞ്ഞിരിക്കുന്നു. ഇനി നിങ്ങളെ അടിച്ചിട്ട് എന്ത്? നിങ്ങൾ അധികം അധികം പിന്മാറുകയേയുള്ളൂ; തലമുഴുവൻ ദീനവും ഹൃദയം മുഴുവനും രോഗവും പിടിച്ചിരിക്കുന്നു. അടിതൊട്ടു മുടിവരെ ഒരു സുഖവും ഇല്ല; മുറിവും ചതവും പഴുത്ത വ്രണവും മാത്രമേയുള്ളൂ; അവയെ ഞെക്കി കഴുകീട്ടില്ല, വെച്ചുകെട്ടീട്ടില്ല, എണ്ണ പുരട്ടി ശമിപ്പിച്ചിട്ടുമില്ല.”*

*യെശയ്യാവ് 1 : 2 – 6*

ജനസമൂഹം! കർത്താവ് അവരെ നോക്കി. കാളയ്ക്കാണെങ്കിൽ അവന്റെ ഉടയവനെ തിരിച്ചറിയാം. കഴുതയ്ക്ക് അതിന്റെ യജമാനനെ തിരിച്ചറിയാം. എന്നാൽ എന്റെ ജന

ത്തിന് തങ്ങളുടെ നാഥനെ തിരിച്ചറിയാൻ കഴിയുന്നില്ല.

ആകാശമേ കേൾക്ക; ഭൂമിയേ, ചെവിതരിക; ആകാശത്തേയും ഭൂമിയേയും സാക്ഷിനിർത്തി പറയുകയാണ്. നിങ്ങളെ ശിക്ഷിച്ചു. എന്നിട്ടും മാറ്റം വരുന്നില്ല. നിങ്ങൾക്ക് ചില ശാസനകൾ കിട്ടി. നിങ്ങൾ മാറുന്നില്ല. നിങ്ങൾക്ക് അനർത്ഥം വന്നിരിക്കുന്നു. നിങ്ങൾക്ക് അപകടം വന്നിരിക്കുന്നു. ഇനി നിങ്ങളെ ശാസിച്ചിട്ട് എന്ത്? നിങ്ങൾ അധികമധികം പിന്മാറുകയേ ഉള്ളൂ. കർത്താവ് തന്റെ ജനത്തെ നോക്കി കരയുന്നു.

ആകാശത്തേയും ഭൂമിയേയും സാക്ഷിനിർത്തിക്കൊണ്ട് നിത്യനായ ദൈവം കരയുന്ന അത്യന്തം വേദനാജനകമായ ചിത്രമാണ് യെശയ്യാവ് വരച്ചുകാണിച്ചുതരുന്നത്. നമ്മുടെ അവസ്ഥയാണത്. ആസകലം വ്രണം ബാധിച്ച ഒരാളുടെ അവസ്ഥ എത്രയോ ഭയാനകമാണ്!

പുറമെ നോക്കുമ്പോൾ വേറെ കുഴപ്പങ്ങൾ ഒന്നുമില്ല. ആരോഗ്യമുണ്ട്. നല്ല വസ്ത്രധാരണമുണ്ട്. ആഡംബരമുണ്ട്. വിദ്യാഭ്യാസമുണ്ട്, പണമുണ്ട്, നല്ല വീടുണ്ട്, നല്ല ഭർത്താവുണ്ട്, നല്ല ഭാര്യയുണ്ട്, നല്ല കുഞ്ഞുങ്ങളുണ്ട്. എല്ലാം ഉണ്ട്. കഷ്ടപ്പാടും ഞെരുക്കവുമുള്ള ലോകമാണെങ്കിൽ തന്നെയും എല്ലാമുണ്ട്. ക്ഷേമമമായി കഴിഞ്ഞുകൂടുകയാണ്.

പക്ഷേ, ആസകലം വ്രണം ബാധിച്ചു എന്ന വിവരം അറിയുന്നില്ല. ആത്മാവിൽ വ്രണം! ആത്മാവിൽ രോഗം! യിരെമ്യാവു പറയുകയാണ്: “നിന്റെ മുറിവിന് ഇടുവാൻ മരുന്നും കുഴമ്പും ഇല്ല.” കിട്ടിയതെല്ലാം നീ നഷ്ടപ്പെടുത്തി. ഗിലെയാദിൽ വൈദ്യനുണ്ട്. അവിടെ സുഗന്ധതൈലമുണ്ട്. പക്ഷേ നീ അതു സ്വീകരിക്കുന്നില്ല. നീ ആ മരുന്ന് ഉപയോഗപ്പെടുത്തുന്നുമില്ല.

യിരെമ്യാവ് ചോദിക്കുകയാണ്; എന്റെ ജനത്തിൻപുത്രിക്ക് ശമനം വരാതിരിക്കുന്നതെന്ത്? അനേകർക്ക് ശരീര

ത്തിൽ രോഗം ബാധിച്ചതുപോലെ ആത്മാവ് വ്രണപ്പെട്ടിരിക്കുന്നു. ആത്മാവിൽ അശുദ്ധി ബാധിച്ചിരിക്കുന്നു. അശുദ്ധമായ വിചാരങ്ങൾ, മ്ലേച്ഛമായ ആഗ്രഹങ്ങൾ, പുറത്തുപറയാൻ അറയ്ക്കുന്ന ചിന്തകൾ. ഇന്ന് മനുഷ്യർ പാപത്തിൽ കുളിച്ചുകൊണ്ടിരിക്കുകയാണ്. കൂട്ടായ്മയിൽ വരുന്നവർക്കും അതിൽ മാറ്റമൊന്നുമില്ല. വചനം ധാരാളം കേൾക്കുന്നുണ്ട് പക്ഷേ, ഒരു ഭയവുമില്ല. ഒരു കൂസലുമില്ല.

യെശയ്യാവിലൂടെ ദൈവത്തിന്റെ ആത്മാവ് പറഞ്ഞു: അടിതൊട്ടു മുടിവരെ ഒരു സുഖവുമില്ല. മുറിവും ചതവും പഴുത്ത വ്രണവും മാത്രമേ ഉള്ളൂ. ശരീരത്തിൽ മുറിവുണ്ട്. ചതവുണ്ട്. പഴുത്ത വ്രണമുണ്ട്. എന്നതുപോലെ ആത്മാവിൽ വ്രണം ബാധിച്ചിരിക്കുന്നു.

ഇതു വായിക്കുമ്പോൾ ചിന്തിക്കൂ. എന്റെ കർത്താവേ, എന്റെ അവസ്ഥ എന്താണ്? ഇന്നും പാപത്തിന്റെ മുറിവുകൾ എന്നെ ബാധിച്ചിട്ടുണ്ടോ? ദുഷ്ടപ്പിശാച് ഏല്പിച്ച മുറിവ് ഇന്നും എന്നിൽ നിൽക്കുന്നുണ്ടോ? പിശാചിന്റെ ആലോചനയ്ക്കു വശംവദനായി ഞാൻ ചെയ്തുപോയ പാപങ്ങൾക്കു തക്കവണ്ണം എന്റെ ജീവിതത്തിൽ പാപം എന്നെ പിന്തുടരുന്നുണ്ടോ?

ഇതറിയാവുന്ന വിശുദ്ധ പിതാക്കന്മാർ പാടി: കർത്താവേ, നീ എന്റെ ദുരിതം നോക്കണമേ. ഞാൻ അടിതൊട്ടു മുടിവരെ സുഖമില്ലാത്തവനായിരിക്കുന്നു. മുറിവും ചതവും പഴുത്ത വ്രണവുമുള്ളവനായിരിക്കുന്നു. ഇതിന് ഇടുവാൻ കുഴമ്പുകിട്ടുന്നില്ല. പല വൈദ്യന്മാരുടെ അടുക്കലും പോയി നോക്കി. എങ്കിലും അവരുടെ മരുന്നുകൊണ്ടൊന്നും പ്രയോജനം കിട്ടുന്നില്ല.

തീർത്ഥാടനം നടത്തിനോക്കി. കബറിങ്കൽ മെഴുകുതിരി കത്തിച്ചുനോക്കി. ശനിയാഴ്ച കുർബ്ബാനചൊല്ലിച്ചുനോക്കി. പക്ഷേ, അതുകൊണ്ടൊന്നും പാപത്തിന്റെ ശിക്ഷ മാറുന്നില്ല.

നോക്കണമെൻ ദുരിതം നാഥാ!
പലതരദോഷം ഞാൻ ചെയ്തു, കോപിപ്പിച്ചു
ശരണമെനിയ്ക്കില്ല.
വൈദ്യന്മാർ പക്കൽ ഞാൻ പോയ്
അവരൗഷധമെല്ലാം ചെയ്തിട്ടില്ലൊരു ഗുണവും
എൻ വ്രണമോ കഠിനം.
നൽവൈദ്യാ നിന്നെയും നിൻ
ഔഷധഗുണവും ഞാൻ കേട്ടു, നിങ്കൽ വരുന്നോൻ
സുഖമേൽക്കും നൂനം.

നല്ല വൈദ്യനായുള്ളോനേ, ഞാൻ നിന്റെ അടുക്കൽ വരികയാണ്. അനേകം വൈദ്യന്മാരെ ഞാൻ തേടി നടന്നു. പല ചികിത്സകളും ഞാൻ ചെയ്തു നോക്കി. പക്ഷേ, എന്റെ പാപം മാറുന്നില്ല. പാപത്തിന്റെ ശിക്ഷ മാറുന്നില്ല. പാപത്തിന്റെ തിരിച്ചടികൾ മാറുന്നില്ല. എനിക്ക് ആസകലം രോഗം നിറഞ്ഞിരിക്കുന്നു.

കർത്താവേ, നിന്റെ തിരുരക്തത്താൽ എനിക്ക് പാപമോചനം തരണമേ. എന്റെ പാപത്തിന്റെ വ്രണങ്ങളെല്ലാം സുഖപ്പെടുത്തിത്തരണമേ. പാപത്തിന്റെ മുറിവുകളെല്ലാം ഉണക്കിത്തരണമേ. നീ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചു എന്നു വിശ്വസിച്ചുകൊണ്ട് ഞാനിതാ തിരുമുമ്പാകെ വരുന്നു. എന്നോടു നീ മനസ്സലിയണമേ.

തിരിച്ചടികൾ വരുന്നതിനുമുമ്പ് പാപമോചനത്തിനായി തിരുമുമ്പാകെ അനുതാപത്തോടെ ഞാൻ വരുന്നു. ഈ രീതിയിൽ ഞാൻ പോയാൽ പാപത്തിൽ മരിച്ചുപോകും. പാപത്തിൽ മരിച്ചാൽ നിത്യ അന്ധകാരത്തിലേക്ക് ഞാൻ പോകും. എന്റെ കർത്താവേ, പാപത്തിൽ മരിക്കാൻ നീ എന്നെ അനുവദിക്കല്ലേ.

തിരുമുമ്പാകെ കൊണ്ടുവന്ന് അർപ്പിക്കാൻ എന്റെ കൈയിൽ നല്ലതൊന്നുമില്ല. കാളക്കിടാവിനെ അർപ്പിക്കാൻ

എന്റെ കൈയിൽ ഇല്ല. ഒരു കുറുപ്രാവോ ചങ്ങാലിയോ എന്റെ കൈയിലില്ല. അനുതാപത്തിന്റെ രണ്ടുതുള്ളി കണ്ണുനീർ അർപ്പിച്ചുകൊണ്ട് ശീമോന്റെ ഭവനത്തിൽ വന്ന പാപിനിയായ സ്ത്രീയെപ്പോലെ ഞാനിതാ വരുന്നു. എനിക്ക് പാപമോചനം തരണമേ. ഈ തിരിച്ചടികളുടെ ശിക്ഷ എന്നിൽ നിന്നു മാറ്റിത്തരണമേ.

എൻ പാപത്തിൽ ഞാൻ ചാകാ-
നിടയാകരുതയ്യോ നാഥാ!
എൻ ബാഷ്പങ്ങൾ ചൊരിഞ്ഞീടുന്നിപ്പോൾ
അജമോ മാടോ ചങ്ങാലിയോ
കുറുപ്രാവിൻ കുഞ്ഞുങ്ങളെയോ
കാഴ്ചയതായിട്ടർപ്പിക്കുന്നില്ല
ശെമവോൻ തൻ ഭവനേ വന്ന
പാപി സ്ത്രീ പോലിരുതുള്ളി-
ക്കണ്ണീർ കണ്ടെന്മേൽ ദയതോന്നണമേ.

പാപത്തിന്റെ തിരിച്ചടികൾ മാറാൻ ഇതേ പോംവഴിയുള്ളൂ.

*"അയ്യോ, എന്റെ സങ്കടത്തിൽ എനിക്ക് ആശ്വാസം വന്നെങ്കിൽ കൊള്ളായിരുന്നു; എന്റെ മനസ്സു വല്ലാതെയിരിക്കുന്നു. കേട്ടോ, ദൂരെദേശത്തുനിന്നു എന്റെ ജനത്തിന്റെ പുത്രി: സീയോനിൽ യഹോവ വസിക്കുന്നില്ലയോ? അവളുടെ രാജാവ് അവിടെ ഇല്ലയോ എന്ന് നിലവിളിക്കുന്നു. അവർ തങ്ങളുടെ വിഗ്രഹങ്ങൾകൊണ്ടും അന്യദേശങ്ങളിലെ മിഥ്യാമൂർത്തികൾ കൊണ്ടും എന്നെ കോപിപ്പിച്ചതെന്തിന്? കൊയ്ത്തുകഴിഞ്ഞു, ഫലശേഖരവും കഴിഞ്ഞു; നാം രക്ഷിക്കപ്പെട്ടതുമില്ല. എന്റെ ജനത്തിൻപുത്രിയുടെ മുറിവു നിമിത്തം ഞാനും മുറിപ്പെട്ടു ദുഃഖിച്ചു നടക്കുന്നു; സ്തംഭനം എന്നെ പിടിച്ചിരിക്കുന്നു. ഗിലെയാദിൽ സുഗന്ധതൈലം*

*ഇല്ലയോ? അവിടെ വൈദ്യൻ ഇല്ലയോ? എന്റെ ജന ത്തിൻപുത്രിക്ക് രോഗശമനം വരാതെ ഇരിക്കുന്ന തെന്ത്?" യിരമ്യാവ് 8 : 18 – 22*

*"അയ്യോ, എന്റെ ജനത്തിന്റെ പുത്രിയുടെ നിഹത ന്മാർ നിമിത്തം രാവും പകലും കരയേണ്ടതിന്നു എന്റെ തല വെള്ളവും എന്റെ കണ്ണു കണ്ണുനീരു റവും ആയിരുന്നെങ്കിൽ കൊള്ളായിരുന്നു! അയ്യോ, എന്റെ ജനത്തെ വിട്ടു പൊയ്ക്കളയേണ്ട തിന്നു മരുഭൂമിയിൽ വഴിയാത്രക്കാർക്കുള്ള ഒരു സത്രം എനിക്കു കിട്ടിയെങ്കിൽ കൊള്ളായിരുന്നു! അവരെല്ലാവരും വ്യഭിചാരികളും ദ്രോഹികളുടെ കൂട്ടവുമല്ലോ." യിരമ്യാവ് 9 : 1, 2*

എന്റെ ജനത്തിൻപുത്രിക്കു വന്നിരിക്കുന്ന നാശം കണ്ട് കരയേണ്ടതിന്ന് എന്റെ തല വെള്ളവും എന്റെ കണ്ണു കണ്ണുനീ രുറവും ആയിരുന്നെങ്കിൽ കൊള്ളായിരുന്നു. അയ്യോ, ഞാൻ എങ്ങോട്ട് പോകും? എന്റെ ജനത്തിൻ പുത്രി എനിക്കു കൂടാരം അടിച്ചില്ല. യിസ്രായേൽകന്യക എനിക്കുവേണ്ടി പാർപ്പിടം ഒരു ക്കിയില്ല. നിത്യനായ ദൈവത്തിന്റെ അഗാധമായ ദുഃഖം ഈ വാക്കുകളിൽക്കൂടി മാറ്റൊലിക്കൊള്ളുകയാണ്.

മനുഷ്യർ ഇതെല്ലാം അറിഞ്ഞിട്ടും പിന്നെയും പാപത്തി ലേക്കു പോകുന്നു. മരണശേഷം ഒരു നിത്യതയുണ്ട് എന്ന് അറിയില്ല. ഈ ഭൂമിയിലെ ജീവിതം കഴിഞ്ഞിട്ടുവേണ്ടേ മരണ ശേഷം! ഇങ്ങനെയെല്ലാം ചിന്തിച്ച് ദൈവത്തെ പരിഹസിച്ച്, വചനത്തെ ധിക്കരിച്ച്, വചനം പറയുന്നവരെ പരിഹസിച്ച്, അങ്ങനെ പോകുന്ന ധാരാളം ആളുകൾ!

ജീവനുള്ള ദൈവം ഇന്ന് നമ്മെ നോക്കി കരയുകയാണ്. ഈ കരച്ചിൽ മാറ്റുവാൻ എന്തുചെയ്യുവാൻ പറ്റും? ഒരേയൊരു വഴി, പാപം കണ്ടുപിടിക്കുക. പാപത്തെയോർത്ത് അനുതപി ക്കുക. എന്റെ കർത്താവേ, ഞാൻ സ്വർഗ്ഗത്തിനും നിനക്കും

വിരോധമായി പാപം ചെയ്തുപോയി. നിന്റെ മകനെന്ന പേരിന്നു ഞാൻ യോഗ്യനല്ല. നിന്റെ കൂലിക്കാരിൽ ഒരുത്തനെ പ്പോലെ എന്നെ ആക്കണമേ എന്നു പ്രാർത്ഥിക്കുക.

മറ്റൊന്നുകൊണ്ടും നമ്മുടെ പാപം മാറുകയില്ല. യേശു വിന്റെ തിരുവിലാവിൽനിന്നും ഒഴുകിയ തിരുരക്തം കൊണ്ടുമാത്രം.

*"പിതാവേ, നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാന പാത്രം എങ്കൽ നിന്നു നീക്കേണമേ; എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെ ആകട്ടെ എന്നു പ്രാർത്ഥിച്ചു. അവനെ ശക്തിപ്പെടുത്തു വാൻ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ അവന്നു പ്രത്യക്ഷനായി. പിന്നെ അവൻ പ്രാണവേദനയി ലായി അതിശ്രദ്ധയോടെ പ്രാർത്ഥിച്ചു; അവന്റെ വിയർപ്പു നിലത്തു വീഴുന്ന വലിയ ചോരത്തുള്ളി പോലെ ആയി. അവൻ പ്രാർത്ഥന കഴിഞ്ഞു എഴു ന്നേറ്റു ശിഷ്യന്മാരുടെ അടുക്കൽ ചെന്നു."*

*ലൂക്കോസ് 22 : 42 – 45*

ഗദ്സമെൻ തോട്ടത്തിൽ കർത്താവു കരഞ്ഞു.

അവന്റെ വിയർപ്പു നിലത്തുവീഴുന്ന വലിയ ചോരത്തു ള്ളികൾപോലെയായി. ശരീരത്തിൽനിന്ന് വിയർപ്പിനു പകരം ചോരത്തുള്ളികളാണ് വീഴുന്നത്. അത്ര തീവ്രമായ വേദന യോടെ പ്രാർത്ഥിച്ചുകരയുകയാണ്. കർത്താവേ, കഴിയുമെ ങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീക്കേണമെ. എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെ ആകട്ടെ.

*"പത്രോസിനെയും സെബെദിപുത്രന്മാർ ഇരുവ രെയും കൂട്ടിക്കൊണ്ടു ചെന്ന് ദുഃഖിച്ചും വ്യാകുല പ്പെട്ടും തുടങ്ങി: എന്റെ ഉള്ളം മരണവേദനപോലെ അതിദുഃഖിതമായിരിക്കുന്നു; ഇവിടെ താമസിച്ചു എന്നോടുകൂടെ ഉണർന്നിരിപ്പിൻ എന്ന് അവരോടു*

*പറഞ്ഞു. പിന്നെ അവൻ അല്പം മുമ്പോട്ടു ചെന്ന് കവിണ്ണുവീണു: പിതാവേ, കഴിയും എങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീങ്ങിപ്പോകേണമേ; എങ്കിലും ഞാൻ ഇച്ഛിക്കുംപോലെ അല്ല, നീ ഇച്ഛിക്കുംപോലെ ആകട്ടെ എന്നു പ്രാർത്ഥിച്ചു."*

*മത്തായി : 26 : 37 – 39*

വിസ്താരരംഗത്തേക്കു പോകുന്നതിനുമുമ്പ് കർത്താവ് ഗദ്സമെൻ തോട്ടത്തിൽ കരഞ്ഞു. പത്രോസും യോഹന്നാനും യാക്കോബും പിറകിൽ കുറച്ചു ദൂരെ മാറിയിരുന്നു പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. പക്ഷേ അവർ ഉറങ്ങിപ്പോയി. കർത്താവ് തിരിച്ചുചെന്ന് പാറമേൽ കമിഴ്ന്നു കിടന്നു കരഞ്ഞു.

*"ക്രിസ്തു തന്റെ ഐഹികജീവകാലത്തു തന്നെ മരണത്തിൽ നിന്നു രക്ഷിപ്പാൻ കഴിയുന്നവനോട് ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷയും അഭയയാചനയും കഴിക്കയും ഭയഭക്തി നിമിത്തം ഉത്തരം ലഭിക്കയും ചെയ്തു."*

*എബ്രായർ 5 : 7*

കർത്താവു കണ്ണുനീരോടെ അപേക്ഷിച്ചു. ഉറച്ച നിലവിളിയോടെ അപേക്ഷിച്ചു. പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീക്കേണമേ. കരുണയുള്ള കർത്താവ്, ക്രൂശ് ഒഴിവാക്കണം എന്നല്ല പറഞ്ഞത്. ക്രൂശ് വരാൻ പോകുന്നു, ക്രൂശിക്കപ്പെടും എന്ന് കർത്താവിനറിയാം.

കർത്താവ് ജനിച്ചത് ക്രൂശിക്കപ്പെടാനായിട്ടാണ്. രാജാവായി അനേകവർഷങ്ങൾ വാണ് ഈ ഭൂമിയിലെ യഹൂദന്മാരെ ഭരിക്കാൻ വേണ്ടിയല്ല; കർത്താവ് മരണം കണ്ടുകൊണ്ടുതന്നെ ജനിച്ചു. നിത്യനായ ദൈവം ഭൂമിയിലേക്ക് അവതരിച്ചത് മനുഷ്യജാതിയുടെ പാപം വഹിച്ച് മരിക്കാൻ വേണ്ടിയാണ്. മനസ്സിലാക്കാൻ പ്രയാസമുള്ള ഒരു മർമ്മമാണിത്.

യേശുക്രിസ്തു എന്റെ പാപം വഹിച്ചു എന്ന് അനേ

കർക്കും മനസ്സിലാകുന്നില്ല. രണ്ടായിരത്തിലേറെ വർഷം മുമ്പ് മുപ്പത്തിമൂന്നരക്കൊല്ലം ഭൂമിയിൽ ജീവിച്ച് ക്രൂശിൽ മരിച്ച യേശു, എന്റെ പാപം വഹിച്ചു എന്നോ? പലർക്കും മനസ്സിലാകുന്നില്ല.

വിശ്വസിക്കൂ. ഇത് എന്റെ ജ്ഞാനം കൊണ്ട്, വിവേകം കൊണ്ട്, ബുദ്ധിശക്തികൊണ്ട് ഗ്രഹിക്കാൻ സാധിക്കുകയില്ല. പക്ഷേ, ഒരു ശിശുമനസ്സുണ്ടെങ്കിൽ വിശ്വസിക്കാൻ സാധിക്കും. അപ്പോഴാണ് ഇത് സ്വന്തം അനുഭവമായിത്തീരുന്നത്. ദൈവത്തിന്റെ വചനം വിശ്വസിക്കുന്നു.

മോശ പറഞ്ഞു: അഗ്നിസർപ്പം കടിച്ചു എന്നുള്ളതുകൊണ്ട് നിങ്ങൾ പേടിക്കേണ്ട. ശരീരത്തിൽ വിഷം കയറി എന്നുള്ളതുകൊണ്ട് നിങ്ങൾ പേടിക്കേണ്ട. ഉയർത്തിക്കെട്ടിയിരിക്കുന്ന പിച്ചളസർപ്പത്തിലേക്ക് ഒന്നുനോക്കൂ. അത് ദൈവത്തിന്റെ വചനപ്രകാരം നാട്ടിയ പിച്ചളസർപ്പമാണ്. നോക്കിയാൽ രക്ഷപ്പെടും.

ഇന്ന് നമ്മിൽ പലരും സംശയിക്കുന്നതുപോലെ അന്ന് പലരും സംശയിച്ചുകാണും. എന്റെ ഈ ശരീരത്തിലൂടെ വിഷം കയറിയത് എങ്ങനെ പിച്ചളപ്പാമ്പിലേക്കു നോക്കിയാൽ മാറും? ദൂരെ നാട്ടിയിരിക്കുന്ന ആ താമ്രസർപ്പത്തിലേക്കു നോക്കിയാൽ എന്റെ ശരീരത്തിൽ കയറിയിരിക്കുന്ന വിഷം എങ്ങനെപോകും? ശരീരത്തിലെ രക്തധമനികളിൽ കൂടി ഒഴുകിയ വിഷം എങ്ങനെമാറും? ആർക്കും മനസ്സിലാവുകയില്ല. ഒരു പണ്ഡിതനും മനസ്സിലാകില്ല. ഒരു ഡോക്ടർക്കും മനസ്സിലാകില്ല.

ഒന്നും മനസ്സിലായില്ലെങ്കിലും ഒരാൾ കേട്ടു, ദൈവത്തിന്റെ വചനപ്രകാരമാണ് പിച്ചളസർപ്പത്തെ നാട്ടിയതെന്ന്. ബോധംകെടാൻ പോകുകയായിരുന്നു. ചെരിഞ്ഞുകിടന്നുകൊണ്ട് ഒന്നുനോക്കി. എന്തൊരത്ഭുതം! പെട്ടെന്ന് കണ്ണുതുറന്നു. പെട്ടെന്ന് ബോധം തെളിഞ്ഞു. നല്ല ഊർജ്ജസ്വലത

യോടെ ചാടിയെഴുന്നേറ്റു. ഞാൻ രക്ഷപ്പെട്ടല്ലോ!

അയാൾ അടുത്ത കൂടാരത്തിലേക്ക് ഓടി. അവിടെ മരിച്ചുകൊണ്ടിരിക്കുന്നവരുണ്ട്. അയ്യോ! നിങ്ങളാരും മരിക്കേണ്ട ആവശ്യമില്ല. നോക്കൂ. അവിടെ ദൈവത്തിന്റെ വചനപ്രകാരം ഒരു പിച്ചളസർപ്പത്തെ നാട്ടിയിട്ടുണ്ട്. അതിലേക്കു നോക്കിയാൽ മാത്രം മതി, രക്ഷപ്പെടും. അവർ നോക്കി, രക്ഷപ്പെട്ടു. അവർ അടുത്ത കൂടാരത്തിലേക്കും ഓടി. അഗ്നിസർപ്പത്തിന്റെ കടിയേറ്റവർ ആരും മരിക്കേണ്ട ആവശ്യമില്ല. അതാ, പിച്ചള സർപ്പത്തെ നാട്ടിയിരിക്കുന്നു.

> *"ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു; അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്. വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തംമൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിർത്തിയിരിക്കുന്നു."*
>
> *റോമർ 3 : 23 – 25*

നിത്യനായ ദൈവത്തിന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വിശ്വാസത്താൽ നീതീകരണം പ്രാപിക്കുകയാണ്. സ്വതവേ നാം പാപികളാണ്. അകൃത്യത്തിൽ ഞാൻ ഉരുവായി. പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു. ജനിക്കുമ്പോൾ തന്നെ നമ്മുടെ ജീവിതത്തിൽ പാപമുണ്ട്. അകൃത്യം നമ്മുടെ രക്തത്തിലുണ്ട്, സ്വഭാവത്തിലുണ്ട്. ഞാൻ എന്നു പറയുന്ന മനുഷ്യൻ പാപിയാണ്.

എന്നാൽ ക്രിസ്തു വീണ്ടെടുപ്പുകാരനാണ്. പാപത്തിൽ ആണ്ടുപോയവനെ ഉദ്ധരിക്കുന്നവനാണ് ക്രിസ്തു. അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്. വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തംമൂലം പ്രായശ്ചിത്തമാകുവാൻ ദൈവം

അവനെ പരസ്യമായി നിർത്തിയിരിക്കുന്നു.

പരസ്യമായി കാൽവറിമലയുടെ മുകളിൽ, ഗോഗുൽത്തായിൽ, രണ്ടു കൊലയാളികളുടെ മദ്ധ്യത്തിൽ, ആകാശത്തിനും ഭൂമിയ്ക്കും മദ്ധ്യത്തിൽ, പ്രപഞ്ചത്തിന്റെ മദ്ധ്യത്തിൽ അവൻ ഉയർത്തപ്പെട്ടിരിക്കുന്നു.

ആർക്കും രക്ഷപ്പെടാം. ഒരു പാപിയും ഇനി പാപത്തിൽ മരിക്കേണ്ട ആവശ്യമില്ല. മദ്യപാനം ചെയ്ത് എല്ലാം മുടിച്ചുകളഞ്ഞവനും ഇനി നശിക്കേണ്ട ആവശ്യമില്ല. മാതാപിതാക്കന്മാരെ ഉപദ്രവിച്ചവനും ഇനി നശിക്കേണ്ട ആവശ്യമില്ല. ദൈവത്തിന്റെ അഗാധമായ സ്നേഹമാണ്. തന്നെത്തന്നെ നമുക്കുവേണ്ടി അർപ്പിക്കാൻ കാണിച്ച സ്നേഹം! ആ സ്നേഹം നമ്മുടെ പാപം ഏറ്റെടുക്കുകയാണ് ചെയ്തത്. മനുഷ്യരാശിയുടെ മുഴുവൻ പാപവും കർത്താവു വഹിച്ചു.

നിങ്ങൾ വഴിനടന്നുപോകുമ്പോൾ റോഡരികിൽ ഒരു നായ് ചത്തു കിടക്കുന്നു. മൂന്നുനാലുദിവസങ്ങളായി, അതിന്റെ ശരീരം ചീഞ്ഞളിഞ്ഞുകിടക്കുന്നു. അതിൽനിന്ന് ഈച്ചകൾ ആർക്കുന്നു. ദുർഗന്ധം വമിക്കുന്നു. ആർക്കും അടുത്തുകൂടാ. ആളുകൾ മൂക്കുംപൊത്തി ഓടിപ്പോവുകയാണ്. അപ്പോഴാണ് നിങ്ങൾ ആ വഴി പോയത്. അവിടെയുള്ള ചില അധികാരികൾ നിങ്ങളെ അവിടെ പിടിച്ചുനിർത്തി. ആ നായുടെ ജഡം നിങ്ങളെക്കൊണ്ട് എടുപ്പിച്ചു. തലയിൽ വച്ചുകെട്ടി. നാറ്റം സഹിക്കാൻ വയ്യ. ഛർദ്ദി വരുന്നു. ആ ദുർഗന്ധം സഹിക്കാൻ വയ്യ. ഏറ്റവും ലജ്ജാകരമായ, ഏറ്റവും ഹീനമായ ആ ചീഞ്ഞളിഞ്ഞ ശരീരം തലയിൽ വച്ചുകൊണ്ട്, അത് ചുമന്നുകൊണ്ട് നടക്കണം. സാധിക്കുന്ന കാര്യമാണോ?

അതാണ് കർത്താവായ യേശുക്രിസ്തു ചെയ്തത്. ഒരു പാപവും ചെയ്യാത്ത ക്രിസ്തു, പാപം തീണ്ടിയിട്ടില്ലാത്ത, പാപമെന്തെന്ന് അറിയാത്തവനായ ക്രിസ്തു, യാതൊരുവിധത്തിലും പാപം അടുക്കാൻ വയ്യാത്തവനായ ക്രിസ്തു, മനുഷ്യ

ജാതിയുടെ പാപം മുഴുവൻ തന്റേമേൽ ഏറ്റെടുക്കാൻ, അതു മുഴുവൻ തന്റേമേൽ വഹിക്കാൻ തയ്യാറായി. ആ പാപം മുഴുവൻ വഹിച്ചുകൊണ്ട് ലജ്ജാവിവശനായി, നഗ്നനായി, വേദനസഹിച്ചുകൊണ്ട് ക്രൂശിന്മേൽ കിടന്ന് കർത്താവ് കരഞ്ഞു.

നമ്മുടെ പാപം ഏറ്റെടുക്കുന്ന ക്രിസ്തുവിന്റെ ശരീരത്തിൽ ഏറ്റ അസഹ്യമായ വേദന! തീവ്രമായ വേദന! കർത്താവ് പിതാവിനോട് പറഞ്ഞു: പിതാവേ, ഇതു ഞാൻ തന്നെ വഹിക്കണമോ? ഞാൻ ഇതിനുതന്നെ വന്നതാണ്; നീ എന്നെ അയച്ചതാണ്. എന്നാൽ പിതാവേ, ഈ ദുസ്സഹമായ വേദന, അതുമുഴുവൻ ഞാൻ പേറുക എത്രയോ ദുഷ്കരമാണ്. പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീക്കണമേ.

ക്രൂശിന്റെ കഷ്ടത മാറ്റാനല്ല കർത്താവു പറഞ്ഞത്. ക്രൂശിലെ യാതനയും വേദനയും മാറ്റിക്കിട്ടണമെന്നല്ല കർത്താവ് പ്രാർത്ഥിച്ചത്. പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീക്കണമേ. വലിയൊരു യാതനയാണ്. പാപം മുഴുവൻ ഏറ്റെടുക്കുന്നു. പാപം തൊട്ടിട്ടില്ലാത്ത ക്രിസ്തു, മനുഷ്യജാതിയുടെ പാപം മുഴുവനും, ലോകാരംഭം മുതൽ ലോകാവസാനം വരെയുള്ള സകലമനുഷ്യരുടേയും പാപങ്ങൾ, കുരിശിന്മേൽ വഹിച്ചു.

നിന്റെ പാപം യേശു വഹിച്ചു. അത് നീ വിശ്വസിക്കുമ്പോൾ നിന്റെ ഉള്ളിൽ നിന്ന് പാപഭാരങ്ങൾ ഇറങ്ങിപ്പോകുന്നത് നിനക്കനുഭവിക്കാൻ സാധിക്കും. കോപം മാറിപ്പോകുന്നു. നിന്റെ അമർഷവും ക്രോധവും മാറിപ്പോകുന്നു. വൈരാഗ്യവും അനുസരണക്കേടും മാറിപ്പോകുന്നു. ധിക്കാരമനോഭാവവും അഹങ്കാരവും മാറിപ്പോകുന്നു. ആളുകൾ നിന്നെ ബഹുമാനിക്കണമെന്നും കരുതണമെന്നുമുള്ള ആഗ്രഹം മാറിപ്പോകുന്നു.

നിന്റെ ജീവിതത്തിലുള്ള എല്ലാ തിന്മയും മാറിപ്പോകുന്നു. നിനക്ക് സുബോധം ലഭിക്കുന്നു. വിശ്വസിക്കുക. വേറെ ഒന്നും ചെയ്യണ്ട. വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിർത്തിയിരിക്കുന്നു. ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കിയാൽ എണ്ണിയാൽ തീരുമോ പാപങ്ങൾ? എല്ലാം ക്ഷമിച്ചു തരുന്ന ക്രിസ്തുവിന്റെ സ്നേഹം. എല്ലാം വഹിക്കുന്ന ക്രിസ്തുവിന്റെ സ്നേഹം.

യേശു ഗദ്സെമൻ തോട്ടത്തിൽ കരഞ്ഞു. യേശു ഇന്നും കരയുന്നു. നാം ഓരോരുത്തർക്കുംവേണ്ടി കരയുന്നു. നമുക്കു സൗഭാഗ്യകാലം തരാൻ, ശോഭനമായ സ്വർഗ്ഗവാസം തരാൻ കർത്താവു നമുക്കുവേണ്ടി കരയുന്നു. നമ്മെ ആരേയും കർത്താവ് ഉപേക്ഷിക്കുന്നില്ല.

ആ ക്രിസ്തു നിങ്ങളുടെ അരികത്ത് വന്നു നിൽക്കുന്നു. നിങ്ങൾ നിങ്ങളുടെ മദ്യപാനത്തെ എറിഞ്ഞുമാറ്റുക. ദുശ്ശീലങ്ങൾ എറിഞ്ഞുമാറ്റുക. വഴക്കും കലഹവും പിണക്കവുമുള്ള നിങ്ങളുടെ സ്വഭാവത്തെ മാറ്റുക. കർത്താവിനോടു പറയുക: യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക. ഒരു പുതിയ മനുഷ്യനായി ഞാൻ ഇന്നുമുതൽ ജീവിക്കും.

# എട്ട്

*"ദൈവമന്ദിരത്തിലെ തിരശ്ശീല നടുവെ ചീന്തിപ്പോയി. യേശു അത്യുച്ചത്തിൽ പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഏല്പിക്കുന്നു എന്നു നിലവിളിച്ചു പറഞ്ഞു; ഇതു പറഞ്ഞിട്ട് പ്രാണനെ വിട്ടു."* *ലൂക്കോസ് 23 : 45, 46*

*"ആറാം മണി നേരം മുതൽ ഒമ്പതാം മണി നേരം വരെ ദേശത്ത് എല്ലാം ഇരുട്ടുണ്ടായി. ഏകദേശം ഒമ്പതാംമണി നേരത്ത് യേശു: ഏലീ, ഏലീ, ലമ്മാ ശബക്താനി എന്ന് ഉറക്കെ നിലവിളിച്ചു; എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടത് എന്ത് എന്നർത്ഥം."* *മത്തായി 27 : 45, 46*

*"ഒമ്പതാം മണിനേരത്ത് യേശു: എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടത് എന്ത് എന്ന് അർത്ഥമുള്ള എലോഹീ, എലോഹീ, ലമ്മാ ശബ്ബക്താനീ എന്നു അത്യുച്ചത്തിൽ നിലവിളിച്ചു."*
*മർക്കോസ് 15 : 34*

യേശു ക്രൂശിന്മേൽ കിടന്നു നിലവിളിച്ചു. "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടത് എന്ത്?"

നിത്യനായ ദൈവം തന്റെ അരുമകുമാരനായ കർത്താവായ യേശുവിനെ കൈവിടുമോ? ഇല്ല. പിന്നെ എന്തുകൊണ്ടാണ് കർത്താവ് അങ്ങനെ പറഞ്ഞത്? അതു മനസ്സിലാക്കണമെങ്കിൽ 2 കൊരിന്ത്യർ 5-ാം അദ്ധ്യായം 20-ാം വാക്യം വായി

ക്കണം.

*“ആകയാൽ ഞങ്ങൾ ക്രിസ്തുവിന്നുവേണ്ടി സ്ഥാനാപതികളായി ദൈവത്തോടു നിരന്നു കൊൾവിൻ എന്നു ക്രിസ്തുവിന്നു പകരം അപേക്ഷിക്കുന്നു; അതു ദൈവം ഞങ്ങൾ മുഖാന്തരം പ്രബോധിപ്പിക്കുന്നതുപോലെ ആകുന്നു. പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്ന്, അവൻ നമുക്കുവേണ്ടി പാപം ആക്കി.” 2 കൊരിന്ത്യർ 5 : 20, 21*

യേശു പാപം ഏറ്റെടുത്തു എന്നല്ല പറയുന്നത്. യേശു നമുക്കുവേണ്ടി പാപമാക്കപ്പെട്ടു.

യേശു പാപം ചെയ്തതു കൊണ്ടല്ല. നമ്മുടെ പാപം യേശുവിന്റെമേൽ ആയതുകൊണ്ട്, നമ്മുടെ പാപം യേശു വഹിച്ചതുകൊണ്ട് യേശു പാപമാക്കപ്പെട്ടു. പിതാവാം ദൈവത്തിന് യേശുവിനെ നോക്കാൻ വയ്യാതായിപ്പോയി. പാപത്തിലേയ്ക്ക് നോക്കാൻ വയ്യ. പിതാവിന് തിന്മയിലേക്ക് നോക്കാൻ വയ്യ.

തീയ്ക്കടുത്ത തേജോമയനായ ദൈവം! അഗ്നിമയന്മാർ വിറയലോടെ ആരാധിക്കുന്നവനായ ദൈവം! സ്രാപ്പേ മാലാഖമാർ രണ്ടു ചിറകുകൊണ്ട് മുഖം മൂടി രണ്ടു ചിറകുകൊണ്ട് കാൽ മൂടി, രണ്ടു ചിറകുകൊണ്ട് പറന്നു നിന്ന് സൈന്യങ്ങളുടെ ദൈവമായ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ആർത്താഘോഷിച്ച് മഹത്വപ്പെടുത്തുന്നവനായ ദൈവം!

മഹത്വപൂർണ്ണനായ ദൈവം സീനായ് മലമേൽ ഇറങ്ങിയപ്പോൾ പർവ്വതം പുകകൊണ്ട് നിറഞ്ഞു! ആ വലിയ ധൂമപടലത്തിനുള്ളിൽ പിതാവാം ദൈവം പ്രത്യക്ഷപ്പെട്ടപ്പോൾ പർവ്വതം കാളിക്കത്തിക്കൊണ്ടിരുന്നു.

ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. മഹാപരിശുദ്ധ

നായ ദൈവത്തിന് പാപത്തിലേക്ക് നോക്കാൻ വയ്യ. തിന്മയിലേക്ക് നോക്കാൻ വയ്യ. പിതാവാം ദൈവം നോക്കിയപ്പോൾ യേശുതമ്പുരാനെ പാപമായി കാണുന്നു. മനുഷ്യജാതിയുടെ പാപം മുഴുവൻ തന്റേമേൽ വഹിച്ചുകൊണ്ട് ക്രിസ്തു ക്രൂശിന്മേൽ കിടക്കുന്നത് പിതാവിന് കാണാൻ വയ്യ. ആകാശം മേഘാവൃതമായിത്തീർന്നു. ഭയങ്കരമായ കൂരിരുട്ടുണ്ടായി. കൂരിരുളിന്റെ മദ്ധ്യത്തിൽ കർത്താവായ യേശു മുകളിലേക്കു നോക്കിയപ്പോൾ പിതാവിനെ കാണുന്നില്ല.

മഹാപുരോഹിതന്മാർ ഉപേക്ഷിച്ചു എന്നുള്ളതുകൊണ്ട് പ്രയാസമുണ്ടായില്ല. പീലാത്തോസ് തെറ്റായി വിധിച്ചു എന്നുള്ളതുകൊണ്ടും പ്രയാസമുണ്ടായില്ല. ഹെരോദാവും കയ്യാഫാവും ഹന്നാവും ഒരുപോലെ വിസ്തരിച്ച് ആക്ഷേപിച്ച് പരിഹസിച്ചപ്പോഴും കോടതിയിൽ മൂന്നുവട്ടം വിസ്തരിച്ചപ്പോഴും പടയാളികൾ ചാട്ടവാറുകൊണ്ട് ആഞ്ഞാഞ്ഞ് അടിച്ചപ്പോഴും കർത്താവിനു പ്രയാസമുണ്ടായില്ല.

കർത്താവിന്റെ മുഖത്തേയ്ക്ക് പടയാളികൾ മുഷ്ടി ചുരുട്ടി കുത്തിയിട്ടും കവിളത്തു നിന്ന് രോമങ്ങൾ പിഴുതെടുത്തിട്ടും കർത്താവിന് പ്രയാസമുണ്ടായില്ല. അപ്പോഴെല്ലാം പിതാവിന്റെ മുഖം കാണാമായിരുന്നു. പിതാവ് കൂടെയുണ്ട്. എന്തു സംഭവിച്ചാലെന്താണ്, ദൈവം കൂടെയുണ്ടല്ലോ. ആ ഉറപ്പുണ്ടായിരുന്നു. എന്നാൽ ക്രൂശിന്മേൽ കിടക്കുമ്പോൾ മേലോട്ടു നോക്കി. പിതാവിനെ കാണുന്നില്ല; പിതാവിന്റെ മുഖം കാണുന്നില്ല.

അപ്പോൾ കർത്താവ് അമ്പരപ്പിലായി നിലവിളിക്കുകയാണ്. “എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്?” നിത്യനായ ദൈവത്തെ ക്രൂശിന്മേൽ കിടന്നുകൊണ്ട് വിളിക്കുന്ന ഒന്നാമത്തെ വാക്യത്തിൽ “പിതാവേ” എന്നാണ് വിളിക്കുന്നത്. ക്രൂശിന്മേൽ കിടന്നു പറയുന്ന ഏഴാമത്തെ വാക്യത്തിലും “പിതാവേ” എന്നാണ് വിളിക്കുന്നത്. പക്ഷേ, നടുവിലത്തെ വാക്യത്തിൽ “എന്റെ ദൈവമേ” എന്നാണു

വിളിക്കുന്നത്. കാരണം പിതാവേ, എന്നു വിളിക്കാൻ പറ്റാത്ത വിധത്തിൽ അകന്നുപോയി.

നമ്മുടെ ജീവിതത്തിൽ എന്തു കഷ്ടത വന്നാൽ എന്ത്? ആരെല്ലാം ചീത്ത വിളിച്ചാൽ എന്ത്? ദൈവം കൂടെയുണ്ടെങ്കിൽ പേടിക്കാനില്ല. ആരെല്ലാം തെറ്റിദ്ധരിച്ചാലും ആരെല്ലാം പരിഹസിച്ചാലും നമ്മെ താങ്ങുന്നവൻ കാണുന്നുണ്ട്. ആ സാന്നിദ്ധ്യം നമുക്ക് കിട്ടുന്നുണ്ട്.

അവൻ നമുക്ക് ദുർഗ്ഗമായി നിൽക്കുന്നു. ശരണമായി നിൽക്കുന്നു. ചുറ്റും കോട്ടകെട്ടി നിൽക്കുന്നു. പേടിക്കാനില്ല, അവൻ മുകളിലുണ്ട്, താഴെയുണ്ട്. വശങ്ങളിലുണ്ട്. മുൻപിലുണ്ട്. പിറകിലുണ്ട്.

എന്തെല്ലാമുണ്ടെങ്കിലും ആരെല്ലാമുണ്ടെങ്കിലും നമുക്ക് ധൈര്യം കിട്ടുകയില്ല. അപ്പനുണ്ട്. അമ്മയുണ്ട്. ഭാര്യയുണ്ട്. ഭർത്താവുണ്ട്. എല്ലാവരുമുണ്ടെങ്കിലും ധൈര്യം കിട്ടുകയില്ല. ജീവിതത്തിൽ പാപം വന്നാൽ ധൈര്യം പോയി. സ്വത്തുണ്ട്. വിദ്യാഭ്യാസമുണ്ട്. ഡിഗ്രിയുണ്ട്. ഉയർന്ന പദവികളുണ്ട്. സ്ഥാനമാനങ്ങളുണ്ട്. പക്ഷേ, പാപം വന്നാൽ നമ്മുടെ ധൈര്യം മുഴുവൻ പോയി. പ്രാഗത്ഭ്യം പോയി. നമ്മുടെ അകം ഇളകാൻ തുടങ്ങും.

അതുകൊണ്ട് ജീവിതത്തിൽ പാപം വരാതിരിക്കണം. ദൈവം നമ്മോടുകൂടെ ഉണ്ടായിരിക്കണം. ഒരു കാരണവശാലും പാപം നമ്മെ തൊടരുത്. അതാണ് വിശ്വാസികളായ ഭക്തന്മാർ അനുഭവിച്ചത്. അവരുടെ ജീവിതത്തിൽ മരണത്തോളം പാപമില്ലാതെ ജീവിക്കാൻ അവർ തീരുമാനിച്ചു. അതിനുവേണ്ടി നിഷ്ഠയോടെ, ത്യാഗപൂർവ്വം അവർ ജീവിച്ചു. എന്തുവന്നാലും ശരി, ആരെല്ലാം വിട്ടുപോയാലും ശരി, എന്റെ യേശു മാറരുത്.

പാപം ക്ഷമിച്ചു കിട്ടുക. വന്നുപോയ പാപങ്ങളെല്ലാം കഴുകി എന്ന ഉറപ്പു കിട്ടുക. എന്തൊരു ഭാഗ്യം! ആരെല്ലാം

എതിർത്തു വന്നാലും നമ്മുടെ മനസ്സിന് ഒരു കൂസലുമില്ല. കാരണം, അത്യുന്നതൻ എന്നോടുകൂടെയുണ്ട്.

പരീക്ഷാഹാളിൽ ചെല്ലുമ്പോൾ നല്ല ധൈര്യമാണ്, പേടിയില്ല. കാരണം യേശു കൂടെയുണ്ട്. ജോലിയിൽ വിശ്വസ്തത ഇല്ലാത്തവർ, അധികാരസ്ഥാനങ്ങളെ ഭയപ്പെടാതിരിക്കുന്നവർ, അനുസരിക്കാതിരിക്കുന്നവർ അവരുടെ ഉള്ളം എപ്പോഴും ചഞ്ചലിച്ചുകൊണ്ടിരിക്കും. ജോലി വിശ്വസ്തതയോടെ ചെയ്യുന്നവർക്കോ അവരുടെ ജീവിതത്തിൽ എപ്പോഴും കെട്ടുറപ്പാണ്.

ഓരോ പെൺകുട്ടിയും വിചാരിക്കണം: ഞാൻ ഒരു അനാഘ്രാത കുസുമമായിരിക്കും. എന്റെ ഭർത്താവിന്റെ അടുത്ത് ചെല്ലുമ്പോൾ ഈ ശരീരം അന്യൻ തൊടാത്ത ശരീരമായിട്ട് എനിക്ക് കാഴ്ച വയ്ക്കണം. യുവാക്കന്മാർ ചിന്തിക്കണം: ആരും തൊടാത്ത ശരീരമായിട്ട് എനിക്ക് എന്റെ ഭാര്യയുടെ മുമ്പിൽ നിൽക്കണം.

ചെറുപ്പക്കാരേ, നിങ്ങൾ ശ്രദ്ധിക്കണം. ബോയ്ഫ്രണ്ടും ഗേൾഫ്രണ്ടും ഒക്കെ ദോഷമാണ്. അത് തിന്മയിലേയ്ക്കേ നയിക്കുകയുള്ളു. അതെല്ലാം അപകടങ്ങളിലേയ്ക്ക് നീങ്ങും. അങ്ങനെ ഒരു കാര്യത്തിലും തെറ്റില്ലാതെ കുറ്റമറ്റു നിൽക്കുന്നവർക്കുള്ള ധൈര്യവും പ്രതാപവും നിസ്സാരമല്ല. അവരുടെ ശക്തി നിസ്സാരമല്ല. അവർ മഹത്വത്തിനു പങ്കാളികളായിരിക്കും.

കർത്താവ് ഒരിക്കൽ ചോദിച്ചു: “നിങ്ങളിൽ ആര് എന്നെ പാപത്തെക്കുറിച്ച് ബോധം വരുത്തും.” പാപം ചൂണ്ടിക്കാണിക്കാൻ ആർക്കും ഒരു വകയും ഇല്ല. ഇവനെപ്പോലെ ആരും സംസാരിച്ചിട്ടില്ല, ആരും പ്രവർത്തിച്ചിട്ടില്ല എന്നു പറഞ്ഞു.

ആരും പ്രവർത്തിക്കാത്തതുപോലെ പ്രവർത്തിച്ചവൻ! ആരും നടന്നിട്ടില്ലാത്തതുപോലെ നടന്നവൻ! ആരും വിസ്തരിക്കപ്പെടാത്തതുപോലെ വിസ്തരിക്കപ്പെട്ടവൻ! ആരും ഒരിക്കലും കയറിയിട്ടില്ലാത്ത കഴുതക്കുട്ടിമേൽ കയറിയവൻ!

ആരേയും ഒരിക്കലും വച്ചിട്ടില്ലാത്ത കല്ലറയിൽ വയ്ക്കപ്പെട്ടവൻ, ആരും ഒരിക്കലും തിരിച്ചു വരാത്തതുപോലെ ഉയിർത്തെഴുന്നേറ്റു വന്നവൻ. അത്യന്തം ഉന്നതനായിത്തീർന്നവൻ.

> *“ഇങ്ങനെയുള്ള മഹാപുരോഹിതനല്ലോ നമുക്കു വേണ്ടിയത്; പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോടു വേറുവിട്ടവൻ, സ്വർഗ്ഗത്തേക്കാൾ ഉന്നതനായിത്തീർന്നവൻ. ” എബ്രായർ 7 : 26*

അത്യുന്നതനായ ക്രിസ്തു പാപം തൊട്ടിട്ടുള്ളവനല്ല. എങ്കിലും ഇപ്പോൾ നമ്മുടെ പാപം അവന്റെ മേലായി. നാം മൂലം പിതാവ് അവനെ കൈവിട്ടു. ഞാൻമൂലം, എന്റെ സ്വയം മൂലം, എന്റെ സ്വാർത്ഥത മൂലം, എന്റെ തനിക്കുതാൻ പോരിമ മൂലം, എന്റെ ദ്രവ്യാഗ്രഹം മൂലം, എന്റെ പാപപ്രകൃതിമൂലം, എന്റെ അശുദ്ധി മൂലം എന്റെ യേശു കരയേണ്ടിവന്നുപോയി.

ക്രൂശിന്മേൽ ഏഴ് തിരുമൊഴികളാണ് കർത്താവ് പറഞ്ഞത്. ഒന്നാമത്തെ തിരുമൊഴി: “പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് ഇവർ അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമേ” എന്നായിരുന്നു. അത് ഹൃദയം ഭേദിക്കുന്ന, ഉള്ളലിയിക്കുന്ന ഒരു കരച്ചിലായിരുന്നു. ഒരിക്കലും ആരും പ്രാർത്ഥിച്ചിട്ടില്ലാത്തതുപോലെയുള്ള പ്രാർത്ഥനയായിരുന്നു.

തന്റെ മുഖത്തു തുപ്പിയവർക്കു വേണ്ടി യേശു പ്രാർത്ഥിച്ചു. തന്റെ കന്നത്ത് അടിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചു. കവിളത്തു നിന്ന് രോമങ്ങൾ പിഴുതെടുത്തവർക്കുവേണ്ടി പ്രാർത്ഥിച്ചു. ശിരസ്സിൽ മുൾമുടി വച്ചവർക്കുവേണ്ടി, തന്നെ പരിഹസിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചു.

തന്നെ വേദനിപ്പിക്കുന്നവർക്കു വേണ്ടിയുള്ള പ്രാർത്ഥന. കരുണയുള്ള കർത്താവ് പ്രാർത്ഥിക്കാൻ തന്റെ ഉള്ളു തുറന്ന സമയം നിഷ്ക്കളങ്കമായ സ്നേഹം ഒഴുകിവന്നു. അവസാനസമയത്തു കുരിശിന്മേൽ കിടന്നുള്ള പ്രാർത്ഥന ഒരു കള്ളനെ മാനസാന്തരത്തിലേക്കു നയിച്ചു. നമ്മെ ഉപദ്രവിക്കുന്ന

വർക്കുവേണ്ടി, അവരുടെ നന്മയ്ക്കു വേണ്ടി പ്രാർത്ഥിക്കാൻ പറ്റുമോ? നമ്മെ ഉപദ്രവിക്കുന്നവർക്ക് ഒരു നന്മ വരുമ്പോൾ സന്തോഷിക്കാൻ പറ്റുമോ? അവർക്ക് ഒരു ദു:ഖം വരുമ്പോൾ നമുക്ക് വേദനിക്കാൻ പറ്റുമോ? നമ്മുടെ ഹൃദയം എങ്ങനെ യാണ്? ചിന്തിച്ചു നോക്കൂ. നാം ദൈവരാജ്യത്തിനു യോഗ്യ രാണോ എന്ന് നമുക്കു പരിശോധിക്കാൻ പറ്റും.

കർത്താവിന്റെ ഇരുഭാഗത്തുമുള്ള കള്ളന്മാർ രണ്ടു പേരും കർത്താവിനെ ദുഷിച്ചു, കർത്താവിനെ നിന്ദിച്ചു എന്ന് വിശുദ്ധ മർക്കോസും വിശുദ്ധ മത്തായിയും പറയുന്നുണ്ട്. എന്നാൽ ഈ ഒരു പ്രാർത്ഥനകേട്ടപ്പോൾ അതിൽ ഒരു കള്ളന്റെ ഹൃദയം തകർന്നു. അതുവരെയും അവൻ യേശു വിനെ ക്രൂശിക്കാൻ വട്ടംകൂട്ടിനിന്ന ജനത്തെയാണ് കണ്ടത് യേശുവിങ്കലേയ്ക്ക് ശ്രദ്ധിച്ചുനോക്കിയില്ല.

എന്നാൽ ആ സ്നേഹത്തിന്റെ സ്വരം കേട്ടപ്പോൾ, ക്ഷമ യുടെ സ്വരം കേട്ടപ്പോൾ അവൻ പെട്ടെന്ന് ഞെട്ടിത്തരിച്ചു പോയി. തിരിഞ്ഞു നോക്കിയപ്പോൾ ആ നടുവിലത്തെ ക്രൂശിൽ കിടക്കുന്നവൻ പാപിയല്ല, കുറ്റവാളിയല്ല എന്ന് അവന് മനസ്സിലായി. ഞാനും എന്റെ കൂട്ടുകാരനും പാപം ചെയ്തവരാണ്. പക്ഷേ, ഈ യേശു പാപം ചെയ്തവനല്ല.

ആ മുഖത്തെ തേജസ്സ് അവൻ കണ്ടു. അവന്റെ ഹൃദയം തകർന്നു. അവൻ ഉടനെതന്നെ ദുഷിക്കുന്ന കള്ളനോടു പറ ഞ്ഞു: “നാം സമശിക്ഷാവിധിയിൽ അകപ്പെട്ടിട്ടും നീ ദൈവത്തെ എന്താണ് ഭയപ്പെടാത്തത്?” അവൻ അവ സാനസമയത്ത് സാക്ഷ്യം കൊടുക്കുകയാണ്; മരിക്കാറായ സമയത്ത് അവൻ ഉപദേശിക്കുകയാണ്.

“നാം ന്യായമായ ശിക്ഷ അനുഭവിക്കുന്നു. ഇവനോ അരുതാത്തതൊന്നും ചെയ്തിട്ടില്ല.” നല്ല സാക്ഷ്യം! ജീവിത ത്തിൽ കർത്താവായ യേശുവിനെ സാക്ഷിക്കാൻ കിട്ടിയ അവ സരം നഷ്ടപ്പെടുത്തിയില്ല.

നിങ്ങൾക്ക് യേശുവിനെ സാക്ഷിക്കാൻ സാധിച്ചിട്ടുണ്ടോ? ഇവൻ അരുതാത്തതൊന്നും ചെയ്തിട്ടില്ല. ഞാനാണു പാപം ചെയ്തവൻ. ഞാനാണു കുറ്റവാളി. നിങ്ങൾക്ക് അഭിമാനിക്കാൻ പലതും കാണുമായിരിക്കും. നിങ്ങളുടെ സ്വത്തിൽ, നിങ്ങളുടെ കഴിവിൽ, നിങ്ങളുടെ ഭാര്യയിലോ ഭർത്താവിലോ മക്കളിലോ അഭിമാനിക്കാൻ കാണും. പക്ഷേ, ഞാൻ ഒരു പാപിയാണെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ? ഞാൻ പാപിയാണ്, ഇവനോ അരുതാത്തതൊന്നും ചെയ്തിട്ടില്ല. നാമോ ന്യായമായ ശിക്ഷ അനുഭവിക്കുന്നു. അതാണ് അനുഗ്രഹത്തിന്റെ ആരംഭം.

അരുതാത്തതൊന്നും ചെയ്യാത്തവനായ ക്രിസ്തു എനിക്കുവേണ്ടി ശിക്ഷ ഏൽക്കുന്നു. എന്റെ പാപം അവൻ വഹിച്ചിരിക്കുന്നു. ഇത് നിങ്ങൾ വിശ്വസിക്കുമ്പോഴാണ് കുരിശിലെ തിരുരക്തത്തിന്റെ ശക്തി, തിരുരക്തത്തിന്റെ അത്ഭുതകൃപ നിങ്ങളുടെമേൽ പകരുന്നത്. യേശുക്രിസ്തുവിന്റെ സ്നേഹം നിങ്ങളിലേക്ക് നിക്ഷേപിക്കപ്പെടുന്നത്.

കർത്താവിന്റെ പ്രാർത്ഥനാശബ്ദം കേട്ടപ്പോൾ ഒരുകള്ളൻ വിശ്വാസിയായിത്തീർന്നു, മറ്റെയാൾ അവിശ്വാസിയും ദൂഷകനുമായിത്തീർന്നു. യേശുക്രിസ്തുവിന്റെ സ്വരം കേട്ടപ്പോൾ ഒരാൾക്കു മാനസാന്തരമുണ്ടായി, മനംതിരിവുണ്ടായി. യേശുക്രിസ്തുവിന്റെ അതേ ശബ്ദം തന്നെ കേട്ട ഇടതുഭാഗത്തെ കള്ളന്റെ ഉള്ളം കഠിനപ്പെട്ടു.

വലത്തുഭാഗത്തെ കള്ളന് ഇപ്പോഴാണ് യേശുവിനെ പരിചയം കിട്ടിയതെങ്കിലും ഒരു നിമിഷംകൊണ്ട് എല്ലാം വെളിപ്പെട്ടുകിട്ടി. എന്തൊരത്ഭുതം!

അവന്റെ ഉൾക്കണ്ണുതുറന്നു കിട്ടി. ദൈവഭയത്തെക്കുറിച്ചു പറയാനുള്ള വ്യക്തമായ കാഴ്ചപ്പാടുകിട്ടി. മറ്റവനെ ഉപദേശിക്കാനുള്ള ധൈര്യം കിട്ടി. നമുക്കു ന്യായമായ ശിക്ഷയാണു കിട്ടുന്നത് എന്നുള്ള എളിമ കിട്ടി. അതുമാത്രമല്ല, ഇവനോ അരു

താത്തത് ഒന്നും ചെയ്തിട്ടില്ല, ഇവൻ ശിക്ഷ അനുഭവിക്കേണ്ടവനല്ല എന്ന സത്യം തിരിച്ചറിഞ്ഞു.

മരിക്കുന്നതിനുമുമ്പ് അവൻ ചെയ്യേണ്ടതെല്ലാം ചെയ്ത് പൂർത്തീകരിച്ചു. ഉപദേശിക്കേണ്ടത് ഉപദേശിച്ചു. സാക്ഷിക്കേണ്ടത് സാക്ഷിച്ചു. പറയേണ്ടതു പറഞ്ഞു. അവസാന നിമിഷത്തിൽ അവൻ യേശുവിനോട് പറഞ്ഞു: "യേശുവേ, നീ രാജത്വം പ്രാപിച്ചുവരുമ്പോൾ എന്നെ ഓർത്തുകൊള്ളേണമേ" എന്ന്.

നീ രാജത്വം പ്രാപിച്ചുവരും. അതാണ് അവന്റെ വിശ്വാസം. ഇന്ന് മുൾമുടിയേറ്റ്, ക്രൂശിന്മേൽ കിടന്നു പിടഞ്ഞ് നീ കടന്നുപോകുന്നു. എന്നാൽ നീ രാജത്വംപ്രാപിച്ചു മടങ്ങിവരും. രാജത്വംപ്രാപിച്ചു മടങ്ങിവരുമ്പോൾ എന്നെക്കൂടി ഓർത്തുകൊള്ളേണമേ. അപ്പോൾ കർത്താവു പറഞ്ഞു: "ഇന്നു നീ എന്നോടുകൂടി പറുദീസയിൽ ഇരിക്കും എന്നു സത്യമായി ഞാൻ നിന്നോടു പറയുന്നു." രാജത്വം പ്രാപിച്ചു വരുന്ന കാലത്തല്ല, ഇന്ന്, ഇന്നു ഞാൻ പറുദീസയിലേക്കു പോകുമ്പോൾ നീ എന്റെ കൂടെ ഉണ്ടായിരിക്കും.

ഭക്തകവി ഒരിക്കൽ പാടി. അതിന്റെ ആശയം ഇങ്ങനെയാണ്. യേശു പറുദീസയിലേക്ക് കടന്നുചെന്നു. അപ്പോൾ യേശുവിനോടു ചേർന്ന് ആ കള്ളനുമുണ്ട്. മാലാഖമാർ ചോദിച്ചു. കർത്താവേ, ഇവനോ നിന്റെ കൂടെ? ഇവൻ കള്ളനല്ലേ! കൊള്ളക്കാരനല്ലേ! അവനെ ഇങ്ങോട്ടു പ്രവേശിപ്പിക്കാമോ? യേശുപറഞ്ഞു: ഇന്ന് നീ എന്നോടുകൂടി പറുദീസയിൽ ഇരിക്കും എന്ന് അവനു ഞാൻ വാക്കുകൊടുത്തതാണ്. അവന്റെ പ്രാർത്ഥന ഞാൻ സ്വീകരിച്ചതാണ്. അവന്റെ പഴയ കാലമെല്ലാം മായ്ച്ചുകൊടുത്തതാണ്. എന്റെ വചനം അനുസരിച്ചാണ് അവൻ വരുന്നത്. അതുകൊണ്ട് അവനെ സ്വീകരിക്കാം.

വചനം അനുസരിച്ചു വരുന്നവനെ സ്വീകരിക്കും. വചനം

കേട്ട് വചനപ്രകാരം ജീവിക്കുന്നവനെ സ്വീകരിക്കും. “ഇന്നു നീ എന്നോടുകൂടി പറുദീസയിൽ ഇരിക്കും.” ക്രൂശിലെ രണ്ടാമത്തെ തിരുമൊഴി അതാണ്.

അപ്പോഴാണ് കർത്താവ് ദുഃഖിതയായി കണ്ണീരൊലിപ്പിച്ചു നിൽക്കുന്ന അമ്മയെ കണ്ടത്. അനാഥയായ മാതാവ് ഏങ്ങലടിച്ചു കരയുകയാണ്. മാത്രമല്ല, സീയോൻപുത്രിമാർ കൂടെയുണ്ട്. അവരും കരയുന്നു. അപ്പുറത്ത് ഏകാകിയായി അമ്പരപ്പോടെ യോഹന്നാൻശ്ലീഹാ നിൽക്കുന്നു.

ഒരു ഗൗരവമേറിയ സന്ദർഭം വന്നപ്പോൾ എല്ലാവരും വിട്ടുപോയി. എല്ലാവരും “തൂക്കുക, തൂക്കുക” എന്ന് അട്ടഹസിക്കുന്നു. അമർഷത്തോടെ, ക്രൂരമായി വിളിക്കുന്ന ശബ്ദം മാത്രമേ കേൾക്കുന്നുള്ളൂ. എല്ലാവരും കുറ്റംപറയുന്നു. എല്ലാവരും ആക്ഷേപിക്കുന്നു. നല്ലവാക്കു പറയാൻ ആരുമില്ല. കരയാൻ, മാതാവും കുറെ സീയോൻപുത്രിമാരും മാത്രം.

അപ്പോൾ കർത്താവു പറഞ്ഞു: “സ്ത്രീയേ, ഇതാ നിന്റെ മകൻ. ഇതാ നിന്റെ മാതാവ്.” ഇതാണ് മൂന്നാമത്തെ തിരുമൊഴി.

അനാഥർക്ക് നാഥനാണ് യേശു. മറക്കരുത്. അപ്പനില്ലാത്തവർക്ക് അവൻ അപ്പനാണ്. അഗതികൾക്ക് തുണയാണ്. ആരോരുമില്ലാത്തവർക്കു സഹായിയാണ്. ഭർത്താവില്ലാത്തവർക്ക് അരുമകാന്തനാണ്.

നിങ്ങളിൽ ആരെങ്കിലും അനാഥരായിട്ടുണ്ടോ? അപ്പൻ മരിച്ചുപോയവർ; അമ്മ വിട്ടുപോയവർ; ഭർത്താവു മരിച്ചുപോയവർ; നിങ്ങൾ കേൾക്കൂ. അവൻ അനാഥരേയും വിധവമാരേയും പരിപാലിക്കുന്നവനാണ്.

> *“യഹോവ കുനിഞ്ഞിരിക്കുന്നവരെ നിവിർത്തുന്നു; യഹോവ നീതിമാന്മാരെ സ്നേഹിക്കുന്നു. യഹോവ പരദേശികളെ പരിപാലിക്കുന്നു; അവൻ അനാഥനെയും വിധവയെയും സംരക്ഷണ*

*ചെയ്യുന്നു.” സങ്കീർത്തനങ്ങൾ 146 : 8, 9*

നിങ്ങൾ അനാഥനാണോ? നിങ്ങൾ വിധവയാണോ? യഹോവയുടെ സംരക്ഷണം ലഭിക്കും. അപ്പനില്ലാത്ത മക്കളാണോ? നിങ്ങൾ ഭയപ്പെടേണ്ട, നിങ്ങൾക്കൊരു അപ്പനുണ്ട്.

നിനക്ക് ആരുമില്ല എന്നു പറഞ്ഞ് നീ കരയുന്നുവോ? നിന്നെ പോറ്റാൻ, നിന്നെ കാക്കാൻ, നിന്നെ നോക്കാൻ, നിന്നെ പുലർത്താൻ യേശുക്രിസ്തുവുണ്ട്.

കരഞ്ഞാൽ കരച്ചിൽ കാണുന്ന ദൈവം! ഏങ്ങലടിച്ചാൽ നിലവിളി കേൾക്കുന്ന ദൈവം! നെടുവീർപ്പിട്ടാൽ നെടുവീർപ്പു മാറ്റിത്തരുന്ന ദൈവം! വിതുമ്പിയാൽ വിതുമ്പൽ ഏറ്റുവാങ്ങുന്ന ദൈവം! കരഞ്ഞാൽ കണ്ണുനീരു തുടച്ചുതരുന്ന ദൈവം!

അപ്പോഴാണ് വലിയ ഒരു കൂരിരുട്ട്. അന്ധകാരം ഭൂമിയെ പടർന്നുപിടിച്ചു. നട്ടുച്ചയ്ക്ക് - ആറാം മണിനേരം മുതൽ ഒൻപതാം മണിനേരം വരെ - ദേശത്ത് കൂരിരുട്ടുണ്ടായി. ആറാം മണിനേരം - ഉച്ചക്ക് പന്ത്രണ്ടുമണി. ഒൻപതാം മണി - മൂന്നുമണി. പന്ത്രണ്ടുമണി മുതൽ മൂന്നുമണിവരെ ദേശത്തു കൂരിരുട്ട്. സൂര്യൻ കണ്ണടച്ചുകളഞ്ഞു.

സ്രഷ്ടാവിന്റെ നഗ്നത കാണാതിരിപ്പാൻ സൃഷ്ടി കണ്ണടച്ച് ഇരുട്ടാക്കി. സൂര്യൻ ഇരുണ്ടുപോയി. ആകാശം കറുത്തിരുണ്ടു. ആസകലം കൂരിരുട്ടുണ്ടായി. ആർക്കും ആരേയും കാണാൻ വയ്യ. ശബ്ദം മാത്രം കേൾക്കാം. ഏങ്ങലടിയുടെ ശബ്ദം. “എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്?” ഇതാണ് നാലാമത്തെ തിരുമൊഴി.

ഏങ്ങലടികളോടെ ഉയർന്ന ആ ശബ്ദം സ്വർഗ്ഗത്തിൽ മാറ്റൊലിക്കൊണ്ടു. ആ ശബ്ദം മാലാഖമാർ ഏറ്റെടുത്തു. നൂറ്റാണ്ടുകളിലൂടെ ആ ശബ്ദം മാറ്റൊലിക്കൊണ്ടുകൊണ്ടിരിക്കുന്നു. ഇന്ന് ആ ശബ്ദം നിങ്ങളുടെ ഹൃദയത്തിൽ ഒന്നു പതിച്ചിരുന്നെങ്കിൽ!

അപ്പോൾ പാറകൾ പിളരുന്നു! ഭൂമി കുലുങ്ങുന്നു! ഇടിമുഴക്കങ്ങൾ കേൾക്കുന്നു! മിന്നൽപ്പിണരുകൾ ആകാശത്തിൽ തെരുതെരെ മിന്നുന്നു! ആസകലം പേടിപ്പെടുത്തുന്ന അന്തരീക്ഷം! എല്ലാം പൊട്ടിത്തകരുന്നു! ദൈവാലയത്തിന്റെ തിരശ്ശീല മേൽതൊട്ട് അടിവരെ കീറുന്നു! എന്തെല്ലാമോ സംഭവിക്കുന്നു.

കൂരിരുട്ട് മാറിയപ്പോൾ യേശുപറഞ്ഞു: "എനിക്ക് ദാഹിക്കുന്നു." ഇതാണ് ക്രൂശിലെ അഞ്ചാമത്തെ ശബ്ദം. പടയാളികൾ വിചാരിച്ചു വെള്ളത്തിനുവേണ്ടിയുള്ള ദാഹമായിരുന്നു എന്ന്. അവർ അവന് ഒരു സ്പോഞ്ചിൽ പുളിച്ചവീഞ്ഞ് നിറച്ചെടുത്ത് ഒരു ഓടക്കോലിന്മേലാക്കി കൊടുത്തു. എന്നാൽ അവന് വെള്ളത്തിനുവേണ്ടിയുള്ള ദാഹമായിരുന്നില്ല. രക്ഷകന്റെ ദാഹം, മനുഷ്യജാതിക്കുവേണ്ടിയുള്ള ദാഹമായിരുന്നു. എന്റേയും നിങ്ങളുടേയും ആത്മാക്കൾക്കുവേണ്ടിയുള്ള ദാഹമായിരുന്നു.

ആത്മാക്കൾക്കുവേണ്ടിയുള്ള ദാഹം! നമ്മെ വീണ്ടെടുക്കാൻ വേണ്ടിയുള്ള ദാഹം! നമ്മെ നരകത്തിൽനിന്നും വലിച്ചെടുക്കുവാനുള്ള ദാഹം! സാത്താന്റെ ബന്ധനത്തിൽനിന്ന് അവന്റെ അടിമപ്പണി ചെയ്യുന്നവരായ നമ്മെ വിടുവിച്ചെടുക്കുവാനുള്ള ദാഹം!

പ്രിയപ്പെട്ടവരേ, നിങ്ങൾക്കിന്ന് ഈ ദാഹം ഉൾക്കൊള്ളാൻ കഴിയുന്നുണ്ടോ? യേശു നിങ്ങൾക്കുവേണ്ടി ദാഹിക്കുന്നു. യേശു നിങ്ങളെ നോക്കി വിളിക്കുന്നു. എന്റെ ദാഹം തീർക്കാൻ ആരുവരും? "എനിക്ക് ദാഹിക്കുന്നു." "എനിക്ക് കുടിപ്പാൻ തരുമോ?" ഇന്നും ആ ശബ്ദം മാറ്റൊലിക്കൊള്ളുന്നു.

മുക്കുവത്തൊഴിലാളികൾ ആയിരുന്നെങ്കിലും അപ്പൊസ്തലനായ പത്രോസും യോഹന്നാനും യാക്കോബും അന്ത്രെയോസും യേശുവിന്റെ ദാഹം തീർക്കാൻ പുറപ്പെട്ടു. അവരെല്ലാം രക്തസാക്ഷികളായിത്തീർന്നു. തലമുറകളായി യേശുവിന്റെ ദാഹം തീർക്കാൻ പുറപ്പെട്ട അനേകരെ നമുക്കു

കാണാം. അവരെല്ലാം നക്ഷത്രങ്ങളെപ്പോലെ തിളങ്ങുന്നു.

ചരിത്രത്തിന്റെ നഭോമണ്ഡലത്തിൽ സൂര്യൻ കെട്ടുപോയിട്ടും അവരെല്ലാം ഇന്നും ജ്വലിച്ചു പ്രകാശിക്കുന്നു. നിങ്ങൾക്കും യേശുവിന്റെ ദാഹം തീർക്കാൻ വരാം. ഇന്ന് നിങ്ങൾക്ക് സമർപ്പിക്കാം. അവിടുത്തെ ദാഹം തീർക്കാൻ ഞാനിതാ വരുന്നു. അവിടുത്തെ ദാഹം തീർക്കാൻ എന്നെക്കൊണ്ട് എന്താകും? ഞാനൊരു പാപിയായ മനുഷ്യനല്ലേ? നിസ്സാരനായ മനുഷ്യനല്ലേ? ഞാൻ ആരോരുമില്ലാത്തവനല്ലേ? കടത്തിൽ മുങ്ങി വലയുന്നവനല്ലേ? ഞാൻ രോഗപീഡയിൽ വലയുന്നവനല്ലേ? അനേകം ദുഃഖങ്ങളിൽപ്പെട്ട്, ആകുലങ്ങളിൽപ്പെട്ട് ഞെരിയുന്നവനല്ലേ?

കർത്താവേ, കുടുംബത്തിൽ സ്വസ്ഥതയില്ലാതെ അഴലുന്നവളല്ലേ? ഭർത്താവിന്റെ മദ്യപാനം കൊണ്ട് വീർപ്പുമുട്ടി കഴിയുന്നവളല്ലേ? എന്റെ ജീവിതത്തിൽ എന്തുണ്ട് ആശിക്കാൻ? ഞാൻ എങ്ങനെ നിന്റെ ദാഹം തീർക്കും?

യേശു പറയുന്നു: മോനേ, എനിക്കു ദാഹിക്കുന്നു. നിന്റെ ഹൃദയം എനിക്കു തരിക. വേറെ ഒന്നും വേണ്ട. എനിക്ക് സഞ്ചരിക്കാൻ നിന്റെ കാലുകൾ തരിക. എനിക്ക് സംസാരിപ്പാൻ നിന്റെ നാവു തരിക. എനിക്ക് പ്രവർത്തിപ്പാൻ നിന്റെ കൈകൾ തരിക. എനിക്കു നോക്കാൻ നിന്റെ കണ്ണുകൾ തരിക. എനിക്കു വേണ്ടി നിൽപ്പാൻ നിന്റെ ആളത്വം തരിക. നിന്നെത്തന്നെ എന്റെ കരങ്ങളിലേക്കു തരുമോ?

കർത്താവിനോടു നിങ്ങൾക്കു പറയാം: നാഥാ! എന്നെ ഞാൻ നിനക്കു തരുന്നു. എനിക്കു വേറെ ഒന്നും തരാനില്ല. നഷ്ടപ്പെട്ടുപോയൊരു ജീവിതം. കളഞ്ഞുപോയൊരു ജീവിതം. പിശാചു പന്താടിയ, സാത്താൻ കളിപ്പാവയാക്കിയ ഒരു ജീവിതം. നാഥാ! തകർന്നുപോയൊരു ജീവിതം. പാപം വരട്ടിക്കളഞ്ഞ ജീവിതം. ഉടയവനേ, നിന്റെ കൈകളിലേക്കു തരുവാൻ നല്ലതൊന്നും എന്റെ കൈയിൽ ഇല്ല.

ഈ പാപപൂർണ്ണമായ ജീവിതം ഞാൻ കൊണ്ടുവരുന്നു. ലോകത്തിനും ലോകമോദങ്ങൾക്കും ലോകമനുഷ്യരുടെ പ്രീതിക്കും വേണ്ടി ജീവിച്ച ജീവിതം കർത്താവേ, നിന്റെ ദാഹം തീർക്കാൻ ഞാൻ ഇതാ നിനക്കു തരുന്നു.

നമുക്ക് സമർപ്പിക്കാം. കാരുണ്യവാനേ, മഹാപരിശുദ്ധനായ ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ, അവിടുത്തെ മഹത്വമേറിയ വചനങ്ങൾക്കായി സ്തോത്രം. ഈ മക്കളുടെമേൽ അവിടുത്തെ പൊന്നുകരം വച്ചതിനായി സ്തോത്രം. എല്ലാവരേയും തലോടിയതിനായി സ്തോത്രം. കണ്ണുനീരു തുടച്ചതിനായി സ്തോത്രം. അനാഥത്വം മാറ്റിയതിനായി സ്തോത്രം. പാപങ്ങൾ ക്ഷമിച്ചതിനായി സ്തോത്രം. നിത്യജീവനുവേണ്ടി ഒരുക്കിയതിനായി സ്തോത്രം. എല്ലാവരേയും അനുഗ്രഹിക്കണമേ. യേശുവിൻ നാമത്തിൽത്തന്നേ, ആമ്മേൻ.

## ഒൻപത്

1. യേശു യെരൂശലം ദേവാലയത്തെ നോക്കി കരഞ്ഞു:
2. യേശു ലാസറിന്റെ കല്ലറയ്ക്കൽ കണ്ണുനീർ വാർത്തു.
3. യേശു പരീശന്മാരെ നോക്കി കരഞ്ഞു.
4. യേശു തന്റെ പ്രിയപ്പെട്ട മക്കൾ വിട്ടുപോയതു കൊണ്ട് കരഞ്ഞു.
5. യേശു ജനസമൂഹത്തെ നോക്കി കരഞ്ഞു.
6. യേശു ഗെത്ത്ശെമനതോട്ടത്തിൽ കരഞ്ഞു.
7. യേശു ക്രൂശിന്മേൽ വച്ച് കരഞ്ഞു.

യേശു ഇപ്പോൾ എന്നെ നോക്കി പ്രസാദിക്കുകയാണോ? എന്നെ നോക്കി കരയുകയാണോ? എന്റെ മനോഭാവം കണ്ട് യേശു കരയുന്നുണ്ടോ? എന്റെ പ്രവൃത്തികൾ കണ്ട് യേശു കരയുന്നുണ്ടോ? എന്റെ സംസാരം കേട്ട് യേശു കരയുന്നു ണ്ടോ? ആരെയും ദുഷിക്കുന്ന, ആരെയും ശപിക്കുന്ന, പരദൂ ഷണം പറയുന്ന വാക്കുകൾ എന്റെ നാവിൽ വരുന്നുണ്ടോ? വ്യാജവും നുണയും ഭോഷ്ക്കും നാവിൽ വരുന്നുണ്ടോ?

ഹൃദയത്തിൽ നിറഞ്ഞുനിൽക്കുന്ന ആശയങ്ങൾ ആഭാസവാക്കുകളായി പുറത്തുവരുന്നുണ്ടോ? ദ്വയാർത്ഥം വച്ചുള്ള വാക്കുകൾ വരുന്നുണ്ടോ? പരിഹാസവാക്കുകൾ, പുച്ഛിക്കുന്ന വാക്കുകൾ വരുന്നുണ്ടോ? ആരെയെങ്കിലും തരം താഴ്ത്തി സംസാരിക്കുന്നുണ്ടോ? എങ്കിൽ യേശു കരയും.

നമുക്ക് ഇന്ദ്രിയജയമില്ലെങ്കിൽ യേശു കരയും.

ഓരോ അവയവവും യേശുവിനുവേണ്ടി സമർപ്പിച്ചതാണെങ്കിൽ യേശു പ്രസാദിക്കും. എന്റെ സ്ഥാനത്ത് യേശു ആണെങ്കിൽ യേശു ഇതു ചെയ്യുമോ? യേശു ഇങ്ങനെ സംസാരിക്കുമോ? യേശു ഇങ്ങനെ പെരുമാറുമോ? എന്റെ സ്ഥാനത്ത് യേശു ആണെങ്കിൽ യേശു എങ്ങനെയായിരിക്കും പ്രതികരിക്കുക?

ഞാൻ വായിച്ചു: ഒരു ചെറുപ്പക്കാരൻ - അവന്റെ പേര് എലീ വീസെൽ എന്നാണ്. ഈ ബാലൻ വലിയ യാതന സഹിക്കേണ്ടിവന്നു. കോൺസൻട്രേഷൻ ക്യാംപിൽ അവന്റെ അപ്പനെയും അമ്മയെയും സഹോദരന്മാരെയും സഹോദരിമാരെയും ചുട്ടുകൊല്ലുന്നത് അവൻ കണ്ടു നിൽക്കേണ്ടിവന്നു. അവന് അസഹ്യമായ വേദനയും ദുഃഖവുമുണ്ടായി. അവൻ പില്ക്കാലത്ത് ഒരു പുസ്തകമെഴുതി. പുസ്തകത്തിന്റെ പേര് ‘Night’, ‘രാത്രി’ എന്നാണ്. ആ പുസ്തകത്തിന് നോബൽ സമ്മാനം ലഭിച്ചു. അത്ര പ്രശസ്തിയാർന്ന പുസ്തകമായിരുന്നു അത്.

ആ പുസ്തകത്തിൽ ഒരു സംഭവം വിവരിക്കുന്നുണ്ട്. മൂന്നുപേരെ ക്രൂശിക്കുന്നു. രണ്ടുപേർ പ്രായമുള്ളവരാണ്. ഒന്ന് ഒരു ബാലനാണ്. പ്രായമുള്ള രണ്ടുപേരും പിടഞ്ഞു പിടഞ്ഞ് മരിച്ചു. ബാലൻ അസഹ്യമായ വേദനകൊണ്ട് പിടയുന്നു. അപ്പോൾ താഴെനിന്ന് ആരോ വിളിച്ചുചോദിച്ചു: Where is God now? ദൈവം ഇപ്പോൾ എവിടെയാണ്? ഒരു നിരപരാധിയായ ബാലനെ ഇങ്ങനെ ക്രൂശിക്കുമ്പോൾ ദൈവം എങ്ങനെ കണ്ടു നിൽക്കും? Where is God now?

അപ്പോൾ അടുത്തു നിന്ന ഒരാൾ മറുപടി പറഞ്ഞു: He is there hanging on the cross! അവിടെ ആ തൂങ്ങിക്കിടക്കുന്നതാണ് ദൈവം. ദൈവം കുരിശിന്മേൽ കിടക്കുകയാണ്. കാട്ടാളത്തംപൂണ്ട മനുഷ്യന്റെ പ്രവൃത്തികണ്ട്, നിരപരാധിയായ ഒരു

ബാലനെ ക്രൂശിക്കുന്നതുകണ്ട്, സ്വർഗ്ഗത്തിലെ ദൈവം അതിയായി വേദനിക്കുന്നു. അവൻ ക്രൂശിന്മേൽ കിടന്നുപിടയുന്നു.

അടിമകളെ ഉടമസ്ഥർ കുതിരവണ്ടിയിൽ കെട്ടിയിട്ടിട്ട് കുതിരവണ്ടി അതിവേഗം പായിച്ചുപോകുന്നു. ഉടമസ്ഥൻ ചിരിക്കുന്നു. അടിമകളോ? നിലത്തുകിടന്ന് ഉരഞ്ഞുരഞ്ഞ് ശരീരം തോലുരിഞ്ഞ് വേദനകൊണ്ട് പുളയുന്നു! പാവങ്ങൾ, ഇഞ്ചിഞ്ചായി മരിക്കുന്നു! ഏറ്റവും ഹീനമായ മൃഗീയസ്വഭാവം. നിരപരാധികൾ ശിക്ഷിക്കപ്പെടുന്നു. നിരപരാധികൾ ക്രൂശിക്കപ്പെടുന്നു.

നിരപരാധിയായ, ഒരു തെറ്റും ചെയ്യാത്തവനായ കർത്താവ് ക്രൂശിൽ കിടന്നു പിടഞ്ഞു. നമ്മുടെ ഓരോരുത്തരുടേയും ജീവിതത്തിലുള്ള തിന്മപ്രവൃത്തികൾ കൊണ്ട് നാം യേശുവിനെ ക്രൂശിക്കുകയാണ്. യേശു സ്നേഹം മാത്രമാണ്. വേദനിക്കുന്ന മനുഷ്യന്റെ വേദന കണ്ടുനിൽക്കാൻ യേശുവിന് കഴിയില്ല.

വേദനിക്കുന്നവരുടെ വേദനയിൽ കർത്താവു പങ്കുചേർന്നു വേദനിക്കുന്നു. അതാണ് വാസ്തവത്തിൽ ദൈവം! അതാണു സ്നേഹം!

ഫാദർ ഡാമിയൻ, സഹൃദയനായ ഒരു മനുഷ്യനായിരുന്നു. മൊളോക്കൊ ദ്വീപിൽ കുഷ്ഠരോഗികളെ മാറ്റി പാർപ്പിച്ചിരുന്നു. അവിടെ കുഷ്ഠരോഗികളുടെ എണ്ണം വർദ്ധിച്ചു വർദ്ധിച്ചുവന്നു. അവരെ ശുശ്രൂഷിക്കാൻ ആളില്ല. കുഷ്ഠരോഗം വർദ്ധിച്ച് ചുണ്ടും കാതുകളും എല്ലാം വീർത്തുവിങ്ങി പിന്നീട് അതെല്ലാം പഴുത്ത് മുറിഞ്ഞുവീഴുന്നു. ശരീരമാസകലം വ്രണം നിറയുന്നു. ഭയങ്കരമായ ദുർഗന്ധം വമിക്കുന്നു. കുഷ്ഠരോഗികളുടെ നാടാണ് മൊളോക്കോ ദ്വീപ്.

ഫാദർ ഡാമിയൻ അങ്ങോട്ട് സ്വയം സമർപ്പിച്ച് കടന്നു ചെന്നു. ആ നാട്ടിലേക്ക് ശുദ്ധജലം കൊണ്ടുപോകുന്നതിനുള്ള

കനാൽസിസ്റ്റം പ്രവർത്തനക്ഷമമാക്കി. ഒട്ടേറെ നന്മകൾ അദ്ദേഹം ചെയ്തു. പാവപ്പെട്ടവരെ ശുശ്രൂഷിച്ചു. ഒരു ദിവസം അദ്ദേഹത്തിന്റെ കൈകളിൽ വ്രണം വന്നിരിക്കുന്നതദ്ദേഹം കണ്ടു. എന്നിട്ടും അവരെ ശുശ്രൂഷിച്ചു. മൊളോക്കൊദ്വീപിൽ കുഷ്ഠരോഗികൾക്കുവേണ്ടി അദ്ദേഹം ജീവിതം ബലിയർപ്പിച്ചു.

യേശുക്രിസ്തുവിന്റെ ക്രൂശിലെ സ്നേഹം ഒരാൾ അനുഭവിച്ചാൽ, വേദനിക്കുന്നവരുടെ വേദനയിൽ പങ്കുചേർന്നു വേദനിക്കുകയും എവിടെയെല്ലാം സഹായിക്കാൻ പറ്റുമോ അവിടെയെല്ലാം സഹായിക്കുകയും ചെയ്തു പോകും. നമ്മുടെ പലരുടേയും മനസ്സ് കാട്ടാളഹൃദയമാണ്; ക്രൂരഹൃദയമാണ്; ദുഷ്ടഹൃദയമാണ്. വേദനിക്കുന്നവർ വേദനിക്കട്ടെ, എനിക്ക് അതൊരു വിഷയമല്ല എന്ന മനോഭാവമാണ്.

ഈ ഭൂമിയിൽ പലതരത്തിലുള്ള ആളുകളുണ്ടല്ലോ. കഷ്ടപ്പെടുന്നവർ കഷ്ടപ്പെടും, അതിനാർക്കും ഒന്നും ചെയ്യാനില്ല എന്ന ഒരു നിസ്സംഗമനോഭാവമാണ് നാം പുലർത്തുന്നത്. ഒരിക്കലും അതു പാടില്ല.

ഏതുവിധത്തിൽ വലയുന്ന ഒരാളെ സഹായിക്കാൻ പറ്റും? ഏതെല്ലാം വിധത്തിൽ വേറൊരാളുടെ നൊമ്പരം ഒന്നു കുറയ്ക്കാൻ പറ്റും? ഒരാളുടെ വേദനയിൽ എനിക്ക് എങ്ങനെയെല്ലാം പങ്കുചേരാൻ പറ്റും? ആ ചിന്ത വരും യേശു അകത്തുവന്നാൽ.

കർത്താവായ യേശുക്രിസ്തു ക്രൂശിൽ കിടന്നു പിടഞ്ഞു. യേശുക്രിസ്തു ക്രൂശിൽ കിടന്ന് ഏഴു തിരുമൊഴികൾ പറഞ്ഞു. ഒന്നാമത്തെ തിരുമൊഴി: “പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് ഇവർ അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമേ.”

രണ്ടാമത്തെ തിരുമൊഴി, അനുതപിച്ച കള്ളനോട്

കർത്താവു പറയുന്നു: “ഇന്നു നീ എന്നോടുകൂടി പറുദീസയിൽ ഇരിക്കും.”

മൂന്നാമത്തെ തിരുമൊഴി, പ്രിയപ്പെട്ട മാതാവ് കരഞ്ഞുകൊണ്ടിരിക്കുന്നു. യോഹന്നാൻശ്ലീഹ ഏകാകിയായി മാറി നിൽക്കുന്നു. “സ്ത്രീയേ, ഇതാ, നിന്റെ മകൻ.” “ഇതാ, നിന്റെ അമ്മ.”

നാലാമത്തെ തിരുമൊഴി, കൂരിരുട്ടിന്റെ മധ്യത്തിൽനിന്നാണ്: “എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്?” വേദനാജനകമായ നിലവിളി. സ്വർഗ്ഗത്തിലെ ദൈവം കൈവിട്ടു എന്നു തോന്നുന്ന ഭയാനകമായ അനുഭവത്തിലേക്ക് വരുന്നു.

അഞ്ചാമത്തെ തിരുമൊഴി: “എനിക്കു ദാഹിക്കുന്നു.” മനുഷ്യജാതിക്കുവേണ്ടിയുള്ള ദാഹം! ദൈവത്തെവിട്ട് പൈശാചിക പക്ഷത്തേക്ക് മാറിപ്പോകുന്നവർക്കുവേണ്ടിയുള്ള ദാഹം! അനേകർ സത്യദൈവത്തെ തിരിച്ചറിയാതെ, ദൈവബോധമില്ലാതെ, ഏറ്റവും ഹീനമായ ജീവിതം നയിക്കുന്നതുകണ്ട് അവർക്കുവേണ്ടിയുള്ള ദാഹം!

ആ–സമയം ദയനീ–യം!
വിട്ടു–മശിഹാ പുരി യേറൂശലേം
രോഗങ്ങളെയങ്ങാറ്റിയതിൽ –പകരം ത–ന്നെ
ക്രൂശി–ച്ചീടാൻ–കൊണ്ടിഹ പോയി–ധൃഷ്ടന്മാർ.

ആ–സമയം ദയനീ–യം!
നുകരാൻ മശിഹാ ജലമർത്ഥിച്ചാൻ
ശപ്തസമൂഹം കടുവീഞ്ഞും–കാടിയുമേ–കി
തൻ നാ–ദത്താൽ–ആഴിയുമാഴവുമഞ്ഞി.

ആ സമയം ദയനീയമായിരുന്നു. ധൃഷ്ടന്മാരായ, ദുഷ്ടന്മാരായ പരീശന്മാരും പടയാളികളും പള്ളിപ്രമാണികളും അവനെ ക്രൂശിക്കാൻ കൂട്ടിക്കൊണ്ടുപോയ സമയം ദയനീയ

മായിരുന്നു.

യേശുക്രിസ്തു എനിക്കു ദാഹിക്കുന്നു എന്നുപറഞ്ഞ സമയം ദയനീയമായിരുന്നു. കർത്താവ് വെള്ളം ചോദിച്ച ആ സമയം ദയനീയമായിരുന്നു. ശപിക്കപ്പെട്ട സമൂഹം അവന് കൈപ്പുള്ള വീഞ്ഞും കാടിയും കൊടുത്തു. എനിക്ക് ദാഹിക്കുന്നു എന്നു പറഞ്ഞ ശബ്ദത്താൽ ആഴികളും ആഴങ്ങളും സംഭ്രമിച്ചുപോയി. ജലരാശികളെ മെനഞ്ഞവനാണ് എനിക്കു ദാഹിക്കുന്നു എന്നു പറഞ്ഞത്.

ഇന്നും നമ്മെ നോക്കി യേശു ദാഹിക്കുന്നു. ദുഷ്ടപ്പരിഷ നമ്മെ വളഞ്ഞിരിക്കുന്നതുകണ്ട് കർത്താവ് ദാഹിക്കുന്നു. യേശുവിന്റെ ദാഹം തീർക്കാൻ ആരുണ്ട്? ഉള്ളകാലം കർത്താവേ, നിന്റെ ദാഹം തീർക്കാൻ ഞാൻ ഇതാ വരുന്നു. "എന്റെ ദൈവമേ, നിന്റെ ഇഷ്ടം ചെയ്യുവാൻ ഞാൻ പ്രിയപ്പെടുന്നു." യേശു നമുക്കുവേണ്ടി ദാഹിച്ചു. ഇനി നാം കർത്താവിനു വേണ്ടി ദാഹിക്കണം. യേശുവിന്റെ ഹിതം ചെയ്‌വാൻ നാം ദാഹിക്കണം.

> *"ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നുകൊണ്ട്: ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു വിളിച്ചു പറഞ്ഞു."*
>
> *യോഹന്നാൻ 7 : 37 – 38*

ക്രിസ്തുവിനുവേണ്ടി ദാഹിക്കുക.

> *"ദൈവമേ, നീ എന്റെ ദൈവം; അതികാലത്തേ ഞാൻ നിന്നെ അന്വേഷിക്കും; വെള്ളമില്ലാതെ ഉണങ്ങി വരണ്ട ദേശത്ത് എന്റെ ഉള്ളം നിനക്കായി ദാഹിക്കുന്നു; എന്റെ ദേഹം നിനക്കായി കാംക്ഷി*

*ക്കുന്നു.”                                    സങ്കീർത്തനങ്ങൾ 63 : 1*

*“മാൻ നീർത്തോടുകളിലേക്കു ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ ദൈവമേ, എന്റെ ആത്മാവു നിന്നോടു ചേരുവാൻ കാംക്ഷിക്കുന്നു. എന്റെ ആത്മാവു ദൈവത്തിന്നായി, ജീവനുള്ള ദൈവത്തിന്നായി തന്നേ, ദാഹിക്കുന്നു.”*

*സങ്കീർത്തനങ്ങൾ 42 : 1, 2*

ജീവിതത്തിലെ യാതനകളേറ്റു വലയുമ്പോൾ; പ്രതിസന്ധികളും പ്രശ്നങ്ങളുമായി തളരുമ്പോൾ നമുക്ക് ഓടിച്ചെല്ലാൻ യേശുവിന്റെ പാദപീഠമുണ്ട്. കർത്താവേ, നിന്റെ പാദം ഞാൻ കെട്ടിപ്പിടിക്കുന്നു. എനിക്കു വേറെ പോക്കിടം ഇല്ല. എനിക്ക് ആശ്രയിക്കാൻ വേറെ ആരുമില്ല. ഞാൻ ആശ്രയിച്ച ആശ്രയസ്ഥാനങ്ങളെല്ലാം ഇളകിപ്പോയി. ഞാൻ ഇതാ തിരുമുമ്പാകെ വരുന്നു. ദൈവമേ, നീ എന്റെ ദൈവം ആകുന്നു.

*“മാൻ നീർത്തോടുകളിലേക്ക് ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ എന്റെ ആത്മാവ് നിന്നോടു ചേരുവാൻ കാംക്ഷിക്കുന്നു.”*

*സങ്കീർത്തനങ്ങൾ 42 : 1*

ദൈവത്തോടു ചേരുവാനുള്ള ദാഹം. ദൈവത്തിന്റെ കൃപയ്ക്കുവേണ്ടിയുള്ള ദാഹം. ദൈവത്തിന്റെ ആത്മാവിനുവേണ്ടിയുള്ള ദാഹം. കർത്താവേ, നിന്റെ സാന്നിദ്ധ്യം എനിക്കു തരണമേ. നിന്റെ സാന്നിദ്ധ്യമില്ലെങ്കിൽ ഞാൻ പൂജ്യമായിപ്പോകും. നീ ഇല്ലെങ്കിൽ ഞാൻ വെറും കരിക്കട്ടയായിപ്പോകും. കർത്താവേ, ഞാൻ നിസ്സാരനാണ്.

പരീക്ഷയെഴുതുന്ന കുട്ടിക്കു പറയാം: നീ എന്റെ കൂടെ ഇരിക്കണമേ. എന്റെ ബുദ്ധിയിൽ നിന്റെ അത്ഭുതകരം തൊടണമേ. എന്റെ ബുദ്ധിയെ തെളിയിക്കണമേ. കർത്താവേ, എന്റെ ഉള്ളത്തിൽ നിന്റെ ആത്മാവു വ്യാപരിച്ചുകൊണ്ടിരിക്കണമേ.

പരീക്ഷ എഴുതുമ്പോൾ എഴുതേണ്ടതെല്ലാം എഴുതാൻ കൃപ തരണമേ.

കർത്താവിനോട് പ്രാർത്ഥിച്ചുകൊണ്ട് ബിസിനസ്സിന് പോകുന്നു. കർത്താവിനോടു പ്രാർത്ഥിച്ചുകൊണ്ട് കൃഷി ഇറക്കുന്നു. ഒരു പുതിയ ജോലികിട്ടി. കർത്താവിനേയുംകൊണ്ട് ജോലിക്കുപോകുന്നു. എവിടേയും യേശുവിനെ മുൻനിർത്തുന്നു. യേശു കൂടെനിൽക്കും.

എനിക്കു ദാഹിക്കുന്നു എന്നുപറഞ്ഞ കർത്താവിനുവേണ്ടി നാം ദാഹിക്കണം. കർത്താവിനുവേണ്ടി ദാഹിച്ച് നാം അവന്റെ പിന്നാലെ ഓടാൻ തയ്യാറാകണം. യേശുവേ, നീ എവിടെപ്പോയാലും ഞാൻ നിന്റെ പിന്നാലെ വരാം. നിന്റെ പിന്നാലെ വരാൻ ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു.

> *"നീ നീതിയെ ഇഷ്ടപ്പെട്ടു ദുഷ്ടതയെ ദ്വേഷിക്കുന്നു; അതുകൊണ്ട് ദൈവം, നിന്റെ ദൈവം തന്നെ, നിന്റെ കൂട്ടുകാരിൽ പരമായി നിന്നെ ആനന്ദതൈലം കൊണ്ടു അഭിഷേകം ചെയ്തിരിക്കുന്നു."*
>
> *സങ്കീർത്തനങ്ങൾ 45 : 7*

ആനന്ദതൈലംകൊണ്ടുള്ള അഭിഷേകം കിട്ടും. ഹൃദയം ആനന്ദംകൊണ്ടു പുളകംകൊള്ളും. സന്തോഷം നിങ്ങളുടെ ഹൃദയത്തിൽ കരകവിയും. നിങ്ങൾ ദൈവത്തെ സ്തുതിക്കാൻ തുടങ്ങും. അങ്ങനെ ആ സ്നേഹത്തിൽ നിറഞ്ഞാണു ദൈവത്തിന്റെ വേല ചെയ്യുന്നത്.

ക്രൂശിൽ കിടന്ന് യേശു കരഞ്ഞു. യേശു ഇന്നും കരയുന്നു. ഒരു പാപവും ചെയ്യാത്ത ദൈവപുത്രൻ ക്രൂശിന്മേൽ കിടന്നു കരഞ്ഞു. കർത്താവ് നിരപരാധിയായിരുന്നുവല്ലൊ. അന്നത്തെ ന്യായാധിപതിയായ പീലാത്തോസ് മൂന്നു പ്രാവശ്യം പറഞ്ഞു, വിധി എഴുതി: "ഇവനിൽ ഞാൻ ഒരു കുറ്റവും കാണുന്നില്ല." യേശുവിൽ എന്തെങ്കിലും കുറ്റം കാണാൻ പറ്റുമോ എന്നു നോക്കി. ഒന്നും കണ്ടില്ല.

കയ്യാഫാവും ഹന്നാവും കള്ളസാക്ഷ്യങ്ങൾ പറഞ്ഞു നോക്കി. ഒത്തുവന്നില്ല. ദൈവത്തോടു സമനാക്കി എന്നുപറഞ്ഞു, ദൈവദൂഷണം പറഞ്ഞു എന്നുപറഞ്ഞു, കൈസർക്കു കരം കൊടുക്കണ്ട എന്നു പറഞ്ഞു, ദൈവാലയം പൊളിച്ച് മൂന്നു ദിവസംകൊണ്ട് പണിയുമെന്നു പറഞ്ഞു ഇങ്ങനെ എന്തെല്ലാം കള്ളസാക്ഷ്യം പറഞ്ഞു. യേശു പറഞ്ഞ വാക്കുകൾ വളച്ചൊടിച്ച് അവർ ചില പ്രസ്താവനകൾ തയ്യാറാക്കി.

യെരൂശലേം ദൈവാലയം പൊളിക്കുന്ന കാര്യമല്ല യേശു പറഞ്ഞത്. എന്റെ ശരീരം നിങ്ങൾ കൊന്നാലും മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കും എന്നാണു കർത്താവു പറഞ്ഞത്. അവർക്കത് മനസ്സിലായില്ല. "കൈസർക്കുള്ളത് കൈസർക്കും ദൈവത്തിന്നുള്ളത് ദൈവത്തിന്നും കൊടുപ്പിൻ" എന്നേ കർത്താവു പറഞ്ഞുള്ളൂ. കൈസർക്കു കരം കൊടുക്കണ്ട എന്നു കർത്താവു പറഞ്ഞില്ല. അവർ അസത്യം പറഞ്ഞു. യാതൊരു തെറ്റും ചെയ്യാത്തവനായ കർത്താവ് ക്രൂശിന്മേൽ കിടന്ന് പിടഞ്ഞു.

ക്രൂശിലെ ആറാമത്തെ തിരുമൊഴി "നിവൃത്തിയായി" എന്നാണ്. It is finished! അത് പൂർത്തിയായിരിക്കുന്നു. മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടി ദൈവം ചെയ്യാനുള്ളതൊക്കെയും നിവൃത്തിയാക്കിയിരിക്കുന്നു. നരകത്തിലേക്ക് ഒഴുകിപ്പോകുന്ന മനുഷ്യനെ സ്വർഗ്ഗത്തിലേക്ക് ആക്കുന്നതിനുവേണ്ടി സ്വർഗ്ഗത്തിലെ ദൈവം ചെയ്യാനുള്ള പദ്ധതി എല്ലാം നിവൃത്തിയാക്കിയിരിക്കുന്നു.

ഇനി മനുഷ്യൻ പാപത്തിന്റെയും പിശാചിന്റെയും അടിമയായി ജീവിക്കേണ്ട ആവശ്യമില്ല എന്ന് ഉറപ്പിച്ചുകൊണ്ട് യേശു തന്റെ രക്ഷാപദ്ധതി പൂർത്തീകരിച്ചിരിക്കുന്നു. It is finished. നിവൃത്തിയായി!

ടോൾസ്റ്റോയ് എഴുതിയ ഒരു പുസ്തകമുണ്ട്, 'My conversion' (എന്റെ മനസാന്തരം). അതിൽ ടോൾസ്റ്റോയ്

തുറന്നെഴുതിയിരിക്കുന്നു: ഞാൻ ഒട്ടനേകം പാപങ്ങൾ ചെയ്ത മനുഷ്യനാണ്. എന്റെ പാപങ്ങൾ ഓർത്താൽ എനിക്ക് തല നിവർത്താൻ വയ്യ. അത്രമാത്രം വലിയ പാപങ്ങൾ ഞാൻ ചെയ്തുപോയി. അദ്ദേഹം എണ്ണിയെണ്ണി പാപങ്ങൾ എല്ലാം ലജ്ജകൂടാതെ തുറക്കുകയാണ്.

എന്തുകൊണ്ടാണ് ലജ്ജകൂടാതെ തുറക്കാൻ പറ്റുന്നത്? അദ്ദേഹത്തിനുറപ്പുണ്ട് ഇത് ഞാൻ തുറന്നു പറഞ്ഞാലും ഇനി ഇതൊന്നും എന്റെ ജീവിതത്തിൽ വരില്ല. ഇനി എന്റെ ജീവിതത്തിൽ പാപത്തിന്റെ ഒരു കണികപോലും ഏശുകയില്ല. നല്ല ഉറപ്പ്. അതുകൊണ്ടാണ് തുറന്നു പറയാൻ സാധിക്കുന്നത്.

തുറന്നു പറയാൻ പറ്റാത്തതിനു കാരണം പാപം വിട്ടിട്ടില്ല എന്നതാണ്. പാപത്തെ അറപ്പോടെ വെറുത്തുപേക്ഷിക്കാത്തതുകൊണ്ടാണ് തുറന്നുപറയാൻ പറ്റാത്തത്. ഇന്ന പാപം ഇന്ന വിധത്തിൽ ഇന്ന സാഹചര്യത്തിൽ ഇന്നിന്ന പേരോടൊരുമിച്ച് ഞാൻ ചെയ്തുപോയി. വ്യക്തമായിട്ട്, specify ചെയ്ത് പാപം ഏറ്റുപറയണം. അങ്ങനെ പാപം ഏറ്റുപറയാൻ സാധിക്കണമെങ്കിൽ എന്റെ ജീവിതത്തിൽ അത് ഇനി വരികയില്ല എന്ന ഉറപ്പുണ്ടായിരിക്കണം. ഈ ഉറപ്പുണ്ടെങ്കിൽ ധൈര്യമായി പാപം ഏറ്റുപറയാം.

പിന്നീടാണ് ടോൾസ്റ്റോയ് പ്രസിദ്ധമായ ചില പുസ്തകങ്ങൾ എഴുതിയത്. 'യുദ്ധവും സമാധാനവും', 'അന്നാകരീന' എന്നിവ പ്രസിദ്ധമായ പുസ്തകങ്ങളാണ്.

കർത്താവായ യേശുക്രിസ്തു നിരപരാധിയായിരുന്നു പക്ഷേ, ശിക്ഷിക്കപ്പെട്ടു. ഇവനിൽ ഞാൻ ഒരു കുറ്റവും കാണുന്നില്ല എന്ന് പീലാത്തോസ് പറഞ്ഞു. ഇവൻ മരണയോഗ്യമായത് ഒന്നും ചെയ്തിട്ടില്ല എന്ന് ജനസമൂഹം പറഞ്ഞു. ഇവൻ ദൈവപുത്രനായിരുന്നു സത്യം എന്ന് തൂക്കിയ ശതാധിപൻ പറഞ്ഞു. ഞാൻ കുറ്റമില്ലാത്ത രക്തത്തെ ഒറ്റിക്കൊടുത്തു എന്ന് ഘാതകനായ യൂദാ ഇസ്കര്യോത്താ പറഞ്ഞു.

കർത്താവായ യേശുക്രിസ്തു നമുക്കുവേണ്ടി രക്ഷാപദ്ധതി പൂർത്തിയാക്കി. നിങ്ങളുടെ മേലുള്ള പാപത്തിന്റെ ചങ്ങലകൾ പൊട്ടിച്ചുകളയുവാനാണ് യേശു ക്രൂശിൽ ആണികളാൽ ബന്ധിതനായത്. യഥാർത്ഥമായി ക്രൂശുമരണത്തോട് നാം താദാത്മ്യം പ്രാപിച്ചാൽ പിന്നെ പാപത്തിലേക്ക് തിരിയുകയില്ല. ഈ ലോകം പാപമയമാണ്. പാപത്തിന്റെ പ്രേരണയുള്ള ഈ ലോകത്തിൽനിന്ന് എന്നെ വലിച്ചെടുക്കുവാൻ വേണ്ടി പാപമില്ലാത്ത കർത്താവായ യേശുക്രിസ്തു തന്റെ അരുമകരം നീട്ടി. ആ കരം എന്നെ കോരിയെടുത്തു. അതുകൊണ്ടാണ് സങ്കീർത്തനക്കാരൻ പറഞ്ഞത്:

> *"ഞാൻ യഹോവയ്ക്കായി കാത്തുകാത്തിരുന്നു; അവൻ എങ്കലേക്കു ചാഞ്ഞു എന്റെ നിലവിളി കേട്ടു. നാശകരമായ കുഴിയിൽനിന്നും കുഴഞ്ഞ ചേറ്റിൽനിന്നും അവൻ എന്നെ കയറ്റി; എന്റെ കാലുകളെ ഒരു പാറമേൽ നിർത്തി, എന്റെ ഗമനത്തെ സ്ഥിരമാക്കി. അവൻ എന്റെ വായിൽ പുതിയോരു പാട്ടുതന്നു, നമ്മുടെ ദൈവത്തിന്നു സ്തുതി തന്നേ; പലരും അതു കണ്ടു ഭയപ്പെട്ടു യഹോവയിൽ ആശ്രയിക്കും."*
>
> *സങ്കീർത്തനങ്ങൾ 40 : 1 – 3*

പാപത്തിന്റെ കുഴിയിൽ കിടന്നുള്ള വിളിയാണ്. പാപത്തിന്റെ ചേറിൽ താണുതാണുപോകുന്ന മനുഷ്യന്റെ നിലവിളിയാണ്. രക്ഷപ്പെടാൻ ശ്രമിക്കുന്തോറും താണുതാണുപോകുന്നു. ദൈവം തന്റെ കരം നീട്ടുന്നതിനുവേണ്ടി കാത്തുകാത്തിരിക്കുകയാണ്. കരഞ്ഞുകൊണ്ടേ ഇരിക്കുകയാണ്.

അവൻ എങ്കലേക്ക് ചാഞ്ഞു. എന്റെ നിലവിളി കേട്ടു. എന്റെ നിലവിളി കേൾക്കാൻ ഒരാളുണ്ട്. ഈ പാപത്തിൽനിന്ന് എന്നെ കരകയറ്റാൻ ഒരാളുണ്ട്. പാപത്തിൽനിന്ന് കരകയറാൻ പുണ്യപ്രവൃത്തി ചെയ്താൽ ഫലമില്ല; സന്മാർഗ്ഗപ്രവൃത്തികൾ

ചെയ്താൽ ഫലമില്ല; വഴിപാടു കഴിച്ചതുകൊണ്ടോ തീർത്ഥയാത്ര ചെയ്തതുകൊണ്ടോ ഫലമില്ല.

പാപത്തിൽനിന്നു കരകയറാൻ പാപിയെ വീണ്ടെടുക്കുന്ന ക്രിസ്തുവിന്റെ കരങ്ങളിൽ ആശ്രയിച്ചേ പറ്റൂ. നിലവിളിച്ചുകൊണ്ടിരിക്കണം. അവൻ എങ്കലേക്കു ചാഞ്ഞു. എന്റെ നിലവിളികേട്ടു.

ഇനി ഞാൻ കോപിക്കയില്ല എന്നു വാസ്തവമായി ദാഹിച്ചാൽ കോപം നിങ്ങളെ വിട്ടുമാറും. ഇനി അശുദ്ധമായ കാര്യങ്ങൾക്ക് എന്നെ കിട്ടുകയില്ല എന്ന ഉറപ്പുവന്നാൽ അശുദ്ധി നിങ്ങളെ വിട്ടുമാറും. ഹൃദയം എപ്പോഴും ശുദ്ധമായിരിക്കും.

പാപം തീണ്ടുന്നില്ലെങ്കിൽ ധൈര്യമുണ്ട്. ലോകപ്രകാരം നാം ഭീരുക്കളാണ്. പാപം നമ്മെ സ്പർശിക്കുന്നില്ലെങ്കിൽ നല്ല പ്രാഗത്ഭ്യം. ചില തീരുമാനം എടുത്തിട്ട് ആ തീരുമാനത്തിൽ നിലനിൽക്കാൻ സാധിച്ചാൽ നല്ല പ്രാഗത്ഭ്യമാണ്. എന്റെ കർത്താവിന്റെ കൃപയാൽ പാപം ഇപ്പോൾ എന്നെ തൊടുന്നില്ല എന്ന് നിങ്ങൾക്ക് പറയാൻ പറ്റുമോ? യേശുവിന്റെ കൃപയാൽ പാപത്തിൽനിന്ന് ഞാൻ മോചനം പ്രാപിച്ചിരിക്കുന്നു. പാപവികാരത്തിന്റെ വേലിയേറ്റത്തിൽനിന്ന് ഞാൻ രക്ഷപ്പെട്ടിരിക്കുന്നു. അശുദ്ധ വികാരങ്ങൾ, ലൈംഗിക മോഹങ്ങൾ, കൊള്ളരുതാത്ത ചിന്തകൾ എല്ലാറ്റിൽനിന്നും കർത്താവ് എനിക്കു മോചനം തന്നിരിക്കുന്നു എന്ന് സാക്ഷിക്കുവാൻ സാധിക്കുമോ?

ഇന്ന് അനേകർക്കു ജീവനില്ല. കാരണം, പാപത്തിന്മേൽ ജയമില്ല. പാപത്തിന്മേൽ ജയമില്ലാത്തതുകൊണ്ട് അനേകരുടെ ആത്മാവ് മരിച്ചിരിക്കുന്നു. നാം ഓരോരുത്തരും ചിന്തിക്കണം. ഇന്നു ഞാൻ ഈ ഭൂമിയിൽനിന്നും മാറ്റപ്പെട്ടാൽ എന്റെ ആത്മാവ് ദൈവസന്നിധിയിൽ എത്തിച്ചേരുമോ?

യേശു കുരിശിന്മേൽ കിടന്നു പറഞ്ഞ ഏഴാമത്തെ വച

നം, “പിതാവേ, എന്റെ ആത്മാവിനെ തൃക്കൈയിൽ ഭരമേൽപ്പിക്കുന്നു.” യേശു പ്രാണനെ വിട്ടു. ആത്മാവിനെ തൃക്കരങ്ങളിലേക്ക് ഭരമേൽപ്പിച്ചു. സംതൃപ്തി (Contentment)

എല്ലാദിവസവും ഉറങ്ങാൻ നേരത്ത് കർത്താവിനോട് പറയണം: എല്ലാം പൂർത്തീകരിച്ചില്ലല്ലോ. ചെയ്തു തീർക്കേണ്ടതെല്ലാം ചെയ്തു തീർത്തില്ലല്ലോ. കർത്താവേ, നിന്നെ വേദനിപ്പിച്ച പല കാര്യങ്ങളുമുണ്ടല്ലോ. എനിക്കു ക്ഷമിച്ചു തരണമേ. നിന്റെ പരിശുദ്ധരക്തത്താൽ എന്നെ കഴുകി, ആ തിരുരക്തത്താൽ എന്നെ ആവരണം ചെയ്യണമേ. ഇപ്പോൾ ഞാൻ തിരുമുമ്പാകെ വന്നിരിക്കുന്ന സമയത്തു കർത്താവേ, തിരുരക്തത്തിന്റെ മുദ്ര എനിക്ക് തന്ന് എന്നെ ഉറങ്ങാൻ അനുവദിക്കണമേ.

പാപങ്ങൾ ഏറ്റുപറഞ്ഞുപേക്ഷിച്ച് വ്യക്തമായ തീരുമാനത്തിൽ വന്ന് ദൈവത്തെ സ്തുതിക്കാതെ നിങ്ങൾ ഉറങ്ങരുത്. ജീവിതം നിസ്സാരമാണ്. താത്ക്കാലികമാണ്. ജീവിതം ക്ഷണികമാണ്. ഈ ക്ഷണികമായ ലോകത്ത് കർത്താവിനോട് എല്ലാം ഏറ്റുപറഞ്ഞ് ക്ഷമ പ്രാപിച്ച് മുമ്പോട്ടു പോകണം.

സമാധാനത്തോടെ അക്കരെദേശത്തേക്ക് പോകണം. അക്കരെദേശം നമ്മെ മാടി വിളിക്കുന്നുണ്ട്. സ്വർഗ്ഗസീയോൻ, സ്വർഗ്ഗീയയെരൂശലേം നമ്മെ മാടിവിളിക്കുന്നുണ്ട്. മദ്ധ്യാകാശത്തിൽ മണിപ്പന്തൽ നിവർത്തുമ്പോൾ, കർത്താവായ യേശു ഇറങ്ങിവരുമ്പോൾ അവന്റെ ഇമ്പനാദം നമുക്ക് കേൾക്കാം. കർത്താവിന്റെ ഗംഭീരനാദവും പ്രധാനദൂതനായ മീഖായേലിന്റെ ശബ്ദവും ദൈവത്തിന്റെ കാഹളധ്വനിയും നമുക്കു കേൾക്കാം.

കർത്താവിന്റെ രണ്ടാമത്തെ വരവിൽ നാം പറന്നുയരും. ഈ ശരീരം ഘനമില്ലാത്തതായിത്തീരും. ഒരു ആത്മശരീരം നാം പ്രാപിക്കും. കർത്താവായ യേശു വീണ്ടും വരുമ്പോൾ ഇവിടെ ഈ ഭൂമിയിൽ വേലതികച്ചവർ, പിതാവിന്റെ കൈകളി

ലേക്ക് ജീവിതം ഭരമേൽപ്പിച്ചവർ, അവരിതാ പറന്നുയരുന്നു! ശരീരത്തിന് ഘനമില്ല.

ഈയാംപാറ്റകൾ പറന്നുയരുന്നതുപോലെ ഈ ശരീരത്തിൽനിന്ന് ആത്മാവ് പുതിയരൂപം പ്രാപിച്ച്, പുതിയശരീരം പ്രാപിച്ച് പറന്നുയരുകയാണ്. അത്ഭുതങ്ങൾ നടക്കുന്നു.

കർത്താവായ യേശുവേ, നിന്റെ രണ്ടാമത്തെ വരവിൽ പറന്നുയരുന്ന വിശുദ്ധന്മാരുടെ നിരയിൽ നിൽപ്പാൻ എനിക്കും ഭാഗ്യം നൽകണമേ എന്നു നമുക്കു പ്രാർത്ഥിക്കാം.

# പത്ത്

യേശു കരഞ്ഞു: ക്രൂശിൽ കർത്താവു കരഞ്ഞു: എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്? എന്ന നിലവിളിയോടുകൂടി കർത്താവ് പ്രാണനെവിട്ടു. ക്രിസ്തുവിന്റെ ജീവിതത്തിൽ ആ മുപ്പത്തിമൂന്നര കൊല്ലത്തിന്റെ ഒടുവിലത്തെ മൂന്നരക്കൊല്ലം, പരസ്യശുശ്രൂഷ ചെയ്തകാലങ്ങൾ വാസ്തവത്തിൽ കരച്ചിലിന്റെ കാലങ്ങളായിരുന്നു.

ആത്മാക്കൾക്കുവേണ്ടിയുള്ള കരച്ചിൽ, മനുഷ്യജാതിക്കുവേണ്ടിയുള്ള കരച്ചിൽ, വേദനിക്കുന്നവർക്കുവേണ്ടിയുള്ള കരച്ചിൽ, ദാഹിച്ചു വലയുന്നവർക്കുവേണ്ടിയുള്ള കരച്ചിൽ, വിശന്നു പൊരിയുന്നവർക്കുവേണ്ടിയുള്ള കരച്ചിൽ, അദ്ധ്വാനിക്കുന്ന പാവപ്പെട്ടവർക്കുവേണ്ടിയുള്ള കരച്ചിൽ, ഭാരം ചുമക്കുന്ന മനുഷ്യവർഗ്ഗത്തിനുവേണ്ടിയുള്ള കരച്ചിൽ, സമാധാനമില്ലാതെ അഴലുന്നവർക്കുവേണ്ടിയുള്ള കരച്ചിൽ. കരച്ചിലിന്റെ ഒരു പരമ്പരയാണ് ക്രിസ്തുവിന്റെ ജീവിതത്തിൽ കാണുന്നത്.

അസംതൃപ്തിയുള്ള മനുഷ്യന്റെ ഹൃദയത്തിൽ സംതൃപ്തി പകരാനും അവന്റെ ജീവിതം പ്രസാദാത്മകമാക്കിത്തീർക്കാനും കർത്താവ് നമുക്കുവേണ്ടി കരയുകയാണ്. നമ്മുടെ ഐഹിക ജീവിതം സമാധാനമുള്ളതാക്കിത്തീർത്താൽ മാത്രം പോരാ, പാരത്രികജീവിതം (ഈ ഭൂമിക്ക് അപ്പുറമുള്ള ജീവിതം), മരണത്തിനപ്പുറമുള്ള ജീവിതം അതും സൗഭാഗ്യപൂർണ്ണതയുള്ളതാക്കിത്തീർക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നു.

ഇഹലോകത്തിൽ സമാധാനം വേണം, കടന്നുചെല്ലു

മ്പോൾ നിത്യജീവനും വേണം. ഇതിനുവേണ്ടിയാണ് കർത്താവ് കരയുന്നത്. എന്തുചെയ്താൽ ഈ ജനത്തിനു കാര്യം മനസ്സിലാകും? എങ്ങനെ ഈ കാര്യം ജനഹൃദയങ്ങളിൽ പകരും? അതിനു ഞാൻ ആരെയാണ് അയക്കേണ്ടത്? കർത്താവ് വേദനയോടെ, ദുഃഖത്തോടെ ചോദിക്കുകയാണ്. അതാണ് യെശയ്യാപ്രവാചകന്റെ പുസ്തകം ആറാം അദ്ധ്യായത്തിൽ കാണുന്നത്.

*"ഞാൻ ആരെ അയക്കേണ്ടൂ? ആർ നമുക്കു വേണ്ടി പോകും?"* *യെശയ്യാവ് 6 : 8*

നിത്യനായ ദൈവത്തിന്റെ ത്രിത്വം ചിന്തിക്കുകയാണ്: ഞാൻ ആരെ അയക്കേണ്ടൂ? ആർ നമുക്കുവേണ്ടി പോകും? ദൈവത്തിനുവേണ്ടി പോകാൻ ആരുണ്ട്? കർത്താവിനുവേണ്ടി നിൽക്കാൻ ആരുണ്ട്? ഞാൻ ആരെ അയക്കേണ്ടൂ? യെശയ്യാപ്രവാചകൻ പറഞ്ഞു: "അടിയൻ ഇതാ, അടിയനെ അയക്കേണമേ."

യെശയ്യാപ്രവാചകൻ ഇതു പറയുന്നതിനുമുമ്പ് പ്രവാചകനിൽ ചില അത്ഭുതപരിണാമങ്ങൾ സംഭവിച്ചു കഴിഞ്ഞിരുന്നു. നിത്യനായ ദൈവത്തിന്റെ പ്രകാശമേദുരമായ ശോഭ കണ്ടപ്പോൾ യെശയ്യാവ് തന്നെത്തന്നെ കണ്ടു.

ദൈവത്തിന്റെ അത്യുജ്ജ്വല പ്രകാശം! അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനായ ദൈവം! തീയ്ക്കടുത്ത മാലാഖമാർ ആരാധിക്കുന്ന ദൈവം! ആ ദൈവത്തെ കണ്ടപ്പോൾ യെശയ്യാവ് അമ്പരന്നുപോയി. അയ്യോ! ഞാൻ ഈ ദൈവത്തിന്റെ കാര്യമാണല്ലോ പറഞ്ഞത്. ഇതുവരെയും ഞാൻ ഈ ജനത്തോട് പ്രസംഗിച്ചുകൊണ്ടിരുന്നത് ഈ ദൈവത്തെക്കുറിച്ചാണല്ലോ. ദൈവം ആരാണ്?

നിത്യനായ, മഹാതേജസ്വിയായ, അത്യുജ്ജ്വല പ്രകാശമായ ദൈവം. ഈ ദൈവത്തെക്കുറിച്ചാണല്ലോ ഞാൻ പ്രസംഗിച്ചത്? എനിക്കതിനു യോഗ്യതയില്ലല്ലോ? "എനിക്ക് അയ്യോ

കഷ്ടം! ഞാൻ നശിച്ചു. ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങളുള്ളോരു മനുഷ്യൻ.” ശുദ്ധിയില്ലാത്ത അധരംകൊണ്ടാണ് ഞാൻ നിന്റെ വചനം പറഞ്ഞത്.

ഞാൻ ചിലരെ ശപിച്ചു. അയ്യോ കഷ്ടം! എന്നൊക്കെ പറഞ്ഞു. മദ്യപാനികൾക്ക് അയ്യോ കഷ്ടം! ദുർവൃത്തന്മാർക്ക് അയ്യോ കഷ്ടം! സമ്പത്തുവാരിക്കൂട്ടി നിത്യതക്കുവേണ്ടി ഒരുങ്ങാത്തവനും അയ്യോ കഷ്ടം! എന്നെല്ലാം പറഞ്ഞു. മനുഷ്യരെ ശാസിക്കുകയും തർജ്ജനം ചെയ്യുകയും ചെയ്തു. പക്ഷേ, എന്റെ കാര്യം ഞാൻ ചിന്തിച്ചില്ലല്ലോ. ഇപ്പോൾ എനിക്കു മനസ്സിലായി, എനിക്ക് അയ്യോ കഷ്ടം!

> *“അപ്പോൾ ഞാൻ: എനിക്ക് അയ്യോ കഷ്ടം; ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ; ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു; എന്റെ കണ്ണ് സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ എന്നുപറഞ്ഞു.” യെശയ്യാവ് 6 : 5*

യെശയ്യാവ് തന്നെത്തന്നെ കണ്ടു. എന്റെ കണ്ണ് സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുപോയല്ലോ. ഇത്രയും അനുതാപം യെശയ്യാവിനു വന്നപ്പോളാണ് ജീവനുള്ള ദൈവത്തിന്റെ കൃപ അത്ഭുതകരമായി യെശയ്യാവിന്റെ മേൽ വന്നു പതിഞ്ഞത്.

അപ്പോൾ ഒരു മാലാഖ സ്വർഗ്ഗത്തിന്റെ തീക്കനൽ ഒരു കൊടിൽകൊണ്ട് എടുത്ത് പറന്നുവന്ന് യെശയ്യാവിന്റെ അശുദ്ധമായ അധരത്തിൽ തൊടുവിച്ചു. മാലാഖ പറഞ്ഞു: ഇത് നിന്റെ അധരത്തെ തൊട്ടതിനാൽ നിന്റെ അകൃത്യം നീങ്ങി. നിന്റെ പാപത്തിന് പരിഹാരം വന്നിരിക്കുന്നു.

> *“അപ്പോൾ സാറാഫുകളിൽ ഒരുത്തൻ യാഗപീഠത്തിൽനിന്ന് കൊടിൽകൊണ്ട് ഒരു തീക്കനൽ എടുത്തു കൈയിൽ പിടിച്ചുകൊണ്ട് എന്റെ അടു*

*ക്കൽ പറന്നുവന്നു, അത് എന്റെ വായ്ക്കു തൊടു വിച്ചു: ഇതാ, ഇതു നിന്റെ അധരങ്ങളെ തൊട്ടതി നാൽ നിന്റെ അകൃത്യം നീങ്ങി നിന്റെ പാപത്തിന്നു പരിഹാരം വന്നിരിക്കുന്നു എന്നു പറഞ്ഞു."*

*യെശയ്യാവ് 6 : 6, 7*

അകൃത്യം നീങ്ങി പാപത്തിന്നു പരിഹാരം വരാതെ നിനക്ക് എന്റെ നാമം ഉച്ചരിപ്പാൻ യോഗ്യതയില്ല. നീ അശുദ്ധ നാണ്. നിന്റെ അധരങ്ങളിൽ തിന്മയുടെ വാക്കുകളാണ്. നിന്റെ വായിൽ ശാപമുണ്ട്. നീ നല്ലവാക്കു പറഞ്ഞപ്പോൾപോലും നിന്റെ ഉള്ള് ശുദ്ധമല്ല. ഇത് നിന്റെ വായെ തൊടുവിക്കുന്നത് നിന്നെ ശുദ്ധീകരിക്കുവാനാണ്. സ്വർഗ്ഗത്തിലെ യാഗപീഠ ത്തിലെ തീക്കനൽ! സ്വർഗ്ഗീയയാഗപീഠത്തിൽ എരിഞ്ഞുകൊ ണ്ടിരുന്ന തീക്കനലാണ് എടുത്തുകൊണ്ടുവരുന്നത്.

യെശയ്യാവ് അത്ഭുതത്തോടെ നോക്കിനിൽക്കുമ്പോൾ മാലാഖ പറന്നുവരുന്നു. മാലാഖ ഈ തീക്കനൽ കൊണ്ടുവന്ന് യെശയ്യാവിന്റെ ചുണ്ടിനെ തൊടുവിച്ചു. "ഇത് നിന്റെ അധ രത്തെ തൊട്ടതിനാൽ നിന്റെ അകൃത്യം നീങ്ങി നിന്റെ പാപ ത്തിന്നു പരിഹാരം വന്നിരിക്കുന്നു."

മനുഷ്യന്റെ പാപാവസ്ഥ കണ്ട് കരയുന്നവനായ നിത്യ നായ ദൈവത്തിന്റെ സന്നിധിയിൽ നമുക്കു കടന്നു ചെല്ലണമെ ങ്കിൽ നമ്മുടെ പാപാവസ്ഥകണ്ട് നാമും കരയണം. നമ്മുടെ ദയനീയസ്ഥിതി, നമ്മുടെ ജീർണ്ണിച്ച അവസ്ഥകണ്ട് നാം അനു തപിക്കണം. അനുതാപത്തോടെ ദൈവസന്നിധിയിൽ കടന്നു ചെല്ലുമ്പോൾ മാത്രമേ ഈ തീക്കനൽ തൊടുകയുള്ളൂ.

ഇന്ന് നിർഭാഗ്യവശാൽ വിശുദ്ധകുർബ്ബാന അനുഭവി ക്കാൻ നിൽക്കുന്ന അനേകം പേർ, ഇത് തീക്കനൽ ആണെന്നറി യുന്നില്ല. ഈ തീ തൊടുന്നതിന് തന്നെത്തന്നെ ഒരുക്കണ മെന്നറിയുന്നില്ല. തന്നെത്തന്നെ ശോധനചെയ്യണമെന്നറിയു ന്നില്ല. പേരിന് നിരനിരയായി നിന്ന് വിശുദ്ധ കുർബ്ബാനകൊ

ള്ളുന്നു.

കുർബ്ബാനകൊള്ളുന്നത് ഏതോ ഒരു അനുഗ്രഹമാണെന്ന് ആളുകൾ ധരിച്ചുവെച്ചിരിക്കുന്നു. പാപം വിട്ടിട്ടില്ല. കോപം വിട്ടിട്ടില്ല. വഴക്കു മാറിയിട്ടില്ല. വൈരാഗ്യം മാറിയിട്ടില്ല. പക മാറിയിട്ടില്ല. വീട്ടിലെ കലഹം മാറിയിട്ടില്ല. എല്ലാതിന്മയും അകത്തുണ്ട്. അശുദ്ധിയും മ്ലേച്ഛമോഹങ്ങളും അകത്തുണ്ട്. എന്നിട്ട് പേരിന് കുമ്പസാരിച്ചു എന്നു വരുത്തി വിശുദ്ധ കുർബ്ബാന കൈക്കൊള്ളുന്നു.

എന്താണ് വിശുദ്ധ കുർബ്ബാനാനുഭവം? അത് തീക്കട്ടയാണ്. സ്വർഗ്ഗീയ തീക്കനലാണ്. നമ്മെത്തന്നെ ശോധനചെയ്ത് വിശുദ്ധീകരിച്ച്, പാപത്തെ ഓർത്തനുതപിച്ച്, ഇനി പാപം വരികയില്ല എന്ന് വ്യക്തമായ തീരുമാനം കർത്താവിനോടറിയിച്ച്, അങ്ങനെ ഒരുങ്ങിവന്ന് വിശുദ്ധകുർബ്ബാന അനുഭവിച്ചു കഴിഞ്ഞാൽ നമ്മുടെ സിരകളിലൂടെ ക്രിസ്തുവിന്റെ രക്തം ഒഴുകും.

യേശുക്രിസ്തുവിന്റെ ശരീരം നമ്മുടെ ശരീരത്തിന്റെ ഭാഗമായിമാറും. നമ്മുടെ കൈ യേശുവിന്റെ കൈയായി മാറും. നമ്മുടെ കണ്ണ് യേശുവിന്റെ കണ്ണായി മാറും. നമ്മുടെ നാവ് യേശുവിന്റെ നാവായി മാറും. നമ്മുടെ നാവിലെ വാക്കുകൾക്ക് കരുത്തുവരും, മൂർച്ച വരും. അനേകരെ ആശ്വസിപ്പിക്കുന്ന ചിന്തകളും വാക്കുകളും നമ്മിൽനിന്ന് പുറപ്പെടും. അനേകർക്കു സമാധാനം കൊടുക്കുന്നവരായിത്തീരും. നമ്മുടെ ജീവിതം വിശുദ്ധമായിമാറും. നമ്മുടെ ജീവിതം അനുഗൃഹീതമായിത്തീരും.

ഇന്ന് പലരും ഇതനുഭവിക്കുന്നില്ല. ആചരിക്കുന്നുണ്ട്, കർമ്മമുണ്ട്, പക്ഷേ, അനുഭവമില്ല. യേശുക്രിസ്തുവിന്റെ ശരീരം എന്റെ ശരീരത്തിലേക്ക്, എന്റെ രക്തത്തിലേക്ക് കലർന്നിരിക്കുന്നു. എന്റെ സിരകളിലൂടെ ഒഴുകുന്നത് യേശുവിന്റെ രക്തമാണ്. ഈ ഒരു ബോധ്യമാണ് വിശുദ്ധകുർബ്ബാന

അനുഭവിച്ചുകഴിയുമ്പോൾ കിട്ടേണ്ടത്. അത് നമ്മുടെ ജീവിതത്തിൽ നാം ദൈനന്ദിനം അനുഭവിക്കണം.

നമ്മുടെ ജീവിതം കർത്താവിന്റെ കരങ്ങളിലേക്കു കൊടുത്തുകൊണ്ട് കർത്താവേ, നിന്റെ തിരുരക്തം എന്റെ സിരകളിലൂടെ ഒഴുക്കണമേ എന്ന് പ്രാർത്ഥിച്ച് നമ്മുടെ ജീവിതം സമർപ്പിക്കുമ്പോളാണ് ഈ മഹത്തായ അനുഭവം നമുക്കു ലഭിക്കുന്നത്. "വിശുദ്ധ കുർബ്ബാന അനുഗ്രഹങ്ങളും സമാധാനവും ബലിയും സ്തോത്രവുമാകുന്നു."

പള്ളികളിൽ വിശുദ്ധ കുർബ്ബാന എന്താണെന്ന് ഒന്നു വിശദീകരിച്ചു പറഞ്ഞിരുന്നെങ്കിൽ! ഓരോ കർമ്മപരിപാടിയുടെയും അർത്ഥമെന്താണെന്ന് പറഞ്ഞുകൊടുത്തിരുന്നെങ്കിൽ! എങ്കിൽ പാവപ്പെട്ട ജനം രക്ഷപ്പെടുമായിരുന്നു. രക്ഷപ്പെടണമെന്ന് ആഗ്രഹമുണ്ട്; പക്ഷേ, വഴി അറിഞ്ഞുകൂടാ. വഴികാണിച്ചുകൊടുക്കേണ്ടവർ വേറെ ചിലതെല്ലാമാണ് കാണിച്ചുകൊടുക്കുന്നത്.

തീർത്ഥയാത്ര കാണിച്ചു കൊടുക്കുന്നുണ്ട്. കബറിടം കാണിച്ചുകൊടുക്കുന്നുണ്ട്. റാസ കാണിച്ചുകൊടുക്കുന്നുണ്ട്. മെഴുകുതിരി കത്തിച്ചുകൊണ്ട് പ്രദക്ഷിണം നടക്കുന്നത് കാണിച്ചുകൊടുക്കുന്നുണ്ട്. വെടിക്കെട്ട് കാണിച്ചു കൊടുക്കുന്നുണ്ട്. ചെണ്ടകൊട്ടു കാണിച്ചുകൊടുക്കുന്നുണ്ട്. പക്ഷേ, സാക്ഷാത്തായ രക്ഷകനെ കാണിച്ചുകൊടുക്കുന്നില്ല!

നാം ഓരോരുത്തരും കർത്താവായ യേശുവിനെ അനുഭവിക്കണം. യേശുവിനെ അനുഭവിച്ച് ക്രിസ്തുവിനെ ഉൾക്കൊണ്ടുകൊണ്ട് നിൽക്കുമ്പോൾ കേൾക്കുന്നു ഒരു ശബ്ദം! "ഞാൻ ആരെ അയക്കേണ്ടൂ? ആർ നമുക്കുവേണ്ടി പോകും?"

യെശയ്യാവു പറഞ്ഞു: "അടിയൻ ഇതാ, അടിയനെ അയക്കേണമേ." എനിക്കതിനു യോഗ്യതയുണ്ടായിട്ടല്ല. ഇപ്പോൾ നിന്റെ തീക്കട്ട എന്റെ നാവിൽ തൊട്ടല്ലോ. അതുകൊണ്ട് ഞാൻ എളിമയോടെ പറയുകയാണ്. അടിയൻ ഇതാ, അടിയനെ അയ

ക്കേണമേ.

യെശയ്യാവ് ആറാം അദ്ധ്യായം മുതൽ പിന്നീടുള്ള അദ്ധ്യായങ്ങളിലെല്ലാം ആത്മാവിന്റെ നിറവിൽ പ്രവചനങ്ങൾ ഒഴുകുകയാണ്. ക്രിസ്തുവിന്റെ ക്രൂശാരോഹണത്തെപ്പറ്റി യുള്ള പ്രവചനങ്ങൾ, ക്രിസ്തുവിന്റെ കഷ്ടാനുഭവത്തെകുറി ച്ചുള്ള പ്രവചനങ്ങൾ, വരാൻ പോകുന്ന കാര്യങ്ങളെക്കുറിച്ച് ദീർഘമായ പ്രവചനങ്ങൾ ഒഴുകുകയാണ്. കാരണം, ദൈവ ത്തിന്റെ പരിശുദ്ധാത്മാവിന്റെ ശക്തി അറിഞ്ഞുകൊണ്ടും ആസ്വദിച്ചുകൊണ്ടും പ്രവാചകൻ വചനം പറയാൻ തുടങ്ങി.

കർത്താവ് ഇന്ന് തന്റെ ജനത്തെനോക്കി വേദനിക്കുന്നു. ഒന്നും അറിയാൻ പാടില്ലാത്ത പാവപ്പെട്ട ജനം! എട്ടുംപൊട്ടും തിരിയാത്ത സാധുക്കളായ ജനം! സ്വർഗ്ഗമുണ്ടോ, നരകമുണ്ടോ എന്നറിയാത്ത ജനം! മരണശേഷം എന്താണ് എന്ന് ചിന്തി ക്കാത്ത ജനം! ന്യായവിധിയുണ്ടെന്ന് തിരിച്ചറിയാത്ത ജനം! എങ്ങോട്ടു പോകുന്നു എന്ന് അറിയാതെ ഒഴുകിപ്പോകുന്ന ജനം! അവരെക്കണ്ട് കർത്താവ് ദുഃഖിക്കുന്നു.

ഇന്ന് നമ്മുടെ ഓരോരുത്തരുടേയും അവസ്ഥ കണ്ട് കർത്താവ് ദുഃഖിക്കുന്നു. ഇന്ന് നിങ്ങൾ മനംതിരിയുക. എന്റെ കർത്താവേ, ഇതാ ഞാൻ അകൃത്യത്തിൽ പിടിക്കപ്പെട്ടിരിക്കു ന്നു. ഞാൻ അശുദ്ധിയുള്ളോരു മനുഷ്യൻ. യെശയ്യാവിന്റെ അധരമാണ് അശുദ്ധമായത്. എന്റെ ശരീരം മുഴുവൻ അശുദ്ധ മാണ്. എന്റെ ഓരോ അവയവത്തിലും അശുദ്ധിയുണ്ട്. ഓരോ അവയവംകൊണ്ടും പാപം വന്നുപോയി. തിരിഞ്ഞുനോക്കി യാൽ ലജ്ജ തോന്നുന്നു. എന്നിട്ടും യേശുവേ, നീ എന്നെ സ്നേഹിച്ചല്ലോ! നിന്റെ തീയുടെ വചനത്തിന്റെ അടുക്കലേക്ക് എന്നെ കൊണ്ടുവന്നല്ലോ!

യെശയ്യാവ് ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് തിരു വചനം പറഞ്ഞു. എനിക്ക് എന്തുചെയ്യാൻ സാധിക്കും? സമാ ധാനം വാരിവിതറിക്കൊണ്ട് സമാധാനത്തിന്റെ സുവിശേഷം

പറഞ്ഞുകൊണ്ട് ഞാൻ ഓടിനടക്കും.

അപ്പൊസ്തലന്മാർ അങ്ങനെയാണ് ഓടിയത്. "തൂക്കപ്പെട്ടു മരത്തിൽ വിലാവു തുറന്നു ആ ചവളം. രക്തം വെള്ളമൊടൊഴുകുന്ന മശിഹായെ കണ്ട് സഹദേന്മാർ ഓടി." പേടിച്ചുള്ള ഓട്ടമായിരുന്നില്ല. അവരുടെ നാഥൻ ക്രൂശിന്മേൽ തൂക്കപ്പെട്ടു. കുന്തംകൊണ്ട് തിരുവിലാവു തുറക്കപ്പെട്ടു. രക്തവും വെള്ളവും ഒഴുകുകയാണ്. അതുകണ്ടിട്ട്, ഈ മഹാസന്തോഷവർത്തമാനം, പാപിക്ക് രക്ഷയുണ്ട് എന്ന വർത്തമാനം ഓടിനടന്ന് അറിയിക്കാൻ സഹദേന്മാർ ഓടി.

തൂക്കപ്പെട്ടു മരത്തിൽ വിലാവുതുറ-ന്നാച്ചവളം
രക്തം വെള്ളമൊടൊഴുകും മശിഹായെ-സഹദേന്മാർ!
കണ്ടങ്ങോടി മരി-പ്പാ-നായ്
കർത്താവിൻ പേർ-ക്കെല്ലാരും

മരിക്കാനുള്ള ഓട്ടമായിരുന്നു. കൊല്ലുന്നെങ്കിൽ കൊല്ലട്ടെ. മരിക്കാൻ തീരുമാനിച്ചവന് ആക്ഷേപം സഹിക്കാൻ വിഷമമുണ്ടോ? മനുഷ്യർ കളിയാക്കിയാൽ പ്രയാസം വരുമോ? പള്ളിക്കാർ ഒറ്റപ്പെടുത്തിയാൽ പ്രയാസം വരുമോ? മരിക്കാനല്ലേ തീരുമാനം! കർത്താവിന്റെപേർക്ക് എല്ലാവരും മരിക്കാൻ ഓടി. അതുകൊണ്ട് ലോകം, താതസഹോദരർ ജാതിയതും തറവാടും എല്ലാമുപേക്ഷിച്ച് യേശുവിനായി മരണം സ്നേഹിച്ച് അവർ ഓടി.

ലോകം താതസഹോദരർ ജാതിയതും-തറവാടും
ആകെയുപേക്ഷിച്ചേശുവിനായ് മരണം-സ്നേഹിച്ച
സഹദേന്മാരെ സദാ-കാ-ലം
സ്മരണം ചെയ്വതു-നന്നേറ്റം.

അങ്ങനെ കർത്താവിനുവേണ്ടി എല്ലാം വിട്ടു പുറപ്പെട്ട വിശുദ്ധന്മാരായ സഹദേന്മാരെ സദാകാലം നാം ഓർക്കണം.

ഇന്ന് നിങ്ങൾക്ക് ചില തീരുമാനങ്ങൾ എടുക്കാം. കർത്താവേ, നീ എന്നെ ശുദ്ധീകരിക്കണം. എന്റെ ഓരോ അവ

യവത്തിലും തീക്കനൽ തൊടണം. ഈ വചനം ഞാൻ വായി ച്ചുകൊണ്ടിരിക്കുമ്പോൾതന്നെ കർത്താവേ, നീ മനസ്സലിഞ്ഞ് നിന്റെ ആണിപ്പാടുള്ള കരം എന്റെ അവയവങ്ങളിൽ തൊട ണം. അശുദ്ധിപറ്റിയ, അഴുക്കുപറ്റിയ അവയവങ്ങളിൽ നിന്റെ കരമൊന്നു വയ്ക്കണം.

ശാപവാക്കുകൾ പറഞ്ഞ എന്റെ നാവിൽ, മ്ലേച്ഛചിന്തകൾ നിറഞ്ഞ എന്റെ മനസ്സിൽ നിന്റെ കരം ഒന്നു വയ്ക്കണം. സഹോദരങ്ങളേ നിങ്ങൾ പ്രാർത്ഥിക്കൂ. അത്ഭുതങ്ങൾ നട ക്കും. ജീവനുള്ള ക്രിസ്തു നിങ്ങളെ തൊടും. നിങ്ങൾക്കു വിശുദ്ധരാകാം. നിങ്ങൾക്കും കർത്താവിനുവേണ്ടി ഓടാം. കർത്താവ് നിങ്ങളെ അനുഗ്രഹിക്കും. നിങ്ങളുടെ മക്കളെ അനുഗ്രഹിക്കും. മക്കളും മക്കളുടെമക്കളും തലമുറ തലമുറ യായി അനുഗ്രഹിക്കപ്പെടും. യേശുവിനായി നിങ്ങളുടെ ജീവിതം വേർതിരിക്കൂ.

എന്നും സ്തുതി നിൻ കനിവിനു കനിവേറും-രക്ഷകനേ
എത്ര നിറഞ്ഞിന്നെങ്ങും കാണുന്നൂ-നിൻ ദാനം
നിനുവയരോടുണ്ടാ-യ കോപം
നിലവിളിയാൽ നീ നീ-ക്കിയ-ല്ലോ.

നിനുവയിലെ ജനത്തോടുണ്ടായ കോപം അവർ അനുത പിച്ചപ്പോൾ നീ മാറ്റിയല്ലോ കർത്താവേ. ഇന്ന് ഞാനിതാ നിന്റെ അനുഗ്രഹത്തിനുവേണ്ടി കേണുകൊണ്ട് നിന്റെ തൃപ്പാദത്തിൽ വീഴുന്നു. എന്നെ അനുഗ്രഹിക്കണമേ. എന്റെ മേലുള്ള ദൈവ കോപം മാറ്റണമേ. എന്റെ കുടുംബത്തിന്മേൽനിന്ന് ശാപങ്ങൾ മാറ്റിത്തരണമേ.

## പതിനൊന്ന്

*"സഹോദരന്മാരേ, നിങ്ങൾ എല്ലാവരും എന്നെ അനുകരിപ്പിൻ; ഞങ്ങൾ നിങ്ങൾക്കു കാണിച്ച മാതൃകപ്രകാരം നടക്കുന്നവരെയും കുറിക്കൊൾവിൻ. ഞാൻ പലപ്പോഴും നിങ്ങളോടു പറഞ്ഞതുപോലെ അനേകർ ക്രിസ്തുവിന്റെ ക്രൂശിന്നു ശത്രുക്കളായി നടക്കുന്നു എന്നു ഇപ്പോൾ കരഞ്ഞും കൊണ്ടു പറയുന്നു."* *ഫിലിപ്പിയർ 3 : 17, 18*

ക്രൂശിനു ശത്രുക്കളായി നടക്കുന്നവരെ നോക്കി കരയുന്നു. അനേകർ ക്രൂശിന്നു ശത്രുക്കളായി നടക്കുന്നു. എനിക്ക് അഗാധമായ ദു:ഖമുണ്ട്. അത് വലിയ വേദനാവിഷയമാണ്. "അനേകർ ക്രിസ്തുവിന്റെ ക്രൂശിന് ശത്രുക്കളായി നടക്കുന്നു എന്നു ഞാൻ കരഞ്ഞുംകൊണ്ട് പറയുന്നു." എന്താണ് കരയാൻ കാരണം?

*"അവരുടെ അവസാനം നാശം; അവരുടെ ദൈവം വയറ്; ലജ്ജയായതിൽ അവർക്ക് മാനം തോന്നുന്നു; അവർ ഭൂമിയിലുള്ളത് ചിന്തിക്കുന്നു. നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെ നിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്ന് നാം കാത്തിരിക്കുന്നു. അവൻ സകലവും തനിക്ക് കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ട് നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും."*

*ഫിലിപ്പിയർ 3 : 19 – 21*

ക്രൂശിന്റെ ശത്രുക്കൾക്കു കിട്ടാൻ സാദ്ധ്യമല്ലാത്ത മഹാഭാഗ്യം ക്രൂശിന്റെ സാക്ഷികളും ക്രൂശിന്റെ മിത്രങ്ങളുമായ നമുക്കു ലഭിക്കാൻ പോകുന്നു. ക്രൂശിന്റെ ശത്രുക്കളുടെ അവസാനം നാശം, ലജ്ജയായതിൽ അവർക്കു മാനം തോന്നുന്നു. അവർ ഭൂമിയിലുള്ളതു ചിന്തിക്കുന്നു.

എന്നാൽ ക്രൂശിന്റെ സാക്ഷികളായ നമുക്കോ, നാം ഭൂമിയിലുള്ളതല്ല ചിന്തിക്കുന്നത്. നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാകുന്നു. അവിടെ നിന്ന് കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും. അവൻ തന്റെ വ്യാപാരശക്തികൊണ്ട് നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും.

അങ്ങനെ ഒരു ദിവസം വരാൻ പോകുന്നു. ഈ ശരീരം ഇന്ന് രോഗഗ്രസ്തമാണ്. പല ക്ഷീണങ്ങളും ബലഹീനതകളും പോരായ്മകളുമുള്ള ശരീരമാണ്. പാപം പറ്റിയ ശരീരമാണ്. നാവുകൊണ്ട് അരുതാത്തതു പറഞ്ഞുപോയിട്ടുണ്ട്. കണ്ണുകൊണ്ട് അരുതാത്തതു കണ്ടുപോയിട്ടുണ്ട്. അരുതാത്തതു കേട്ടുപോയിട്ടുണ്ട്. പല തെറ്റുകളും പറ്റിയ ശരീരമാണ്. പക്ഷേ, ഈ ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമാക്കി രൂപാന്തരപ്പെടുത്തുവാൻ പോകുകയാണ്. അതാണ് നമ്മുടെ പ്രത്യാശ.

ക്രൂശിന്റെ ശത്രുവായിരുന്ന എന്നെ ക്രൂശിന്റെ മിത്രമാക്കിത്തീർത്തു. ക്രൂശിന്റെ ശത്രുവായിരുന്ന എന്നെ ക്രൂശിന്റെ സാക്ഷിയാക്കിത്തീർത്തു. ജീവന്റെ പുസ്തകത്തിൽ എന്റെയും പേരെഴുതി ചേർത്തു. അതുകൊണ്ട് എനിക്ക് സ്വർഗ്ഗീയ പൗരത്വം ലഭിച്ചിരിക്കുന്നു.

ഞാൻ ഇന്ത്യൻ പൗരനാണ്. ഒരു പൗരൻ എന്ന നിലയ്ക്കുള്ള എല്ലാ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും എനിക്കുണ്ട്. ഒരു പൗരനുള്ള എല്ലാ നിബന്ധനകളും വേലിക്കെട്ടുകളും ഉത്തരവാദിത്വങ്ങളും നമുക്കുണ്ട്. പൗരൻ എന്ന

നിലയ്ക്ക് ചില മഹത്വമേറിയ പദവികളും നമുക്കുണ്ട്.

അതുപോലെ നാം സ്വർഗ്ഗത്തിന്റെ പൗരനാണ്. ഒരു സ്വർഗ്ഗീയപൗരനുള്ള എല്ലാ പദവികളും നമുക്കുണ്ട്. നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിലാകുന്നു. "അവിടെനിന്ന് കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു." നാം ക്രൂശിന്റെ ശത്രുവാണോ ക്രൂശിന്റെ സാക്ഷിയാണോ?

നാം സ്വർഗ്ഗീയപൗരന്മാരായി ജനിച്ചുവോ? എങ്കിൽ ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ.

ശിശുവായി ജനിക്കണം. പിന്നെ വളരണം. പഴയ മനുഷ്യൻ ക്രൂശിക്കപ്പെട്ടു. പുതിയ മനുഷ്യൻ ഉയിർത്തെഴുന്നേറ്റു. ക്രിസ്തുവിൽ നാം ഒരു പുതിയ സൃഷ്ടിയായിത്തീർന്നു. ക്രൂശിന്റെ സാക്ഷിയായി നാം തീർന്നുകഴിഞ്ഞു. ക്രൂശിലെ രക്ഷയാണ് നമുക്ക് അനുഭവമായിത്തീർന്നത്. അതുകൊണ്ട് നാം സ്വർഗ്ഗത്തിന്റെ പൗരത്വം പ്രാപിച്ചു. ഇനി നാം വളരണം. ക്രിസ്തു എന്ന തലയോളം വളരണം. ക്രിസ്തുവിന്റെ അതേ ഇമേജ്, സ്വരൂപം നാം പ്രാപിക്കണം.

നിങ്ങൾക്കും അത് പ്രാപിക്കാം. നാം എല്ലാവരും ദൈവസന്നിധിയിൽ വിലയേറിയവരും മാന്യരുമാണ്. നാം സ്വർഗ്ഗത്തിന്റെ പൗരന്മാരാണ്. നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണ്. ഈ ലോകത്തിലുള്ള ആവശ്യങ്ങളെല്ലാം നമുക്കു വേണം. ആഹാരം കഴിക്കണം. അതിന് ജോലി ചെയ്യണം, വരുമാനമുണ്ടാക്കണം. നമുക്ക് കിടപ്പാടം വേണം. വസ്ത്രം വേണം. ഒന്നും തെറ്റല്ല.

പക്ഷേ, എന്റെ പൗരത്വം സ്വർഗ്ഗത്തിലാണ്. ഞാൻ സ്വർഗ്ഗത്തിന്റെ പൗരനാണ്. നിർഭാഗ്യവശാൽ അനേകരും ഇന്ന് ക്രൂശിന്റെ ശത്രുക്കളായിത്തീർന്നിരിക്കയാണ്. ദൈവരാജ്യ

ത്തിൽ പോകണമെങ്കിൽ ക്രൂശിന്റെ സാക്ഷാത്തായ ഭാവം നാം സ്വായത്തമാക്കണം. അപ്പോഴാണ് നാം വാസ്തവത്തിൽ ക്രിസ്ത്യാനികളാകുന്നത്.

*"അവനെ കാണിച്ചുകൊടുക്കുന്നവൻ: ഞാൻ ഏവനെ ചുംബിക്കുമോ അവൻ തന്നേ ആകുന്നു; അവനെ പിടിച്ചു കൊൾവിൻ എന്നു അവർക്കു ഒരു അടയാളം കൊടുത്തിരുന്നു. ഉടനെ അവൻ യേശുവിന്റെ അടുക്കൽ വന്നു: റബ്ബീ, വന്ദനം എന്നു പറഞ്ഞു അവനെ ചുംബിച്ചു."*

*മത്തായി 26 : 48, 49*

*"യേശു ബേഥാന്യയിൽ കുഷ്ഠരോഗിയായിരുന്ന ശീമോന്റെ വീട്ടിൽ ഇരിക്കുമ്പോൾ ഒരു സ്ത്രീ വിലയേറിയ പരിമളതൈലം നിറഞ്ഞ ഒരു വെൺകൽഭരണി എടുത്തുംകൊണ്ടു അവന്റെ അടുക്കെ വന്നു, അവൻ പന്തിയിൽ ഇരിക്കുമ്പോൾ അത് അവന്റെ തലയിൽ ഒഴിച്ചു."*

*മത്തായി 26 : 6, 7*

ഇസ്ക്കര്യോത്താ യൂദാ യേശുവിനെ ചുംബിച്ചു. പക്ഷേ, അവൻ ക്രൂശിന്റെ ശത്രുവായി കർത്താവിനെ ഉപദ്രവിച്ചു. കർത്താവിനെ തല്ലി. മൂന്നര വർഷം കൂടെ നടന്ന് യേശു ആരാണ്, യേശുവിന്റെ സ്വഭാവം എന്താണ് എന്നു യൂദാ കണ്ടു. യേശുവിന്റെ സ്നേഹം കണ്ടു. യേശുവിന്റെ അത്ഭുത ശക്തി കണ്ടു. കുഷ്ഠരോഗിക്കു സൗഖ്യം കിട്ടുന്നതും കണ്ണ് കുരുടന് കാഴ്ച കിട്ടുന്നതും തളർവാതരോഗി എഴുന്നേറ്റു നടക്കുന്നതും പതിനെട്ടു വർഷം കൂനുബാധിച്ചിരുന്ന സ്ത്രീ യേശുവിന്റെ കരം മുതുകിൽ തൊട്ടപ്പോഴേയ്ക്കും നിവരുന്നതും നേരിട്ടു കണ്ടു.

യായീറോസിന്റെ പന്ത്രണ്ടു വയസ്സുള്ള മരിച്ച കുട്ടി ഉയിർത്തെഴുന്നേൽക്കുന്നതും വിധവയുടെ മകൻ ശവസം

സ്ക്കാരത്തിനു കൊണ്ടുപോകുമ്പോൾ ഉയിർത്തെഴുന്നേൽക്കുന്നതും ലാസർ മരിച്ച് ശവക്കല്ലറയിൽവച്ച് നാലുദിവസം കഴിഞ്ഞിട്ടും ഉയിർത്തെഴുന്നേൽക്കുന്നതും യൂദാ കണ്ടു. പന്ത്രണ്ടുകൊല്ലം രക്തവാർച്ച ഉണ്ടായിരുന്ന സ്ത്രീ കർത്താവിന്റെ വസ്ത്രത്തിന്റെ തൊങ്ങൽ ഒന്നു തൊട്ടതേയുള്ളൂ, അവൾക്ക് സൗഖ്യം കിട്ടുന്നതു കണ്ടു. അത്ഭുതങ്ങൾ നേരിട്ടു കണ്ടതാണ്. യേശു ആരാണെന്നും എന്താണെന്നും മനസ്സിലാക്കിയതാണ്.

പക്ഷേ, അവൻ മുപ്പതു വെള്ളിക്കാശിനുവേണ്ടി യേശുവിനെ വിറ്റു. രക്ഷകനെ ഒറ്റിക്കൊടുത്തു. യൂദാ യേശുവിന്റെ കൂടെ നടന്നപ്പോൾ പൈസയുടെ കാര്യമെല്ലാം അവനാണ് നോക്കിയിരുന്നത്. പണപ്പെട്ടി അവന്റെ കൈയിലായിരുന്നു.

പൈസ കൈകാര്യം ചെയ്തുവന്നപ്പോൾ അവന് അതിനുള്ള ആർത്തി കൂടിക്കൂടി വന്നു. കുറച്ചു പൈസ സ്വന്തമാക്കാൻ എന്താണു വഴി എന്നവൻ ചിന്തിച്ചു. യേശുക്രിസ്തുവിനെ ഒറ്റിക്കൊടുത്തു എന്നുള്ളതുകൊണ്ട് കുഴപ്പമില്ല, യേശു രക്ഷപ്പെട്ടുപോന്നുകൊള്ളും. കാരണം, യേശു അത്ഭുതം പ്രവർത്തിക്കുന്നവനല്ലേ? യേശു അത്ഭുതം പ്രവർത്തിച്ച് രക്ഷപ്പെടും, എനിക്ക് പൈസയും കിട്ടും എന്നേ യൂദാ ചിന്തിച്ചുള്ളൂ. തനിക്കൊരു സ്വകാര്യ ലാഭം കിട്ടുന്നത് കിട്ടിക്കൊള്ളട്ടെ.

അവൻ യേശുക്രിസ്തുവിന്റെ മഹത്വത്തെ, യേശുക്രിസ്തുവിന്റെ അത്ഭുതകൃപയെ മുതലെടുത്തു. അവൻ കർത്താവിനെ ചുംബിച്ചു. കർത്താവു ചോദിച്ചു: “സ്നേഹിതാ, നീ വന്നത് എന്തിനാണ്?” “സ്നേഹിതാ” എന്നാണ് വിളിക്കുന്നത്. പിന്നെയും ചാൻസ് കൊടുക്കുകയാണ്. നീ ഒറ്റിക്കൊടുക്കാൻ വന്നതല്ലേ? അനുതപിക്കാൻ അവസാനനിമിഷംവരെയും കർത്താവ് അവസരം കൊടുക്കുകയാണ്.

നമുക്കും അവസാനനിമിഷംവരെയും കർത്താവ് അവസരം തരികയാണ്. ഇന്ന് അവസാനദിവസമാണോ ആർക്കറി

യാം? നമുക്കു പറയാം. കർത്താവേ, ഈ ആളത്വം നിനക്ക് ഒരിക്കൽ തന്നതല്ലേ? എന്റെ യോഗ്യത കൊണ്ടല്ലല്ലോ ഞാൻ പുറപ്പെട്ടത്? നീ എന്നെ പേർചൊല്ലി വിളിച്ചതല്ലേ?

ക്രൂശിലെ സ്നേഹം എന്നെ കണ്ടെത്തിയതുകൊണ്ടല്ലേ എനിക്കീ മഹാഭാഗ്യം കിട്ടിയത്? എത്രയോ പേർക്ക് ഈ മഹാഭാഗ്യം കിട്ടിയില്ല. കർത്താവേ, ഇതുവരെയും എന്നെ നടത്തിയത് നിന്റെ കരുണ മാത്രം. ആ പൊന്നുകരം എന്നെ നടത്തി. കർത്താവേ, പരീക്ഷയിലേയ്ക്ക് എന്നെ പ്രവേശിപ്പിക്കല്ലേ. ദുഷ്ടങ്കൽ നിന്ന് എന്നെ വിടുവിക്കണമേ.

ദുഷ്ടൻ എന്നെ വീഴിയ്ക്കാനും എന്നെ തകർക്കാനും എന്റെ ചുറ്റും പരതി നടക്കുന്നുണ്ട്. അലറുന്ന സിംഹംപോലെ എന്നെ വിഴുങ്ങാൻ പിശാച് വലയംചെയ്ത് ചുറ്റി നടക്കുന്നുണ്ട്. കർത്താവേ, നിന്റെ തീ മതിൽകെട്ടി എന്നെ രക്ഷിച്ചുകൊള്ളണമേ. ദുഷ്ടനായ പൈശാചികൻ എന്നെ തൊടാതെ കാക്കണമേ.

കർത്താവേ, നിന്റെ സ്നേഹം എന്നെ വിളിച്ചു. ഞാൻ ഒരുകാലത്തും ഭൗതിക ലാഭത്തിനുവേണ്ടി നിന്നെ ഒറ്റിക്കൊടുക്കുകയില്ല. നിന്നെ വിൽക്കുകയില്ല. എന്റെ ആത്മീയ വേല കൊണ്ട് ഞാൻ ഭൗതിക ലാഭമുണ്ടാക്കുകയില്ല. നിന്റെ വേല ചെയ്യുന്നു എന്നുള്ളത് കാര്യസാദ്ധ്യത്തിനായി ഞാൻ ഉപയോഗിക്കുകയില്ല. ഏതെങ്കിലും ഒരു മുതലെടുപ്പ് ഉണ്ടാകുകയില്ല.

ഒരു കാരണവശാലും നാം കർത്താവിനെ ഒറ്റിക്കൊടുക്കുന്നവരാകരുത്. കൂട്ടായ്മയെ ഒറ്റിക്കൊടുക്കുന്നവരാകരുത്. കർത്താവു തന്ന കൂട്ടായ്മയേയും കർത്താവ് ഉപയോഗിക്കുന്ന ദൈവമക്കളേയും നിങ്ങൾ തള്ളിപ്പറയരുത്. അവരോടു കയ്പ്പായിരിക്കരുത്.

ഒന്നാമത് യൂദാഇസ്ക്കര്യോത്താ യേശുവിനെ തള്ളി. രണ്ടാമത് ആരാണ് യേശുവിനെ തള്ളിയത്?

*"മഹാപുരോഹിതന്മാരും ന്യായാധിപസംഘം*

*ഒക്കെയും യേശുവിനെ കൊല്ലേതിന്നു അവന്റെ നേരെ സാക്ഷ്യം അന്വേഷിച്ചു കണ്ടില്ലതാനും. അനേകർ അവന്റെ നേരെ കള്ളസാക്ഷ്യം പറഞ്ഞിട്ടും സാക്ഷ്യം ഒത്തുവന്നില്ല. ചിലർ എഴുന്നേറ്റ് അവന്റെ നേരെ: ഞാൻ കൈപ്പണിയായ ഈ മന്ദിരം പൊളിച്ചു മൂന്നുദിവസംകൊണ്ട് കൈപ്പണിയല്ലാത്ത മറ്റൊന്നു പണിയും എന്ന് ഇവൻ പറഞ്ഞത് ഞങ്ങൾ കേട്ടു എന്ന് കള്ളസാക്ഷ്യം പറഞ്ഞു. എന്നിട്ടും അവരുടെ സാക്ഷ്യം ഒത്തുവന്നില്ല. മഹാപുരോഹിതൻ നടുവിൽ നിന്നുകൊണ്ട് യേശുവിനോട്: നീ ഒന്നും ഉത്തരം പറയുന്നില്ലയോ? ഇവർ നിന്റെ നേരെ സാക്ഷ്യം പറയുന്നത് എന്ത് എന്നു ചോദിച്ചു. അവനോ മിണ്ടാതെയും ഉത്തരം പറയാതെയും ഇരുന്നു. മഹാപുരോഹിതൻ പിന്നെയും അവനോട്: നീ വന്ദ്യനായവന്റെ പുത്രനായ ക്രിസ്തുവോ എന്നു ചോദിച്ചു. ഞാൻ ആകുന്നു; മനുഷ്യപുത്രൻ സർവ്വശക്തന്റെ വലത്തുഭാഗത്ത് ഇരിക്കുന്നതും ആകാശമേഘങ്ങളോടെ വരുന്നതും നിങ്ങൾ കാണും എന്ന് യേശു പറഞ്ഞു. അപ്പോൾ മഹാപുരോഹിതൻ വസ്ത്രം കീറി: ഇനി സാക്ഷികളെക്കൊണ്ട് നമുക്ക് എന്ത് ആവശ്യം? ദൈവദൂഷണം നിങ്ങൾ കേട്ടുവല്ലോ; നിങ്ങൾക്കു എന്തു തോന്നുന്നു എന്നു ചോദിച്ചു. അവൻ മരണയോഗ്യൻ എന്നു എല്ലാവരും വിധിച്ചു. ചിലർ അവനെ തുപ്പുകയും അവന്റെ മുഖം മൂടി അവനെ മുഷ്ടി ചുരുട്ടി കുത്തുകയും പ്രവചിക്ക എന്നു അവനോടു പറയുകയും ചെയ്തു തുടങ്ങി. ചേവകർ അവനെ അടിച്ചുംകൊണ്ടു കൈയേറ്റു.” മർക്കോസ് 14 : 55 – 65*

സാക്ഷാൽ ദൈവപുത്രനെ മഹാപുരോഹിതന്മാർ തല്ലി.

മഹാപുരോഹിതൻ നിത്യനായ ദൈവത്തിന്റെ വിശുദ്ധമന്ദിരത്തിൽ ശുശ്രൂഷ ചെയ്യുവാൻ നിയമിക്കപ്പെട്ടവനാണ്. പക്ഷേ, ക്രിസ്തുവിനെ നിന്ദിക്കുന്നു. ക്രിസ്തുവിന്റെ മുഖത്തു തുപ്പുന്നു. കള്ളസാക്ഷ്യം പറയുന്നു.

ഇവൻ ദൈവാലയം പൊളിച്ച് മൂന്നുദിവസംകൊണ്ട് അതു പുതുക്കിപ്പണിയും എന്നു പറഞ്ഞു, കൈസർക്ക് കരം കൊടുക്കണ്ട എന്നു പറഞ്ഞു. ഇങ്ങനെ ആരോപണങ്ങൾ വരികയാണ്.

സത്യമല്ലാത്ത ആരോപണങ്ങൾകൊണ്ട് മഹാപുരോഹിതൻ യേശുവിന്റെ കന്നത്തടിച്ചു. ഇന്നും ചരിത്രം ആവർത്തിക്കുന്നുണ്ട്. സത്യമല്ലാത്ത ആരോപണങ്ങളും കിംവദന്തികളും ഉള്ളിൽ ഒതുക്കിപ്പിടിച്ചുകൊണ്ട് യേശുവിനെ തല്ലുന്ന അനേകം അധികാരസ്ഥന്മാരുണ്ട്. അധികാരം കൈയിലുള്ളതുകൊണ്ട് അവർക്ക് എന്തും ചെയ്യാം; പറയാം. നമുക്കു ലഭിച്ചിരിക്കുന്ന അധികാരംകൊണ്ടോ പൈസകൊണ്ടോ സ്ഥാനമാനങ്ങൾകൊണ്ടോ പദവികൾകൊണ്ടോ ഒരു കാരണവശാലും യേശുവിനെ തല്ലരുത്. അതിൽ നാം അഭിമാനിക്കരുത്. അതിൽ നാം പ്രശംസിക്കരുത്. നിനക്കിതെല്ലാം തന്നതാരാണ്? നിനക്കീ ആരോഗ്യം തന്നതാരാണ്? ഇന്ന് നിനക്കുള്ള പദവി തന്നതാരാണ്? നിനക്ക് മക്കളെ തന്നതാരാണ്? ഇന്ന് നിനക്കുള്ള ചുറ്റുപാടു തന്നതാരാണ്? ദൈവത്തോടും മനുഷ്യരോടും നന്ദിയുള്ളവരായിരിക്കുക.

ഞാൻ പത്താംക്ലാസ്സു കഴിഞ്ഞ് പഠിത്തം നിർത്തിയതായിരുന്നു. പിന്നെ പഠിയ്ക്കാൻ മാർഗ്ഗമില്ല. അപ്പോൾ വടവുകോട് സ്ക്കൂളിലെ ഹെഡ്മാസ്റ്റർ എം.വി. മത്തായിസാർ, ആളയച്ച് എന്നെ വിളിപ്പിച്ചു. റ്റി.റ്റി.സി.യ്ക്ക് പഠിയ്ക്കാൻ പറഞ്ഞു. ഒരു കൊല്ലമല്ലേയുള്ളൂ എന്നു പറഞ്ഞ് എന്നെ നിർബ്ബന്ധിച്ചു.

അദ്ദേഹംതന്നെ അപേക്ഷ എഴുതിയുണ്ടാക്കി എന്നെക്കൊണ്ട് ഒപ്പിടുവിച്ചു. റ്റി.റ്റി.സി.യുടെ റിസ്സൽട്ട് വരുന്നതിനു

മുമ്പുതന്നെ ഞാൻ ആ സ്ക്കൂളിലെ മിഡിൽ സ്ക്കൂൾ അദ്ധ്യാപകനായി കയറി. ആരാണതിനു പിന്നിൽ പ്രവർത്തിച്ചത്? നിത്യനായ ദൈവം എല്ലാം കണ്ടിരുന്നു. ഞാൻ പതിനെട്ടാമത്തെ വയസ്സിൽ രാജർഷി മെമ്മോറിയൽ സ്ക്കൂളിലെ ഏറ്റവും ജൂനിയർ അദ്ധ്യാപകനായിട്ട് ചേർന്നു.

അദ്ധ്യാപകനായി ചേർന്നപ്പോഴും തുടരണമെന്ന് എനിക്കില്ല. കാരണം, വീട്ടിലെ കാര്യങ്ങൾ നോക്കാൻ ആളില്ല. അമ്മയും സമ്മതിക്കുന്നില്ല. പക്ഷേ, പഠിപ്പിച്ചു വന്നപ്പോൾ ഒരു രസം. അതിലൊരു സുഖം. അങ്ങനെ ഞാൻ തുടർന്നു. അപ്പോൾ തോന്നി ഹൈസ്ക്കൂളിൽ കയറണമെന്ന്. പ്രൈവറ്റായിട്ട് പഠിച്ച് ബി.എ. എടുത്തു. ബി.എ. എടുത്ത ഉടനെ ഹൈസ്ക്കൂളിലേയ്ക്ക് പ്രമോഷൻ കിട്ടി. സ്വർഗ്ഗത്തിലെ ദൈവം ഈ നിസ്സാരമനുഷ്യനെ പൊക്കിപ്പൊക്കി കൊണ്ടുവന്ന് കോളേജിലെ പ്രിൻസിപ്പൽ വരെ ആക്കിത്തീർത്തു.

പതിനേഴാമത്തെ വയസ്സിൽ ഞാൻ മാനസാന്തരപ്പെട്ടു. തികഞ്ഞവനായില്ല. ഒട്ടേറെ പാകപ്പിഴകൾ പിന്നെയും ഉണ്ടായിരുന്നു. കോപാക്രാന്തമായ പെരുമാറ്റമുണ്ടായിരുന്നു. നീരസചിന്തകളുണ്ടായിരുന്നു. ഇഷ്ടക്കുറവും മുഷിച്ചിലും ഉണ്ടായിരുന്നു. പ്രകടമായ പാപത്തിലേയ്ക്കൊന്നും പോയില്ലെങ്കിലും എന്റെ ഹൃദയത്തിൽ അരുതാത്ത അനേകമനേകം ചിന്തകളുണ്ടായിരുന്നു. വികാരങ്ങളുണ്ടായിരുന്നു. ആഗ്രഹങ്ങളുണ്ടായിരുന്നു. എന്നാൽ പതിനേഴാമത്തെ വയസ്സിൽ ജീവിതം കർത്താവിനു കൊടുക്കാൻ ഭാഗ്യം കിട്ടി.

ഇന്ന് നിങ്ങൾ നിങ്ങളുടെ ജീവിതവും ഭാവിയും കർത്താവിന്റെ കരങ്ങളിലേയ്ക്കു കൊടുക്കുക. അവൻ നിങ്ങളെ വാലല്ല, തലയാക്കും. അവൻ നിങ്ങളുടെ കാര്യം നോക്കും. അവൻ നിങ്ങൾക്കുവേണ്ടി കരുതും. അവൻ നിങ്ങളെ ഉയർത്തും. അവൻ നിങ്ങളെ അനുഗ്രഹിക്കും.

# പന്ത്രണ്ട്

*"യേശു പിന്നെയും ഉത്തരം ഒന്നും പറയായ്കയാൽ പീലാത്തൊസ് ആശ്ചര്യപ്പെട്ടു."*

*മർക്കോസ് 15 : 5*

*"ഉടനെ അതികാലത്തു തന്നെ മഹാപുരോഹിതന്മാരും മൂപ്പന്മാരും ശാസ്ത്രിമാരുമായി ന്യായാധിപസംഘം ഒക്കെയും കൂടി ആലോചിച്ചു യേശുവിനെ കെട്ടി കൊണ്ടുപോയി പീലാത്തൊസിനെ ഏല്പിച്ചു. പീലാത്തൊസ് അവനോട്: നീ യഹൂദന്മാരുടെ രാജാവോ എന്നു ചോദിച്ചതിന്ന്: ഞാൻ ആകുന്നു എന്നു അവൻ ഉത്തരം പറഞ്ഞു. മഹാപുരോഹിതന്മാർ അവനെ ഏറിയോന്നു കുറ്റം ചുമത്തി. പീലാത്തൊസ് പിന്നെയും അവനോടു ചോദിച്ചു: നീ ഒരുത്തരവും പറയുന്നില്ലയോ? ഇതാ, അവർ നിന്നെ എന്തെല്ലാം കുറ്റം ചുമത്തുന്നു എന്നു പറഞ്ഞു. യേശു പിന്നെയും ഉത്തരം ഒന്നും പറയായ്കയാൽ പീലാത്തൊസ് ആശ്ചര്യപ്പെട്ടു. അവൻ ഉത്സവംതോറും അവർ ചോദിക്കുന്ന ഒരു തടവുകാരനെ അവർക്കു വിട്ടുകൊടുക്കുക പതിവായിരുന്നു. എന്നാൽ ഒരു കലഹത്തിൽ കൊല ചെയ്തവരായ കലഹക്കാരോടുകൂടെ ബന്ധിച്ചിരുന്ന ബറബ്ബാസ് എന്നു പേരുള്ള ഒരുത്തൻ ഉണ്ടായിരുന്നു. പുരുഷാരം കയറിവന്നു, അവൻ പതിവുപോലെ ചെയ്യേണം എന്നു അപേക്ഷിച്ചു തുടങ്ങി.*

*മഹാപുരോഹിതന്മാർ അസൂയകൊണ്ട് അവനെ ഏല്പിച്ചു എന്നു പീലാത്തോസ് അറിഞ്ഞതു കൊണ്ട് അവരോടു: യഹൂദന്മാരുടെ രാജാവിനെ നിങ്ങൾക്കു വിട്ടുതരേണം എന്ന് ഇച്ഛിക്കുന്നുവോ എന്നു ചോദിച്ചു. എന്നാൽ അവൻ ബറബ്ബാസിനെ വിട്ടുകൊടുക്കേണ്ടതിന്നു ചോദിപ്പാൻ മഹാപുരോ ഹിതന്മാർ പുരുഷാരത്തെ ഉത്സാഹിപ്പിച്ചുകൊണ്ടി രുന്നു. പീലാത്തോസ് പിന്നെയും അവരോട്: എന്നാൽ യഹൂദന്മാരുടെ രാജാവ് എന്നു നിങ്ങൾ പറയുന്നവനെ ഞാൻ എന്തു ചെയ്യേണം എന്നു ചോദിച്ചു. അവനെ ക്രൂശിക്ക എന്നു അവർ വീണ്ടും നിലവിളിച്ചു. പീലാത്തൊസ് അവരോട്: അവൻ എന്തു ദോഷം ചെയ്തു എന്നു പറഞ്ഞാ റെ, അവനെ ക്രൂശിക്ക എന്ന് അവർ അധികമായി നിലവിളിച്ചു. പീലാത്തൊസ് പുരുഷാരത്തിന്നു തൃപ്തിവരുത്തുവാൻ ഇച്ഛിച്ചു ബറബ്ബാസിനെ അവർക്കു വിട്ടുകൊടുത്തു; യേശുവിനെ ചമ്മട്ടി കൊണ്ടു അടിപ്പിച്ചു ക്രൂശിപ്പാൻ ഏല്പിച്ചു."*

*മർക്കോസ് 15 : 1 – 15*

പീലാത്തോസ്, പുരുഷാരത്തിന്നു തൃപ്തി വരുത്തു വാൻ യേശുവിനെ ക്രൂശിപ്പാൻ ഏല്പിച്ചു. ഏറ്റവും ഭയാനക മായ ന്യായവിധി! ലോകചരിത്രത്തിൽ ഇതുപോലൊരു ജഡ്ജ്മെന്റ് ഉണ്ടായിട്ടില്ല. മൂന്നു പ്രാവശ്യം ജഡ്ജി പറഞ്ഞു: ഇവനിൽ ഞാൻ ഒരു കുറ്റവും കാണുന്നില്ല. വിസ്തരിച്ചു. പക്ഷേ, മൂന്നു പ്രാവശ്യവും കുറ്റമൊന്നും കണ്ടില്ല. "ഇവൻ മര ണയോഗ്യമായതൊന്നും ചെയ്തിട്ടില്ല" എന്ന് പീലാത്തോസ് പറഞ്ഞു.

അപ്പോഴാണ് പെട്ടെന്ന് ഒരാൾ ഒരു എഴുത്തു കൊണ്ടുവ രുന്നു. പീലാത്തോസിന്റെ വീട്ടിൽ നിന്നാണ്. ഭാര്യ എഴുതിയി രിക്കുന്ന എഴുത്താണ്. ആ നീതിമാന്റെ കാര്യത്തിൽ ഒന്നും

ചെയ്യരുത്. ഇപ്പോൾ അധികാരം കൈവശമുണ്ട്. ഉള്ള അധികാരം ഉപയോഗിച്ച് അവനെ രക്ഷിച്ചുകൊള്ളണം. യഹൂദന്മാരുടെ പ്രമാണിമാർ യേശുവിനെ ഏല്പിച്ചത് അസൂയകൊണ്ടാണ്. അതുകൊണ്ട് അവനെ ഒന്നും ചെയ്യല്ലേ. നീതിമാന്റെ കാര്യത്തിൽ ഇടപെടല്ലേ.

പീലാത്തോസ് നോക്കി. ഭാര്യ എഴുതിയിരിക്കുന്നു അതിൽ ഇടപെടരുതെന്ന്. ജനം പറയുന്നു: തൂക്കുക, തൂക്കുക എന്ന്. മഹാപുരോഹിതന്മാർ പറയുന്നു, അവനെ കൊല്ലാതെ പറ്റില്ല എന്ന്. പീലാത്തോസ് ഓർത്തു. എന്താണു വേണ്ടത്? കുറ്റമൊന്നും ചെയ്തിട്ടില്ല. വെറുതെ വിടേണ്ടതാണ്.

പക്ഷേ, എനിക്ക് ഗവർണ്ണർഷിപ്പുണ്ടല്ലോ. അധികാരക്കസേരയുണ്ടല്ലോ. ഔദ്യോഗികമായ ഒരു പദവിയുണ്ടല്ലോ. ഈ പദവി നഷ്ടപ്പെട്ടു പോകുമോ? കാരണം, ഇവർ ചെന്ന് കൈസറുടെ അടുത്ത് പറയും: സീസർക്ക് എതിരായിട്ട് അവിടെ ഒരു വിപ്ലവകാരി എഴുന്നേറ്റിട്ടുണ്ട്. സംഘംകൂടി വലിയ വിപ്ലവം നടത്താൻ പോകുകയാണ്. കുറെ ആളുകൾ കൂടെ ഉണ്ട്. അവർ ക്രമേണ സീസറിന്റെ സാമ്രാജ്യത്തിന് എതിരായി യുദ്ധം ചെയ്യും. അതുകൊണ്ട് ആ വിപ്ലവകാരിയെ ഒരിക്കലും വെച്ചേക്കരുത്. അവനെ പിടിച്ചുകൊടുത്തിട്ടുപോലും ഗവർണ്ണർ ഒന്നും ചെയ്തില്ല. അതുകൊണ്ട് ആ ഗവർണ്ണറെ അവിടന്ന് മാറ്റണം എന്ന്. ഇങ്ങനെ ജനക്കൂട്ടം പറഞ്ഞാൽ എന്റെ ഗവർണ്ണർഷിപ്പ് നഷ്ടപ്പെടും. എന്റെ ഉദ്യോഗം നഷ്ടപ്പെടും. ഒരു നിരപരാധി മരിച്ചാൽ എനിക്കെന്താണ് കുഴപ്പം? പീലാത്തോസ് വിചാരിച്ചു.

പീലാത്തോസിനറിയാം, അസൂയകൊണ്ടാണ് മഹാപുരോഹിതന്മാർ യേശുവിനെ ഏല്പിച്ചുകൊടുത്തതെന്ന്. പക്ഷേ, സ്വന്തം സ്ഥാനം നിലനിർത്താൻ, സ്വന്തം പദവി നിലനിർത്താൻ, സ്വന്തം മാനം നിലനിർത്താൻ പീലാത്തോസ് യേശുവിനെ ക്രൂശിക്കാൻ ഏല്പിച്ചുകൊടുത്തു.

ഇന്ന് അനേകരും സ്വാർത്ഥതയാലാണ്, സ്വന്തം താല്പര്യത്താലാണ് യേശുവിനെ ക്രൂശിക്കുന്നത്. യേശുവിനേയും യേശുവിന്റെ വേലയേയും യേശുവിന്റെ ജനത്തേയും ക്രൂശിക്കുന്നത് അസൂയകൊണ്ടാണ്.

രണ്ടായിരത്തിലേറെ വർഷം പിന്നിട്ടിട്ടും ഇന്നും ആ ചരിത്രം ആവർത്തിക്കുന്നു. അന്ന് യേശുവിനോട് വൈരാഗ്യപ്പെട്ട പീലാത്തോസിന്റെ അതേ മനോഭാവം! മഹാപുരോഹിതന്മാരുടെ മനോഭാവം! ഇന്നും അതു നിലനിൽക്കുന്നു. അന്ന് പീലാത്തോസ് സ്വന്തം താല്പര്യം നോക്കി. അസൂയകൊണ്ടാണ് യേശുവിനെ ഏല്പിച്ചുകൊടുത്തത് എന്ന സത്യം മനസ്സിലായെങ്കിലും സത്യത്തിനു സാക്ഷി നിൽക്കാതെ ദുഷ്ടന്മാരുടെ ആലോചനയ്ക്കു വഴിപ്പെട്ടു കൊടുത്തു.

പീലാത്തോസ്, കർത്താവിനെ അടിക്കുന്നതു കണ്ടു. അടിക്കുന്നതുകണ്ട പീലാത്തോസ് തളർന്ന് സിംഹാസനത്തിൽ ഇരുന്നു. ഇരുപ്പുറയ്ക്കുന്നില്ല. മുറിയിൽ പോയി കിടന്നു നോക്കാം. ഇല്ല, സാധിക്കുന്നില്ല. പീലാത്തോസിന് വല്ലാത്ത അസ്വസ്ഥത.

പീലാത്തോസ് വേഗം ചെന്ന് കൈ കഴുകി. യേശുവിനെ കൊലയ്ക്കു കൊടുത്തതിൽ എനിക്കു പങ്കില്ല. അവർ പറഞ്ഞതുപോലെ ഞാൻ ചെയ്തു എന്നല്ലേ ഉള്ളൂ. കൈകഴുകി, പീലാത്തോസ് പിന്നെയും വന്നിരുന്നു. ഇരിക്കാൻ പറ്റുന്നില്ല. കിടന്നു, കിടക്കാൻ പറ്റുന്നില്ല. പീലാത്തോസിനു സ്വസ്ഥതയില്ല.

അപ്പോഴാണ് അരിമത്യാക്കാരൻ യൗസേഫും നിക്കോദീമോസും വരുന്നത്. "ആ പരിശുദ്ധനായവന്റെ തിരുശരീരം ഞങ്ങൾ അടക്കം ചെയ്തുകൊള്ളട്ടെ?" അവർ അനുവാദം ചോദിച്ചു. പീലാത്തോസ് ഞെട്ടി. "അവൻ മരിച്ചു കഴിഞ്ഞുവോ?" നാഡീവ്യൂഹം മുഴുവൻ തകർന്നുപോകുന്ന ഞെട്ടലായിരുന്നു. ആ ഞെട്ടൽ കഴിഞ്ഞ് പീലാത്തോസിന്റെ സ്വസ്ഥത നശിച്ചു. പീലാത്തോസ് ഭ്രാന്ത് പിടിച്ചതുപോലെയായി.

പീലാത്തോസിന് ജോലി നഷ്ടപ്പെട്ടു. ഭ്രാന്തുകൊണ്ട് പീലാത്തോസ് മരിച്ചു എന്ന് ചരിത്രം പറയുന്നു. നീതിമാനായവനെ കൊന്നാൽ, അവനെ ശിക്ഷയ്ക്ക് ഏല്പിച്ചുകൊടുത്താൽ ശിക്ഷ ഭയാനകമാണ്. ഒരിക്കലും നമ്മുടെ ജീവിതത്തിൽ അതു വരരുത്. സത്യത്തിനുവേണ്ടി നിന്നുകൊള്ളണം. ഒരിക്കലും അസത്യത്തിനു കൂട്ടുനിൽക്കരുത്.

ആരെല്ലാമാണ് യേശുവിനെ തല്ലിയത്?

1. ഇസ്ക്കര്യോത്താ യൂദാ
2. മഹാപുരോഹിതന്മാർ
3. പീലാത്തോസ്

*"അനന്തരം നാടുവാഴിയുടെ പടയാളികൾ യേശുവിനെ ആസ്ഥാനത്തിലേക്കു കൊണ്ടുപോയി പട്ടാളത്തെ എല്ലാം അവന്റെ നേരെ വരുത്തി, അവന്റെ വസ്ത്രം അഴിച്ചു ഒരു ചുവന്ന മേലങ്കി ധരിപ്പിച്ചു. മുള്ളുകൊണ്ട് ഒരു കിരീടം മെടഞ്ഞു അവന്റെ തലമേൽ വച്ചു, വലങ്കൈയിൽ ഒരു കോലും കൊടുത്തു അവന്റെ മുമ്പിൽ മുട്ടുകുത്തി: യഹൂദന്മാരുടെ രാജാവേ, ജയ ജയ എന്നു പരിഹസിച്ചു പറഞ്ഞു. പിന്നെ അവന്റെമേൽ തുപ്പി, കോൽ എടുത്തു അവന്റെ തലയിൽ അടിച്ചു. അവനെ പരിഹസിച്ചു തീർന്നപ്പോൾ മേലങ്കി നീക്കി അവന്റെ സ്വന്ത വസ്ത്രം ധരിപ്പിച്ചു, ക്രൂശിപ്പാൻ കൊണ്ടുപോയി."* *മത്തായി 27 : 27 – 31*

4. പടയാളികൾ യേശുവിനെ തല്ലി.

എല്ലാം കാണുകയും കേൾക്കുകയും അറിയുകയും ചെയ്യുന്ന മശിഹായെയാണ് പരിഹസിക്കുന്നത്. ദൈവപുത്രനാണെന്ന് അവർക്കറിഞ്ഞുകൂടാ. മഹാപുരോഹിതന്മാരുടെ ഇഷ്ടം സമ്പാദിക്കാൻവേണ്ടി, യഹൂദന്മാരെ പ്രീതിപ്പെടു

ത്താൻവേണ്ടി അവർ യേശുവിനെ തല്ലി. യേശുവിന്റെ മുഖത്തേക്കു തുപ്പി. യേശുവിന്റെ കൈയിൽ ഒരു കോൽ കൊടുത്തു. എന്നിട്ട് അവന്റെ മുമ്പിൽ മുട്ടുകുത്തി, യഹൂദന്മാരുടെ രാജാവേ, ജയ, ജയ എന്ന് പരിഹസിച്ചു.

യേശുവിന്റെ തലയിൽ ഒരു മുൾമുടി വച്ചു. കാരിരുമ്പു പോലുള്ള മുള്ളുകൊണ്ട് മെടഞ്ഞ കിരീടം തലയിൽവച്ച് കോലുകൊണ്ട് അടിച്ചടിച്ചുചേർത്തു. ആ മുള്ള് തലയിൽ ആഴ്ന്നിറങ്ങി. മുള്ളിന്റെ അറ്റം ചിലതെല്ലാം കണ്ണിൽ വന്നു കൊണ്ടു. തലയിൽനിന്ന് രക്തം ധാരധാരയായി ഒഴുകി കണ്ണിലേക്ക് രക്തം വന്നുവീണു. ആ രക്തവും ശരീരത്തിലെ വിയർപ്പും കർത്താവിന്റെ തിരുശരീരത്തിലേറ്റ മുറിവുകളിലെ രക്തവും എല്ലാം കുടിച്ചേർന്ന് ധാരയായി ഒഴുകിക്കൊണ്ടിരിക്കയാണ്. അവർ യഹൂദന്മാരുടെ രാജാവേ, ജയ, ജയ എന്നു പറഞ്ഞ് ആർത്തട്ടഹസിക്കുന്നു. ഹേ, മശിഹാ, നിന്നെ തല്ലിയത് ആര്? പടയാളികൾ യേശുവിനെ തല്ലി.

നിങ്ങൾ പറയും: ഞാൻ യേശുവിനെ തല്ലുകയില്ല എന്ന്. മോനേ, പക്ഷേ ഈ ചെറിയവരിൽ ഒരുത്തനോടു ചെയ്തത് എന്നോടാകുന്നു ചെയ്തത്.

> *"നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു; എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു. പ്രവാചകൻ എന്നുവച്ച് പ്രവാചകനെ കൈക്കൊള്ളുന്നവന് പ്രവാചകന്റെ പ്രതിഫലം ലഭിക്കും; നീതിമാൻ എന്നുവച്ച് നീതിമാനെ കൈക്കൊള്ളുന്നവന്ന് നീതിമാന്റെ പ്രതിഫലം ലഭിക്കും. ശിഷ്യൻ എന്നുവച്ച് ഈ ചെറിയവരിൽ ഒരുത്തന്ന് ഒരു പാനപാത്രം തണ്ണീർ മാത്രം കുടിപ്പാൻ കൊടുക്കുന്നവന്ന് പ്രതിഫലം കിട്ടാതെ പോകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു."*
>
> *മത്തായി 10 : 40 – 42*

യേശുവിന്റെ ശിഷ്യന്റെ വിലയെന്താണ്? യേശുവിനു വേണ്ടി ജീവിതം അർപ്പിച്ചവന്റെ വിലയെന്താണ്? യേശുവിന്റെ ശിഷ്യന് ഒരു പാനപാത്രം വെള്ളം കുടിപ്പാൻ കൊടുത്താൽ അതിനും പ്രതിഫലമുണ്ട്.

എന്നാൽ നാം എന്തു ചെയ്യുന്നു? ദൈവവേലയെ പരിഹസിക്കുന്നു. ദൈവവേലക്കാരെ പുച്ഛിക്കുന്നു.

പലരും നമ്മെ ആക്ഷേപിക്കും. ഇല്ലാത്തതു പറഞ്ഞുപരത്തും. പരിഹസിക്കും. നമ്മെ ഏതെല്ലാം തരത്തിൽ പുച്ഛിക്കാൻ പറ്റുമോ അതെല്ലാം ചെയ്യും. എന്നാൽ യേശുക്രിസ്തുവിന്റെ നാമത്തിൽ അതു നാം ഏറ്റുവാങ്ങുമ്പോൾ ഓർത്തുകൊള്ളണം, അവർ ആക്ഷേപിക്കുന്നതിൽ വല്ല സത്യവുമുണ്ടോ? ഉണ്ടെങ്കിൽ നമ്മുടെ ഭാഗ്യം പോയി. നമ്മുടെ പക്ഷത്ത് തെറ്റില്ലാതിരിക്കുമ്പോൾ, നമ്മെക്കുറിച്ച് ഇല്ലാത്തതു പറയുമ്പോൾ അതിന് പ്രതിഫലമുണ്ട്. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ട് സന്തോഷിച്ചുല്ലസിപ്പിൻ.

*"മനുഷ്യപുത്രൻ നിമിത്തം മനുഷ്യർ നിങ്ങളെ ദ്വേഷിച്ചു ഭ്രഷ്ടരാക്കി നിന്ദിച്ച് നിങ്ങളുടെ പേർ വിടക്ക് എന്നു തള്ളുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. ആ നാളിൽ സന്തോഷിച്ചു തുള്ളുവിൻ; നിങ്ങളുടെ പ്രതിഫലം സ്വർഗ്ഗത്തിൽ വലിയത്."*

*ലൂക്കോസ് 6 : 22, 23*

1. യേശുവിനെ യൂദാ ഇസ്ക്കര്യോത്താ തല്ലി
2. യേശുവിനെ മഹാപുരോഹിതന്മാർ തല്ലി.
3. യേശുവിനെ പീലാത്തോസ് തല്ലി.
4. യേശുവിനെ പടയാളികൾ തല്ലി.

*"ഇവനെ നീക്കിക്കളക; ബറബ്ബാസിനെ വിട്ടുതരിക എന്ന് എല്ലാവരുംകൂടെ നിലവിളിച്ചു."*

*ലൂക്കോസ് 23 : 17*

ജനം ആവർത്തിച്ചു പറയുകയാണ്, ഇവനെ നീക്കിക്കളക. ഇവനെ ക്രൂശിക്കണം. ഇവനെ വെറുതെ വിടാൻ പറ്റില്ല. എന്നാൽ കൊള്ളയും കൊലയും നടത്തി ജയിലിലായ ബറബ്ബാസിനെ വെറുതെ വിട്ടുകൊള്ളൂ. പൊതുജനം യേശുവിനെ വാക്കുകൾകൊണ്ടു തല്ലി. യേശുക്രിസ്തുവിനെ കൊലയ്ക്കു കൊടുക്കുവാൻ ജനം ആർത്തട്ടഹസിച്ച് നിലവിളിച്ചു. അവർ നിർബ്ബന്ധമായി പീലാത്തോസിനോട് ആവശ്യപ്പെട്ടു.

5. ജനം യേശുവിനെ തല്ലി.

എല്ലാവരും ഇഷ്ടംപോലെ പരിഹസിക്കുകയും തല്ലുകയും ചെയ്യുന്ന സമൂഹത്തിലാണ് നാം ജീവിക്കുന്നത്. നാം യേശുവിന്റെ സാക്ഷികളാകണം. ക്രൂശിന്റെ സാക്ഷികളാകണം. ക്രൂശിന്റെ മിത്രങ്ങളാകണം.

*"അങ്ങനെതന്നേ അവനോടുകൂടെ ക്രൂശിച്ചിരുന്ന കള്ളന്മാരും അവനെ നിന്ദിച്ചു." മത്തായി 27 : 44*

രണ്ടു കൊള്ളക്കാർ യേശുവിന്റെ രണ്ടു വശങ്ങളിലും ക്രൂശിക്കപ്പെട്ടിരിക്കയാണ്. രണ്ടുപേരും യേശുവിനെ നിന്ദിച്ചു. രണ്ടുപേരും ദുഷിച്ചു. രണ്ടു പേരും കർത്താവിനെ തല്ലി. എന്നാൽ തല്ലിയ ഒരു കള്ളനു മാനസാന്തരം വന്നു. അവനു തെറ്റു മനസ്സിലായി. അവർ തല്ലി എങ്കിലും കാര്യങ്ങൾ ഗ്രഹിക്കാതെയാണു തല്ലിയത്. "പിതാവേ, ഇവർ ചെയ്യുന്നത് എന്ത് എന്ന് ഇവർ അറിയായ്കയാൽ ഇവരോടു ക്ഷമിക്കണമേ" എന്ന യേശുവിന്റെ ശബ്ദം വലത്തുഭാഗത്തെ കള്ളൻ കേട്ടു. ആ ശബ്ദം കേട്ടപ്പോൾ അവന്റെ ഉള്ളം തകർന്നു.

*"തൂക്കിയ ദുഷ്പ്രവൃത്തിക്കാരിൽ ഒരുത്തൻ: നീ ക്രിസ്തു അല്ലയോ? നിന്നെത്തന്നേയും ഞങ്ങളെയും രക്ഷിക്ക എന്നു പറഞ്ഞു അവനെ ദുഷിച്ചു." ലൂക്കോസ് 23 : 39*

ക്രൂശിൽകിടന്നു പിടയുമ്പോഴും മറ്റേ കള്ളൻ യേശുവിനെ നിന്ദിക്കുകയാണ്. ദുഷിക്കുകയാണ്. നീ ക്രിസ്തു

അല്ലയോ? നിന്നെയും രക്ഷിക്ക്, ഞങ്ങളേയും രക്ഷിക്ക്. നീ ക്രൂശിൽനിന്ന് ഇറങ്ങി വാ. ഞങ്ങളേയും രക്ഷിയ്ക്കുക. ആ കള്ളനും കർത്താവിനെ തല്ലി.

യേശുവിനെ തല്ലിയതാര്?

1. ഇസ്ക്കര്യോത്താ യൂദാ
2. മഹാപുരോഹിതന്മാർ
3. പീലാത്തോസ്
4. പടയാളികൾ
5. ജനങ്ങൾ
6. ഇടത്തുഭാഗത്തെ കള്ളൻ

ഹാ! മശിഹായേ നിന്നെ തല്ലിയതാര്? ഇന്ന് ഈ ചോദ്യ ത്തിനു മുൻപിൽ നിങ്ങൾക്ക് കാതലായ ഒരു തീരുമാനമെടു ക്കാം. കർത്താവേ, ഞാൻ ആരാണ്? ഞാൻ നിന്നെ തല്ലിയോ? ഞാൻ എന്നെങ്കിലും നിന്നെ വേദനിപ്പിച്ചുവോ? ഞാൻ നിന്നെ ക്രൂശിച്ചുവോ?

കർത്താവേ, ഇത്രയും കാലം ഞാൻ പാഴാക്കിക്കളഞ്ഞു. എന്റെ മദ്യപാനംകൊണ്ട് ഞാൻ നിന്നെ തല്ലി. എന്റെ ഭാര്യയെ ഞാൻ തല്ലിയപ്പോൾ ഞാൻ നിന്നെ തല്ലി. എന്റെ ദൈവമേ, എനിക്ക് ന്യായം പറയാൻ ഒന്നുമില്ല. ദൈവമക്കളെ ദുഷിച്ചതു കൊണ്ട് ഞാൻ നിന്നെ തല്ലി. കുടുംബത്തിൽ കലക്കമുണ്ടാക്കി യതുകൊണ്ട് ഞാൻ നിന്നെ തല്ലി. എന്റെ ജീവനുള്ള ദൈവമേ, തെറ്റുകൾ പറ്റിപ്പോയി. ജീവിതം പാഴായിപ്പോയി. എനിക്കു ന്യായംപറയാൻ ഒന്നുമില്ല. ഞാനിതാ കുരിശിൻ ചുവട്ടിൽ വീഴുന്നു.

നിങ്ങൾക്ക് ഇപ്പോൾ തീരുമാനിക്കാം. ജീവിതം കർത്താ വിന്റെ കരങ്ങളിലേയ്ക്ക് കൊടുക്കാം. കർത്താവിനോടു വാക്കുപറയാം. നല്ലവനായ യേശുവിന്റെ തിരുരക്തത്തിന്റെ സ്പർശമേറ്റ് നിങ്ങൾക്ക് സൗഖ്യം പ്രാപിക്കാം.

# പതിമൂന്ന്

*"നിന്ദ എന്റെ ഹൃദയത്തെ തകർത്തു, ഞാൻ ഏറ്റവും വിഷാദിച്ചിരിക്കുന്നു; വല്ലവന്നും സഹ താപം തോന്നുമോ എന്നു ഞാൻ നോക്കിക്കൊണ്ടി രുന്നു; ആർക്കും തോന്നിയില്ല; ആശ്വസിപ്പിക്കുന്ന വരുണ്ടോ എന്നും നോക്കിക്കൊണ്ടിരുന്നു; ആരെയും കണ്ടില്ലതാനും. അവർ എനിക്കു തിന്നു വാൻ കയ്പു തന്നു; എന്റെ ദാഹത്തിന്നു അവർ എനിക്കു ചൊറുക്ക കുടിപ്പാൻ തന്നു."*

*സങ്കീർത്തനങ്ങൾ 69 : 20, 21*

കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിലെ ത്യാഗമ രണത്തെ ദീർഘദർശിയും രാജാവുമായ ദാവീദ് മുൻകൂട്ടി കാണുകയാണ്. യേശുക്രിസ്തു ക്രൂശിലേറുന്നതിന് ഏതാണ്ട് ആയിരം വർഷം മുമ്പാണ് ഈ കാഴ്ച ദാവീദുരാജാവ് കാണു ന്നത്. ആയിരം വർഷങ്ങൾക്കുശേഷമാണ് ഈ പ്രവചനം നിറവേറുന്നത്. ദൈവത്തിന്റെ പരിശുദ്ധാത്മാവ് കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തെക്കുറിച്ച് മുൻകൂട്ടി പറ ഞ്ഞിരിക്കുന്നു. 22-ാം സങ്കീർത്തനം തുടങ്ങുന്നതുതന്നെ: "എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈ വിട്ടത് എന്ത്" എന്ന വാക്യമാണ്. കർത്താവ് ക്രൂശിൽ കിടന്നു പറ യുന്ന നാലാമത്തെ തിരുവചനമാണ് ആ വാക്യം. അത് ദാവീദ് ആയിരത്തോളം വർഷങ്ങൾക്കുമുമ്പ് കാണുകയും കേൾക്കു കയും പ്രവചിക്കുകയും ചെയ്തു.

യേശുക്രിസ്തു ജനിക്കുന്നതിന് 750 കൊല്ലം മുമ്പ് യെശ

യ്യാപ്രവാചകൻ ഈ കാഴ്ച കണ്ടു.

> *“ഞാൻ നോക്കി എങ്കിലും സഹായിപ്പാൻ ആരുമില്ലായിരുന്നു; ഞാൻ വിസ്മയിച്ചു നോക്കി എങ്കിലും തുണപ്പാൻ ആരെയും കണ്ടില്ല; അതുകൊണ്ട് എന്റെ ഭുജം തന്നേ എനിക്ക് രക്ഷ വരുത്തി; എന്റെ ക്രോധം തന്നേ എനിക്കു തുണ നിന്നു.” യെശയ്യാവ് 63 : 5*

യേശുക്രിസ്തു ജനിക്കുന്നതിന് 500 വർഷംമുമ്പ് സെഖര്യാപ്രവാചകൻ കണ്ടു. ഇടയൻ വെട്ടേറ്റു, ആടുകൾ ചിതറിപ്പോയി എന്ന്. യേശുക്രിസ്തുവിനെ ഒറ്റിക്കൊടുക്കുന്നത് മുപ്പതു വെള്ളിക്കാശിനാണ് എന്ന്. ഹോശന്ന സ്തുതികളിന്മേൽ അധിരോഹണം ചെയ്ത് കഴുതമേൽ വാഹനമേറി കർത്താവ് യെരൂശലേം ദേവാലയത്തിലേയ്ക്ക് പോകുന്ന കാഴ്ച സെഖര്യാപ്രവാചകൻ 500 വർഷം മുമ്പ് കണ്ടു. അതാണു പറയുന്നത്: “സീയോൻ പുത്രീ ഭയപ്പെടേണ്ട. ഇതാ നിന്റെ രാജാവ് സൗമ്യനായി ചെറുകഴുതക്കുട്ടിമേൽ കയറി വരുന്നു” എന്ന്.

അത്ഭുതങ്ങളുടെ അത്ഭുതമാണ് കർത്താവായ യേശുക്രിസ്തു! നിത്യനായ ദൈവത്തിന്റെ ഏകജാതനായ തിരുക്കുമാരൻ! ക്രിസ്തുവാണ് സുവിശേഷം. ക്രിസ്തുവാണ് നമ്മുടെ ആശാകേന്ദ്രം. ക്രിസ്തുവാണ് നമ്മുടെ വിശ്വാസവിഷയം. ക്രിസ്തുവിനെയാണ് നാം പിൻപറ്റുന്നത്. ഒരു കൂട്ടായ്മയെയല്ല; ഏതെങ്കിലും വ്യക്തികളെയോ സമൂഹത്തെയോ അല്ല പിൻപറ്റുന്നത്. യേശുക്രിസ്തുവാണ് നമ്മുടെ രക്ഷകൻ. യേശുക്രിസ്തുവാണ് നമ്മുടെ വീണ്ടെടുപ്പുകാരൻ. അതുകൊണ്ടാണ് അപ്പൊസ്തലനായ പൗലോസ് പറയുന്നത്.

> *“ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു.” 1 കൊരിന്ത്യർ 1 : 23*

ക്രിസ്തുവാണ് പ്രസംഗവിഷയം. ക്രിസ്തുവാണ് സഭാ

കേന്ദ്രം. ഒരു അത്ഭുതപുരുഷനായി കർത്താവ് ചരിത്രത്തിനു മുന്നിൽ തിളങ്ങുന്നു. അനുഭവത്തിൽ നമുക്കിത് ലഭിക്കുമ്പോ ഴാണ് നാം ദൈവത്തെ സ്തുതിക്കുന്നത്. സന്തോഷംകൊണ്ട് നാം പുളകിതരായിത്തീരുന്നത്.

കർത്താവിനെ ആരും താങ്ങിയില്ല. അത്യന്തം നിർണ്ണായ കമായ സമയത്ത് കർത്താവിനെ സഹായിപ്പാൻ ആരും ഉണ്ടാ യിരുന്നില്ല. വിസ്മയിച്ചുനോക്കി എന്നാൽ ആരേയും കണ്ടില്ല. പകച്ചുനോക്കി എങ്കിലും ആരും തുണയായി വന്നില്ല.

എന്നാൽ തിരുവചനം വായിക്കുമ്പോൾ പ്രത്യക്ഷമായി കർത്താവിനെ താങ്ങിയില്ലെങ്കിലും പരോക്ഷമായി കർത്താ വിനെ താങ്ങിയ ചിലരെ കാണാം. യേശുക്രിസ്തുവിനെ താങ്ങിയവർ, യേശുക്രിസ്തുവിന്റെ വേദനാസമയങ്ങളിൽ കർത്താവിന്റെ വേദനയിൽ പങ്കുചേർന്നവർ ആരെല്ലാമാണ്?

1. യെരൂശലേം പുത്രിമാർ

*“ഒരു വലിയ ജനസമൂഹവും അവനെച്ചൊല്ലി വില പിച്ചു മുറയിടുന്ന അനേകം സ്ത്രീകളും അവന്റെ പിന്നാലെ ചെന്നു. യേശു തിരിഞ്ഞു അവരെ നോക്കി: യെരൂശലേം പുത്രിമാരേ, എന്നെച്ചൊല്ലി കരയേണ്ടാ, നിങ്ങളേയും നിങ്ങളുടെ മക്കളേയും ചൊല്ലി കരവിൻ. മച്ചികളും പ്രസവിക്കാത്ത ഉദര ങ്ങളും കുടിപ്പിക്കാത്ത മുലകളും ഭാഗ്യമുള്ളവ എന്നു പറയുന്ന കാലം വരുന്നു. അന്നു മലക ളോട്: ഞങ്ങളുടെമേൽ വീഴുവിൻ എന്നും കുന്നു കളോട്: ഞങ്ങളെ മൂടുവിൻ എന്നും പറഞ്ഞു തുട ങ്ങും. പച്ചമരത്തോട് ഇങ്ങനെ ചെയ്താൽ ഉണങ്ങി യതിന്ന് എന്തു ഭവിക്കും എന്നു പറഞ്ഞു.”*

*ലൂക്കോസ് 23 : 27 – 31*

കർത്താവായ യേശുക്രിസ്തുവിന്റെ കുരിശും ചുമ ന്നുള്ള യാത്രയിൽ അതിദു:ഖത്തോടെ അനുഗമിച്ചവരായി

രുന്നു യെരൂശലേം പുത്രിമാർ. അതിനെക്കുറിച്ച് തിരുവചനത്തിൽ വായിക്കുന്നു:

> *"സ്ത്രീകളും ദൂരത്തുനിന്നു നോക്കിക്കൊണ്ടിരുന്നു; അവരിൽ മഗ്ദലക്കാരത്തി മറിയയും ചെറിയ യാക്കോബിന്റേയും യോസെയുടെയും അമ്മ മറിയയും ശലോമിയും ഉണ്ടായിരുന്നു. അവൻ ഗലീലയിൽ ഇരിക്കുമ്പോൾ അവർ അവനെ അനുഗമിച്ചും ശുശ്രൂഷിച്ചും പോന്നു; അവനോടുകൂടെ യെരൂശലേമിലേക്കു വന്ന മറ്റു സ്ത്രീകളും ഉണ്ടായിരുന്നു."* *മർക്കൊസ് 15 : 40, 41*

ദു:ഖിതരായ സീയോൻ പുത്രിമാർ കർത്താവിനെ അനുഗമിച്ചു. കർത്താവിന്റെ വേദനയിൽ പങ്കുചേർന്നു. അധികമാളുകളും കർത്താവിനോടു ചേർന്നുനിൽക്കാൻ തയ്യാറായില്ല. കർത്താവിന്റെ വേദനയിൽ പങ്കുചേരാൻ തയ്യാറായില്ല. എന്നാൽ ആ പാവപ്പെട്ട സ്ത്രീകൾ ആർത്തലച്ചു കരഞ്ഞുകൊണ്ട് കുരിശിനെ പിന്തുടർന്നു.

കുരിശുംപേറി പോകുമ്പോൾ കരഞ്ഞുകൊണ്ട് പിന്നാലെ വരുന്ന സ്ത്രീകളോട് കർത്താവു പറയുകയാണ്: യെരൂശലേം പുത്രിമാരേ, നിങ്ങൾ എന്നെച്ചൊല്ലി കരയേണ്ട. നിങ്ങളേയും നിങ്ങളുടെ മക്കളേയും കുറിച്ച് കരയുവിൻ.

വരുംകാല തലമുറകൾ നാശത്തിലേക്ക് പോകുന്നതു കണ്ട് നാം കരയണം. സുബോധമില്ലാത്തവരെപ്പോലെ, പ്രാർത്ഥനയില്ലാത്തവരായി, ദൈവബോധമില്ലാത്തവരായി, ദൈവത്തോട് അടുപ്പമില്ലാത്തവരായി ജീവിക്കുന്നതുകണ്ട് നാം കരയണം.

ഇന്ന് സമൂഹത്തെ ചില വിഷപ്പാമ്പുകൾ വിഴുങ്ങിയിരിക്കയാണ്. സമൂഹത്തിന്, നമ്മുടെ യുവതലമുറയ്ക്ക് വിഷമേറ്റിരിക്കയാണ്. സുബോധം നഷ്ടപ്പെട്ടവരെപ്പോലെ മദ്യത്തിന്റേയും കഞ്ചാവിന്റേയും അടിമകളായിത്തീർന്നിരിക്കുന്നു.

ഇന്ന് ഓരോ വിദ്യാലയത്തിന്റെയും അടുത്ത് മാടക്കടകളിലെല്ലാം സുലഭമായി കിട്ടുന്നതാണ് കഞ്ചാവ്. അതുപോലെ പാൻപരാഗ്, ഹാൻസ് മുതലായ വിഷവസ്തുക്കൾ ഇന്ന് നമ്മുടെ ചെറുപ്പക്കാരെ കീഴടക്കിക്കൊണ്ടിരിക്കുന്നു.

ഇന്റർനെറ്റ് സൗകര്യം വർദ്ധിച്ചതോടുകൂടി ചീത്തപടങ്ങളുടെ പിന്നാലെ ചെറുപ്പക്കാർ പരക്കം പാഞ്ഞുകൊണ്ടിരിക്കയാണ്. സ്പോർട്സിന്റേയും ഗെയിംസിന്റേയും അടിമകളായി കുട്ടികൾ തീർന്നുകൊണ്ടിരിക്കുന്നു. അവരുടെ വിലപ്പെട്ട സമയം നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ജീവിതത്തിൽ നേടിയെടുക്കേണ്ട അത്യുന്നതങ്ങളെ നേടാൻ സാധിക്കാതെ അനേകം യുവാക്കന്മാർ ഇന്ന് ജീവിതം നശിപ്പിച്ചുകൊണ്ടിരിക്കയാണ്.

വരുംതലമുറയെ ഓർത്ത് നാം കരയണം. നമ്മുടെ കുടുംബങ്ങളെ ഓർത്ത് നാം കരയണം. നമ്മുടെ കുടുംബത്തിലുള്ള അസ്വാരസ്യങ്ങളെ ഓർത്ത് കരയണം. കുടുംബത്തിലുള്ള ഐക്യതക്കുറവിനെ ഓർത്ത് കരയണം. യേശുക്രിസ്തുവിന്റെ പിന്നാലെ കരഞ്ഞുകൊണ്ടുപോയ സ്ത്രീകൾ കർത്താവിനെ താങ്ങിയവരാണ്. കർത്താവിനോട് സഹതാപം ഉള്ളവരാണ്.

തൂക്കുക, തൂക്കുക എന്ന് ആർത്തട്ടഹസിക്കുന്ന ജനത്തിന്റെ മദ്ധ്യത്തിൽ അവർക്ക് യേശുവിനോട് സഹതാപത്തോടെ ചേർന്ന് നിൽക്കുവാൻ സാധിച്ചത് ഒരു മഹാഭാഗ്യമാണ്. ഇന്നും അങ്ങനെതന്നെയാണ്. തുലോം ന്യൂനപക്ഷം യേശുക്രിസ്തുവിന്റെ ക്രൂശിനോടു ചേർന്നുനിൽക്കുന്നു. കർത്താവിന്റെ കഷ്ടതയിൽ പങ്കാളികളായിത്തീരുന്നു. കർത്താവിന്റെ നാമത്തിൽ അപമാനം സഹിക്കുന്നു. കർത്താവിന്റെ നാമത്തിൽ നിന്ദ സഹിക്കുന്നു. കർത്താവിന്റെ നാമത്തിൽ ഒറ്റപ്പെടുന്നു.

വലിയൊരു സൗഭാഗ്യം നമുക്കുവേണ്ടി കരുതിയിരിക്കുന്നു എന്നുള്ള വിശ്വാസമാണ് നമ്മെ കർത്താവിനോട്

ചേർത്തു നിർത്തുന്നത്. അല്ലാത്തവരോ ഭൂമിയിലുള്ളതു മാത്രം ചിന്തിക്കുന്നു.

പൗരത്വം സ്വർഗ്ഗത്തിൽ ലഭിച്ചു എന്ന് അനുഭവമുള്ള വിശ്വാസികളാണ് കർത്താവിന്റെ ക്രൂശിനെ താങ്ങുന്നവർ. നമുക്കും ക്രൂശു താങ്ങാം. കർത്താവ് ക്രൂശുംപേറി പോകുമ്പോൾ ആ ക്രൂശിനോടു ചേർന്ന് നമുക്കും നടക്കാം. അങ്ങനെ പൗരത്വം സ്വർഗ്ഗത്തിൽ നേടിയെടുക്കാം.

യെരൂശലേം പുത്രിമാർ കർത്താവിന്റെ കുരിശിനെ താങ്ങി. അവർ വലിയൊരു ശുഭകാര്യത്തിലാണ് പങ്കാളികളായത്. ഒരു ചിന്തകൻ പറയുകയുണ്ടായി. “The greatest teacher explaining the greatest theme from the greatest book and bringing the greatest blessings to the mankind.”

The greatest teacher - ഏറ്റവും മഹാനായ അദ്ധ്യാപകൻ, explaining the greatest theme - ഏറ്റവും മഹത്തായ ആശയം വിശദീകരിച്ചുകൊണ്ട്, from the greatest book - ഏറ്റവും മഹത്തായ പുസ്തകത്തിൽ നിന്ന്, and bringing the greatest blessings to the mankind - മാനവജാതിയ്ക്ക് ഏറ്റവും മഹത്തായ അനുഗ്രഹം പ്രദാനം ചെയ്തുകൊണ്ടിരിക്കുന്നു. കുരിശിലെ ത്യാഗം എന്നു പറയുന്നത് അതാണ്.

ഞാൻ ഒരു പുസ്തകം വായിച്ചത് ഓർക്കുന്നു. Uncle Tom's Cabin. Mrs. Harriet Beecher Stowe എന്നുപറയുന്ന ഒരു മഹതിയാണ് ആ പുസ്തകം എഴുതിയത്. വളരെ പ്രസിദ്ധമായൊരു പുസ്തകമാണ്. ആ പുസ്തകത്തിൽ Uncle Tom എന്നുപറയുന്ന ഒരടിമയുടെ കഥയാണ് പറയുന്നത്.

അടിമവ്യവസായം നിലനിന്നിരുന്ന കാലം. അന്ന് അടിമകൾക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. അടിമകളെക്കൊണ്ട് എന്തും ചെയ്യിക്കാം. അടിക്കാം. കൊല്ലാം. ആരും ചോദിക്കുകയില്ല. കഠിനമായ യാതനയേറ്റ് അടിമപ്പണിചെയ്തു വലയുന്ന അടിമകൾ! ഷേർബി എന്നായിരുന്നു ടോമിന്റെ യജമാനന്റെ

പേര്. ഷേർബി, വൃദ്ധനായ ടോമിനെ മറ്റൊരാൾക്ക് വിറ്റു. അയാൾ നിവർത്തികേടുകൊണ്ടാണ് അങ്കിൾ ടോമിനെ വിറ്റത്.

താങ്ങാൻ വയ്യാത്ത ദുരിതങ്ങളെല്ലാം അങ്കിൾ ടോം പുതിയ യജമാനന്റെ കീഴിൽ സഹിച്ചു. അങ്ങനെയിരിക്കെ ഷേർബിയുടെ മകൻ ജോർജ്ജ് ഷേർബി, അങ്കിൾ ടോമിന്റെ കഥ അപ്പൻ പറഞ്ഞുകേട്ടു. അവൻ അങ്കിൾ ടോമിനെ അന്വേഷി ച്ചിറങ്ങി. ഒടുവിൽ ആ അടിമയെ ജോർജ്ജ് കണ്ടെത്തി. വൃദ്ധ നായി, എഴുന്നേൽക്കാൻ കെൽപ്പില്ലാതായി ഒരു മരത്തിൽ കെട്ടിയിട്ടിരിക്കുകയാണ്. ഈ അടിമയെക്കൊണ്ട് ഇനി വേല ചെയ്യിക്കാൻ സാധിക്കുകയില്ല എന്നുള്ളതുകൊണ്ട് ആഹാരംപോലും കൊടുക്കാതെ കെട്ടിയിട്ടിരിക്കുകയാണ്.

ജോർജ്ജ് ഷേർബി പുതിയ ഉടമസ്ഥനെ ചെന്നുകണ്ടു. എന്തു വിലകൊടുത്തും അടിമയെ വാങ്ങാൻ തയ്യാറായി. പക്ഷേ, അപ്പോഴേയ്ക്കും Uncle Tom മരിച്ചുകഴിഞ്ഞിരുന്നു. ഈ സംഭവം ആ പ്രദേശത്തെ അടിമകളുടെ മനസ്സിൽ വലിയ ഒരു കോളിളക്കമുണ്ടാക്കി. ജോർജ്ജ് ഷേർബി അടിമക ളെയെല്ലാം ഉണർത്തുകയും അവരോട് അടിമവ്യവസായ ത്തിന്റെ ശപിക്കപ്പെട്ട പാരമ്പര്യം തുടച്ചു നീക്കണമെന്ന് പ്രസം ഗിക്കുകയും ചെയ്തു. അങ്ങനെ ആ പ്രദേശത്തെ അടിമ കൾക്ക് സ്വാതന്ത്ര്യം കിട്ടി. അവർ എല്ലാവരും അങ്കിൾ ടോമിനെ കെട്ടിയിട്ടിരുന്ന മരത്തിന്റെ ചുവട്ടിലേക്കു വന്നു. അവരുടെ കണ്ണിൽ നിന്ന് കണ്ണുനീർ ധാരധാരയായി വീണു.

ആ സംഭവം അമേരിക്കയിൽ വലിയൊരു കോളി ളക്കമുണ്ടാക്കി. അമേരിക്കൻ ആഭ്യന്തരയുദ്ധം നടക്കുന്നത് വാസ്തവത്തിൽ അങ്കിൾ ടോമിന്റെ ചരിത്രകഥ കേട്ടതിനുശേ ഷമാണ്. അങ്ങനെ ‘Uncle Tom's Cabin’ എന്ന പുസ്തകം ഒരു വലിയ വിപ്ലവം സൃഷ്ടിച്ചു.

നമുക്കു സ്വാതന്ത്ര്യം തരാൻ വേണ്ടി ക്രൂശിൽ മരിച്ചവ നായ ക്രിസ്തുവിന്റെ കുരിശിലേക്ക് നമുക്കു നോക്കി

നിൽക്കാം. നമുക്കു വിടുതൽ തരുവാൻ, സാത്താന്റെ ബന്ധനത്തിൽനിന്ന് നമ്മെ മോചിപ്പിക്കുവാൻ, നമ്മിലുള്ള ദുഷ്പ്രവണതകളെ നീക്കുവാൻ ക്രൂശിൽ മരിച്ച രക്ഷകൻ! ആ ക്രൂശിലേക്ക് നാം നോക്കിയാൽ നമുക്കു സമാധാനം കിട്ടും. അന്ന് യെരൂശലേം പുത്രിമാർ യേശുവിങ്കലേക്ക് നോക്കി, അവരുടെ ഹൃദയത്തിന് ആശ്വാസം ലഭിച്ചു.

ക്രിസ്തുവിന്റെ ക്രൂശിൽ നിങ്ങൾക്ക് ആശ്രയിക്കാം. ആ സ്ലീബായെ നമുക്ക് ചുംബിക്കാം.

# പതിനാല്

കർത്താവായ യേശുക്രിസ്തു കുരിശും ചുമന്നുകൊണ്ടു പോകുമ്പോൾ കർത്താവിനെ താങ്ങിയ ഏതാനും പേരെക്കുറിച്ച് നാം ചിന്തിച്ചു വരികയായിരുന്നു.

1. കരഞ്ഞുകൊണ്ട് സഹതാപത്തോടെ, സ്നേഹാധിക്യത്തോടെ കർത്താവിന്റെ പിന്നാലെ നടന്ന യെരൂശലേം പുത്രിമാർ. അവർ യേശുവിന്റെ വേദനയെ ആശ്വസിപ്പിക്കുവാനായി അവർക്കാകുന്നവിധം ആ വേദനയിൽ പങ്കാളികളായി.

2. കുറേനക്കാരനായ ശീമോൻ.

*"അലക്സന്തരിന്റെയും രൂഫൊസിന്റെയും അപ്പനായി വയലിൽ നിന്നു വരുന്ന കുറേനക്കാരനായ ശിമോനെ അവന്റെ ക്രൂശ് ചുമപ്പാൻ അവർ നിർബ്ബന്ധിച്ചു. തലയോടിടം എന്നർത്ഥമുള്ള ഗൊല്ഗോഥാ എന്ന സ്ഥലത്തേയ്ക്ക് അവനെ കൊണ്ടുപോയി."*

*മർക്കോസ് 15 : 21, 22*

കുറേനക്കാരനായ ശീമോൻ കർത്താവിന്റെ ക്രൂശ് താങ്ങി. ഭാരമേറിയ കുരിശു ചുമന്നുകൊണ്ട് പോകുമ്പോൾ പലപ്പോഴും കർത്താവ് വേച്ചുവീഴുന്നു. വേച്ചു വീഴുമ്പോഴെല്ലാം പടയാളികൾ ആഞ്ഞാഞ്ഞ് പ്രഹരിക്കുന്നു. കഠിനമായ ചാട്ടവാറടിയേറ്റ് കർത്താവു പുളഞ്ഞുകൊണ്ട് പിന്നെയും കുരിശു ചുമക്കാൻ ബദ്ധപ്പെട്ട് എഴുന്നേൽക്കാൻ ശ്രമിക്കുന്നു. വലിഞ്ഞു വലിഞ്ഞ് എഴുന്നേറ്റ്, ഏങ്ങി ഏങ്ങി ആ കുരിശും ചുമന്നുകൊണ്ട് കർത്താവ് വീണ്ടും നടക്കുന്നു.

അങ്ങനെ ആ കുന്നു കയറുമ്പോൾ കർത്താവിന്റെ കുരിശു താങ്ങുവാൻ ഭാഗ്യം ലഭിച്ച വ്യക്തിയാണ് ഗ്രാമീണ നായ, കുറേനക്കാരൻ ശീമോൻ. അപരിഷ്കൃതനായ ശീമോൻ വയലിൽ നിന്നു വരുന്ന ഒരു കൃഷിക്കാരനായിരുന്നു. ആ നാട്ടു കാരനല്ല. ആഫ്രിക്കയുടെ വടക്കെ അറ്റത്ത് ലിബിയയോടു ചേർന്നുള്ള കുറേന എന്ന സ്ഥലത്തുനിന്ന് യെരൂശലേമിൽ പെസഹ ആഘോഷിക്കാൻ വന്നതാണ് ശീമോൻ.

എന്നാൽ അന്ന് ശീമോൻ ആ കുരിശിനെ താങ്ങിയത് ദൂരവ്യാപകമായ സത്ഫലങ്ങൾ ഉളവാക്കി. അപ്പോസ്തല നായ പൗലോസ് പിൽക്കാലത്ത് ശീമോന്റെ മകനായ രൂഫൊ സിനെക്കുറിച്ച് പറയുന്നു: “Chosen by the Lord!” “കർത്താ വിൽ പ്രസിദ്ധനായ രൂഫൊസിനേയും എനിക്കും അമ്മയായ അവന്റെ അമ്മയേയും വന്ദനം ചെയ്വിൻ” എന്ന്. റോമർ 16 : 13.

കർത്താവിൽ തെരഞ്ഞെടുക്കപ്പെട്ടവനായ രൂഫൊസ്. യേശുക്രിസ്തു തെരഞ്ഞെടുത്ത രൂഫൊസ് അനുഗൃഹീത പുരുഷനായിരുന്നു. രൂഫൊസിന്റെ സഹോദരനാണ് അല ക്സാണ്ടർ. അവരുടെ രണ്ടുപേരുടേയും ജീവിതം ധന്യമാ കാൻ കാരണം അപ്പനായ ശീമോൻ കുരിശു ചുമക്കുവാൻ യേശുവിനെ സഹായിച്ചു എന്നുള്ളതാണ്. അപ്പൻ കുരിശിനെ താങ്ങിയാൽ മക്കൾക്ക് അനുഗ്രഹമാണ്. നാം കർത്താവായ യേശുവിന്റെ സാക്ഷികളായാൽ മക്കൾക്ക് അനുഗ്രഹമാണ്.

പ്രിയമുള്ളവരേ, നമുക്ക് യേശുവിന്റെ ക്രൂശിനോടു ചേർന്നു നടക്കാം. ആളുകൾ ആക്ഷേപിക്കും. പലരും പരിഹ സിക്കും. ചിലർ ഒറ്റപ്പെടുത്തുകയും കുറ്റപ്പെടുത്തുകയും ചെയ്യും. സാരമില്ല. നാം ചെയ്യുന്നത് മഹത്തായ കാര്യമാണ്. നാം രക്ഷകന്റെ കുരിശിനെ താങ്ങുകയാണ്.

കുരിശിനെ താങ്ങുക. കുരിശിലെ ത്യാഗത്തോടൊത്തു നടക്കുക. കുരിശിലെ വേദനയോട് ഒത്തുചേർന്ന് വേദനി ക്കുക. ആരെല്ലാം പരിഹസിച്ചാലും ശരി, ഞാൻ എന്റെ യേശു

വിന്റെ പിന്നാലെ പോകും എന്ന ദൃഢനിശ്ചയം ഉണ്ടായിരിക്കുക. ആരെല്ലാം കുറ്റപ്പെടുത്തിയാലും ഒറ്റപ്പെടുത്തിയാലും ശരി ഞാൻ എന്റെ യേശുവിന്റെ കുരിശിന്റെ വഴിയിൽനിന്നു മാറുകയില്ല എന്ന ദൃഢപ്രതിജ്ഞ. അപ്പൊസ്തലനായ പൗലോസ് റോമർക്കെഴുതിയ ലേഖനത്തിൽ പറയുന്നു:

*"ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ? "നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു; അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു" എന്നു എഴുതിയിരിക്കുന്നുവല്ലോ. നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണജയം പ്രാപിക്കുന്നു. മരണത്തിന്നോ ജീവന്നോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിന്നോ വരുവാനുള്ളതിന്നോ ഉയരത്തിന്നോ ആഴത്തിന്നോ മറ്റു യാതൊരു സൃഷ്ടിയ്ക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽനിന്നു നമ്മെ വേറുപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറച്ചിരിക്കുന്നു."*

*റോമർ 8 : 35 – 39*

യേശു പോയ വഴിയിൽനിന്ന് ഞാൻ മാറുകയില്ല. എല്ലാവിധത്തിലും അനേകം അനർത്ഥങ്ങൾ എന്നെ പിൻപറ്റിയാലും എല്ലാവരും എന്നെ ഒറ്റപ്പെടുത്തിയാലും യേശു എനിക്കുവേണ്ടി ഒരുക്കിയ രക്ഷയുടെ മാർഗ്ഗത്തിൽനിന്ന് ഞാൻ മാറുകയില്ല. കുരിശിന്റെ വഴി ഞാൻ ത്യജിക്കയില്ല എന്നുള്ള നിർബ്ബന്ധപൂർവ്വമായ തീരുമാനം.

*"മറ്റവനോ അവനെ ശാസിച്ചു: സമശിക്ഷാവിധിയിൽത്തന്നേ ആയിട്ടും നീ ദൈവത്തെ ഭയപ്പെടുന്നില്ലയോ? നാമോ ന്യായമായിട്ടു ശിക്ഷ അനുഭവി*

*ക്കുന്നു; നാം പ്രവർത്തിച്ചതിന്നു യോഗ്യമായ തല്ലോ കിട്ടുന്നത്; ഇവനോ അരുതാത്തതു ഒന്നും ചെയ്തിട്ടില്ല എന്നു പറഞ്ഞു."*

*ലൂക്കൊസ് 23 : 40, 41*

കർത്താവു ക്രൂശിൽ കിടന്നു പ്രാർത്ഥിച്ചു: പിതാവേ, ഇവർ ചെയ്യുന്നത് എന്ത് എന്ന് അറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ എന്ന്. അപ്പോൾ കള്ളന്മാരിൽ ഒരാൾ പെട്ടെന്ന് ഞെട്ടിത്തരിച്ച് കർത്താവിങ്കലേയ്ക്കു നോക്കി.

ആ വേദനയിൽ പിടയുമ്പോഴും സ്വന്തം ശരീരത്തിൽ വേദനയേറ്റ് ഉരുകുമ്പോഴും അവൻ ക്രൂശിലേയ്ക്കു നോക്കി. ആ ശബ്ദം, പ്രാർത്ഥനയുടെ ശബ്ദം, ക്ഷമയുടെ ശബ്ദം, സ്നേഹത്തിന്റെ ശബ്ദം അവന്റെ ഹൃദയത്തെ ഉലച്ചുകളഞ്ഞു. അവൻ ക്രൂശിൽ കണ്ടു, യേശുവിന്റെ ശാന്തമായ മുഖം! പ്രശാന്ത മോഹനമായ മുഖം! ഒരു വൈരാഗ്യവുമില്ലാത്ത മുഖം! സ്നേഹം വഴിഞ്ഞൊഴുകുന്ന മുഖം! വാത്സല്യമസൃണമായ മുഖം!

ആ മുഖത്തേയ്ക്ക് നോക്കുന്തോറും അവന്റെ ഹൃദയത്തിൽ പലതും തെളിഞ്ഞു വന്നു. ഇവൻ സാധാരണ മനുഷ്യനല്ല. കള്ളന്മാർ രണ്ടുപേരും കൊള്ളക്കാരാണ്, അവർ കൊലപാതകികളാണ്. നിഷ്ഠൂരന്മാരാണ്. എന്നാൽ നടുവിലത്തെ ക്രൂശിൽ കിടക്കുന്നവൻ, അവൻ പാപിയല്ല. അവൻ കൊലപാതകം ചെയ്തവനല്ല. അവൻ ആരേയും ദ്രോഹിച്ചവനല്ല. ആ മുഖത്തെ നിഷ്ക്കളങ്കത അവനു ഗ്രഹിക്കാൻ കഴിഞ്ഞു. അതൊരു മഹാഭാഗ്യമായിപ്പോയി!

തന്നെയുമല്ല, അവൻ അപ്പോൾ തന്നിലേക്കുതന്നെ നോക്കി. യേശുവിന്റെ നിഷ്ക്കളങ്കതയും യേശുവിന്റെ നിരപരാധിത്വവും അവൻ കണ്ടപ്പോൾ അവനു മനസ്സിലായി, ഞാൻ ഈ ശിക്ഷയ്ക്കു യോഗ്യനാണ്. യേശു ഈ ശിക്ഷ അനുഭവിക്കേണ്ട ആളല്ല. അവൻ യേശുവിനെ കണ്ടു, തന്നെത്തന്നെ

കണ്ടു. മാത്രമല്ല, അവന്റെ കൂട്ടുകാരനായ കൊലയാളിയെയും അവൻ കണ്ടു. അവനും ശിക്ഷാർഹനാണ്. അവനും ശിക്ഷിക്കപ്പെടേണ്ടവനാണ് എന്നു മനസ്സിലായി.

അതു മാത്രവുമല്ല, അവൻ തക്കസമയത്ത് സാക്ഷ്യം പറയുകയാണ്. അവൻ മറ്റെ കള്ളനോട് പറയുന്നു: നാം സമശിക്ഷാവിധിയിൽ ആയിട്ടും നീ ദൈവത്തെ ഭയപ്പെടുന്നില്ലയോ? നാമോ, ന്യായമായ ശിക്ഷ അനുഭവിക്കുന്നു. ഇവനോ, അരുതാത്തത് ഒന്നും ചെയ്തിട്ടില്ല. ആ സമയത്ത് വ്യക്തമായ ഒരു സാക്ഷ്യവും ഒരു സന്ദേശവും കൊടുത്തു.

വലത്തുഭാഗത്തെ കള്ളൻ പറഞ്ഞ വാക്കുകൾ കേട്ട്, കൂട്ടുകാരന്റെ അനുതാപം കണ്ട് മറ്റേ കള്ളനും വേണമെങ്കിൽ അനുതപിക്കാം. അവസരമുണ്ടായിരുന്നു. പക്ഷേ, ആ അവസരം അവൻ പ്രയോജനപ്പെടുത്തിയില്ല.

> *"പിന്നെ അവൻ: യേശുവേ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർത്തു കൊള്ളേണമേ എന്നു പറഞ്ഞു."* *ലൂക്കോസ് 23 : 42*

മശിഹാ, നീ രാജത്വം പ്രാപിച്ചുവരുന്ന ഒരു ദിവസമുണ്ടല്ലോ. വലതുഭാഗത്തെ കള്ളന് നല്ല ഉറപ്പായി. ഇന്ന് ക്രൂശിക്കപ്പെട്ട് മരിക്കുന്നു എങ്കിലും യേശുക്രിസ്തു രാജത്വം പ്രാപിച്ചു വരുന്ന ഒരു നല്ല ദിവസമുണ്ട്. നാഥാ! നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെക്കൂടെ ഓർത്തുകൊള്ളേണമേ. ആ സമയത്ത് അവന് അവനെത്തന്നെ കാണാൻ കഴിഞ്ഞു. വരാനിരിക്കുന്ന ശിക്ഷാവിധിയെ കാണാൻ കഴിഞ്ഞു. അതുമാത്രമല്ല അവന് യേശുവിനെ തിരിച്ചറിയാൻ കഴിഞ്ഞു. യേശു നിഷ്ക്കളങ്കനാണെന്നു മനസ്സിലാക്കാൻ കഴിഞ്ഞു. അവൻ യേശുവിനെ സാക്ഷിച്ചു. അവൻ കൊടുക്കേണ്ട സന്ദേശം കൊടുത്തു. അതുമാത്രവുമല്ല അവൻ യേശുവിനോട് സംസാരിച്ചു.

കർത്താവ് അവനോടുപറഞ്ഞു: "ഇന്ന് നീ എന്നോടുകൂടെ പറുദീസായിൽ ഇരിക്കും." യേശുക്രിസ്തുവിന്റെ കൂടെ

പറുദീസായിൽ ഇരിക്കും എന്നു വ്യക്തമായി സൂചിപ്പിക്കുന്ന അനുഗൃഹീത വാക്യം.

1. യെരൂശലേം പുത്രിമാർ യേശുവിന്റെ കുരിശിനെ താങ്ങി.
2. കുറേനക്കാരനായ ശീമോൻ യേശുവിന്റെ കുരിശിനെ താങ്ങി.
3. അനുതപിച്ച കള്ളൻ യേശുവിന്റെ കുരിശിനെ താങ്ങി.
4. അരിമത്യാക്കാരൻ യൗസേഫ് യേശുവിന്റെ കുരിശിനെ താങ്ങി.

*"വൈകുന്നേരമായപ്പോൾ ശബ്ബത്തിന്റെ തലേനാളായ ഒരുക്കനാൾ ആകകൊണ്ട് ശ്രേഷ്ഠമന്ത്രിയും ദൈവരാജ്യത്തെ കാത്തിരുന്നവനുമായ അരിമത്ഥ്യയിലെ യോസേഫ് വന്നു ധൈര്യത്തോടെ പീലാത്തൊസിന്റെ അടുക്കൽ ചെന്നു യേശുവിന്റെ ശരീരം ചോദിച്ചു. അവൻ മരിച്ചു കഴിഞ്ഞുവോ എന്നു പീലാത്തൊസ് ആശ്ചര്യപ്പെട്ടു ശതാധിപനെ വിളിച്ചു: അവൻ മരിച്ചിട്ടു ഒട്ടു നേരമായോ എന്നു ശതാധിപനോടു വസ്തുത ചോദിച്ചറിഞ്ഞിട്ട് ഉടൽ യോസേഫിനു നല്കി. അവൻ ഒരു ശീല വാങ്ങി അവനെ ഇറക്കി ശീലയിൽ ചുറ്റിപ്പൊതിഞ്ഞു, പാറയിൽ വെട്ടീട്ടുള്ള കല്ലറയിൽ വച്ചു. കല്ലറവാതില്ക്കൽ ഒരു കല്ല് ഉരുട്ടി വെച്ചു. അവനെവച്ച ഇടം മഗ്ദലക്കാരത്തി മറിയയും യോസെയുടെ അമ്മ മറിയയും നോക്കിക്കണ്ടു."*

*മർക്കോസ് 15 : 42 – 47*

അതുവരെയും യേശുവിന്റെ കൂടെ നടക്കുന്നത് അപായകരമാണ് എന്നു കരുതി മാറിനിന്ന ആളാണ് അരിമത്യാക്കാരൻ യോസേഫ്. അദ്ദേഹം ശ്രേഷ്ഠമന്ത്രിയായിരുന്നു. കുലീനനായ

ഒരു പുരുഷനായിരുന്നു. ആഭിജാത്യമുള്ള റോമൻ പൗരനായിരുന്നു. ഉന്നത നിലവാരത്തിൽ കഴിഞ്ഞ ആളായിരുന്നു.

എന്നാൽ, അങ്ങനെ ഉന്നതനിലവാരത്തിൽ കഴിയുന്ന ഞാൻ യേശുവിന്റെകൂടെ നടന്നാൽ സമൂഹത്തിൽ ഒറ്റപ്പെട്ടു പോകില്ലേ എന്ന സംശയവും ഭയവും അരിമത്യാക്കാരൻ യോസേഫിനുണ്ടായിരുന്നു. അതുകൊണ്ട് ചേർന്നു നടന്നില്ല. ദൂരെ നിന്നുകൊണ്ട് കർത്താവിനെ വീക്ഷിച്ചുകൊണ്ടിരുന്നു. അതുപോലെ തന്നെയായിരുന്നു നിക്കോദേമൊസും.

നിക്കോദേമൊസ് സന്നിദ്രിംസംഘത്തിലെ അംഗമായിരുന്നു. ഒരു യഹൂദപ്രമാണിയും പരീശപ്രമാണിയുമായിരുന്നു. യഹൂദന്മാരുടെ ഒരു ഉപദേഷ്ടാവും ആയിരുന്നു. എന്നാൽ നിക്കോദേമൊസും വാസ്തവത്തിൽ കർത്താവ് നിഷ്ക്കളങ്കനാണെന്നും രക്ഷകനാണെന്നും മനസ്സിലാക്കി എങ്കിലും എല്ലാം നിരീക്ഷിച്ചുകൊണ്ട് അകന്നുനിന്നു.

എന്നാൽ ക്രൂശുംപേറി പോകുന്ന ക്രിസ്തുവിനെ കണ്ടുകഴിഞ്ഞപ്പോൾ, യേശു ക്രൂശിക്കപ്പെട്ടുകഴിഞ്ഞപ്പോൾ നിക്കോദേമൊസിന്റെ ഉള്ളിൽ തീ കത്തിത്തുടങ്ങി; ഉള്ളിൽ ആധി കത്തിത്തുടങ്ങി.

അയ്യോ! വിലപ്പെട്ട കാലങ്ങൾ നഷ്ടപ്പെടുത്തിയല്ലോ. യേശുവിനെ താങ്ങുകയും യേശുവിന്റെ കൂടെ നടക്കുകയും ചെയ്യേണ്ട നല്ല കാലങ്ങൾ നാം നഷ്ടപ്പെടുത്തിക്കളഞ്ഞല്ലോ എന്നുള്ള വേദനകൊണ്ട് ഹൃദയം പുളഞ്ഞ് അവർ വിസ്താരരംഗത്തേയ്ക്ക് ചെന്നു. പീലാത്തോസ് മൂന്നുവട്ടം വിസ്തരിക്കുന്നത് അവർ കണ്ടു. ആ വിസ്താരത്തിനു ശേഷം, ഞാൻ ഇവനിൽ ഒരു കുറ്റവും കാണുന്നില്ല, നിങ്ങൾ ഇവനെ കൊണ്ടുപോയി ക്രൂശിപ്പിൻ എന്നു പറഞ്ഞതും അവർ കേട്ടു.

അവർ ഉള്ളം കത്തിക്കൊണ്ട് യേശു കുരിശുംപേറി പോകുമ്പോൾ കൂടെ നടന്നു. ഗോഗുൽത്തായുടെ മുകളിൽ കർത്താവിനെ കുരിശിന്മേൽ കിടത്തി. കർത്താവിന്റെ

കൈകളും കാലുകളും കാരിരുമ്പാണികൾകൊണ്ട് തറച്ച പ്പോൾ അവരും വേദനയോടെ നോക്കിക്കൊണ്ടിരുന്നു. ആണി കൾ അവരുടെ ചങ്കിൽ തറയ്ക്കുന്നതുപോലെ അവർക്കു തോന്നി. കർത്താവിനെ ക്രൂശിച്ചശേഷം പടയാളികൾ എല്ലാ വരും മാറി. താഴെ കുരിശിൻ ചുവട്ടിൽ അവരും സ്ത്രീകളും മാത്രം ശേഷിച്ചു.

അരിമത്യാക്കാരൻ യോസേഫ് ഒരു പുതിയ ശീല വാങ്ങി. അത് കർത്താവിന്റെ കുരിശിനോടു ചേർത്തു പിടിച്ചുകൊണ്ട് ഓരോ ആണിയും മന്ദം മന്ദം ഊരി മാറ്റി. അപ്പോൾ കർത്താ വിന്റെ മൃതശരീരം അരിമത്യാക്കാരൻ യൗസേഫിന്റെ മാറോടു ചാഞ്ഞു.

ഇതിൽപ്പരം ഭാഗ്യം മറ്റെന്തുണ്ട്! കർത്താവായ യേശു വിന്റെ തിരുശരീരം മാറോടണയ്ക്കുവാനുള്ള ഭാഗ്യം! ക്രൂശി ക്കപ്പെട്ടവനായ യേശുവിനെ നിങ്ങളുടെ മാറോടു ചേർത്തണ യ്ക്കാൻ നിങ്ങൾക്കും സാധിക്കും. നിങ്ങൾക്ക് കർത്താവി നോടു സ്നേഹം വരും. കർത്താവേ, എനിക്കുവേണ്ടി നീ ഈ വേദനയെല്ലാം സഹിച്ചല്ലോ എന്നുള്ള വാസ്തവമായ ബോദ്ധ്യം വരും. ഇല്ല, ഇനി ഞാൻ നിന്നെ വേദനിപ്പിക്കയില്ല എന്ന ഒരു തീരുമാനം ഹൃദയത്തിൽ വരും.

അരിമത്യാക്കാരൻ യോസേഫ് കർത്താവിന്റെ ശരീരം മാറോടടക്കിപ്പിടിച്ചു. നിക്കോദേമൊസ് കൂടെ നടന്നു. അരിമ ത്യാക്കാരൻ യൗസേഫിന്റെ ഒരു കല്ലറയുണ്ടായിരുന്നു.

ആരെയും ഒരിക്കലും വച്ചിട്ടില്ലാത്ത ആ കല്ലറയിൽ അവർ അവനെ അടക്കി.

അരിമത്യാക്കാരൻ യോസേഫ് കർത്താവിനെ താങ്ങി. നിങ്ങൾക്കും താങ്ങാം. നിങ്ങൾക്കും അനുഗ്രഹം പ്രാപിക്കാം.

> *"അവന്ന് എതിരെ നിന്നിരുന്ന ശതാധിപൻ അവൻ ഇങ്ങനെ പ്രാണനെ വിട്ടതു കണ്ടിട്ട്: ഈ മനുഷ്യൻ ദൈവപുത്രൻ ആയിരുന്നു സത്യം എന്നു പറ*

*ഞ്ഞു.”* *മർക്കോസ് 15 : 39*

5. ശതാധിപൻ കർത്താവിനെ താങ്ങി.

നൂറ് പടയാളികളുടെ അധിപനാണ് ശതാധിപൻ. അവിടെ വേറെ നാലു പടയാളികൾ വന്നിട്ടുണ്ട്. കർത്താവിനെ ക്രൂശിക്കാൻ നിയുക്തരായവർ. ഇവർക്കെല്ലാം നേതൃത്വം വഹിക്കാനായി ഒരു ശതാധിപൻ. ആ ശതാധിപന്റെ പേര് മാഴ്സലസ് എന്നാണ് ചരിത്രകാരന്മാർ പറയുന്നത്. Lloyd C Douglas, The Robe (മേലങ്കി) എന്ന പുസ്തകത്തിൽ ആ ശതാധിപനെക്കുറിച്ച് പറയുന്നുണ്ട്. ആ പുസ്തകം പറയുന്നത് യേശുവിന്റെ മേലങ്കി ഈ ശതാധിപന് ചീട്ടിട്ടു കിട്ടി എന്നാണ്.

യേശു മരിക്കുന്നതു കണ്ടിട്ട് ശതാധിപൻ പറഞ്ഞു: “ഇവൻ ദൈവപുത്രനായിരുന്നു; ഇവനെ ക്രൂശിക്കണ്ടായിരുന്നു. ഇതിനു ഞാൻ നേതൃത്വം കൊടുത്തുപോയല്ലോ. അയ്യോ, വേണ്ടായിരുന്നു.”

സമയം കഴിഞ്ഞാണെങ്കിലും അവൻ സാക്ഷ്യം പറഞ്ഞു. പ്രിയമുള്ളവരേ, സമയം തീർന്നുകൊണ്ടിരിക്കുന്നു. സാക്ഷ്യത്തിനു വൈകണ്ട. ജീവസാക്ഷ്യം ഉൾക്കൊള്ളാൻ വൈകണ്ട. നാളെ അവസരം കിട്ടിയില്ലെങ്കിലോ? നിങ്ങൾക്കു ലഭിച്ച അനുഗ്രഹത്തെ മറ്റുള്ളവരെ അറിയിക്കാൻ ഇനി ഒരവസരം കിട്ടിയില്ലെങ്കിലോ? യേശുവേ, ക്രൂശിന്റെ സാക്ഷിയാകാൻ, എന്റെ പാപം വഹിച്ച് ക്രൂശിൽ മരിച്ച രക്ഷകന്റെ സാക്ഷിയാകാൻ ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു.

കർത്താവേ, ഇത്രയും കാലം നീ എന്നെ കാത്തു. ഇന്നുവരേയും നീ എന്നെ സഹായിച്ചു. ഇത്രത്തോളം യഹോവ നമ്മെ സഹായിച്ചു (ഏബെൻ-ഏസെർ). ഏതെല്ലാം കടമ്പകൾ ചാടിക്കടന്നാണ് നാം ഇവിടംവരെ എത്തിയത്. സംഭവബഹുലമായ ജീവിതമായിരുന്നു. കർത്താവേ, ഇത്രത്തോളം ഞാൻ എത്തി. ഇനി എത്രകാലമുണ്ട് എന്ന് എനിക്കറിഞ്ഞുകൂടാ. ഉള്ളകാലം നിന്റെ കുരിശിനെ താങ്ങാൻ ഞാനിതാ വിട്ടുത

രുന്നു.

6. ക്രൂശീകരണം കണ്ടുനിന്ന ജനങ്ങൾ കർത്താവിനെ താങ്ങി.

ഒരുകാലത്ത് അവർ ദൈവത്തെ മറന്നു ജീവിച്ചവരായിരുന്നു. എന്നാൽ അവർ ദൈവത്തെ സ്വീകരിക്കുകയും ദൈവത്തെ സ്നേഹിക്കുകയും ചെയ്യാൻ തീരുമാനം എടുത്തു. യേശുവിന്റെ ക്രൂശിന്റെ സാക്ഷികളാകാൻ തീരുമാനമെടുത്തു. നഷ്ടപ്പെട്ടുപോകുന്ന ആത്മാക്കൾക്കുവേണ്ടി കരയാൻ തുടങ്ങി.

> *"അയ്യോ, എന്റെ ജനത്തിന്റെ പുത്രിയുടെ നിഹതന്മാർനിമിത്തം രാവും പകലും കരയേണ്ടതിന്നു എന്റെ തല വെള്ളവും എന്റെ കണ്ണു കണ്ണുനീരുറവും ആയിരുന്നെങ്കിൽ കൊള്ളായിരുന്നു!"*
>
> *യിരമ്യാവ് 9 : 1*

നാം കരയേണ്ടിയിരിക്കുന്നു. അതാണ് യേശുവിനെ താങ്ങുന്നത്. ഇത്രയും കാലം നഷ്ടപ്പെടുത്തിയല്ലോ എന്ന വേദനകൊണ്ട് ഒരു പുതിയ തീരുമാനം എടുത്ത് അനുതാപത്തോടെ നമുക്കും കരയാം. അതാണ് യേശുവിനെ പ്രസാദിപ്പിക്കുവാനുള്ള മാർഗ്ഗം. നമുക്കും തീരുമാനിക്കാം.

കർത്താവേ, കാലങ്ങൾ പാഴായിപ്പോയി. എന്നാൽ ഇന്നു ഞാനിതാ തിരുമുമ്പാകെ വന്ന് പുതിയൊരു സമർപ്പണം പറയട്ടെ. നാഥാ! ഇനിമേൽ ഞാനൊരു പുതിയ സൃഷ്ടിയായി ജീവിക്കും. ഇനിമേൽ പാപം എന്നെ തൊടുകയില്ല. കർത്താവേ, എന്റെ ആയുസ്സ് ഞാൻ നിനക്കിതാ വിട്ടുതരുന്നു. ഇന്നുമുതൽ ഞാൻ നിന്റെ അടിമ.

# ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മ വ്യാപാരം
23. പരിശുദ്ധാത്മ ശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം - ഭാഗം ഒന്ന്
53. കണ്ണീർപ്പാടം - ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീർ തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസവീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ

# Prof. M.Y. യോഹന്നാൻ

**സുവിശേഷസന്ദേശം നൽകുന്നു**

**എല്ലാ ദിവസവും, രാത്രി 8 : 30**
**പവ്വർവിഷൻ TV**

| | |
|---|---|
| **വെള്ളി രാത്രി 9 : 30**<br>**ആത്മീയയാത്ര TV** | **ശനി രാവിലെ 6 : 30**<br>**സൂര്യ TV** |
| **ഞായർ രാവിലെ 6 : 30**<br>**ജീവൻ TV** | **തിങ്കൾ രാവിലെ 6 : 30**<br>**ജയ്ഹിന്ദ് TV** |
| **ചൊവ്വ രാവിലെ 6 : 30**<br>**ജയ്ഹിന്ദ് TV** | **ചൊവ്വ ഉച്ചയ്ക്ക് 2 : 00**<br>**ആത്മീയയാത്ര TV** |

**ഗാനങ്ങൾക്കും പ്രസംഗങ്ങൾക്കും**
**www.crfgospel.org**


## CRF - ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

**കടയിരുപ്പ്: Prof. M.Y. യോഹന്നാന്റെ** ഭവനം (മേച്ചങ്കര)
കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്
Ph : 0484 -2689489, 9142 303096

-----------------------

| | |
|---|---|
| **രണ്ടാം ശനിയാഴ്ച**<br>**സാക്ഷ്യയോഗം** | 9.00am - 2.00pm<br>4.30pm - 9.00pm |
| **രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള** | |
| **രണ്ടാം ഞായറാഴ്ച** | 12.30pm - 5.00pm |
| **മൂന്നാം ഞായറാഴ്ച** | 12.30pm - 5.00pm |
| **എല്ലാ തിങ്കളാഴ്ചയും** | 6.00pm - 8.00pm |
| **എല്ലാ വെള്ളിയാഴ്ചയും**<br>**(ബൈബിൾ ക്ലാസ്സ്)** | 6.00pm - 8.00pm |
| **ഒന്നാം ചൊവ്വാഴ്ച**<br>**(വനിതകളുടെ യോഗം)** | 9.00am - 12.45pm |
| **എല്ലാ ഒന്നും മൂന്നും ബുധനാഴ്ച**<br>**യുവാക്കന്മാരുടെ യോഗം**<br>(15 വയസ് മുതൽ 35 വരെ) | 6.30pm - 9.00pm |